ജനകീയ ആസൂത്രണം ചിറ്റാർ ഗ്രാമ പഞ്ചായത്ത്

# സമഗ്രവികസനരേഖ




ചിറ്റാർ ഗ്രാമ പഞ്ചായത്ത്

30-6

# ജനകീയ ആസൂത്രണം ചിറ്റാർ ഗ്രാമപഞ്ചായത്ത്
# സമഗ്ര വികസന രേഖ

അധികാരം ജനങ്ങളിലേക്ക്

**വികസന സെമിനാർ**
**1996 ഡിസംബർ 30 തിങ്കളാഴ്ച**
**ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, ചിറ്റാർ**

# ചിറ്റാർ ഗ്രാമപഞ്ചായത്ത്



# ഉള്ളടക്കം


1. ആമുഖം 7
2. പഞ്ചായത്ത്/പൊതുവിവരണം 10
3. സാമൂഹ്യ സാംസ്ക്കാരിക ചരിത്രം 13
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി 16
5. വികസന മേഖലകൾ
   1. കൃഷിയും ജലസേചനവും 18
   2. മൃഗസംരക്ഷണവും മത്സ്യബന്ധനവും 28
   3. വിദ്യാഭ്യാസം 31
   4. ആരോഗ്യം, കുടിവെള്ളം പരിസരശുചിത്വം 37
   5. വ്യവസായം 44
   6. ഊർജ്ജം, ഗതാഗതം 49
   7. ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ 57
   8. സംസ്ക്കാരം 64
   9. വനിത 67
   10. സഹകരണമേഖല 70
   11. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം 75
   12. വിഭവസമാഹരണം 83
6. ഉപസംഹാരം 86

ചീഫ് എഡിറ്റർ:
തോമസ് ഏബ്രഹാം
അസോസിയേറ്റ് എഡിറ്റർ
സി.എസ്. വിശ്വംഭരൻ
സബ് എഡിറ്റേഴ്സ്
സാബു തെക്കേക്കര
പ്രേംജിത്ത് ലാൽ.വി.
എഡിറ്റോറിയൽ ബോർഡ്
പി.ആർ. തങ്കപ്പൻ
ബി. ഹനീഫ
എ. മോഹൻ കുമാർ
എ. മീരാ സാഹിബ്
റോയി ജോർജ്
സി.കെ. കേശവൻ
ഓമനാ ശ്രീധരൻ
ഓമനാ ഗോപി
വത്സലാ സുരേന്ദ്രൻ
വി. നാരായണൻ നമ്പൂതിരി

പഞ്ചായത്ത്തല ആസൂത്രണത്തിന് നേതൃത്വം നൽകിയവർ
വി.എ. അബ്ദുൽ ഖരിം
എം.എസ്. രാജേന്ദ്രൻ
വി.എൻ. ലീല
ജോൺ വെട്ടുമണ്ണിൽ
റെജി തോമസ്
മോഹൻദാസ് വി.എൻ.

# ചിറ്റാർ ഗ്രാമപഞ്ചായത്ത്
# ഭരണ സമിതി



പി.ആർ. തങ്കപ്പൻ
പ്രസിഡൻറ്



കെ.എ. മോഹൻകുമാർ
ചെയർമാൻ
സ്റ്റാൻറിംഗ് കമ്മറ്റി



ബി. ഹനീഫ
വൈസ് പ്രസിഡൻറ്



സി.കെ. കേശവൻ
പഞ്ചായത്ത് മെമ്പർ



എ. മീരാസാഹിബ്
പഞ്ചായത്ത് മെമ്പർ



റോയി ജോർജ്
പഞ്ചായത്ത് മെമ്പർ



ഓമന ഗോപി
പഞ്ചായത്ത് മെമ്പർ



ഓമന ശ്രീധരൻ
പഞ്ചായത്ത് മെമ്പർ



വത്സല സുരേന്ദ്രൻ
പഞ്ചായത്ത് മെമ്പർ

# വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ചവർ

| | |
|---|---|
| കെ.എൻ. പ്രഭാകരൻ | കെ.ജി. മുരളീധരൻ |
| റ്റി.എൻ. ഉത്തമൻ | ജയശ്രീ തമ്പി |
| സി.റ്റി. ബാദർ | ഇ.കെ. പ്രകാശ് |
| പി.എൻ. സദാനന്ദൻ | റെജി ജോർജ് |
| ബാബൂജി പി. | എ.എൻ. നാരായണൻ |
| വി.റ്റി. ഗോപി | ഷേർലി പി.എസ്. |
| പി.എൻ. മധുസൂദനൻ | പി.ആർ. രാഘവൻ |
| എം.കെ. കരുണാകരൻ | കെ.ജി. ഗോപാലനാചാരി |
| തോമസ് തെക്കേൽ | എം. അസീസ് |
| പി.എൻ. സോമവല്ലി | ചെറിയാൻ ചെറിയാൻ |
| വി.റ്റി. തങ്കമ്മ | റ്റി.എം. ചാക്കോ |
| എം.എസ്. പവിത്രൻ | റ്റി.എ. രാജു |
| പി.എസ്. രാമചന്ദ്രൻ | പി.ജെ. ജോർജ് |
| പി.കെ. പ്രഭാകരൻ | വി.കെ. കൃഷ്ണൻകുട്ടി |
| എം.സി. പൊടിമോൻ | ബി. ഷാഹുൽ ഹമീദ് |
| സി.എം. വറുഗീസ് | സണ്ണി റ്റി. ശമുവേൽ |
| കെ.എസ്. ഇബ്രാഹിംകുട്ടി | കെ.എം. സലിം |
| വി.റ്റി. സുരൻ | അബ്ദുൽ ഖാദർ |
| കൊച്ചുകൃഷ്ണൻ ആശാരി | സുധാ മധു |
| റ്റി. ഗോപാലൻ | പി. പുരുഷോത്തമൻ |
| കെ.എസ്. വാസുക്കുട്ടി | ശാരദാമണി |
| അശോകൻ മുട്ടിത്തറയിൽ | സാവിത്രിഅമ്മാൾ |
| പി.ഒ. കുര്യൻ | വിജയസേനൻ |
| പ്രഭാകരൻ | രത്നവല്ലി |
| എ.ആർ. രാജം | വിലാസിനി |
| കെ.എം. കോശി | ലീലാമ്മ |
| സിന്ധുമോൾ | മണിയമ്മ |
| ആനന്ദകുമാരി | ജി. ഗോപി |
| രാമചന്ദ്രൻ | സുരേന്ദ്രൻ |
| എൻ. ഗോപാലകൃഷ്ണൻനായർ | സന്തോഷ് മീൻകുഴി |
| വി.എൻ. കരുണാകരൻ | |

# 1

# ആമുഖം

Office of the Chittar Grama Panchayat • Chittar P.O. 689663

ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയപദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് വികസനചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്. അധികാരത്തോടൊപ്പം സമ്പത്തും പഞ്ചായത്തുകൾക്ക് നല്കുന്നതിനാൽ ജനതാത്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതിവിശേഷം വളർന്നുവരുന്നുണ്ട്. കേരളവും ഗ്രാമപഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസനപ്രതിസന്ധിക്ക് പൂർണമല്ലെങ്കിലും ഭാഗികവും തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണതന്ത്രത്തിന് കഴിയും. 1994 ഏപ്രിൽ 23-ന് നിലവിൽവന്ന കേരള പഞ്ചായത്ത്രാജ് നിയമംവഴി രൂപീകരിക്കപ്പെട്ട പഞ്ചായത്തുകൾക്ക് ഭാരിച്ച ചുമതലകളാണ് ഇന്നുള്ളത്. ഇവ നിറവേററുന്നതിന് ജനകീയ ആസൂത്രണം സഹായകരമാവുന്നു. വികസനം സർക്കാരിൻെറ മാത്രം ഉത്തരവാദിത്വമല്ല. സന്നദ്ധപ്രവർത്തനങ്ങൾവഴി ജനങ്ങൾക്കും ഇതിൽ പങ്ക് വഹിക്കുന്നതിന് ആസൂത്രണത്തിലൂടെ സാധിക്കുന്നു. സഹകരണവും കൂട്ടായ പരിശ്രമവുമാണ് ഈ രംഗത്ത് ആവശ്യം. പദ്ധതിയെപ്പോലെതന്നെ പ്രധാനമാണ് അത് രൂപപ്പെടുത്തുന്ന രീതിയും. പദ്ധതിരൂപീകരണംമുതൽ എല്ലാ ഘട്ടത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ജനകീയ ആസൂത്രണത്തിലൂടെ കഴിയുന്നു. 'റോഡ് വെട്ടലും' 'സൈഡ്കെട്ടലു'മാണ് വികസനമെന്ന കാഴ്ചപ്പാട് മാറണം.

ഉദ്യോഗസ്ഥരുടെ പങ്ക് പ്രധാനപ്പെട്ടതാണ്. സാങ്കേതികകാര്യങ്ങളിൽ നിർദേശങ്ങളും ഉപദേശങ്ങളും നല്കേണ്ടത് അവരാണ്. ഏകോപിച്ചുകൊണ്ടുള്ള പ്രവർത്തനം ഉണ്ടാകണം. വിവിധ വകുപ്പുകൾ വികസനം എന്ന ലക്ഷ്യം നേടാനായി സഹകരിച്ച് പ്രവർത്തിക്കണം. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിൽ നല്ല ബന്ധങ്ങൾ—പരസ്പര ബഹുമാനവും വിശ്വാസവും വേണം—ലക്ഷ്യം ഒന്നേയുള്ളു—നാടിൻെറ വികസനം. ഇവിടെ കാതലായ മാററം വേണം—കാഴ്ചപ്പാടിൽ, മനോഭാവത്തിൽ, പെരുമാററത്തിൽ, പ്രവർത്തനത്തിൽ.

തീരുമാനങ്ങൾ എടുക്കുവാനുള്ള സർക്കാരിൻെറ കഴിവുപോരായ്മ മാത്രമല്ല ഇന്നത്തെ ആസൂത്രണ ദുരവസ്ഥയ്ക്കു കാരണം. എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കപ്പെടുന്നില്ല എന്നതും പ്രസക്തമാണ്. സമ്പദ്വ്യവസ്ഥയെ മുൻകൂട്ടി തീരുമാനിച്ച പഥത്തിലൂടെ നയിക്കുന്നതിനുപകരം സംഗതികളുടെ പോക്കനുസരിച്ച് തീരുമാനങ്ങൾ മാറേറണ്ട ഗതികേടാണ് വന്നിട്ടുള്ളത്. ഓരോ പദ്ധതിയും മുൻപദ്ധതിയുടെ ഊതിവീർപ്പിച്ച പതിപ്പായിത്തീരുന്നു. പദ്ധതിവിഹിതം ചെലവാക്കിയാൽ പദ്ധതി ലക്ഷ്യം നേടിക്കഴിഞ്ഞുവെന്നാണ് നാട്യം.

സംസ്ഥാനതലത്തിൽ തീരുമാനിക്കപ്പെടേണ്ട ആസൂത്രണത്തിൻെറ ബൃഹത്പരിമാണങ്ങളും വൻകിട പദ്ധതികളുംപോലെതന്നെ പ്രധാനമാണ് ഗ്രാമതലത്തിൽ തന്നെ തീരുമാനിക്കപ്പെടാവുന്നതും നിർവഹിക്കപ്പെടേണ്ടവയുമായ നാനാവിധ വികസനപ്രവർത്തനങ്ങൾ. ആസൂത്രണ വികേന്ദ്രീകരണം എന്നത് കേന്ദ്രീകൃത ആസൂത്രണത്തിൻെറ നിഷേധമല്ല, അനുപൂരകമാണ്. ഒരു പഞ്ചായത്തിൽ ഒരു വർഷം എത്രമാത്രം വികസനമുണ്ടാകു മെന്നത് പഞ്ചായത്തിലുള്ള വിവിധ ഗവണ്മൻറ് ഡിപ്പാർട്ട്മെൻറുകൾ എന്തെല്ലാമാണ് ചെയ്യുന്നതെന്നതിനെ ആശ്രയിച്ചിരിക്കുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സംസ്ഥാന ഗവണ്മെൻറിൻെറ നയങ്ങളും തീരുമാനങ്ങളും നടപ്പാക്കാനുള്ള ഏജൻസികൾ മാത്രമല്ല, അവ ജനങ്ങളെ പ്രതിനിധീകരി

ക്കുന്ന സ്ഥാപനങ്ങൾകൂടിയാണ്. അതിനാൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് അംഗങ്ങളും ഉദ്യോഗസ്ഥന്മാരും കൂടി ഒരൊററ ടീമായി പ്രവർത്തിക്കുന്നതിനു കഴിയണം.

ചിററാർ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പരിപാടികൾക്ക് തുടക്കം കുറിച്ചത് 27-9-96-ൽ ചിററാർ എസ്.എൻ.ഡി.പി. ഹാളിൽവച്ച് ഒരു ദിവസത്തെ പരിശീലന ക്ലാസ് പ്രാദേശിക പരിശീലകർക്ക് നല്കിയാണ്. വാർഡുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരും പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും ഉൾപ്പെടെ നൂറു പേർ ക്യാമ്പിൽ പങ്കെടുത്തു. തുടർന്ന് സെപ്ററംബർ 30, ഒക്ടോബർ 1, 2 തീയതികളിൽ റാന്നിയിൽവച്ച് നടത്തിയ ജില്ലാതല പരിശീലനക്ലാസിൽ പഞ്ചായത്തിൽനിന്നും 10 പ്രതിനിധികൾ പങ്കെടുത്തിരുന്നു. ജില്ലാതലപരിശീലകരുടെ നേതൃത്വത്തിൽ വാർഡുതലസംഘാടകസമിതികൾ ഒക്ടോബർ 3 മുതൽ 6 വരെയുള്ള ദിവസങ്ങളിൽ ചേരുകയും ജനകീയ ആസൂത്രണത്തിനുള്ള പ്രത്യേക ഗ്രാമസഭകൾ ചേരുന്നതിനുള്ള ഒരുക്കങ്ങൾചെയ്യുകയുമുണ്ടായി.

## പഠന പര്യടനം

### ഗ്രൂപ്പ്-1




1. പടേനിപ്പാറ 2. പാറമട 3. പട്ടികവർഗസെറ്റിൽമെൻറ് കോളനി 4. തെക്കേക്കര പ്ലാൻേറഷൻ 5. വാലേപടി 6. ആറാട്ടുകുടുക്ക 7. തേന്മാവും മൂട് 8. മൺപിലാവ് ദേവീക്ഷേത്രം 9. പുലയൻപാറ

### ഗ്രൂപ്പ്-2




1. മണക്കയം 2. പാമ്പിനിതടം 3. കമ്പകത്തുംപാറ 4. ചിറ്റാർ മാർക്കറ്റ് 5. ഈട്ടിചുവട് 6. നീലിപിലാവ് 7. കട്ടച്ചിറ വനം 8. കുടപ്പനകുളം ക്ഷേത്രം

96 ഒക്ടോബർ 4 മുതൽ 12 വരെയുള്ള തീയതികളിൽ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ ചേരുന്നതിന് കഴിഞ്ഞു. ഉത്സവപ്രതീതിയാർന്ന അന്തരീക്ഷത്തിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരമുള്ള കാര്യപരിപാടികൾ അനുസരിച്ച് മുഴുവൻ ഗ്രാമസഭകളും പൂർത്തിയാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചു. ഗ്രാമസഭകൾക്ക് മുന്നോടിയായി ചിററാർ മാർക്കററ് ജംഗ്ഷനിൽ വ്യാപാരികളുടെ വകയായി 4-10-96 വൈകുന്നേരം ദീപക്കാഴ്ച ഒരുക്കിയത് കൗതുകകരമായിരുന്നു. വിവിധ വാർഡുകളിൽ വിളംബരജാഥകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

ഗ്രാമസഭകളിലെ ജനകീയപങ്കാളിത്തം ആവേശകരവും പ്രതീക്ഷാനിർഭരവുമായിരുന്നു. പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിലുമായി 4000-ൽ അധികം പേർ പങ്കെടുത്തതായി ഹാജർനില വ്യക്തമാക്കുന്നു. ജില്ലാ-ബ്ലോക്ക് മെമ്പർമാരുടെയും പഞ്ചായത്ത് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, ഭരണസമിതിയംഗങ്ങൾ, ജില്ലാതലപരിശീലകർ എന്നിവരുടെ നിർലോഭമായ സഹായസഹകരണങ്ങൾ പ്രത്യേകം എടുത്തുപറയുന്നു.

ഗ്രാമസഭകളിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരമുള്ള 12 ഗ്രൂപ്പുകളിലും സജീവമായിട്ടുള്ള ചർച്ചകളും പ്രശ്നപരിഹാരനിർദേശങ്ങളും ഉണ്ടായിട്ടുള്ളതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഗ്രാമസഭകളിൽ പങ്കെടുക്കാൻ കഴിയാതെ പോയിട്ടുള്ളവരെക്കൂടി ഉൾപ്പെടുത്തുന്നതിനും പഞ്ചായത്തുതല വിഭവ-സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും, മുഴുവൻ വീടുകളും ഉൾപ്പെടുത്തി പഞ്ചായത്തിൽ ആരോഗ്യ-കുടുംബ സർവേ നടത്തുന്നതിനും കഴിഞ്ഞിട്ടു ണ്ട്. 50 കുടുംബങ്ങൾ ക്ക് ഒരു സ്ക്വാഡ് എന്ന കണക്കിൽ പഞ്ചായത്ത് മെമ്പർമാരുടെ മേൽനോട്ടത്തിൽ സമയബന്ധിതമായി സർവേ പൂർത്തിയാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

3-11-96-ൽ ഒന്നാംഘട്ടം വിലയിരുത്തുന്നതിനും രണ്ടാം ഘട്ട പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ആലോചനയോഗം പഞ്ചായത്തിൽ ചേരുകയുണ്ടായി. നവംബർ 5, 6, 7 തീയതികളിൽ ഗ്രാമസഭ റിപ്പോർട്ടുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൺവീനർമാരുടെ നേതൃത്വത്തിൽ ക്രോഡീകരിക്കുന്നതിന് കഴിഞ്ഞു. നവംബർ 7-ന് ചിററാറിൽ എത്തിച്ചേർന്ന ജില്ലാതല ജനകീയ ആസൂത്രണകലാജാഥയ്ക്ക് സ്വീകരണം നല്കി. ജാഥാംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ ആവേശം ഉണർത്തുന്നവയായിരുന്നു. നവംബർ 8 മുതൽ 10 വരെ റാന്നിയിൽ വച്ച് നടത്തിയ രണ്ടാം ഘട്ട ജില്ലാതലപരിശീലനത്തിൽ പഞ്ചായത്ത് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സെക്രട്ടറി എന്നിവരും 7 ജില്ലാതലപരിശീലകരും പങ്കെടുത്തു. പഞ്ചായത്തുതല ദ്വിതീയവിവരശേഖരണത്തിനായി ജില്ലാതലപരിശീലകരുടെ നേതൃത്വത്തിൽ വിവിധ ഗ്രൂപ്പുകൾക്ക് രൂപം നല്കി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ചിററാർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെയും മേധാവികളുടെ മീററിങ് 13-11-96-ൽ പഞ്ചായത്ത് ഓഫീസിൽ കൂടി പദ്ധതി സംബന്ധമായ ചർച്ചകൾ നടത്തുന്നതിനും വികസന സംബന്ധമായ പദ്ധതികൾക്ക് രൂപം നല്കുന്നതിനും സാധിച്ചിട്ടുണ്ട്.

പഞ്ചായത്ത് വികസനസെമിനാറിൻെറ മുന്നോടിയായി പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺമാർക്ക് ഒരു ദിവസത്തെ പരിശീലനം 15-11-96-ൽ നല്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ട്രെയിനിംഗിൽ 125 പേർ പങ്കെടുത്തു. ജനകീയആസൂത്രണപരിപാടിയുടെ ഭാഗമായിട്ടുള്ള പഠനയാത്ര 19-11-96-ൽ നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം രണ്ട് പഠനയാത്രകൾ ക്രമീകരിക്കുന്നതിനും

സാധിച്ചു. പടേനിപ്പാറയിൽനിന്നും പഞ്ചായത്ത് പ്രസിഡൻറ് ക്യാപ്ററനായിട്ടുള്ള സംഘം വിവിധ വാർഡുകളിലെ ഭൂപ്രദേശങ്ങളിലൂടെ പുലയൻപാറയിൽ എത്തിച്ചേർന്നു. ജാഥാംഗങ്ങളായി ജില്ലാതലപരിശീലകർ ശ്രീ വിശ്വംഭരൻ സി.എസ്., ശ്രീ സാബു തെക്കേക്കര, ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി വത്സല സുരേന്ദ്രൻ, ശ്രീമതി ജയശ്രീ തമ്പി, ശ്രീ കെ.എസ്.വാസുക്കുട്ടി, ശ്രീ രാജൻ സി.ജി., ശ്രീ പ്രേംജിത് ലാൽ, ശ്രീ പ്രഭാകരൻ കെ., ശ്രീ എ.പൊടിയൻ, ശ്രീ തോമസ് തെക്കേൽ എന്നിവർ പങ്കെടുത്തു.

മണക്കയം വള്ളക്കടവിൽനിന്നും ആരംഭിച്ച പഠന സംഘത്തിൻെറ ക്യാപ്ററനായി പഞ്ചായത്ത് വൈസ് പ്രസിഡൻറും സംഘാംഗങ്ങളായി ശ്രീ വി.എ.അബ്ദൽ ഖരിം, എം.കെ.കരുണാകരൻ, ബാബുജി പി., കെ.റ്റി.ഗോപി, അമ്മിണി, ഓമന, രാമചന്ദ്രൻ പി.എസ്., വി.വിജയകുമാർ, പി.ഡി.ഓമന, എം.എൻ.കുട്ടൻ എന്നിവർ പങ്കെടുത്തു. കുടപ്പനകുളത്ത് എത്തിച്ചേർന്ന് പഠനയാത്ര പൂർത്തിയാക്കി. രണ്ടു സംഘത്തിലും സജീവമായിട്ടുള്ള സ്ത്രീ പങ്കാളിത്തം എടുത്തുപറയത്തക്കതാണ്. ഭൂമിശാസ്ത്രപരമായിട്ടുള്ള അനേകം കാര്യങ്ങൾ മനസ്സിലാക്കാൻ പഠനയാത്രകൾ വളരെ സഹായകരമായിട്ടുണ്ട്.

വികസനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിനോ നിർവഹണത്തിനോ വേണ്ട വൈദഗ്ദ്ധ്യം പൂർണമായി പഞ്ചായത്തിലില്ല. പടിപടിയായി ഈ വൈദഗ്ദ്ധ്യം വളർത്തിക്കൊണ്ടുവരണം. പഞ്ചായത്തിന് പുറമെനിന്നുള്ളവരുടെ സേവനംകൂടി തേടേണ്ടിയിരിക്കുന്നു. വികസനത്തിൻെറ ആണിക്കല്ല് ഇന്ന് നമ്മെ സംബന്ധിച്ചിടത്തോളം തൊഴിലില്ലായ്മ കുറയ്ക്കുക, കൂടുതൽ കൂടുതൽ തൊഴിൽ നല്കുക എന്നതാണ്. ഇതാകട്ടെ, ഉത്പാദനക്ഷമമായ പ്രവർത്തനങ്ങളിലായിരിക്കണം. എങ്കിലേ തുടർന്ന് നിലനില്ക്കൂ. സങ്കുചിത രാഷ്ട്രീയ തടസ്സവാദങ്ങളെ മറികടക്കാനുള്ള ഇച്ഛാശക്തി നാം ആർജിക്കേണ്ടിയിരിക്കുന്നു. കൃഷിയിൽ താത്പര്യവും അഭിമാനവുമുള്ള ഒരു കർഷകവർഗം ഇവിടെ ഉണ്ടാകണം. ഓരോ മേഖലയ്ക്കും നിശ്ചയിച്ച ലക്ഷ്യം നേടണം. പഞ്ചായത്തിന് ഒപ്പം നിന്ന് വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിന് 'വികസനരേഖ' ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

തോമസ് എബ്രഹാം
ചീഫ് എഡിററർ

# 2

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | — | ചിററാർ ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് ഓഫീസ് സ്ഥാപനം | — | ചിററാർ ഡിപ്പോ ജംഗ്ഷൻ |
| പഞ്ചായത്ത് രൂപീകരിച്ച തീയതി | — | 30-9-1970 |
| ഉൾപ്പെടുന്ന വില്ലേജ് | — | ചിററാർ-സീതത്തോട്, തണ്ണിത്തോട് വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് | — | റാന്നി ബ്ലോക്ക് പഞ്ചായത്ത് |
| താലൂക്ക് | — | റാന്നി |
| അസംബ്ലിമണ്ഡലം | — | റാന്നി |
| ലോക്സഭാമണ്ഡലം | — | ഇടുക്കി |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | — | ചിററാർ |
| വിസ്തീർണം | — | 25.9 ച.കി.മീ. |
| വാർഡ് | — | 9 |
| അതിരുകൾ | | |
| വടക്ക് | — | റാന്നി-പെരുനാട് പഞ്ചായത്ത് |
| കിഴക്ക് | — | സീതത്തോട് പഞ്ചായത്ത് |
| തെക്ക് | — | തണ്ണിത്തോട് പഞ്ചായത്ത് |
| പടിഞ്ഞാറ് | — | വടശേരിക്കര പഞ്ചായത്ത് |
| ജനസംഖ്യ | — | 19872 |
| പുരുഷന്മാർ | — | 9698 |
| സ്ത്രീകൾ | — | 10174 |
| ജനസാന്ദ്രത | — | 767 |
| ഭവനങ്ങൾ | — | 4292 |
| പ്രസിഡൻറിന്റെ പേര് | — | പി.ആർ.തങ്കപ്പൻ |
| വൈസ് പ്രസിഡൻറിന്റെ പേര് | — | ബി.ഹനീഫ |
| സ്ററാൻഡിംഗ് കമ്മിററി ചെയർമാൻ | — | മോഹൻകുമാർ കെ.എ. |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | — | എച്ച്. ഹസ്സൻബാവ |
| ജില്ലാ പഞ്ചായത്ത് മെമ്പർ | — | ശാന്തമ്മ ചെല്ലമ്മ |

## ചിററാർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളുടെ വിവരം

| ക്രമനമ്പർ | സ്ഥാപനത്തിൻെറ പേര് | വാർഡ് | സ്ഥലത്തിൻെറ പേര് |
|---|---|---|---|
| 1. | ചിററാർ ഗ്രാമപഞ്ചായത്താഫീസ് | II | ചിററാർ ജംഗ്ഷൻ |
| 2. | വില്ലേജ് ഓഫീസ് | IX | ചിററാർ ജംഗ്ഷൻ |
| 3. | വെററിനറി ഡിസ്പെൻസറി | IX | ചിററാർ ജംഗ്ഷൻ |
| 4. | കൃഷിഭവൻ | III | ചിററാർ |
| 5. | പ്രാഥമിക ആരോഗ്യകേന്ദ്രം | IX | ചിററാർ |
| 6. | ആയുർവേദ ഡിസ്പെൻസറി | III | ചിററാർ |
| 7. | പോലീസ് സർക്കിൾ ഓഫീസ് | I | കൂത്താട്ടുകുളം |
| 8. | പോലീസ് സ്റേറഷൻ | I | കൂത്താട്ടുകുളം |
| 9. | പോസ്ററ് ഓഫീസ്, ചിററാർ | II | ചിററാർ ജംഗ്ഷൻ |
| | പോസ്ററ് ഓഫീസ്, കാരികയം | IX | കാരികയം ജംഗ്ഷൻ |
| | പോസ്ററ് ഓഫീസ്, വയ്യാററുപുഴ | VI | വയ്യാററുപുഴ ജംഗ്ഷൻ |
| | പോസ്ററ് ഓഫീസ്, നീലിപിലാവ് | VII | നീലിപിലാവ് |
| 10. | ഫോറസ്ററ് സ്റേറഷൻ | III | ചിററാർ ജംഗ്ഷൻ |
| 11. | വില്ലേജ് എക്സ്ററൻഷൻ ഓഫീസ്, ചിററാർ | II | ചിററാർ ജംഗ്ഷൻ |
| 12. | വില്ലേജ് എക്സ്ററൻഷൻ ഓഫീസ്, വയ്യാററുപുഴ | V | വയ്യാററുപുഴ ജംഗ്ഷൻ |
| 13. | ടെലിഫോൺ എക്സ്ചേഞ്ച് | IX | ചിററാർ ജംഗ്ഷൻ |
| 14. | റേഷൻ ഹോൾസെയിൽ ഡിപ്പോ | I | ചിററാർ ജംഗ്ഷൻ |
| 15. | മാവേലി സ്റേറാർ | I | ചിററാർ ജംഗ്ഷൻ |
| 16. | **വിദ്യാലയങ്ങൾ** | | |
| | ഗവ: ഹയർ സെക്കണ്ടറി സ്കൂൾ, ചിററാർ | I | കൂത്താട്ടുകുളം |
| | ഗവ: എൽ.പി.എസ്. | IX | കൂത്താട്ടുകുളം |
| | ഗവ: എൽ.പി.എസ്. ചിററാർ എസ്റ്റേററ് | III | ചിററാർ |
| | ഗവ: ട്രൈബൽ എച്ച്.എസ്., കട്ടച്ചിറ | VII | കട്ടച്ചിറ |
| | വി.കെ.എൻ.എം.ഹൈസ്കൂൾ | IV | വയ്യാററുപുഴ |
| | ഗവ: എൽ.പി.എസ്., മൺപിലാവ് | VII | മൺപിലാവ് |
| | എൽ.പി.എസ്., നീലിപിലാവ് | VII | നീലിപിലാവ് |
| | ലിറ്റിൽ ഏഞ്ചൽസ് സ്കൂൾ, ചിററാർ, (ഇംഗ്ലീഷ്) | IX | കൂത്താട്ടുകുളം |
| 17. | വയ്യാററുപുഴ സർവീസ് സഹകരണബാങ്ക് | VI | വയ്യാററുപുഴ |
| | പട്ടികജാതി സഹകരണസംഘം, ചിററാർ | II | മണക്കയം |
| | പട്ടികവർഗ സഹകരണസംഘം, ചിററാർ | IX | കാരികയം |
| | ചിററാർ റബ്ബർ മാർക്കററിംഗ് സഹകരണസംഘം | II | ചിററാർ ജംഗ്ഷൻ |
| | പത്തനംതിട്ട ജില്ലാ സർവീസ് സഹകരണബാങ്ക്, ചിററാർ | II | ചിററാർ ജംഗ്ഷൻ |
| 18. | ഫെഡറൽ ബാങ്ക്, ചിററാർ | IX | ചിററാർ ജംഗ്ഷൻ |
| 19. | ട്രൈബൽ ഹോസ്ററൽ, ചിററാർ | I | കൂത്താട്ടുകുളം |

| ക്രമനമ്പർ | സ്ഥാപനത്തിൻെറ പേര് | വാർഡ് | സ്ഥലത്തിൻെറ പേര് |
|---|---|---|---|
| 20. | ക്രാഫ്ററുസെൻറർ | II | മണക്കയം |
| 21. | ക്ഷീരോത്പാദക സഹകരണസംഘം, ചിററാർ | III | ചിററാർ |
| | ക്ഷീരോത്പാദക സഹകരണസംഘം, വയ്യാററുപുഴ | VI | വയ്യാററുപുഴ |
| | ക്ഷീരോത്പാദക സഹകരണസംഘം, പടേനിപ്പാറ | VIII | കാരികയം |
| 22. | റബ്ബർ ഉത്പാദകസംഘം, ചിററാർ | III | ചിററാർ ജംഗ്ഷൻ |
| | റബ്ബർ ഉത്പാദകസംഘം, നീലിപിലാവ് | VII | നീലിപിലാവ് |
| | റബ്ബർ ഉത്പാദകസംഘം, വയ്യാററുപുഴ | V | വയ്യാററുപുഴ |
| 23. | ഓവർസിയർ ഓഫീസ്, ചിററാർ (കെ.എസ്.ഇ.ബി.) | IX | ചിററാർ |
| 24. | എ.വി.ററി. ചിററാർ എസ്റേററ് | III | ചിററാർ |
| 25. | വേളിമല എസ്റേററ്, കാരികയം | VIII | കാരികയം |

# 3

# സാമൂഹിക-സാംസ്കാരിക ചരിത്രം

**ബി.സി.** മൂന്നാം നൂററാണ്ടു മുതൽ എ.ഡി. 13-ാം നൂററാണ്ടിൻെറ മധ്യകാലഘട്ടംവരെ നിലനിന്നിരുന്ന നിലയ്ക്കൽപട്ടണത്തിൻെറ പ്രാന്തപ്രദേശമായിരുന്നു ചിററാർ. പമ്പാനദി, കക്കിയാർ, കക്കാട്ടാർ തുടങ്ങിയ നദീതീരപ്രദേശങ്ങൾ ഈ പട്ടണത്തോടു ചേർന്നു കിടന്നിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നു. കേരളവും തമിഴ്നാടും തമ്മിലുള്ള വ്യാപാരകേന്ദ്രമായിരുന്നു ഈ പ്രദേശം. ഇവിടെനിന്നും സുഗന്ധദ്രവ്യങ്ങളായ കുരുമുളക്, ചുക്ക്, ഏലം, ഗ്രാമ്പു, കറുവാപ്പട്ട മുതലായവയും ചന്ദനം, അകിൽ, ഈട്ടി, തേക്ക് ആദിയായ വിശിഷ്ട തടികളും ആനക്കൊമ്പ്, തേൻ, കുന്തിരിക്കം എന്നിവയും നദിമാർഗം കൊടുങ്ങല്ലൂരിൽ എത്തിച്ച് വിദേശരാജ്യങ്ങളിലേക്ക് കയററുമതി ചെയ്തിരുന്നു.

കെ.പി.പത്മനാഭമേനോൻെറ കേരളചരിത്രം 445-ാം പുറത്തും ററി.കെ.വേലുപ്പിള്ള എഴുതിയ തിരുവിതാംകൂർ സ്റേററ്റ് മാനുവൽ ഒന്നാം വാല്യം 665-ാം പുറത്തും, ചരിത്രകാരനായ മക്കൻസിയുടെ ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിററി ഇൻ ട്രാവൻകൂർ എന്ന ഗ്രന്ഥം 135-ാം പുറത്തും നിലയ്ക്കൽ പട്ടണത്തെക്കുറിച്ചും ക്രിസ്തുശിഷ്യൻ തോമാശ്ലീഹ നിലയ്ക്കൽ സന്ദർശിച്ച വിവരവും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാചീനസംസ്കാരത്തിൻെറ ഭാഗമായി നിലയ്ക്കലിൽ കാണുന്ന ക്ഷേത്രവും കുളവും, ഇടക്കുന്നം, ആലുവാങ്കുടി, മൺപിലാവ് ക്ഷേത്രങ്ങളും ഇതിനു മതിയായ തെളിവുകളാണ്.

എ.ഡി. 1311-ൽ അലാവുദിൻകിൽജിയുടെ സൈന്യാധിപനായ മാലിക് ഗാഫർ തെക്കേ ഇൻഡ്യ ആക്രമിച്ച് പാണ്ടി രാജാവിനെ കീഴടക്കിയശേഷം മടങ്ങിപ്പോയി. തുടർന്ന്, പാണ്ടിനാട്ടിലുണ്ടായ അസ്വസ്ഥതയെ മുതലെടുത്തുകൊണ്ട് 1312-ൽ വേണാട്ടുരാജാവായ രവിവർമകുല ശേഖരൻ പാണ്ടിരാജ്യം ആക്രമിച്ചു വീരപാണ്ഡ്യനെ തോല്പിച്ചു. മധുരരാജാവിൻെറ അംഗരക്ഷകരായിരുന്ന പോളീഗാരന്മാർ 'പെരുമ്പററം' എന്ന കൊള്ള സംഘവുമായി ചേർന്ന് നിലയ്ക്കൽപട്ടണം കൊള്ളയടിച്ചു. നിലയ്ക്കൽ നിവാസികൾ ഈ സമയത്ത് പ്രാണരക്ഷാർത്ഥം നാനാദിക്കിലേക്കും പലായനംചെയ്തു. എ.ഡി. 1319-ൽ ആയിരുന്നു ഈ സംഭവം.

എ.ഡി. 1341-ൽ ഉണ്ടായ പ്രകൃതിക്ഷോഭമാണ് നിലയ്ക്കലിൻെറ പതനത്തിന് മറെറാരു കാരണം. പ്രകൃതിക്ഷോഭത്തോടനുബന്ധിച്ചുണ്ടായ വെള്ളപ്പൊക്കവും, പെരുമ്പാററ, വക്രപ്പുലി എന്നിവയുടെ ആക്രമണവും നിമിത്തം നിലയ്ക്കൽനിവാസികൾ ഓമല്ലൂർ, തുമ്പമൺ, പുത്തൻ കാവ്, ചെങ്ങന്നൂർ, കാഞ്ഞിരപ്പള്ളി, കടമ്പനാട് തുടങ്ങിയ സ്ഥലങ്ങളിൽ പോയി താമസിച്ചിട്ടുള്ളതായും ചരിത്രം രേഖപ്പെടുത്തുന്നു. പില്ക്കാലത്ത് നിലയ്ക്കൽ പട്ടണ പ്രദേശങ്ങൾ ഘോരവനമായി രൂപാന്തരപ്പെട്ടതായും കാണുന്നു.

*[അവലംബം കോഴഞ്ചേരി പേരങ്ങാട്ട് കുടുംബചരിത്രം—ശ്രീ മുട്ടത്തുവർക്കി]*

ഇരുപതാം നൂററാണ്ടിൻെറ ആദ്യദശകങ്ങളിലാണ് ചിററാറിൽ വീണ്ടും ജനവാസം ആരംഭിച്ചത്. 1894-ലെ തിരുവിതാംകൂർ തോട്ടകൃഷി വികസനപദ്ധതിപ്രകാരം 1904-ൽ 'ദി മിഡ്ലാൻഡ് റബ്ബർ പ്രൊഡ്യൂസ് കമ്പനി' തിരുവിതാംകൂറിലെ ആദ്യത്തെ തോട്ടകൃഷി ചിററാറിൽ ആരംഭിച്ചു. ഇതേ കാലഘട്ടത്തിൽതന്നെ കാരികയത്ത് റബ്ബറും തേയിലയും കൃഷിചെയ്യുന്ന ഒരു തോട്ടവും ആരംഭിക്കുകയുണ്ടായി. ബ്രിട്ടീഷുകാരായിരുന്നു കമ്പനിയുടെ ഉടമസ്ഥർ. തോട്ടകൃഷിയുമായി ബന്ധപ്പെട്ട് യൂറോപ്യന്മാരും ഏതാനും നാട്ടുകാരായ തൊഴിലാളികളും ഒഴികെ ചിററാറിൽ ജനവാസം ഇല്ലായിരുന്നു. വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണവും മലമ്പനിയും ഈ പ്രദേശങ്ങളിൽ ജനജീവിതം ദുസ്സഹമാക്കിയിരുന്നു. 19-ാം നൂററാണ്ടിൻെറ അന്ത്യദശകങ്ങളിൽ ഈ പ്രദേശങ്ങളിലെ വനങ്ങളിൽ പട്ടികവർഗക്കാർ പാർത്തിരുന്നതായും കാണുന്നു.

1920-കളിൽ നാട്ടിൻപുറത്തുനിന്നു കർഷകർ എത്തിയിരുന്നെങ്കിലും നാമമാത്രമായി മാത്രമേ താമസമുണ്ടായിരുന്നുള്ളൂ. 1924-ലെ വെള്ളപ്പൊക്കം തോട്ടകൃഷിയെ പ്രതികൂലമായി ബാധിക്കുകയും നാട്ടിൽ പരക്കെ പകർച്ചവ്യാധികൾ പിടിപെടുകയുംചെയ്തു. കൃഷിക്കു വേണ്ടി മററു പ്രദേശങ്ങളിൽനിന്ന് കർഷകർ സംഘടിതമായി ചിററാറിൽ എത്തിച്ചേരാൻ തുടങ്ങിയത് 1940-നു ശേഷമാണ്. 1939-ൽ ആരംഭിച്ച രണ്ടാം ലോകമഹായുദ്ധം തിരുവിതാംകൂറിൽ കടുത്ത ഭക്ഷ്യക്ഷാമത്തിന് ഇടയാക്കി. ഈ സ്ഥിതിവിശേഷം തരണംചെയ്യുന്നതിന് അന്നത്തെ തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി.രാമസ്വാമി അയ്യർ ചിററാറും പരിസരപ്രദേശങ്ങളിലുമുള്ള വനം വെട്ടിത്തെളിച്ച് കൃഷി ചെയ്യുന്നതിന് അനുവാദം നല്കുകയുണ്ടായി.

1940-നു മുൻപ് തോട്ടംമേഖലയ്ക്കു വെളിയിൽ പുറമൺ അയ്യപ്പൻ, അയത്തിൽ തണ്ടാർ, പ്ലാത്താനത്ത് ജോർജ്, കടപ്ര കേശവൻ, നൂറനാട് വെളുമ്പൻ, ആലപ്പാട് ശങ്കരൻ തുടങ്ങി 20-ൽ താഴെ കുടുംബങ്ങളേ താമസക്കാരായി ഉണ്ടായിരുന്നുള്ളൂ.

ചിററാർതോട്ടത്തിലേക്ക് ബ്രിട്ടീഷുകാർ നിർമിച്ച മണ്ണാറക്കുളഞ്ഞി-ചിററാർ റോഡാണ് പഞ്ചായത്തിലെ ആദ്യത്തെ റോഡ്. അക്കാലത്ത് ചിററാർ എസ്റേററിൽ നിന്നു റബ്ബറും മററു സാധനങ്ങളും കഴുതപ്പുറത്ത് വടശ്ശേരിക്കര ബംഗ്ലാംകടവിൽ എത്തിച്ച് കെട്ടുവള്ളത്തിൽ ആലപ്പുഴയ്ക്ക് അയയ്ക്കുകയും ആലപ്പുഴനിന്ന് നിത്യോപയോഗസാധനങ്ങൾ തോട്ടംജീവനക്കാർക്ക് എത്തിക്കുകയും ചെയ്തിരുന്നു. 1940-ൽ ചിററാറിൽ ആദ്യത്തെ ബസ്സർവീസ് (ഓപ്പൺ ബോഡി) ആരംഭിച്ചു.

അക്കാലത്ത് ഔപചാരിക വിദ്യാഭ്യാസസൗകര്യങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. 1942-ൽ ചിററാർ കൂത്താട്ടുകുളത്ത് ആദ്യമായി ആരംഭിച്ച പ്രാഥമിക വിദ്യാലയമാണ് ചിററാർ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനം. 1954-ൽ ഈ വിദ്യാലയം യു.പി. സ്കൂളായി ഉയർത്തുകയും 1960-ൽ ഹൈസ്കൂളാക്കുകയും ചെയ്തു. ലോകത്തിൽ ആദ്യമായി യൂണിവേഴ്സിററി സെനററിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിപ്രതിനിധി യശഃശരീരനായ ശ്രീ ചിററാർ രാജൻ ഈ വിദ്യാലയത്തിലെ പൂർവവിദ്യാർത്ഥിയായിരുന്നു.

1947-ൽ സി.പി.യുടെ 'സ്വതന്ത്ര തിരുവിതാംകൂർ' ആശയത്തിന് പിന്തുണ നല്കിയ കോയിക്കപ്പറമ്പിൽ വറുഗീസ് വക്കീൽ, കല്ലൂർ നാരായണപിള്ള എന്നിവർക്ക് ചിററാറിൽ 200 ഏക്കർ ഭൂമി ദാനമായി സി.പി. അനുവദിച്ചു നല്കി. വയല, കൊട്ടാരത്തിൽ, താഴത്തില്ലം എന്നീ തദ്ദേശവാസികൾക്കും ഗണ്യമായ തോതിൽ കൃഷിഭൂമി ഉണ്ടായിരുന്നു. ഇവരിൽനിന്നും കൃഷിക്കുവേണ്ടി പാട്ടത്തിനു വാങ്ങിയ കർഷകർ പിന്നീട് ഈ ഭൂമിയിൽ അവകാശം സ്ഥാപിച്ചെടുക്കുകയാണ് ചെയ്തിട്ടുള്ളത്. കല്ലൂർ നാരായണപിള്ളയുടെ ഭൂമിയിൽ അവകാശം സ്ഥാപിച്ചെടുക്കുന്നതിന് കുടിയേററകർഷകർ നിരന്തരമായ പ്രക്ഷോഭസമരങ്ങൾ നടത്തിയിട്ടുണ്ട്.

സ്വാതന്ത്ര്യസമരസേനാനിയായിരുന്ന യോഗ്യൻ പിള്ളയും സർ.സി.പി.യുടെ 'മൂക്കു വെട്ടിയ' മണിഅയ്യരും ഈ പ്രദേശത്തെ താമസക്കാരായിരുന്നു.

1970 വരെ കുടിയേററ കർഷകർ ഭക്ഷ്യധാന്യ ഉത്പാദനത്തിലായിരുന്നു ശ്രദ്ധിച്ചിരുന്നത്. എന്നാൽ, 1970-നു ശേഷം ഈ സ്ഥിതിക്ക് മാററം വന്നു. കാർഷിക ഉത്പന്നങ്ങൾക്ക് വിലയിടിവ് സംഭവിക്കുകയും തന്മൂലം കൃഷി ആദായകരമല്ലാതായിത്തീരുകയും ചെയ്തതിനാൽ കർഷകർ ദീർഘകാലവിളയായ റബ്ബർകൃഷിയിലേക്ക് തിരിയുകയും ഇന്ന് ഈ പഞ്ചായത്തിലെ കാർഷികവിള ഭൂമിയുടെയും, ഉത്പാദനത്തിൻെറയും 70 ശതമാനത്തിലധികം റബ്ബറായി മാറുകയുംചെയ്തു. കാൽ നൂററാണ്ടിനു മുൻപു വരെ ചിററാർ ഭക്ഷ്യവിളകളായ മരച്ചീനി, പച്ചക്കറികൾ, വാഴക്കുല ഇവയുടെ ഉത്പാദനത്തിലും, വിപണനത്തിലും മുൻപന്തിയിലായിരുന്നെങ്കിലും ഇപ്പോൾ നമുക്ക് ആവശ്യമുള്ള ഭക്ഷ്യവസ്തുക്കളിൽ മുക്കാൽപങ്കും അന്യസ്ഥലങ്ങളിൽനിന്ന് കൊണ്ടുവരേണ്ട സ്ഥിതിയാണുള്ളത്.

സാമ്പത്തികവും സാമൂഹികമായും വളരെ പിന്നോക്കം നില്ക്കുന്ന നമ്മുടെ പഞ്ചായത്തിൽ വികസനരംഗത്ത് ഒരു മുന്നേററം ആവശ്യമായിരിക്കുന്നു. 1990-ൽ സമ്പൂർണ സാക്ഷരതാപ്രസ്ഥാനത്തിലൂടെ നാം നേടിയെടുത്ത നേട്ടങ്ങൾ നിലനിർത്തുന്നതിനും പഞ്ചായത്ത്രാജ് നിയമപ്രകാരം ആവിഷ്ക്കരിച്ചിട്ടുള്ള ജനകീയ ആസൂത്രണപരിപാടികളിലൂടെ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ

പഞ്ചായത്തിൻെറ സമ്പൂർണവികസനം സാക്ഷാത്കരിക്കുന്നതിനും നാം പ്രതിജ്ഞാബദ്ധരാണ്.

വടശ്ശേരിക്കര, സീതത്തോട് പഞ്ചായത്തുകൾ വിഭജിച്ച് 30-9-1970-ൽ ആണ് ചിററാർ പഞ്ചായത്ത് രൂപീകരിച്ചത്. പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡൻറ് ശ്രീ വി.എസ്.നാണു ആയിരുന്നു. അംഗങ്ങൾ ശ്രീ കെ.ഐ. പാച്ചൻ, ശ്രീ എബ്രഹാം കുളത്തുങ്കൽ, ശ്രീ കേശവൻ നായർ, ശ്രീമതി റഹിമാബീവി, ശ്രീ സി.ഒ.മുഹമ്മദ്കനി എന്നിവരായിരുന്നു. 30-9-70 മുതൽ 28-9-79 വരെ ഭരണസമിതി നിലനിന്നു. ശ്രീ എസ്.പി.എച്ച്. തങ്ങൾ ആണ് പ്രഥമ ചിററാർ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ.

29-9-79 മുതൽ 24-10-84 വരെയുള്ള രണ്ടാമത്തെ ഭരണസമിതിയിൽ ശ്രീ കെ.എൻ.പ്രഭാകരൻ പ്രസിഡൻറും, ശ്രീ ജോൺ കുര്യൻ വൈസ് പ്രസിഡൻറും, ശ്രീ പി.കെ. പ്രഭാകരൻ, ശ്രീ സി.കെ.കേശവൻ, ശ്രീ സി.ഗോപാലൻ, ശ്രീ വി.എൻ.കരുണാകരൻ, ശ്രീ പി.എൻ.സദാനന്ദൻ, ശ്രീമതി എൻ.കെ.രാധ എന്നിവർ ഭരണസമിതി അംഗങ്ങളും ആയിരുന്നു.

25-10-84 മുതൽ 7-2-88 വരെ താലൂക്ക് പഞ്ചായത്ത് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പഞ്ചായത്ത് പ്രവർത്തിച്ചു. 8-2-88 മുതൽ 29-9-95 വരെ മൂന്നാമത്തെ കമ്മിററി രൂപീകരിച്ച് പ്രവർത്തിച്ചു. ശ്രീ കെ.എൻ. പ്രഭാകരൻ പ്രസിഡൻറ്, ശ്രീ പി.ആർ.തങ്കപ്പൻ വൈസ് പ്രസിഡൻറ്, ശ്രീ കെ.കെ.ഗംഗാധരൻ, ശ്രീ എ.എൻ. നാരായണൻ, ശ്രീമതി റേച്ചൽ മാത്യു, ശ്രീമതി എം.എസ്. പ്രസന്ന, ശ്രീ എ.മീരാസാഹിബ്, ശ്രീ എ.ജെ.ജോർജ്, ശ്രീ കെ.കെ.ഇബ്രാഹിംകുട്ടി എന്നിവരായിരുന്നു കമ്മിററി അംഗങ്ങൾ.

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമപ്രകാരം നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി 1995 ഒക്ടോബർ 2-ന് അധികാരമേററു. ശ്രീ പി.ആർ.തങ്കപ്പൻ പ്രസിഡൻറ്, ശ്രീ ബി.ഹനീഫ വൈസ് പ്രസിഡൻറ്, ശ്രീമതി ഓമനാ ശ്രീധരൻ, ശ്രീ റോയി ജോർജ്, ശ്രീ എ.മീരാസാഹിബ്, ശ്രീ സി.കെ.കേശവൻ, ശ്രീ മോഹൻകുമാർ, ശ്രീമതി ഓമന ഗോപി, ശ്രീമതി വത്സലാസുരേന്ദ്രൻ എന്നിവരാണ് കമ്മിററി അംഗങ്ങൾ.

# 4

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

**ചി**റ്റാർ പഞ്ചായത്തിന്റെ ആകെ വിസ്തീർണത്തിന്റെ മുക്കാൽ ഭാഗവും ഉയർന്ന കുന്നിൻപ്രദേശങ്ങളും കുത്തനെയുള്ള ചരിവുപ്രദേശങ്ങളുമാണ്. പഞ്ചായത്തിന്റെ ഭൂപ്രകൃതി ചുവടെ ചേർക്കുന്നു.

പട്ടിക 1

| നമ്പർ | ഭൂപ്രകൃതി | വിസ്തീർണം | ശതമാനം |
|---|---|---|---|
| 1 | താഴ്വര | 284.9 | 11.00 |
| 2 | ഉയർന്ന പ്രദേശം | 1269.1 | 49.00 |
| 3 | കുത്തനെയുള്ള ചരിവ് | 388.5 | 15.00 |
| 4 | മിതമായ ചരിവുള്ള കുന്ന് | 518 | 20.00 |
| 5 | ചതുപ്പ് | 51.8 | 2.00 |
| 6 | പുഴ, തോട് | 77.7 | 3.00 |
| | ആകെ | 2590.00 | 100.00 |

ആകെയുള്ള വിസ്തൃതിയുടെ 56% റബർ കൃഷിയാണ്. തെങ്ങ്, കുരുമുളക്, വാഴ, മരച്ചീനി, കശുമാവ് എന്നിവയാണ് മറ്റു പ്രധാന വിളകൾ. കരിമണ്ണ്, വനമണ്ണ്, ചുവന്നമണ്ണ്, പശിമരാശിമണ്ണ് എന്നിവയാണ് പ്രധാന മണ്ണിനങ്ങൾ.

പട്ടിക 2

ഭൂവിനിയോഗം

| നമ്പർ | വിനിയോഗം | വിസ്തൃതി (H) | ശതമാനം |
|---|---|---|---|
| 1 | റബർ | 1448 | 55.9 |
| 2 | തെങ്ങ് | 96 | 3.70 |
| 3 | കുരുമുളക് | 105 | 4.05 |
| 4 | വാഴ | 120 | 4.63 |
| 5 | മരച്ചീനി | 110 | 4.24 |
| 6 | മിശ്രമരങ്ങൾ | 64 | 2.47 |
| 7 | കശുമാവ് | 43 | 1.66 |
| 8 | മിശ്രിതവിളകൾ | 115 | 4.05 |
| 9 | പുഴ, തോടുകൾ | 77.7 | 3.00 |
| 10 | കൃഷിക്കനുയോജ്യമായ തരിശ് | 75 | 2.89 |
| 11 | കൃഷിയോഗ്യമല്ലാത്ത തരിശ് | 40 | 1.54 |
| 12 | പൊതുസ്ഥലങ്ങൾ വീടുകൾ, റോഡുകൾ | 296.3 | 11.48 |
| | | 2590 | 100 |

### ജനപ്രകൃതി

പഞ്ചായത്തിൽ 4292 കുടുംബങ്ങളിലായി 19872 ആണ് ജനസംഖ്യ (1996). ഇതിൽ പുരുഷന്മാർ 9698 ഉം സ്ത്രീകൾ 10174 ഉം ആണ്. സ്ത്രീജനസംഖ്യ 1.2% പുരുഷജനസംഖ്യ യെക്കാൾ കൂടുതലാണ്. പഞ്ചായത്തിൽ 657 പട്ടികജാതി കുടുംബങ്ങളും 320 പട്ടികവർഗകുടുംബങ്ങളും ഉണ്ട്. ആകെ ജനസംഖ്യയുടെ 23% പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളാണ്.

### ജലപ്രകൃതി

പ്രധാനമായും മഴയെ ആശ്രയിച്ചുള്ള കൃഷി രീതിയാണ് നിലവിൽ ഉള്ളത്. ശരാശരി വർഷത്തിൽ 325 സെ. മീറ്റർ മഴ പഞ്ചായത്തിൽ ലഭിക്കുന്നു. പഞ്ചായത്തിൽ നിലവിൽ 2517 കിണറുകൾ ആണ് ഉള്ളത്.

പട്ടിക 3

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

| നമ്പർ | ആസ്തികൾ | വിസ്തീർണം കി.മീ/എണ്ണം |
|---|---|---|
| 1 | കക്കാട്ടാർ | 9 കി.മീ. |
| 2 | തോട്/അരുവി | 18 കി.മീ. |
| 3 | കുളം | 215 എണ്ണം |
| 4 | കിണറുകൾ | 2517 എണ്ണം |

## 5.1

# കൃഷിയും ജലസേചനവും

ചിററാർ ഒരു മലയോര കാർഷികഗ്രാമമാണ്. കുത്തനെയുള്ള കുന്നിൻപ്രദേശങ്ങളും ഭൂരിഭാഗം പ്രദേശങ്ങൾ വനത്താൽ ചുററപ്പെട്ടതുമാണ്. മുഖ്യവിള റബ്ബർ ആണ്. തെങ്ങ്, കുരുമുളക്, വാഴ, കപ്പ, നെല്ല്, കിഴങ്ങ്വർഗ്ഗങ്ങൾ മുതലായവയും കൃഷി ചെയ്തുവരുന്നു. എ.വി.ടി ചിററാർ എസ്റേററ്, വേളിമല എസ്റേററ്, കാരികയം, എന്നീ രണ്ട് റബ്ബർ പ്ലാന്റേഷനുകൾ പഞ്ചായത്തിൽ ഉൾപ്പെടുന്നു. ജനങ്ങളുടെ മുഖ്യജീവനോപാധി കൃഷിയം അതുമായി ബന്ധപ്പെട്ട മററു തൊഴിലു കളുമാണ്. പമ്പയാറിൻെറ ശാഖയായ കക്കാട്ടാർ പഞ്ചായത്തിൻെറ അതിർത്തിയിലൂടെ കടന്നുപോകുന്നു.

സമുദ്രനിരപ്പിൽനിന്നും 150 മുതൽ 300 അടിവരെ ഉയരമുള്ള പ്രദേശമാണ്. പടേനിപ്പാറ, കൊടുമുടി, തെക്കേക്കര, നീലിപിലാവ്, വില്ലൂന്നിപ്പാറ, മൺപിലാവ്, തേരകത്തുംമണ്ണ്, കുളങ്ങരവാലി, മീൻക്കുഴി, ബഞ്ചമൻ പാറ, ആനപ്പാറ, കുമരംകുന്ന്, കട്ടച്ചിറ തുടങ്ങിയവ ഉയർന്ന പ്രദേശങ്ങളാണ്. പഞ്ചായത്തിലൂടെ ഒഴുകുന്ന എല്ലാ തോടുകളും കക്കാട്ടാറിലാണ് ചേരുന്നത്.

ഭൂരിഭാഗം ഭൂഉടമകളും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇത് സംബന്ധിച്ച വിശദവിവരം പട്ടിക 1-ൽ ചേർക്കുന്നു.

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒരു ഹെക്ടറിൽ താഴെ | 3010 |
| 2 | ഒരു ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ | 475 |
| 3 | രണ്ട് ഹെക്ടറിനു മുകളിൽ | 425 |

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിൻെറത് 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിലേത്. 0.14 (35 സെൻറ്) ഹെക്ടറാണ്.

1894-ലെ തിരുവിതാംകൂർ തോട്ടക്കൃഷി പ്രോത്സാഹന നിയമപ്രകാരം 1904-ൽ ബ്രിട്ടീഷുകാർ ആരംഭിച്ച ദി മിസ്സ്ലാൻഡ് റബ്ബർ കമ്പനിയാണ്, ചിററാറിലെ ആദ്യത്തെ സംഘടിത കാർഷികസംരംഭം. തുടർന്ന് നാട്ടുകാരായിട്ടുള്ള ഭൂഉടമകൾ സ്ഥാപിച്ച റബർതോട്ടവും തേയിലതോട്ടവും കാരികയത്ത് പ്രവർത്തിച്ചിരുന്നു. 1924-ൽ ഉണ്ടായ വെള്ളപ്പൊക്കം (1099-ലെ വെള്ളപ്പൊക്കം) മൂലം നാട്ടിൽ ഉണ്ടായ കൃഷി നാശത്തെ തുടർന്ന് ചിററാറിൽ കുടിയേറിയ ചുരുക്കം ചില കർഷകരും 1939-ൽ ആരംഭിച്ച രണ്ടാം ലോകമഹായുദ്ധത്തിൻെറ ഫലമായി തിരുവിതാംകൂറിൽ ഉണ്ടായ ഭക്ഷ്യ ക്ഷാമം നേരിടുന്നതിന് സർ സി.പി.രാമസ്വാമി അയ്യർ ...ററാർ ഉൾപ്പെടെയുള്ള കിഴക്കൻ മലയോരപ്രദേശങ്ങൾ ഭക്ഷ്യഉദ്പാദനമേഖലകളായി പ്രഖ്യാപിച്ച് കൃഷിക്ക് നൽകിയതിനു ശേഷമാണ് വ്യാപകമായി കൃഷി ചെയ്യുന്നതിന് കഴിഞ്ഞിട്ടുള്ളത്. ഇപ്രകാരം കൃഷി ചെയ്യുന്നതിന് ലഭിച്ച ഭൂമിയും താഴത്തില്ലം, കൊട്ടാരത്തിൽ, വയല തുടങ്ങിയ ഭൂഉടമകളിൽനിന്നും പാട്ടവ്യവസ്ഥയിൽ കൃഷിഭൂമി കൈവശപ്പെടുത്തിയിട്ടുള്ള കർഷകരുമാണ് ആദ്യകാലകൃഷിക്കാർ. ഫലഭൂയിഷ്ഠമായ ഈ പ്രദേശ ങ്ങളിൽ നെല്ല്, കപ്പ, വാഴ, ചോളം, എള്ള് എന്നിവ സമൃദ്ധമായി വിളയുകയും ചെയ്തിരുന്നു. വന്യജീവികളുടെ നിരന്തരമായ ആക്രമണവും മലമ്പനിയും മൂലം അക്കാലത്തെ കൃഷിക്കാർ വളരെയധികം കഷ്ടത

കൾ അനുഭവിച്ചിരുന്നു. തിരുവിതാംകൂറിന്റെ വിവിധ സ്ഥലങ്ങളിൽ ഇവിടെനിന്നുള്ള കാർഷികവിഭവങ്ങൾ വൻതോതിൽ വിപണനം ചെയ്തിരുന്നു.

എസ്റേററുകൾ ഒഴികെയുള്ള കൃഷിസ്ഥലങ്ങളിൽ ആകെ ഭൂമിയുടെ പകുതിയിൽ അധികം സ്ഥലങ്ങളിൽ നെൽകൃഷി ചെയ്തിരുന്നു. നാടൻവിത്തിനങ്ങളാണ് ഇവിടെ പ്രയോഗിച്ചിരുന്നത്. ഭൂമി ഫലഭൂയിഷ്ഠമായതിനാൽ വളങ്ങൾ കാര്യമായി ഉപയോഗിച്ചിരുന്നില്ല. വർഷം മുഴുവൻ ആവശ്യത്തിന് വെള്ളം കൃഷിസ്ഥലങ്ങളിൽ ലഭ്യമായിരുന്നു. ജലസേചനത്തിനായി തോടുകൾ, കുളങ്ങൾ എന്നിവ ചിറകെട്ടി സംരക്ഷിച്ചിരുന്നു. കീടനിയന്ത്രണത്തിന് നാടൻരീതികളാണ് ആദ്യകാലത്ത് പ്രയോഗത്തിൽ ഉണ്ടായിരുന്നത്. കാട്ടാനശല്യം നേരിടുന്നതിന് കൃഷിസ്ഥലത്തിന് ചുററും കിടങ്ങുകൾ നിർമ്മിക്കുകയും, ആനകളെ വിരട്ടി ഓടിക്കുന്നതിന് മരച്ചില്ലകളിൽ ഏറുമാടം കെട്ടി കാവൽ കിടക്കുന്ന രീതിയും ഉണ്ടായിരുന്നു. കൃഷിനാശം വരുത്തുന്ന വന്യമൃഗങ്ങളെ നേരിടുന്നതിന് തോക്കുകൾ നൽകി എസ്റേററുകളിൽ കാവൽക്കാരെ നിയമിച്ചിരുന്നു. ചിററാർ എസ്റേററിൽനിന്നും റബ്ബർ കൊണ്ടുപോകുന്നതിനും എസ്റേററിൽ എത്തിചേരുന്നതിനും നിർമിച്ച റോഡാണ് മണ്ണാരകുളഞ്ഞി, ചിററാർ റോഡ്. ഇവിടെനിന്നുള്ള ഉത്പന്നങ്ങൾ വിദേശത്തേക്ക് കയററുമതി ചെയ്തിരുന്നു. കാർഷിക ഉത്പന്നങ്ങളുടെ പ്രധാന വിപണനകേന്ദ്രം റാന്നിയായിരുന്നു. വടശ്ശേരിക്കരവരെ കരമാർഗ്ഗവും അവിടെനിന്നും ജലമാർഗ്ഗവുമാണ് ഉത്പന്നങ്ങൾ കൊണ്ടുപോയിരുന്നത്. കർഷകർ നേരിട്ടും ഇടത്തരക്കാർ മുഖേനയും ആണ് ഇവ വിററഴിച്ചിരുന്നത്.

ഭൂമി പരിഷ്കരണം നടപ്പിലായതോടെ സ്വന്തമായി ഭൂമി ലഭിച്ച കർഷകർ വീട് വെയ്ക്കുന്നതിനും വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത കാർഷികവിളകൾ നടുന്നതിനും തുടങ്ങിയതോടെ വിളക്രമങ്ങളിൽ മാററംവരാൻ തുടങ്ങി. വനഭൂമി കൈയേററങ്ങൾ വ്യാപകമായി. ഹ്രസ്വകാല വിളകളും അതോടൊപ്പം ഭൂമിയിൽ അവകാശം സ്ഥാപിച്ചെടുക്കുന്നതിന് ദീർഘകാല വിളകളും കൃഷി ചെയ്തുതുടങ്ങി. ഇത് വളരെയധികം വ്യാപകമായ തോടെ നീരൊഴുക്കിന്റെ ക്രമംതെററി നീർക്കെട്ടുകൾ രൂപപ്പെടുന്നതിന് കാരണമായി.

കൂലിനിലവാരം ഉയർന്ന് വരുന്നതനുസരിച്ച് കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിന്റെ അളവു ക്രമേണ കുറഞ്ഞുവന്നു. നെൽകൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവത്രികമായതും കാർഷികതൊഴിലാളികളുടെ പിൻതലമുറക്കാരെ ഇതര തൊഴിൽമേഖലകളിലേക്ക് ആകർഷിച്ചു. ഇത് കർഷകതൊഴിലാളികളുടെ എണ്ണക്കുറവിനും വയലുകളും പറമ്പുകളും വ്യാപകമായി റബ്ബർ, തെങ്ങ്, കമുക്, കശുമാവ്, വിളകൾക്ക് വേണ്ടി ഉപയോഗപ്പെടുത്തി. കർഷകർ പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന വാഴ, തണ്ണിമത്തൻ, പച്ചക്കറികൾ എന്നീ വിളകളേയും സാരമായി ബാധിച്ചു. കർഷികവൃത്തിയോട് വന്ന സമീപനത്തിന്റെ ഭാഗമായി പറമ്പിൽനിന്നും കൃഷി ചെയ്തിരുന്നു. ഇടവിളകളുടെ ഉത്പാദനത്തിലും ഗണ്യമായ കുറവ് വരാൻ തുടങ്ങി. റബ്ബർ കൃഷിക്ക് വ്യാപകമായി ലഭിച്ച പ്രചാരണവും താരതമ്യേന മെച്ചപ്പെട്ട വരുമാനവും ഉപഭോഗപ്രവണതയെ വർദ്ധിപ്പിക്കുന്നതിന് വലിയൊരു പങ്ക് വഹിച്ചു. കൃഷിയിടങ്ങളിൽനിന്ന് റബ്ബർ ഒഴികെയുള്ള കൃഷിയിനങ്ങളെല്ലാം നാമാവശേഷമായിക്കൊണ്ടിരിക്കുകയാണന്ന് പറഞ്ഞാൽ തെല്ലും അതിശയോക്തിപരമാവില്ല. മററു കാർഷികവിളകളുമായി താരതമ്യം ചെയ്യുമ്പോൾ റബ്ബർ നിത്യേന വരുമാനമാർഗ്ഗമാണെന്നുള്ള വസ്തുത ഇതിന് ഒരു കാരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്. റബ്ബർ ഒഴികെയുള്ള വിളകൾക്ക് താരതമ്യേന വർദ്ധിച്ച, കൃഷിചെലവുകളും കുറഞ്ഞ വിപണനസൗകര്യങ്ങളും ഇതരകാരണങ്ങളാണ്. വൻതോതിലുള്ള കൃഷിനാശം കാട്ടുപന്നിമൂലം കർഷകർ നേരിടേണ്ടിവരുന്നു. വ്യാപകമായിട്ടുള്ള സസ്യരോഗങ്ങളും ഭക്ഷ്യഉത്പാദകരംഗത്ത് കാര്യമായ കുറവുവരുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്. കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിച്ച് പോന്നിരുന്ന സ്ഥിതിക്കും മാററമുണ്ടായി. ഇപ്പോഴുള്ളവ മണ്ണിടിഞ്ഞ് തുടർന്ന് നാമാവശേഷമായികൊണ്ടിരിക്കയാണ്. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളോ തോടുകളോ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല. ജന സംഖ്യയിലുണ്ടായ വർദ്ധനവും കാർഷികമേഖലയെ തകർക്കുന്നതിന് കാരണമായിട്ടുണ്ട്.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2590 ഹെക്ടർ ആണ്. ഇത് താഴ്വര, ഉയർന്ന പ്രദേശങ്ങൾ, കുത്തനെയുള്ള ചരിവ്, പുഴ എന്നിങ്ങനെയാണ് കാണപ്പെടുന്നത്. ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക 2, 3)

പട്ടിക 2

ഭൂപ്രകൃതി

| നമ്പർ | ഭൂപ്രകൃതി | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1. | താഴ്വര | 284.9 | 11.00 |
| 2. | ഉയർന്നപ്രദേശം | 1269.1 | 49.00 |
| 3. | കുത്തനെയുള്ള ചരിവ് | 388.5 | 15.00 |
| 4. | ചെറിയ ചരിവുള്ള കുന്ന് | 518 | 20.00 |
| 5. | ചതുപ്പ് | 51.8 | 2.00 |
| 6. | പുഴ, തോട് | 77.7 | 3 |

അവലംബം: ഗ്രാമസഭാ റിപ്പോർട്ട് (സെക്കണ്ടറി ഡേററ)

പട്ടിക 3

ഭൂവിനിയോഗം

| നമ്പർ | വിനിയോഗം | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1. | റബ്ബർ | 1448 | 55.90 |
| 2. | തെങ്ങ് | 96 | 3.70 |
| 3. | മിശ്രിതവിളകൾ | 101.8 | 3.94 |
| 4. | നെല്ല് | 13.2 | 0.05 |
| 5. | കശുമാവ് | 43 | 1.66 |
| 6. | മിശ്രിതമരങ്ങൾ | 64 | 2.47 |
| 7. | കുരുമുളക് | 105 | 4.05 |
| 8. | വാഴ | 120 | 4.63 |
| 9. | മരച്ചീനി | 110 | 4.24 |
| 10. | പുഴകൾ, തോടുകൾ | 77.7 | 3.00 |
| 11. | കൃഷിക്കനുയോജ്യമായ തരിശുഭൂമി | 75 | 2.89 |
| 12. | കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി | 40 | 1.54 |
| 13. | പൊതുസ്ഥലങ്ങൾ | 296.3 | 11.48 |
| | ആകെ | 2590 | 100 |

അവലംബം: ഗ്രാമസഭ റിപ്പോർട്ട് (സെക്കണ്ടറി ഡേററ)

പഞ്ചായത്തിൻെറ ഉയർന്ന പ്രദേശങ്ങളിൽ കരിമണ്ണും, വനത്തോട് ചേർന്നുള്ള സ്ഥലങ്ങളിൽ വനമണ്ണും, ചരിവുള്ള സ്ഥലങ്ങളിൽ ചുവന്ന മണ്ണും മററിടങ്ങളിൽ പശിമരാശി മണ്ണും കൂടുതലായി കാണപ്പെടുന്നു.

വൻതോതിലുള്ള മണ്ണൊലിപ്പ്, അശാസ്ത്രീയമായ രാസവളപ്രയോഗം എന്നിവമൂലം മണ്ണിൻെറ P.H. മൂല്യത്തിൽ പ്രകടമായ വ്യത്യാസം കാണപ്പെടുന്നു. മൺദ്രാവകത്തിൽ അടങ്ങിയിരിക്കുന്ന ഹൈഡ്രജൻ അയോണുകളുടെ കേന്ദ്രീകരണത്തെ കാണിക്കുന്ന അളവാണ് P.H. (Potential Hydrate) എന്നു പറയുന്നത്. സസ്യവളർച്ചക്ക് ഏററവും ഉചിതമായത് മണ്ണിൻെറ PH 6നും 8നും ഇടയിൽ ആകുന്നതാണ്. PH ൻെറ അളവ് 7-ൽ കുറഞ്ഞാൽ മണ്ണിൽ അമ്ലഗുണം വർദ്ധിക്കുകയും കൂടിയാൽ ക്ഷാരഗുണം വർദ്ധിക്കുകയും ചെയ്യുന്നു. ഒരു നിശ്ചിത അളവിൽ കൂടുതൽ ഇവ വർദ്ധിച്ചാലും കുറഞ്ഞാലും ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ മണ്ണ് പരിശോധിച്ചാൽ മാത്രമേ ഇവ കണ്ടുപിടിക്കാൻ കഴികയുള്ളൂ. നിർഭാഗ്യവശാൽ നാളിതുവരെ മണ്ണ് പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല.

ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിൽ (55.90%) റബ്ബർകൃഷിയാണ്. അനുകൂലമായ കാലാവസ്ഥ, ഭൂതലപ്രകൃതി, ശക്തമായ വിപണനസൗകര്യം എന്നിവ ഒരു കാർഷികവിളയെ എങ്ങനെ ഉത്തേജിപ്പിക്കുന്നു എന്നതിൻെറ ഉദാഹരണമാണ് റബ്ബർ. കഴിഞ്ഞ രണ്ട് പതിററാണ്ടിനുള്ളിൽ റബ്ബർകൃഷി വിസ്തീർണ്ണം ഇരട്ടിയിലധികമായി വർദ്ധിച്ചു. ഉത്പാദനക്ഷമതയും മൊത്തം ഉത്പാദനവും വർദ്ധിച്ചിട്ടുണ്ട്. ശരിയായി പരിചരിക്കുന്ന തോട്ടങ്ങളിൽ ഒരു ഹെക്ടർ സ്ഥലത്തുനിന്നും ഒരു വർഷം 3.5 ടൺവരെ റബ്ബർ ഉത്പാദിപ്പിക്കാമെന്നിരിക്കെ നമ്മുടെ ചെറുകിട കർഷകരുടെ ഉലപാദനം ഹെക്ടറിന് 2 ടണ്ണിൽ താഴെ മാത്രമാണ്. ചിട്ടയായ ടാപ്പിംഗ് രീതി, മഴക്കാലത്ത് റബ്ബർ തോട്ടങ്ങളിൽ മഴവെള്ളം സംഭരിക്കൽ, തൈമരങ്ങൾക്കിടയിൽ തോട്ടപ്പയർ വളർത്തൽ, തൈച്ചുവട്ടിൽ പുതയിടീൽ, ജൈവവളപ്രയോഗം, വിവേചനപൂർവ്വമായ വളപ്രയോഗം തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടി വരുന്നു.

കേരളത്തിൽ ഉണ്ടാക്കുന്ന അസംസ്കൃതറബ്ബറിൻെറ 80 ശതമാനത്തിലധികം കേരളത്തിന് വെളിയിലേക്ക് കയററി അയയ്ക്കുകയാണ്. റബ്ബറിൻെറ വില നിർണ്ണയിക്കുന്നതും നിയന്ത്രിക്കുന്നതും കുത്തകമുതലാളിമാരും ബഹുരാഷ്ട്രകുത്തകകളും ആണ്. വില കുറഞ്ഞ് നഷ്ടമെന്നു കണ്ടാൽ ഉടനെ മാററി മറെറാരു വിളയിലേക്ക് മാറാൻ എളുപ്പമല്ല. മാർക്കററ് നിയന്ത്രിതമത്സരാത്മക സമ്പദ്‌വ്യവസ്ഥതയിൽ ദീർഘകാല നാണ്യവിളകളെ സദാ ഭീഷണിപ്പെടുത്തികൊണ്ടിരിക്കുന്ന വിപത്തും ഇതുതന്നെയാണ്. പുതിയ സാങ്കേതിക വിദ്യാമുന്നേററത്തിൻെറ ഫലമായി സ്വാഭാവിക റബ്ബറിനേക്കാൾ ഗുണം കൂടിയതും വിലകുറഞ്ഞതുമായ ഒരു പദാർത്ഥം കണ്ടുപിടിക്കപ്പെടുകയാണെങ്കിൽ റബ്ബറിൻെറ വില ഗണ്യമായി ഇടിഞ്ഞേക്കും. അത് അതിഭീകരമായ ഒരു സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കും. റബ്ബറിൻെറ ഇപ്പോഴത്തെ വില അടിസ്ഥാനപ്പെടുത്തി 'മോഹവിലയ്ക്ക്' റബ്ബർ തോട്ടങ്ങൾ വാങ്ങുന്ന പ്രവണത കൂടി വരുന്നു.

റബ്ബർ കഴിഞ്ഞാൽ പഞ്ചായത്തിൽ മുഖ്യമായും കൃഷിചെയ്യുന്ന വിളകളാണ് തെങ്ങ്, കുരുമുളക്, വാഴ, മരിച്ചീനി, കശുമാവ് എന്നിവ. 800-ൽപരം കർഷകർ തെങ്ങുകൃഷി നടത്തുന്നുണ്ട്. ചെങ്കല്ലുള്ള മണ്ണും, ചുവന്ന പശിമരാശിമണ്ണും തെങ്ങുകൃഷിക്ക് അനുയോജ്യമാണ്. നാളികേരത്തിൻെറ വില മററു പല വിളകളേയും അപേക്ഷിച്ചു വർദ്ധിച്ചിട്ടുണ്ടെങ്കിലും. തെങ്ങിൻെറ ഉത്പാദനക്ഷമത കുറഞ്ഞുവരുന്നു. കാററുവീഴ്ച ഒരു പ്രധാന രോഗമാണ്. ജലസേചനം ഉത്പാദനക്ഷമതയെ ഗണ്യമായി വർദ്ധിപ്പിക്കുകയും രോഗപ്രതിരോധശക്തി കൂട്ടുകയും ചെയ്യുമെന്ന് തെളിയിച്ചിട്ടുണ്ട്. എന്നാൽ ഇന്നും ജലസേചനം, വളം തുടങ്ങിയ അനുബന്ധസേവനങ്ങൾ നൽകുന്നതിന് കാര്യമായ ഏജൻസി രംഗത്തില്ല. പഞ്ചായത്തുതലത്തിൽ ഒരു കേരസമിതി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഭൂരിപക്ഷം തെങ്ങുകൃഷിക്കാർക്കും പ്രയോജനപ്പെടുന്നില്ല.

കഴിഞ്ഞ ഒരു പതിററാണ്ടിൽ ഏററവും അധികം ക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്ന വിളകളിലൊന്നാണു കുരുമുളക്. ഇന്നും ഇന്ത്യയ്ക്ക് നല്ല നിലയിൽ വിദേശ നാണ്യം നേടിതരുന്നതിനാൽ കുരുമുളകിന് മുഖ്യസ്ഥാന മാണുള്ളത്. നല്ലയിനം വള്ളികളിൽനിന്നും ഹെക്ററിന് 1000 കിലോഗ്രാംവരെ വിളവ് ലഭിക്കുന്നു. വീട്ടുവളപ്പിലെ മിക്ക വൃക്ഷങ്ങളിലും കുരുമുളക് വിജയകരമായി കൃഷി ചെയ്യാവുന്നതുകാരണം പ്രത്യേക സ്ഥലം കണ്ടെത്താതെ തന്നെ ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. കുരു മുളക്ചെടിയിൽ വ്യാപകമായി കണ്ടുവരുന്ന രോഗംമൂലം ഉത്പാദനക്ഷമത ഗണ്യമായി കുറഞ്ഞിട്ടുണ്ട്. പഞ്ചായത്തു തലത്തിൽ യാതൊരു പ്രോത്സാഹനവും കർഷകർക്ക് ലഭിക്കുന്നില്ല.

വിളക്രമത്തിൽ ഗണ്യമായ മാററം വന്നിട്ടുള്ള വിള കളിൽ മരച്ചീനിക്ക് പ്രഥമസ്ഥാനമാണുള്ളത്. മരച്ചീനി കൃഷി ഉപേക്ഷിക്കാൻ കർഷകർ നിർബന്ധിക്കപ്പെടുന്നത് വ്യാപകമായ കാട്ടുപന്നി ശല്യംമൂലമാണ്. കൃഷിവിസ്തീർണ്ണ ത്തിൽ ഗണ്യമായ കുറവു വന്നിട്ടുണ്ട്. എങ്കിലും നല്ലൊരു ശതമാനം കർഷകരും ഇന്നും കൃഷിയിൽ തത്പരരാണ്. രണ്ടു പതിററാണ്ടുമുമ്പ് മരച്ചീനി ഇവിടെനിന്നും മററു സ്ഥലങ്ങളിലേക്ക് വിൽപന ചെയ്തിരുന്നു. എന്നാൽ ഇന്ന് പഞ്ചായത്തിലെ ഉപഭോഗരംഗത്ത് 20 ശതമാനം മാത്രമേ ഇവിടെ ഉത്പാദിപ്പിക്കുന്നുള്ളു.

കാർഷികമേഖലയിൽ ആദായകരമായി നടത്തി വരുന്ന മറെറാരു വിളയാണ് വാഴക്കൃഷി. എഴുപതുകളിൽ കാർഷികരംഗത്തുനിന്നുള്ള പ്രധാന വിപണനവിള വാഴ ക്കുലകൾ ആയിരുന്നു. എന്നാൽ ഇന്ന് നാമമാത്രമായി മാത്രമേ വിപണനം ചെയ്യപ്പെടുന്നുള്ളു. നേന്ത്രൻ, പാളയം കോടൻ, റോബസ്ററ, പൂവൻ, ഞാലിപ്പൂവൻ തുടങ്ങിയ വിത്തിനങ്ങൾ ഈ പ്രദേശത്തിന് അനുയോജ്യമാണ്.

മാദ്ധ്യമങ്ങളുടെ പ്രചാരണത്തിൽ ആകൃഷ്ടരായി കൃഷിയിറക്കി വഞ്ചിക്കപ്പെട്ട അനുഭവമാണ് കൊക്കോ കൃഷിക്കാർക്കുള്ളത്. വളരെ ശാസ്ത്രീയമായി നട്ടുവളർ ത്തിയ ചെടികൾ വെട്ടി നശിപ്പിക്കുന്നതിന് വിളയുടെ വില യിടിവു കർഷകരെ പ്രേരിപ്പിച്ചിട്ടുണ്ട്. കമുക്, കശുമാവ്, കാപ്പി എന്നീ നാണ്യവിളകളും പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ കൃഷിചെയ്തുവരുന്നുണ്ട്. നെൽകൃഷി നാമമാത്രമായി ചില സ്ഥലങ്ങളിൽ കൃഷിചെയ്തുവരുന്നു. ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, ജാതി തുടങ്ങിയ വിളകളും അനുബന്ധവിളകളായി കൃഷിചെയ്തുവരുന്നു.

പച്ചക്കറി ഉത്പാദനം തുലോം പരിമിതമാണ്. പഞ്ചായത്തിൽ പ്രതിവർഷം 50 ലക്ഷം രൂപയിൽ അധികം പച്ചക്കറി വാങ്ങുന്നതിനു തദ്ദേശവാസികൾ ചിലവഴിക്കുന്ന തായി പ്രാഥമിക സർവേ സൂചിപ്പിക്കുന്നു. പഞ്ചായത്ത് തലത്തിൽ വിത്ത്, വളം എന്നിവ ലഭ്യമാക്കിയാൽ പച്ചക്കറി ഉത്പാദനരംഗത്ത് ഗണ്യമായ മാററം വരുത്താൻ കഴിയുന്ന താണ്. പഞ്ചായത്തിൽ 2000-ൽ അധികം വനിതകൾ പച്ച ക്കറിക്കൃഷി നടത്താൻ തയ്യാറായി മുന്നോട്ടു വന്നിട്ടുള്ളത് ഈ രംഗത്ത് പ്രതീക്ഷ നൽകുന്നു. പഞ്ചായത്തിലുള്ള വിവിധ വിദ്യാഭ്യാസസ്ഥാപന അധികൃതരും സ്കൂളുക ളോടു അനുബന്ധിച്ചു പച്ചക്കറിക്കൃഷിതോട്ടങ്ങൾ ആരംഭി ക്കാൻ തയ്യാറായിട്ടുണ്ട്. വെററിലകൃഷി, മുഖ്യവിളയായി കൃഷിചെയ്യുന്ന 50 കർഷകർ പഞ്ചായത്തിൽ ഉണ്ട്.

പട്ടിക 4

ചിററാർപഞ്ചായത്തിൽ കൃഷിചെയ്തുവരുന്ന പച്ചക്കറി ഇനങ്ങളും കൃഷിരീതികളും

### വളം

സഹകരണമേഖലയിലുള്ള മൂന്നും സ്വകാര്യമേഖല യിലുള്ള 5 ഉൾപ്പെടെ 8 വളംവിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. കൃഷിക്കുപയോഗിക്കുന്നത് 70% രാസവളങ്ങളാണ്. വേണ്ടവിധം മണ്ണുപരിശോധന നടത്തി രാസവളം ചേർക്കുന്നതിനു പകരം കടം കിട്ടാനുള്ള സാധ്യ തയുടെയും മാർക്കററിലെ വളം ലഭ്യതയുടെയും ഒഴുക്കൻ അഭിപ്രായപ്രകടനങ്ങളുടെയും അടിസ്ഥാനത്തിലുള്ള രാസവളപ്രയോഗം പല സന്ദർഭത്തിലും ഗുണത്തേ ക്കാളേറെ ദോഷം ചെയ്തിട്ടുണ്ട്. പല പ്രദേശങ്ങളിലും ഉത്പാദനക്ഷമത കുറഞ്ഞിട്ടുമുണ്ട്. ഇത് അനാവശ്യമായ ചിലവു വർദ്ധനക്കു കാരണമാകുന്നു. ജൈവവളങ്ങൾ വിരളമായി മാത്രമേ ഉപയോഗിക്കുന്നുള്ളു.

### കീടനാശിനികൾ

റബ്ബർ, നെല്ല്, പച്ചക്കറികൾ, വാഴ, കുരുമുളക്, തെങ്ങ് എന്നീ വിളകൾക്കാണ് കീടനാശിനി പ്രധാനമായും ഉപയോഗിച്ചു വരുന്നത്. റബ്ബർഎസ്റേററുകളിൽ ഹെലി കോപ്ററർ മുഖേനയും, ചെറുകിട റബ്ബർകൃഷിക്കാർ മൈക്രോൺ ഉപയോഗിച്ചു കീടനാശിനി തളിക്കുന്നു. കീടനാശിനികൾ തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻ കരുതലുകളോ, ശാസ്ത്രീയമായ രീതിയോ കർഷകർ പരിഗണിച്ചു കാണുന്നില്ല. കൃഷിക്കാരുടെ അറിവില്ലാ യ്മയും പ്രശ്നപരിഹാരനിർദേശങ്ങളുടെ അഭാവവും ഈ രംഗത്ത് കാണപ്പെടുന്നു.

### കാർഷികോപകരണങ്ങൾ

കൃഷിഭവനിൽ നിലവിൽ 50 റോക്ക്സ്പ്രെയർ 15 നാപ്സ്ററാക്ക് സ്പ്രെയർ, 10 നാടൻ കലപ്പ എന്നിവയാണ് കാർഷിക ഉപകരണങ്ങളായിട്ടുള്ളത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് റബ്ബർ ഉത്പാദകസംഘങ്ങളിൽ നിന്നും അംഗങ്ങൾക്ക് മരുന്നുതളി ഉപകരണങ്ങൾ നൽകി വരുന്നുണ്ട്. വയ്യാററുപുഴ സർവ്വീസ് സഹകരണ ബാങ്കിൽ റബ്ബർകൃഷിക്ക് മരുന്നു തളിക്കുന്നതിനുള്ള മൈക്രോൺ വിവിധതരം സ്പ്രെയറുകളും നിലവിൽ ഉണ്ട്. കാർഷിക

| ക്രമ നമ്പർ | വിള | ഇനങ്ങൾ | വിതയ്ക്കേണ്ട സമയം | പറിച്ചു നടേണ്ട സമയം | വിത്തിന്റെ അളവ് | നടേണ്ട രീതി | നടേണ്ട അകലം | | വിത്ത് നടുന്നതിന്റെ ആഴം | ജൈവവളം | രാസവളം | കീടങ്ങൾ, രോഗങ്ങൾ | പ്രതിവിധി | വിളവെടുപ്പ് | വിളവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | തടം | ചെടികൾ | | | | | | | |
| 1 | ചീര | co-1, co-2, co-3, കണ്ണാറ ലോക്കൽ | വർഷം മുഴുവനും ശക്തമായ മഴ സമയം ഒഴിവാക്കണം | പാകിയ ശേഷം 20-30 ദിവസം | ഒരു സെന്റിന് 5 ഗ്രാം | വരികളായി തടങ്ങളിൽ പറിച്ചു നടണം | 30 c.m | 20 c m | 1-15 c m | 200 k g. | രണ്ടാഴ്ചയിലൊരിക്കൽ ഒരു ടീസ്പൂൺ 7:10:5 രാസവളം | ഇലചുരുട്ടി പുഴു, തണ്ടു തുരപ്പൻ | കൈകൊണ്ടു നീക്കം ചെയ്യൽ മാലത്തയോൺ 1 ml 2 ലി. വെള്ളത്തിൽ കലർത്തി തളിക്കണം | വർഷം മുഴുവനും | സെന്റിന് 15 k |
| 2 | വെണ്ട | പൂസ സവാനി, പൂസ മക്മാലി, Co-1 | ഫെബ്രുവരി, മാർച്ച് ജൂൺ, ജൂലൈ ഒക്ടോബർ, നവംബർ | | സെന്റിന് 30 gm | നേരിട്ട് പാകൽ | 60 cm. | 30 cm. | 4-5 cm. | 50 kg. | സെന്റൊന്നിന് 7:10:5 രാസവള മിശ്രിതം 2 1/4 കിലോ വിത്തു പാകുമ്പോൾ ഇട്ടു കൊടുക്കുക | ഇലചുരുട്ടി പുഴു, മഞ്ഞളിപ്പ് | കൈകൊണ്ടു നീക്കം ചെയ്യൽ രോഗം വന്ന ചെടികൾ നശിപ്പിക്കുക. പ്രതിരോധ ശേഷിയുള്ള പൂസാ സവാനി കൃഷി ചെയ്യുക | വർഷം മുഴുവനും | സെന്റിന് 15-20 |
| 3. | പാവൽ | പ്രിയ അർക്ക, ഹരിത് V.K 1 കോയമ്പത്തൂർ ലോങ് | ജനുവരി, മാർച്ച് സെപ്റ്റം. ഡിസംബർ മെയ് ജൂൺ | | സെന്റിന് 25 gm. 4-5 വിത്ത് കുഴി ഒന്നിന്. ആരോഗ്യമില്ലാത്ത 1,2 എണ്ണം നീക്കം ചെയ്യുക | നേരിട്ട് പാകൽ വള്ളികൾ പടരുമ്പോൾ പന്തലിടണം | 2 മീറ്റർ | 2 മീറ്റർ | 2-3 cm | 80 kg. | വിത്ത് പാകുമ്പോൾ സെന്റൊന്നിന് യൂറിയ 300 gm മസൂറിഫോസ് 500gm പൊട്ടാഷ് 150g. വള്ളി പടരുമ്പോഴും പൂക്കുമ്പോഴും യൂറിയ 150g. വീതം | കായീച്ച കുമിൾ രോഗങ്ങൾ | കായ്കൾ മൂടിവെക്കുക മാലത്തയോൺ 4ml മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക ഡൈത്തേൻ M-45 2 4 g. ഒരു ലിറ്റർ വെള്ളത്തിൽ | മാർച്ച് ഏപ്രിൽ സെപ്റ്റം. നവംബർ | സെന്റിന് 25 kg |
| 4. | പടവലം | T.A. 19 Co- 1 | " | | സെന്റിന് 16 gm | " | 2 മീറ്റർ | 2 മീറ്റർ | 2-3 cm | 80 kg | മേൽപറഞ്ഞ ക്രമത്തിൽ | " | " | " | " |
| 5 | മത്തൻ | അമ്പിളി, അർക്ക, ചന്ദ്രൻ കൊ. 1 | " | | സെന്റിന് 5 g. | നേരിട്ട് പാകൽ | 4 5 മീറ്റർ | 2 മീറ്റർ | 2-3 cm. | 80 kg | " | " | " | " | സെന്റിന് 20 g. |
| 6 | വെള്ളരി | സി. എസ്സ് -16 ശീതൾ | " | | സെന്റിന് 3 gm | " | 2 മീറ്റർ | 1 5 മീറ്റർ | 2-3 cm | 80 kg | " | " | " | " | " |
| 7 | മുളക് | ജ്വാല, ജ്വാലമുഖി, K-2 കെ. എ. യു ക്ലസ്റ്റർ | മെയ്- ആഗസ്റ്റ് സെപ്റ്റം.- ഡിസംബർ | പാകി 30-45 ദിവസത്തിനു ശേഷം | സെന്റിന് 4 gm | വരികളായി തടങ്ങളിൽ പറിച്ചു നടണം | 45cm. | 45cm. | 1/2 cm | 80 kg | മൂന്നു മാസം വരെ രാസവള മിക്സർ 7:10:5 രണ്ടാഴ്ചയിലൊരിക്കൽ ഒരു ടീസ്പൂൺ വീതം ചുവട്ടിൽ നിന്നും അകലെയായി ഇടണം. | തണ്ടുതുരപ്പൻ പുഴു കട ചീയൽ ബാക്ടീരിയൻ വാട്ടം മഞ്ഞളിപ്പ് | സെവിൻ 2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. 1% ബോർഡോമിശ്രിതം തളിക്കണം. രോഗം ബാധിച്ച ചെടികൾ പറിച്ചു മാറ്റുക | ആഗസ്റ്റ് - ഒക്ടോബർ ഡിസംബർ - മാർച്ച് | സെന്റിന് 15 g |
| 8 | വഴുതന | പൂസപർപ്പിൾ ലോങ്, പൂസ പർപ്പിൾ റൗണ്ട് | " | " | സെന്റിന് 2gm | " | 60cm | 75cm | 1/2 cm | 80 kg | " | " | " | " | സെന്റിന് 40 g |
| 9 | തക്കാളി | ശക്തി, പൂസാ റൂബി എച്ച്. എസ്. 101 | സെപ്റ്റം. - ഡിസംബർ ജനുവരി. - മാർച്ച് | " | സെന്റിന് 2gm | " | 60cm | 60cm | 1/2 cm | 80 kg | " | " | " | ഡിസംബർ-ഏപ്രിൽ | സെന്റിന് 20 g |
| 10 | പയർ | മഞ്ചേരി ലോക്കൽ കുരുത്തോല പയർ വയലത്തൂർ ലോക്കൽ | വർഷം മുഴുവനും | | സെന്റിന് 100gm | നേരിട്ട് പാകൽ | 45cm | 15cm | | 80 kg | 1/2 കിലോ 7:10:5 മിശ്രിതം സെന്റ് ഒന്നിന് വിത്ത് പാകുന്നതിന് മുമ്പ് യൂറിയ 90g 20 ദിവസത്തിനുശേഷം | കായ് തുരപ്പൻ തണ്ടു തുരപ്പൻ റസ്റ്റ്, പൗഡറി മിൽഡ്യൂ | സെവിൻ 2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. ഗന്ധകപ്പൊടി വിതറുക | വർഷം മുഴുവനും | സെന്റിന് 8-10 k |

ആവശ്യത്തിന് സ്വന്തമായി സ്പ്രെയറുകൾ ഉള്ള നിരവധി കർഷകരും ഉണ്ട്.

### കാർഷികസമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തു തലത്തിൽ കാർഷികസമിതിയും, തെങ്ങുകൃഷികാർക്കു വേണ്ടി പഞ്ചായത്തുതലത്തിൽ കേരസമിതി, റബ്ബർ കൃഷിക്കുവേണ്ടി ചിററാർ റബ്ബർ ഉത്പാദകസംഘം, വയ്യാററുപുഴ റബ്ബർ ഉത്പാദകസംഘം, നീലിപിലാവു റബ്ബർ ഉല്പാദകസംഘം എന്നിവയും പ്രവർത്തിക്കുന്നു.

### കൂലി നിരക്ക്

കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാററങ്ങൾ, കൃഷിയോടുള്ള ആഭിമുഖ്യക്കുറവ് തുടങ്ങിയ വയും ഇതിന്റെ കാരണങ്ങളിൽപ്പെടുന്നു. 3910 കർഷക കുടുംബങ്ങളുള്ളതിൽ 980 കുടുംബങ്ങൾ മാത്രമേ കൃഷി യെ മുഖ്യ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്നുള്ളു. ഏകദേശം 1300 പേരാണ് കർഷകതൊഴിലാളികളായി പഞ്ചായത്തിലുള്ളത്. ഇവരുടെ ശരാശരി കൂലിനിരക്ക് പുരുഷന് 80 രൂപയും സ്ത്രീകൾക്ക് 65 രൂപയുമാണ്. നിലവിൽ ഒരു ഏകീകൃത നിരക്കില്ല.

### കാർഷികവായ്പ

രണ്ട് സഹകരണ ബാങ്കുകളും, ഒരു ഷെഡ്യൂൾഡ് ബാങ്കും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇത് കൂടാതെ വടശ്ശേരിക്കര സ്റേററ് ബാങ്ക്, കാർഷികവികസനബാങ്ക്, റാന്നി എന്നീ ബാങ്കുകളിൽനിന്നും കാർഷിക ലോണുകൾ നൽകാറുണ്ട്. കൃഷിഭൂമിക്ക് പട്ടയം ലഭിക്കാത്തതിനാൽ ഭൂരിപക്ഷം കർഷകർക്കും കാർഷികവായ്പ ലഭിക്കാതെ പോകുന്നു.

### ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചു കൃഷി നടത്തുന്ന പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്ററുവരെ ലഭിക്കുന്ന കാലവർഷവും (തെക്ക് കിഴക്കൻ മൺസൂൺ) സെപ്ററംബർ മുതൽ ഒക്ടോബർവരെ കിട്ടുന്ന തുലാ വർഷവും (വടക്ക് പടിഞ്ഞാറൻ മൺസൂൺ) കഴിഞ്ഞ നാളുകളായി മിക്ക മാസങ്ങളിലും മഴ ലഭിക്കുന്നതായി കണ്ടുവരുന്നു. ശരാശരി വർഷത്തിൽ 325 സെ.മീ മഴ ഇവിടെ ലഭിക്കുന്നു. 93, 94 വർഷത്തിൽ ലഭിച്ച മഴയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 5

*മഴയുടെ അളവു മില്ലിമീററിൽ (Source Farm Guide)*

| വർഷം | ജനു. | ഫെ. | മാർ | ഏപ്രി. | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റ. | ഒക്ടോ. | നവം. | ഡിസം. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1993 | 0.00 | 29.3 | 4.3 | 161.2 | 287.5 | 630.9 | 918.5 | 193.9 | 85.9 | 549.2 | 242.2 | 47.6 |
| 1994 | 34.3 | 68.0 | 45.5 | 142.3 | 281.1 | 507.3 | 593.0 | 404.1 | 168.4 | 664.7 | 242.3 | 62.0 |

പട്ടിക 6

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

(Source-Secondary data)

| നമ്പർ | ആസ്തികൾ | കി.മീ/എണ്ണം |
|---|---|---|
| 1. | കക്കാട്ടാർ | 9 കി.മീ |
| 2. | തോട്/അരുവി | 18 കി.മീ |
| 3. | കുളം/ജലസേചനകിണർ | 215 എണ്ണം |
| 4. | കുഴൽകിണർ | 12 എണ്ണം |

### നേഴ്സറികൾ

സ്വകാര്യമേഖലയിൽ 6 നേഴ്സറികൾ പ്രവർത്തി ക്കുന്നു. കൃഷിഭവൻ, വികസനബ്ലോക്ക് എന്നീ ഏജൻസി കൾ പുതിയ ഇനം നടീൽവസ്തുക്കൾ വിതരണം ചെയ്യു ന്നുണ്ട്.

### കൃഷിഭവൻ

1987 സെപ്റ്റംബർ 1-നാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. തികച്ചും കാർഷികമേഖലയായ പഞ്ചാ യത്തിൽ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷി ഭവന്റെ പ്രവർത്തനം കൃഷികാർക്ക് വേണ്ടരീതിയിൽ പ്രയോജനകരമാവുന്നില്ല. ഒരു കൃഷിഓഫീസറും, 2 കൃഷി അസിസ്ററന്റുമാരും ഉള്ള കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ കർഷകർക്ക് ലഭിക്കേണ്ടതുണ്ട്. നിലവിൽ ഒരു കൃഷി അസിസ്ററന്റിന്റെ ഒഴിവുള്ളത് പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കൃഷിഭവനിൽനിന്നും കൃഷിനാശം സംഭവിച്ച കർഷ കർക്ക് നൽകിയിട്ടുള്ള ധനസഹായം.

പട്ടിക 7

| വർഷം | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 1993-94 | 64 | 17,812 രൂപ |
| 1994-95 | 36 | 8683 |
| 95-96 | 21 | 17,060 |
| 96-97 | 113 | 68,000 |

കൃഷിഭവനിലൂടെ വിതരണം ചെയ്തിട്ടുള്ള നടീൽ വസ്തുക്കളുടെ വിശദവിവരം.

പട്ടിക 8

| നമ്പർ | ഇനം | എണ്ണം | | |
|---|---|---|---|---|
| | | 1993-94 | 1994-95 | 1995-96 |
| 1. | തെങ്ങ് | TxD=100<br>DxT=30<br>TxD=50 | WC=50<br>TxD=165<br>DxT=115 | WC=820 |
| 2. | കശുമാവ് | - | 1000 | 5000 |
| 3. | കുരുമുളക് | 4500 | 4000 | 7800 |
| 4. | കവുങ്ങ് | 3000 | 2500 | 2000 |
| 5. | ഏത്തവാഴ | 3000 | 3000 | - |
| 6. | മാവ് | 45 | 250 | 169 |
| 7. | ഗ്രാംപൂ | - | - | 48 |

## കാർഷിക തൊഴിൽദാന പദ്ധതി

പഞ്ചായത്തിൽനിന്നും 111 പേർ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. 95-96 വർഷം 4 പേർക്ക് കാർഷിക വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

## വിള ഇൻഷ്വറൻസ് പദ്ധതി

പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നല്കുകയെന്നതാണ് കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യം. തെങ്ങ്, വാഴ റബ്ബർ, കുരുമുളക്, വെററില, ഇഞ്ചി, കമുക് തുടങ്ങിയ എല്ലാ വിളകളും ഇൻഷ്വർ ചെയ്യാവുന്നതാണ്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ചുഴലി ക്കാററ് കൊടുങ്കാററ്, ഇടിമിന്നൽ, ഭൂമികുലുക്കം, കാട്ടുതീ, ആനശല്യം എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുന്നു. പഞ്ചായത്തിൽ വ്യാപകമായി കൃഷിനാശം കർഷകർക്ക് ഉണ്ടായിട്ടുണ്ടെങ്കിലും പദ്ധതി ആനുകൂല്യം വളരെ ചുരുക്കം കർഷകർ മാത്രമേ പ്രയോജനപ്പെടുത്തിയിട്ടുള്ളു. ഇക്കാര്യത്തിൽ വ്യാപകമായ ബോധവല്ക്കരണം ആവശ്യമാണ്. പഞ്ചായത്തിൽ ഇൻഷ്വർ ചെയ്യാവുന്ന പ്രധാന വിളകളും നഷ്ട പരിഹാര തോത്, പ്രായപരിധി, പ്രീമിയം എന്നിവ പട്ടിക 9-ൽ ചേർക്കുന്നു.

പട്ടിക 9

| ക്രമ നമ്പർ | വിളകൾ | വിളയുടെ ഏററവും കുറഞ്ഞ എണ്ണം | പ്രായം | പ്രീമിയം | നഷ്ട പരിഹാരം |
|---|---|---|---|---|---|
| 1. | തെങ്ങ് | 10 എണ്ണം | ഒരാണ്ടിൽ കുറഞ്ഞത് 30 നാളികേരമെങ്കിലും കായ്ഫലം നല്കുന്ന തെങ്ങുകൾ | തെങ്ങ് 1ന് 2 രൂപ ഒരു വർഷത്തേക്ക് മൂന്ന് വർഷത്തേക്ക് ഒന്നിച്ചടച്ചാൽ ഒന്നിന് 5 രൂപ | തെങ്ങൊന്നിന് 1000 രൂപ |
| 2. | കമുക് | 10 " | കായ്ഫലം ഉള്ളത് | 1 മരത്തിന് 1 രൂപ ഒരു വർഷത്തേക്ക് 3 വർഷം ഒന്നിച്ചടച്ചാൽ 2 രൂപ | ഒരു മരത്തിന് 100 രൂപ |
| 3. | റബ്ബർ | 25 ,, | കറയെടുക്കുന്ന മരങ്ങൾ | ഒരു മരത്തിന് 1 വർഷം-2 രൂപ 3 വർഷം-5 രൂപ | ഒരു മരത്തിനു 300 രൂപ |
| 4. | വാഴ | 10 " | നട്ടു കഴിഞ്ഞ് ഒരുമാസം മുതൽ 5 മാസം വരെ | ഒരു വാഴയ്ക്ക് 2 രൂപ | കുലക്കാത്തതിന് 20 രൂപ കുലച്ചതിന് 50 രൂപ |
| 5. | കുരുമുളക് | 15 താങ്ങുമരങ്ങളിൽ ഉള്ളവ | കായ്ച്ച് തുടങ്ങിയവ | മരമൊന്നിന് 1 വർഷം-1 രൂപ 3 വർഷം-2 രൂപ | ഓരോ താങ്ങു മരത്തിനും 40 രൂപ വീതം |
| 6. | ഇഞ്ചി | 5 സെൻറ് | നട്ട് ഒരുമാസം കഴിഞ്ഞ് 5 മാസംവരെ | 5 സെൻറിന് 10 രൂപ | 5 സെൻറ് 800 രൂപ |
| 7. | വെററില | 1 സെൻറ് | വിളവെടുപ്പ് ആരംഭിച്ചത് | ഒരു വർഷത്തേക്ക് സെൻെറാന്നിന് 5 രൂപ | സെൻെറാന്നിന് 250 രൂപ |

## പ്രശ്നങ്ങൾ

കാർഷികമേഖലയെക്കുറിച്ച് സമഗ്രമായൊരു കാഴ്ച പ്പാട് നാളിതുവരെ പഞ്ചായത്തു തലത്തിൽ ഉണ്ടായി ട്ടില്ലയെന്നുള്ളതാണ് പ്രശ്നങ്ങൾക്ക് പ്രധാന കാരണം. ദീർഘകാലങ്ങളായി കൈവശത്തിലിരിക്കുന്ന കൃഷി ഭൂമിക്ക് നാളിതുവരെ പട്ടയം ലഭിക്കാത്തത് മൂലം യാതൊരു വിധ ആനുകൂല്യങ്ങളും സർക്കാർ ഏജൻസികളിൽ നിന്നോ ബാങ്കുകളിൽനിന്നോ ഭൂരിപക്ഷം കർഷകർക്കും ലഭിക്കുന്നില്ല.

ഉത്പാദന ചെലവിൽ വന്ന ഗണ്യമായ വർദ്ധനവ്, കർഷക തൊഴിലാളികളുടെ എണ്ണക്കുറവ് ഉത്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്, കാലവർഷ വ്യതിയാനങ്ങൾ, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ് എന്നിവ ഉത്പാദനം കുറയുന്നതിന് കാരണമായി.

മുഖ്യകൃഷിയായ റബ്ബറിന് മെച്ചപ്പെട്ട ഉത്പാദനം ഉണ്ടെങ്കിലും ആനുപാതികമായ വരുമാനം കർഷകർക്ക് ലഭിക്കുന്നില്ല. കാലവർഷവ്യതിയാനവും റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ അഭാവവും ഇറക്കുമതി ഭീഷണിയും നിലനില്ക്കുന്നു.

രാസവളങ്ങൾ മൊത്തം വളപ്രയോഗത്തിന്റെ 70% ത്തോളം ഉപയോഗിക്കപ്പെടുന്നു. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്തുന്നില്ല. ജൈവവളത്തിന്റെ ലഭ്യത കുറവു മണ്ണിന്റെ ഘടനയെതന്നെ പലയിടങ്ങളിലും ബാധി ച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ചരിവുള്ള ഉയർന്ന പ്രദേശങ്ങളാണ്. അശ്രദ്ധയും അശാസ്ത്രീയമായി നടത്തിയിട്ടുള്ള കാർഷികപ്രവർത്തനങ്ങൾ ഗുരുതരമായ മണ്ണൊലിപ്പിന് ഇടയാക്കിയിട്ടുണ്ട്. മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ കാര്യമായി പഞ്ചായത്തിൽ നടത്തിയിട്ടില്ല. യഥാസമയം കിളയ്ക്കുകയും വരമ്പുകൾ ഇടുകയും ചെയ്യാത്തത് മണ്ണൊലിപ്പിന് കാരണമാകുന്നുണ്ട്.

പശ്ചിമഘട്ട വികസനപദ്ധതിയിൽ ഉൾപ്പെടുത്തി വയ്യാററുപുഴ, പുലയൻപാറ, വില്ലൂന്നിപ്പാറ, മൺപിലാവ് മേഖലകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി കാലാവധി ഈ സാമ്പത്തികവർഷത്തോടെ അവസാനിക്കുകയാണെങ്കിലും ലക്ഷ്യമിട്ട സ്കീമുകൾ ഭാഗികമായി മാത്രമേ പൂർത്തിയാക്കിയിട്ടുള്ളു. വേണ്ടത്ര ജനപങ്കാളിത്തമോ, നടത്തിപ്പിന് മേൽനോട്ടം വഹിച്ചിരുന്ന വകുപ്പുകൾ വേണ്ടത്ര താത്പര്യമോ പദ്ധതി നടത്തിപ്പിൽ കാട്ടിയിരുന്നതായി കാണുന്നില്ല. സബ്സിഡി വിതരണം മാത്രം ലക്ഷ്യമാക്കി പ്രവർത്തിച്ചതായി കാണാൻ കഴിയുന്നു. (അവലംബം ഗ്രാമസഭ റിപ്പോർട്ട്)

പഞ്ചായത്തിൽ ഭൂരിഭാഗം പ്രദേശത്തും കാണപ്പെടുന്ന മൺതരങ്ങളാണ് കറുത്ത മണ്ണ്, കരിമണ്ണ്, പശിമരാശിമണ്ണ്, ചുവന്നമണ്ണ് എന്നിവ. മഴവെള്ളം സംഭരണശേഷി കുറഞ്ഞ മണ്ണുകളാണിത്. മഴയുടെ വിതരണം കൂടുതൽ കൂടുതൽ ക്രമരഹിതമായി തീരുന്നതും വേനൽക്കാലത്ത് പുഴകളും തോടുകളും കിണറുകളും വേഗത്തിൽ വററുന്നതും ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു.

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വളപ്രയോഗം പലപ്പോഴും അശാസ്ത്രീയമായിട്ടാണ് നടത്തുന്നത്. വ്യാപകമായി തെങ്ങ്, വാഴ, കുരുമുളക് എന്നിവയ്ക്ക് കണ്ടുവരുന്ന രോഗങ്ങളും പ്രകൃതി ക്ഷോഭവും കനത്ത നാശനഷ്ടങ്ങൾ കർഷകർക്ക് വരുത്തി വയ്ക്കുന്നു.

കാട്ടുപന്നിയുടെ ശല്യം പഞ്ചായത്തിൽ വ്യാപകമായിട്ടുണ്ട്. ഇവയെ നിയന്ത്രിച്ചില്ലെങ്കിൽ കൃഷി അസാദ്ധ്യമായി തീരുന്ന അവസ്ഥയാണുള്ളത്. ആധുനികകൃഷി ഉപകരണങ്ങൾ വ്യാപകമായ തോതിൽ ഉപയോഗിച്ചു കാണുന്നില്ല. സങ്കരയിനം വിത്തുകളുടെ ലഭ്യതഇല്ലായ്മ സർക്കാരിൽനിന്നുള്ള ആനുകൂല്യങ്ങളെപ്പററിയുള്ള അജ്ഞത, ധനകാര്യസ്ഥാപനങ്ങൾക്ക് കർഷകരോടുള്ള നിഷേധാത്മകനയം, വിപണനപ്രശ്നങ്ങൾ എന്നിവയും കാർഷികപുരോഗതിയെ തടസ്സപ്പെടുത്തുന്നു.

മുകളിൽ സൂചിപ്പിച്ചതിനെല്ലാം ഉപരിയായി പഞ്ചായത്തിൽ കൃഷിഭവന്റെ പ്രവർത്തനവും പോരായ്മയായി നിലനില്ക്കുന്നു. ചില വാർഡുകളിലെ ചുരുക്കം പ്രദേശങ്ങളൊഴികെ പഞ്ചായത്തിന്റെ ഭൂരിഭാഗത്തും കൃഷിഭവന്റെ പ്രവർത്തനങ്ങൾ എത്തുന്നില്ല.

## നിർദ്ദേശങ്ങൾ

1. നീർത്തടവികസനപദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളും ഉൾപ്പെടുത്തി കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുക. കൂത്താട്ടുകുളം തെക്കേകര, കൊടുമുടി, ചിററാർ ചതുപ്പ്, മണക്കയം, കുളങ്ങരവാലി, തേരകത്തുംമണ്ണ് എന്നിവിടങ്ങളിൽ ഉപനീർത്തട വികസനപദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.
2. വയ്യാററുപുഴ വാട്ടർ ഷെഡ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന മുഴുവൻ പദ്ധതികളും അടിയന്തിരമായി പൂർത്തിയാക്കണം. സമീപപ്രദേശങ്ങൾകൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവരണം.
3. കൈവശ കൃഷിഭൂമിക്ക് പട്ടയം നല്കുകയോ അതല്ലാത്തപക്ഷം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭിക്കത്തക്കവിധത്തിലുള്ള റവന്യൂ രേഖകൾ ഉടൻ നല്കുക. പട്ടയഭൂമിയിൽ കൃഷിക്കാർ നട്ടുപിടിപ്പിച്ചിട്ടുള്ള വൃക്ഷങ്ങൾ മുറിക്കുന്നതിനുള്ള തടസം നീക്കം ചെയ്യുക.
4. മണ്ണ് പരിശോധന നടത്തുന്നതിനുള്ള സൗകര്യം കർഷകർക്ക് ലഭ്യമാക്കണം.

5. പച്ചക്കറി കൃഷിചെയ്യുന്നതിന് തയ്യാറായിട്ടുള്ള മുഴുവൻ കർഷകർക്കും ആവശ്യമായ വിത്തിനങ്ങൾ, വളം, സാങ്കേതിക പരിജ്ഞാനം എന്നിവ പഞ്ചായത്തിൽ നിന്നും നൽകണം ഊർജിത പച്ചക്കറി വികസന പദ്ധതിയിൽ. ചിററാർ ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തി ആവശ്യമായ സഹായങ്ങൾ എത്തിക്കണം.

6. കൃഷിവിളകൾക്ക് വൻനാശനഷ്ടങ്ങൾ വരുത്തി വയ്ക്കുന്ന കാട്ടുപന്നികളെ നിയന്ത്രിക്കുകയോ വനാതിർത്തികൾ വേലി കെട്ടി സംരക്ഷിക്കുകയോ ചെയ്യണം. ഇപ്രകാരം നാശം സംഭവിക്കുന്ന കർഷകർക്ക് ന്യായമായ നഷ്ടപരിഹാരം നല്കണം.

7. പഞ്ചായത്തിലെ വിവിധ മേഖലകളിൽകൂടി ഒഴുകുന്ന തോടുകൾക്ക് പഞ്ചായത്തിൽനിന്നും സംരക്ഷണഭിത്തി കെട്ടുകയും ആവശ്യമായ സ്ഥലങ്ങളിൽ ചെക്കുഡാമുകൾ കെട്ടുന്നതിനും നടപടി ഉണ്ടാകണം.

8. പഞ്ചായത്തിലെ മുഴുവൻ തെങ്ങുകൃഷിക്കാർക്കും പ്രയോജനകരമാവുന്ന മൂന്നു രീതിയിൽ കേരസമിതിയുടെ പ്രവർത്തനം വ്യാപിപ്പിക്കണം. വാർഡ് അടിസ്ഥാനത്തിൽ കേരവികസന സമിതികൾ രൂപീകരിക്കണം.

9. റബ്ബർ ഉല്പാദക സംഘങ്ങൾ എല്ലാ വാർഡുകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. ഉല്പാദക സംഘങ്ങൾ വഴി തൈകൾ, വളം, കീടനാശിനി, ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും മെച്ചപ്പെട്ട സംസ്കരണ വിപണന നടപടികൾ ആരംഭിക്കുകയും വേണം.

10. ചിററാർ റബ്ബർ മാർക്കററിംഗ് സഹകരണ സംഘത്തിൻെറ പ്രവർത്തനം വിപുലപ്പെടുത്തുകയും സംഘത്തിൻെറ റബ്ബർ സംഭരണ ഡിപ്പോകൾ പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ ആരംഭിക്കുകയും ചെയ്യണം. ചെറുകിട റബ്ബർ കൃഷിക്കാർക്കു ദീർഘകാല കാർഷികവായ്പ സംഘംവഴി വിതരണം ചെയ്യത്തക്ക വിധത്തിൽ പ്രവർത്തനം വിപുലപ്പെടുത്തണം.

11. ഉത്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം. പഞ്ചായത്തിൻെറ വിവിധ മേഖലകളിൽനിന്നും. വിവിധ വിത്തുകളുടെ നഴ്സറി ആരംഭിക്കുന്നതിനുള്ള കർഷകരെ തിരഞ്ഞെടുത്ത് അവരിൽനിന്നും നല്ലയിനം വിത്തുകൾ പഞ്ചായത്തിൽ വിതരണം ചെയ്യണം.

12. കാർഷിക തൊഴിൽദാനപദ്ധതിയിൽ അംഗത്വമുള്ള മുഴുവൻ അംഗങ്ങൾക്കും പദ്ധതി ആനുകൂല്യം ലഭ്യമാക്കണം.

13. നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ കർഷകർക്കും സൗജന്യനിരക്കിൽ വിത്തും വളവും ലഭ്യമാകുന്നതിനുള്ള പദ്ധതികൾ ആരംഭിക്കണം. വയലുകൾ നികത്തി മററു വിളകൾ കൃഷിചെയ്യുന്ന പ്രവർത്തനം നിയന്ത്രിക്കണം.

14. പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന ഔഷധ സസ്യങ്ങൾ സംരക്ഷിക്കുന്നതിനും ഇവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും കഴിയണം.

15. രാസവള വിതരണകേന്ദ്രങ്ങളിൽനിന്നും കർഷകർക്ക് ആവശ്യമായ എല്ലാവിധ വളങ്ങളും ലഭ്യമാക്കണം. സഹകരണ സംഘങ്ങളുടെ വളം വിതരണകേന്ദ്രങ്ങൾ പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളിൽ തുറക്കണം. വയ്യാററുപുഴ സർവ്വീസ് സഹകരണ സംഘത്തിൻെറ ചിററാർ ഡിപ്പോയിൽനിന്നും എല്ലാ പ്രവർത്തിദിവസങ്ങളിലും വളം ലഭ്യമാക്കണം. ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കണം. മണ്ണിരകമ്പോസ്ററ് രീതിയിൽ കർഷകർക്ക് പരിചയപ്പെടുത്തി വ്യാപകമാക്കാൻ കഴിയുന്നതാണ്.

16. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കട്ടച്ചിറ, കൊടുമുടി, തെക്കേക്കര, കുടപ്പനകുളം, കാരികയം, മീൻകുഴി, കൊടിത്തോപ്പ്, കുളങ്ങരവാലി എന്നിവിടങ്ങളിൽ നിലവിലുള്ള കുളങ്ങൾ സംരക്ഷിച്ചും പുതിയ കുളങ്ങൾ സ്ഥാപിച്ചും ആവശ്യമായ സ്ഥലങ്ങളിൽ പമ്പുസെററുകൾ സ്ഥാപിച്ചും ജലസേചനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. കൂത്താട്ടുകുളം തെക്കേക്കര വയൽ, കക്കാട്ടാറിനു സമീപവും കുളങ്ങൾ സ്ഥാപിച്ച് പമ്പുസെററുവഴി ജലസേചനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. ജലസേചന കിണറുകൾ നിർമ്മിക്കുന്നതിനും പമ്പുസെററുകൾ സ്ഥാപിക്കുന്നതിനും അർഹതയുള്ള എല്ലാ കർഷകർക്കും സബ്സിഡിയും വായ്പയും ലഭ്യമാക്കണം. കൊടുമുടിയിൽ 3 ചെക്കു ഡാമുകൾ സ്ഥാപിക്കുകയും കട്ടച്ചിറ, കുടപ്പനക്കുളം എന്നിവിടങ്ങളിലെ തോട്ടുകളിൽ ബണ്ടുകൾ സ്ഥാപിച്ചും ജലസേചനം നടത്താവുന്നതുമാണ്.

പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന എല്ലാ വിധഉത്പന്നങ്ങൾക്കും വിപണനസൗകര്യം ഏർപ്പെടുത്തണം. ഗവ.നിയന്ത്രിത വിപണനകേന്ദ്രങ്ങളോ സഹകരണ വിപണനകേന്ദ്രങ്ങളോ ആരംഭിക്കണം. കാർഷിക ഉത്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പുവരുത്തണം. കോലിഞ്ചി വിപണനത്തിൽ ഉള്ള നിയന്ത്രണങ്ങൾ ഇല്ലാതാക്കണം.

പഞ്ചായത്തിലെ മുഴുവൻ കർഷകരും അംഗങ്ങളാകത്തക്ക വിധത്തിൽ എല്ലാ വിളകൾക്കും വാർഡ് അടിസ്ഥാനത്തിൽ വികസനസമിതികൾ രൂപീകരിക്കണം. ഊർജ്ജിത കുരുമുളകുവികസന പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ പഞ്ചായത്തിലെ കുരുമുളക് കർഷകർക്കും ലഭ്യമാക്കണം.

വിളതീവ്രത വർദ്ധിപ്പിക്കുന്നതിനുള്ള അനുബന്ധ സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കണം. ഇടവിള കൃഷികളായ കൈത, പയർ, എള്ള്, വാഴ, കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറി വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യു വാൻ വേണ്ട സഹായം കർഷകർക്ക് ലഭ്യമാക്കണം.

ഗ്രൂപ്പ് അടിസ്ഥാനത്തിൽ പച്ചക്കറി, വെററില, വാഴ, മത്സ്യം മുതലായവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ഉണ്ടാകണം.

വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരമുള്ള ആനുകൂല്യ ങ്ങൾക്ക് കർഷകർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യ മാക്കണം. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക് തക്കതായ നഷ്ടപരിഹാരം ലഭ്യമാക്കുക യും ഇവ യഥാസമയം ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കണം.

കൃഷിവിജ്ഞാനവ്യാപനവും ബോധവല്ക്കരണ ക്യാമ്പുകളും നടത്തുക. കൃഷിഭവൻെറ നിയന്ത്രണത്തിൽ വാർഡുകളിൽ മാതൃകാകൃഷിതോട്ടങ്ങൾ സംഘടിപ്പി ക്കുക, കാർഷികപഠനസൗകര്യങ്ങളും ഗ്രന്ഥങ്ങളും കൃഷിഭവൻ മുഖേന നല്കുകയും ചെയ്യണം.

അമിതവും അശാസ്ത്രീയവുമായ കീടനാശിനി പ്രയോഗം പല കീടങ്ങളുടേയും അവയോട് പ്രതിരോധ ശേഷിയുള്ളവയാക്കി മാററിയിട്ടുണ്ട്. മരുന്നുകമ്പനികൾ തങ്ങളുടെ ബിസിനസ് വർദ്ധിപ്പിക്കുന്നതിനുള്ള തെററായ പ്രചാരണങ്ങൾ ഇതിന് ഒരു കാരണമാണ്. ശാസ്ത്രീയമായ കാർഷികപ്രവർത്തനങ്ങളും കീടനാശിനി പ്രയോഗങ്ങളും നടപ്പാക്കാൻ ഊർജിതമായ ശ്രമം വേണം. ജൈവീകകീട നിയന്ത്രണത്തെപ്പററി പഠിപ്പിക്കുകയും വ്യാപിപ്പിക്കുകയും വേണം.

കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർ ഡുകൾ പഞ്ചായത്തു തലത്തിൽ വിവിധ വിളകളുടെ അടിസ്ഥാനത്തിൽ നല്കണം.

വർദ്ധിച്ചുവരുന്ന കൃഷിച്ചെലവു കണക്കിലെടുത്ത് കാർഷികവായ്പ നിരക്ക് പരിഷ്ക്കരിക്കണം. വയ്യാററുപുഴ കേന്ദ്രമാക്കി കാർഷികവിപണനകേന്ദ്രം ആരംഭിക്കേണ്ട താണ്. പഞ്ചായത്തു പ്രദേശത്ത് വിവിധ സ്കൂളുകളോട് അനുബന്ധിച്ച് പച്ചക്കറി കൃഷിതോട്ടങ്ങൾ ആരംഭിക്കാവു ന്നതാണ്.

കൃഷിയിൽ താല്പര്യമില്ലാത്തവർക്ക് തങ്ങളുടെ ഭൂമി പാട്ടത്തിനു കൊടുക്കുന്നതിനുള്ള നിയമപരമായ സംവി ധാനം ഉണ്ടാക്കേണ്ടതാണ്. ഈ പ്രദേശത്തുള്ള കർഷക തൊഴിലാളികളുടെയും ഭൂമിയിൽ പണിയെടുക്കുന്ന കൃഷി ക്കാരുടെയും സഹകരണസംഘങ്ങൾ വഴി പ്രസ്തുത ഭൂമിക ളിൽ കൃഷിചെയ്ത് ആദായം വർദ്ധിപ്പിക്കാവുന്നതുമാണ്.

കൃഷിഭവൻെറ അടിസ്ഥാനസൗകര്യങ്ങൾ മെച്ച പ്പെടുത്തണം. കാർഷികമേഖലയെക്കുറിച്ച് സമഗ്രമായ ഒരു പരിഷ്കരണം കൃഷിഭവൻെറ ആഭിമുഖ്യത്തിൽ പഞ്ചായ ത്തിൽ നടപ്പിലാക്കണം. പ്രാദേശികമായ സവിശേഷതകൾ പഠിച്ച് പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കണം. സ്ഥൂല വും അമൂർത്തവും ആയ കാര്യങ്ങൾ ഈ പ്രദേശത്തെ പരമ്പരാഗതവും ആധുനികവുമായ വിജ്ഞാനങ്ങളുമായി സമന്വയിപ്പിച്ച് പ്രായോഗികമാക്കണം. കാർഷികപങ്കാളി ത്തത്തോടെ മാത്രമേ പദ്ധതികൾ വിജയിപ്പിക്കാൻ കഴിയൂ.

ചിററാറിൻെറ കാർഷികപുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്തുവാൻ കഴിയുന്ന ഒട്ടേറെ നിർദേശ ങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. പുത്തൻ വികസന സംസ്കാരം നാം ഉൾക്കൊള്ളാൻ തയാറാകേണ്ടതാണ്.

# 5.2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

പശു, ആട്, എരുമ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി ഉഴവു കാളകളും പോത്തുകളും വളർത്തപ്പെടുന്നുണ്ട്. പഞ്ചായത്തിൽ ഒരു ആനയും വളർത്തുമൃഗമായിട്ടുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. 75 ശതമാനം വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. വളരെ ചെറിയ തോതിൽ താറാവും വളർത്തപ്പെടുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ 1782 പശുക്കളും, 14 എരുമകളും, 765 ആടുകളും, 18 ഉഴവുകാളകളും, 6 പോത്തുകളും, 33 പന്നികളുമുണ്ട്. ഇറച്ചിക്കുവേണ്ടിയല്ലെങ്കിലും 126 മുയലുകളെയും വളർത്തുന്നുണ്ട്.

നെല്കൃഷി കുറഞ്ഞതും കാർഷികരംഗത്ത് യന്ത്രവത്കരണം വന്നതും ഉഴവുമൃഗങ്ങളുടെ എണ്ണം ഗണ്യമായി കുറച്ചിട്ടുണ്ട്. എന്നാൽ, പശുക്കളുടെ എണ്ണത്തിൽ കാര്യമായ കുറവു വന്നിട്ടില്ല. 75 ശതമാനത്തിൽ അധികവും സങ്കരയിനത്തിൽ പെട്ടവയാണ്. നിരന്തരമായി ഉണ്ടാകുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിൽ കുറവു വരുത്തി. റോഡുകളും വാഹനങ്ങളും വർധിച്ചതോടെ വണ്ടിക്കാളകളും അപ്രത്യക്ഷമായിട്ടുണ്ട്.

പഞ്ചായത്തിൽ ഉദ്ദേശം 1200 ലിററർ പാൽ പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ട്. ഉത്പാദിപ്പിക്കുന്ന പാലിൽ ഭാഗികമായി മാത്രമേ ക്ഷീരവിപണനസംഘങ്ങളിൽ എത്തിച്ചേരുന്നുള്ളു. കാലിത്തീററയുടെ വിലവർധനവ്, വൈക്കോലിൻെറയും പുല്ലിൻെറയും ലഭ്യതക്കുറവ്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തലിനെ പൊതുവിൽ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. ചിററാർ ഗ്രാമപഞ്ചായത്തിൽ നിലവിൽ 3 ക്ഷീരോത്പാദന സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

പട്ടിക

വളർത്തുമൃഗങ്ങളും പക്ഷികളും

| മൃഗങ്ങളുടെ ഇനം | എണ്ണം |
|---|---|
| പശു | 1782 |
| കന്നുകുട്ടികൾ | 468 |
| എരുമ | 14 |
| കാള (ഉഴവ്) | 18 |
| ആട് | 765 |
| പന്നി | 33 |
| പോത്ത് | 6 |
| ആന | 1 |
| പട്ടി | 937 |
| കോഴി | 3860 |
| താറാവ് | 79 |
| മുയൽ | 126 |

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുണ്ട്. ഇവിടെ നിന്നുള്ള സേവനം പഞ്ചായത്തിൽ വേണ്ടത്ര ലഭിക്കുന്നില്ല. മൃഗാശുപത്രിയിൽ സ്ഥിരമായി ഡോക്ടർ ഇല്ലാ

ത്തത് പ്രവർത്തനത്തെ വളരെയധികം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പരമ്പരാഗത ചികിത്സാരീതികൾ തുടരുന്നതിന് കർഷകരെ പ്രേരിതരാക്കുന്നു. വയ്യാററുപുഴയിലുള്ള സബ്സെൻററിൻെറ പ്രവർത്തനവും കാര്യമായി ലഭിക്കുന്നില്ല.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി (കാലാവസ്ഥാമാററത്തിനനുസരിച്ച്) എന്നിവയാണ്. രോഗപ്രതിരോധനടപടികളെ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും കാലികർഷകരിൽ നിലനില്ക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലേ ചികിത്സിച്ചു മാററുന്നതിന് തടസ്സമാകുന്നുണ്ട്. വന്ധ്യതയും കൂടുതലായി കാണപ്പെടുന്നു.

ചിററാർ ഗ്രാമപഞ്ചായത്തിൽ നിരവധി ഗോബർ ഗ്യാസ് പ്ലാൻറുകൾ ആരംഭിച്ചിരുന്നുവെങ്കിലും നിലവിൽ നാലെണ്ണമേ പ്രവർത്തിക്കുന്നുള്ളു. കാലാവസ്ഥാവ്യതിയാനവും നിർമാണത്തിലുണ്ടായ തകരാറുംമൂലം ഭൂരിഭാഗം പ്ലാൻറുകളും പരാജയപ്പെടുകയാണ് ചെയ്തത്. കൂടുതൽ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ടെങ്കിലും കർഷകരിലെ ഇതു സംബന്ധിച്ച അജ്ഞതയാണ് പ്രധാന തടസ്സം. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിൻെറ ഗണ്യമായ ഭാഗം ഗോബർ ഗ്യാസ്പ്ലാൻറ് ഉണ്ടെങ്കിൽ കണ്ടെത്താൻ കഴിയും. മൃഗസംരക്ഷണവകുപ്പ്, കൃഷിവകുപ്പ് എന്നിവ മുഖേന ഗോബർഗ്യാസ് സ്ഥാപിക്കുന്നതിന് സബ്സിഡി ഉണ്ടെങ്കിലും ഇവയൊന്നുംതന്നെ ജനങ്ങളിൽ എത്തിയിട്ടില്ല.

കൃഷിക്കാവശ്യമായ ജൈവവളത്തിൻെറ വലിയ പങ്ക് നിറവേററാൻ കാലിവളർത്തലിലൂടെ കഴിയുമെങ്കിലും വേണ്ടത്ര രീതിയിൽ ഇവ പ്രയോജനപ്പെടുത്തുന്നില്ല.

നല്ലയിനം കന്നുകാലികളുടെ ലഭ്യതക്കുറവും ലഭ്യമായിട്ടുള്ള കാലികളുടെ ഭീമമായ വിലക്കൂടുതലും വായ്പാസൗകര്യങ്ങളുടെ അഭാവവും ഈ രംഗത്തെ പ്രതിസന്ധികളാണ്. കാർഷികമേഖലയിൽ ഏർപ്പെട്ടിട്ടുള്ള കൃഷിക്കാർക്ക് വളരെ ലാഭകരമായി നടത്താവുന്ന പദ്ധതികളിൽ ഒന്നാണ് കാലിവളർത്തൽ.

മുൻകാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്കുവേണ്ടി വൻതോതിൽ കോഴികളെ മററു പ്രദേശങ്ങളിൽ നിന്നും ഇറക്കുമതിചെയ്യുന്ന സ്ഥിതിയാണുള്ളത്. കോഴിവളർത്തലിന് വൻസാധ്യത ഉണ്ടെന്നാണ് ഗ്രാമസഭാറിപ്പോർട്ടുകളിൽ കാണുന്നത്. ചില മേഖലകളിൽ താറാവ് കൃഷിയും പ്രോത്സാഹിപ്പിക്കാവുന്നതാണ്. കാർഷികമേഖലയുടെ ഒരു ഉപമേഖലയായി കാലിവളർത്തൽ പദ്ധതി നടത്താവുന്നതാണ്. ഈ മേഖലയിൽ തൊഴിലവസരങ്ങൾ വർധിപ്പിക്കുകവഴി പഞ്ചായത്തിലെ ജനങ്ങൾക്ക് ഒരു ഉപവരുമാനമാർഗം ഉറപ്പുവരുത്തുന്നതിന് കഴിയുന്നു. പാൽ, മുട്ട, മാംസം എന്നിവയുടെ പ്രതിശീർഷലഭ്യതയും ഉപഭോഗവും ഉയർത്തുന്നതിന് കഴിയുന്നു.

പഞ്ചായത്തിൽ കാലിവളർത്തൽ മുഖ്യവരുമാനമാർഗമായിട്ടുള്ള 400 കർഷകർ ഉണ്ട്. കൊടുമുടിയിൽ ഒരു DWCRA ഡയറി യൂണിററും പാമ്പിനിയിൽ ഒരു DWCRA ആടുവളർത്തൽ യൂണിററും പ്രവർത്തിക്കുന്നുണ്ട്. സാങ്കേതികവിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ ഉത്പാദനക്ഷമത വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാധാരണ കർഷകർക്ക് ഇന്നു ലഭ്യമായിട്ടുള്ള സാഹചര്യങ്ങളിൽ പലപ്പോഴും ഉത്പാദനനിലവാരം പരീക്ഷണശാലാനിലവാരത്തിനടുത്തേക്കൊന്നും ഉയരുന്നില്ല. ഇതിനുള്ള പ്രധാന കാരണം ഉയർന്ന ജനിതകഗുണങ്ങളുള്ള സങ്കരയിനം കന്നുകാലികൾക്ക് ശാസ്ത്രീയമായ പരിചരണവും പോഷകസമൃദ്ധമായ തീററയും ആവശ്യമാണ്. എന്നാലിന്നും കർഷകർ പുല്ലും ഭക്ഷ്യവസ്തുക്കളുടെ അവശിഷ്ടങ്ങളുമാണ് കാലിത്തീററയായി ഉപയോഗിക്കുന്നത്. പോഷകസമൃദ്ധമായ കാലിത്തീററ ചെലവേറിയതാണ് എന്നുള്ളതുകൊണ്ട് സാധാരണക്കാരന് അപ്രാപ്യമാണ്. ഈ സാഹചര്യത്തിൽ പുതിയ സാങ്കേതികവിദ്യയുടെ പ്രയോഗം മൃഗങ്ങളുടെ സംരക്ഷണച്ചെലവു വർധിപ്പിക്കുന്നു. ഉത്പാദനക്ഷമത കുറഞ്ഞതെങ്കിലും നാടൻകന്നുകാലികളെത്തന്നെ ആശ്രയിക്കാൻ ദുർബലവിഭാഗങ്ങളെ നിർബന്ധിതരാക്കുകയും ചെയ്യുന്നു. പാലിൻെറ ഉത്പാദനം, ശേഖരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിൽ നിലവിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമത്തിലെ പാവപ്പെട്ട പാൽ ഉത്പാദകന് ന്യായമായ ലാഭമുണ്ടാക്കിക്കൊടുക്കുന്നതിനും സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

തീററപ്പുൽകൃഷി ജനങ്ങളുടെ ഇടയിൽ വേണ്ടത്ര പ്രചരിപ്പിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. ലഭ്യമായ തദ്ദേശിയവിഭവങ്ങൾ സമർത്ഥമായി ഉപയോഗിച്ച് കാലിത്തീററ ഉത്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഇത്തരം പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കാൻ കാലതാമസം വരുമെന്നതിനാൽ കുറഞ്ഞ നിരക്കിൽ സാധാരണ കർഷകർക്ക് കാലിത്തീററ ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ സഹകരണസംഘങ്ങൾവഴി ഉണ്ടാകേണ്ടിയിരിക്കുന്നു. പച്ചപ്പുല്ല് വെച്ചുപിടിപ്പിക്കാനായി പുൽവിത്തുകൾ വിതരണംചെയ്യാനും പുൽകൃഷി വ്യാപകമാക്കാനുംവേണ്ടി വിപുലമായ സംവിധാനങ്ങൾ പഞ്ചായത്തുതലത്തിൽ ഉണ്ടാകണം.

മാംസ ഉത്പാദനരംഗത്തും തികഞ്ഞ അശാസ്ത്രീയതയാണ് ഉള്ളത്. കശാപ്പുശാലകൾ വൃത്തിഹീനങ്ങളും,

മൃഗങ്ങൾ പലതും രോഗം പിടിപെട്ടവയുമാണ്. കോഴി മുട്ടയുടെയും കോഴിയിറച്ചിയുടെയും ആവശ്യം ഗണ്യമായി വർധിച്ചുവരുന്നുണ്ട്. ഉപഭോഗത്തിൻെറ 10 ശതമാനത്തിൽ താഴെ മാത്രമേ ഇവിടെ ഉത്പാദനമുള്ളു. പന്നിവളർത്തൽ, ആടുവളർത്താൽ, മുയൽവളർത്തൽ എന്നിവ വളരെ ആദായകരമായി നടത്താവുന്ന പദ്ധതികളാണ്. വളരെ കുറച്ചു പേർ മാത്രമേ ഇന്ന് ഈ രംഗത്തുള്ളൂ.

പഞ്ചായത്തിൽ 50 പേർ തേനീച്ചവളർത്തലിൽ ഏർപ്പെട്ടിട്ടുണ്ട്. തേനീച്ചകൾക്ക് ഉണ്ടാകുന്ന രോഗങ്ങളും തേൻ വില്ക്കുന്നതിന് ബുദ്ധിമുട്ടുള്ളതായി കാണുന്നു.

### പ്രധാന പ്രശ്നങ്ങൾ

1. നല്ലയിനം സങ്കരയിനങ്ങളുടെ ലഭ്യതക്കുറവ്
2. കാലത്തീററയുടെ വിലക്കൂടുതൽ
3. മൃഗചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത
4. കോഴികൾക്ക് ഉണ്ടാകുന്ന വസന്തരോഗം
5. കാലികളെ വളർത്തുന്നതിന് സാമ്പത്തികസഹായവും വായ്പയും ലഭിക്കുവാൻ പ്രയാസം
6. അലഞ്ഞുതിരിയുന്ന പട്ടികളുടെ ശല്യം
7. ക്ഷീരവിപണനത്തിനുള്ള പരിമിതികൾ

### സാധ്യതകൾ

1. ക്ഷീരവിപണനസംഘങ്ങൾ വാർഡ് അടിസ്ഥാനത്തിൽ രൂപീകരിക്കണം. ഉത്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും സംഭരിക്കുക. വിതരണത്തിനു ശേഷം മിച്ചംവരുന്ന പാൽ, തൈര്, നെയ്യ് എന്നിവയാക്കി മാററുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
2. ക്ഷീരവിപണനസഹകരണസംഘങ്ങൾ മുഖേന കുറഞ്ഞ വിലയ്ക്ക് കാലിത്തീററ ലഭ്യമാക്കാം. തീററപ്പുൽകൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യമാക്കുക.
3. ചിററാർ മൃഗാശുപത്രിയിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കുക. ആശുപത്രിയുടെ സബ്സെൻററുകൾ വിവിധ വാർഡുകളിൽ ആരംഭിക്കുക.
4. കന്നുകുട്ടിപരിപാലനപദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക. നല്ലയിനം കന്നുകാലികളെ ഗവൺമെൻറ് ഫാമുകളിൽനിന്നും കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
5. ധനകാര്യസ്ഥാപനങ്ങളിൽനിന്നും ആവശ്യമായ സാമ്പത്തികസഹായം കർഷകർക്ക് ലഭ്യമാക്കണം.
6. പന്നിവളർത്തൽ, മുയൽവളർത്തൽ എന്നിവയെ പ്രോത്സാഹിപ്പിക്കുക.
7. ഇറച്ചിക്കോഴിവളർത്തൽ സ്വയംതൊഴിലായി നടത്തുന്നവർക്ക് ആവശ്യമായ സാമ്പത്തികസഹായവും സാങ്കേതികപരിശീലനവും നല്കുക.
8. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും മുട്ടക്കോഴിവളർത്തൽ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
9. ചിററാർമാർക്കററ് കേന്ദ്രമാക്കി പാലും പാൽ ഉത്പന്നങ്ങളും വില്ക്കുന്നതിനുള്ള കേന്ദ്രം ആരംഭിക്കുക.
10. ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിയുന്നതുമായ മുഴുവൻ നായ്ക്കളെയും പിടിച്ച് കൊല്ലുക.
11. പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വനിതകൾക്ക് ആവശ്യമായ പരിശീലനം പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുക.

## മത്സ്യബന്ധനം

ചിററാർ ഗ്രാമപഞ്ചായത്തിൽ മത്സ്യകൃഷിക്ക് അനുയോജ്യമായ നിരവധി പ്രദേശങ്ങൾ ഉണ്ടെങ്കിലും നിലവിൽ ഈ രംഗത്ത് കാര്യമായ പ്രവർത്തനങ്ങൾ ഒന്നുമുണ്ടായിട്ടില്ല. കട്ടച്ചിറ, കുടപ്പനക്കുളം, തെക്കേക്കരവയൽ, മണക്കയം തുടങ്ങിയ സ്ഥലങ്ങളിൽ കുളങ്ങൾ നിർമിച്ചും, തോടുകളിൽ ചെക്കുഡാമുകൾ കെട്ടിയും, മത്സ്യകൃഷി നടത്താവുന്നതാണ്. പഞ്ചായത്തിനുള്ളിൽ പണി പൂർത്തിയായിവരുന്ന ചെറുകിട വൈദ്യുതനിലയങ്ങളോടു ചേർന്നുള്ള ജലസംഭരണികളിൽ ഗവ.ഏജൻസികളുടെ സഹായത്തോടെ മത്സ്യകൃഷി നടത്താവുന്നതാണ്. പഞ്ചായത്തിൽ മത്സ്യകൃഷി നടത്താൻ തയ്യാറുള്ള കർഷകർക്ക് ആവശ്യമായ സാമ്പത്തികസഹായവും പരിശീലനവും നല്കി മത്സ്യകൃഷി വ്യാപകമാക്കാവുന്നതാണ്. പഞ്ചായത്തിൽ നൂറിലധികം പേർ മത്സ്യകൃഷി ചെയ്യുന്നതിന് തയ്യാറായി വന്നിട്ടുണ്ട്.

ചിററാർപഞ്ചായത്തിൽ മത്സ്യവിപണനത്തിൽ ഏർപ്പെട്ടിട്ടുള്ള 115 പേരുണ്ട്. പഞ്ചായത്ത് കേന്ദ്രീകരിച്ച് മത്സ്യവിപണന തൊഴിലാളിക്ഷേമസഹകരണസംഘം രൂപീകരിക്കണം. ആവശ്യമായ സാമ്പത്തികസഹായം നല്കിയാൽ കൂടുതൽ പേർക്ക് തൊഴിൽ സൃഷ്ടിക്കുന്നതിന് കഴിയും. ചിററാർ പഞ്ചായത്ത് മത്സ്യമാർക്കററ് കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാററി സ്ഥാപിക്കണം. വയ്യാററുപുഴയിൽ സൗകര്യപ്രദമായ വിപണനകേന്ദ്രം ആരംഭിക്കേണ്ടതുമാണ്.

5.3

# വിദ്യാഭ്യാസം

പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മലയോരപ്രദേശത്തുള്ള ഒരു അവികസിത മേഖലയാണ് ചിറ്റാർ പഞ്ചായത്ത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ അദ്ധ്വാനശീലരായ ഏതാനും കർഷകർ ഈ പ്രദേശത്തു കുടിയേറിയതുമുതലാണ് ഇവിടെ സ്ഥിരമായ ജനവാസം ആരംഭിക്കുന്നത്. ലഭ്യമായ വിവരങ്ങളനുസരിച്ച് 1940-നു മുമ്പ് ചിറ്റാറിലും പരിസരങ്ങളിലുമായി 20-ൽ താഴെ കർഷകകുടുംബങ്ങളാണ് താമസിച്ചിരുന്നത്. റാന്നി, അയിരൂർ, കോഴഞ്ചേരി, ചെങ്ങന്നൂർ, പത്തനംതിട്ട, കോട്ടയം തുടങ്ങിയ പ്രദേശത്തുനിന്നും വന്ന കുടിയേറ്റ കർഷകർ കുട്ടികളെ നാട്ടിൻപുറത്തുള്ള ബന്ധുഭവനങ്ങളിൽ താമസിപ്പിച്ചാണ് പഠിപ്പിച്ചിരുന്നത്.

1940-ൽ പത്തനംതിട്ട പുത്തൻപീടികയിൽ പാലമൂട്ടിൽ കത്തനാർ കൂത്താട്ടുകുളത്ത് ആരംഭിച്ച പ്രാഥമിക വിദ്യാലയമാണ് ഇപ്പോഴത്തെ ചിറ്റാർ ഹയർസെക്കണ്ടറി സ്കൂൾ. അദ്ദേഹം രണ്ടു ക്ലാസ്സ് മുറികളുള്ള കെട്ടിടം ഉണ്ടാക്കി വിദ്യാലയം ആരംഭിച്ചെങ്കിലും കുട്ടികളുടെയും അധ്യാപകരുടെയും കുറവുകൊണ്ടും ഗ്രാൻറ് ലഭിക്കാതിരുന്നതിനാലും സ്കൂളിന്റെ പ്രവർത്തനം നിലച്ചുപോയി. വന്യമൃഗങ്ങളുടെ ആക്രമണങ്ങളെ ഭയന്ന് വിദ്യാർത്ഥികൾക്ക് സ്കൂളിൽ എത്താൻ കഴിയാതിരുന്നതും സ്കൂൾ നിന്നുപോകാൻ കാരണമായി. 1942 ബഥനി ആശ്രമം സ്കൂൾ ഏറ്റെടുത്തു നടത്തുകയും 1946-ൽ ഒരു ചക്രം പ്രതിഫലം വാങ്ങിക്കൊണ്ട് സർക്കാരിലേക്ക് കൈമാറുകയും ചെയ്തു. അക്കാലത്ത് സീതത്തോട്, ആങ്ങമൂഴി, തണ്ണിത്തോട് തുടങ്ങിയ സ്ഥലങ്ങളിൽനിന്നും വിദ്യാർത്ഥികൾ ചിറ്റാർ സ്കൂളിൽ എത്തി അധ്യയനം നടത്തിയിരുന്നു.

1950 ആയപ്പോഴേക്കും ചിറ്റാർ, വയ്യാറ്റുപുഴ, നീലിപിലാവ്, മൺപിലാവ്, കട്ടച്ചിറ തുടങ്ങിയ സ്ഥലങ്ങളിൽ ജനവാസം വർദ്ധിക്കുകയും വിദ്യാലയത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. 1956-ൽ എ.വി. തോമസ് ആൻഡ് കമ്പനി ചിറ്റാർതോട്ടത്തിലും, യശഃശരീരനായ വിലങ്ങിൽ കേശവൻനായർ വയ്യാറ്റുപുഴയിലും ഓരോ പ്രാഥമിക വിദ്യാലയങ്ങൾ ആരംഭിക്കുകയുണ്ടായി. അഖിലലോക യുവജന ഫെഡറേഷൻ വൈസ് പ്രസിഡണ്ട് ശ്രീ രാജാജി മാത്യു തോമസ് ചിറ്റാർ എസ്റ്റേറ്റ് സ്കൂളിലെ പൂർവവിദ്യാർത്ഥിയായിരുന്നു.

1956-ൽ കൂത്താട്ടുകുളം എൽ.പി. സ്കൂൾ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. 1960-ൽ കൂത്താട്ടുകുളം യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തിയപ്പോൾ ചിറ്റാറിലും സമീപപ്രദേശങ്ങളിലുമുള്ള വിദ്യാർത്ഥികൾക്ക് അതൊരനുഗ്രഹമായി. അന്തരിച്ച ശ്രീ പുറമൺ പദ്മനാഭൻ നീലിപിലാവിൽ ഒരു പ്രാഥമികവിദ്യാലയം 1965-ൽ ആരംഭിക്കുകയുണ്ടായി. വടശ്ശേരിക്കര പഞ്ചായത്തിന്റെ അതിർത്തിയിൽ 1981-ൽ ആരംഭിച്ച കോമളവിലാസം എൽ.പി. സ്കൂൾ കൊടുമുടിപ്രദേശത്തുള്ള പ്രാഥമികവിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നു.

മൺപിലാവിലും കട്ടച്ചിറയിലും സർക്കാർ വിദ്യാലയങ്ങൾ ആരംഭിച്ചതോടെ പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും വിദ്യാഭ്യാസസൗകര്യങ്ങൾ ഉണ്ടായി എന്നു പറയാം. ഇതിൽ കട്ടച്ചിറ ഗവ. പ്രൈമറിസ്കൂൾ പിന്നീട് അപ്ഗ്രേഡ് ചെയ്തു ഹൈസ്കൂളാക്കുകയുണ്ടായി.

പഞ്ചായത്തിൽ ഇപ്പോൾ ഒരു ഹയർ സെക്കണ്ടറി സ്കൂളും, രണ്ട് ഹൈസ്കൂളുകളും നാലു പ്രൈമറി വിദ്യാലയങ്ങളും ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളും പ്രവർത്തിക്കുന്നുണ്ട്.

വിദ്യാലയങ്ങൾ സാർവത്രികമാകുകയും വിദ്യാർത്ഥികളുടെ എണ്ണം കൂടുകയും ചെയ്തെങ്കിലും ഈ പ്രദേശത്തു

## പട്ടിക I. A.

### വിദ്യാർത്ഥികൾ അധ്യാപകർ

| നമ്പർ | വിദ്യാലയത്തിൻെറ പേര് | മാനേജ്മെൻറ് | വിദ്യാർത്ഥികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | |
|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | നിലവിലുള്ളത് | ഒഴിവുള്ളത് |
| 1. | ജി.എച്ച്.എസ്.എസ്. ചിറ്റാർ | ഗവൺമെൻറ് | 558 | 541 | 1099 | 38 | 4 |
| 2. | ജി.എച്ച്.എസ്. കട്ടച്ചിറ | ” | 104 | 97 | 201 | 6 | 7 |
| 3. | ജി.എൽ.പി.എസ്. കൂത്താട്ടുകുളം | ” | 129 | 173 | 302 | 8 | 1 |
| 4. | ജി.എൽ.പി.എസ്. ചിറ്റാർ എസ്റ്റേറ്റ് | ” | 114 | 107 | 221 | 6 | 1 |
| 5. | ജി.എൽ.പി.എസ്. മൺപിലാവ് | ” | 36 | 33 | 69 | 4 | - |
| 6. | വി.കെ.എൻ.എം.എച്ച്.എസ്. വയ്യാറ്റുപുഴ | എയ്ഡഡ് | 579 | 626 | 1205 | 46 | - |
| 7. | എ.എൽ.പി.എസ്. നീലിപിലാവ് | ” | 50 | 37 | 87 | 3 | 1 |

## പട്ടിക I B

### പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികളുടെ കണക്ക്

| ആകെ വിദ്യാർത്ഥികൾ | എൽ. പി. | | യു.പി. | | | എച്ച്.എസ്. | | |
|---|---|---|---|---|---|---|---|---|
| ആകെ | എസ്.സി./എസ്.ടി. | % | ആകെ | എസ്.സി./എസ്.ടി. | % | ആകെ | എസ്.സി./എസ്.ടി. | % |
| 1115 | 245 | 21.7 | 1057 | 261 | 20.4 | 1042 | 237 | 22.7 |

## പട്ടിക II

### ഗവ: സ്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അധ്യാപകർ (പഞ്ചായത്തിൽ) | 5 ഗവൺമെൻറ് വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം | ശതമാനം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | സർക്കാർ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം | ശതമാനം |
|---|---|---|---|---|---|
| 111 | 62 | 56 | 3184 | 1892 | 59 |

## പട്ടിക III

### അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഘം സജീവം | ക്ലാസ് പി.ടി.എ. പ്രവർത്തിക്കുന്നത് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 6 | 5 | 3 | 2 | 7 | 5 | - | - | - | - | 85 | 2 | 1 |
| ഇല്ലാത്തത് | 1 | - | 4 | - | - | 2 | 7 | 7 | 7 | 7 | 12 | 5 | 6 |

## പട്ടിക IV
### ഭൗതിക സാഹചര്യങ്ങൾ

| വിദ്യാലയങ്ങൾ | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | കളിസ്ഥലം |
|---|---|---|---|---|---|---|---|
| 1.ജി.എച്ച്.എസ്.എസ്. ചിറ്റാർ | 1099 | 38 | 3 | 4 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. ജി.എച്ച്.എസ്. കട്ടച്ചിറ | 201 | 6 | 3 | 1 | ഉണ്ട് | ഇല്ല | ഉണ്ട് |
| 3. ജി.എൽ.പി.എസ്. കൂത്താട്ടുകുളം | 302 | 8 | 2 | 1 | ഉണ്ട് | ഉണ്ട് | ഇല്ല |
| 4. ജി.എൽ.പി.എസ്. ചിറ്റാർ എസ്റ്റേറ്റ് | 221 | 6 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5. ജി.എൽ.പി.എസ്. മൺപിലാവ് | 69 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 6. വി.കെ.എൻ.എം.എച്ച്.എസ് വയ്യാറ്റുപുഴ | 1205 | 46 | 3 | 1 | ഉണ്ട് | ഉണ്ട് | |
| 7. എ.എൽ.പി.എസ്. നീലിപിലാവ് | 87 | 3 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## പട്ടിക V A
### S.S.L.C. വിജയശതമാനം

| വിദ്യാലയത്തിന്റെ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ജി.എച്ച്.എസ്.എസ്. ചിറ്റാർ | 35 | 33 | 37 | 29 | 36 |
| ജി.എച്ച്.എസ്. കട്ടച്ചിറ | - | - | 14 | 7 | 46 |
| വി.കെ.എൻ.എം.എച്ച്.എസ്. വയ്യാറ്റുപുഴ | - | 42.8 | 33.9 | 25.6 | 25.9 |

നിന്ന് അധ്യാപകർ വേണ്ടത്ര ഉണ്ടായിട്ടില്ല. അധ്യാപകർ ഭൂരിഭാഗവും വിദൂരസ്ഥലങ്ങളിൽനിന്നു വരുന്നവരാണ്. യാത്രാദുരിതവും വാഹനങ്ങളുടെ അപര്യാപ്തതയും കാരണം ഈ പ്രദേശത്ത് സ്ഥിരമായി ജോലി ചെയ്യാൻ അധ്യാപകർ മടിക്കുന്നു. അധ്യാപക മേഖലയിലെ ഈ അസ്ഥിരത വിദ്യാഭ്യാസനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

കട്ടച്ചിറ ഗവണ്മെൻറ് ഹൈസ്കൂളും മൺപിലാവ് ഗവ. എൽ.പി.സ്കൂളും സ്ഥിരമായി അധ്യാപകക്ഷാമമുള്ള സ്കൂളുകളാണ്. സർക്കാർ വിദ്യാലയങ്ങളിൽ അധ്യാപക രക്ഷാകർത്തൃസമിതിയുടെ പ്രവർത്തനങ്ങൾ സജീവമാണ്. ചിറ്റാർ ഹയർസെക്കണ്ടറി സ്കൂളിലെയും ചിറ്റാർ എസ്റ്റേറ്റ് എൽ.പി. സ്കൂളിലെയും അധ്യാപക രക്ഷാകർത്തൃസമിതി പ്രത്യേക പ്രശംസ അർഹിക്കുന്നു.

രണ്ടു സ്വകാര്യവിദ്യാലയങ്ങളിലെയും അധ്യാപക രക്ഷാകർത്തൃസമിതി സജീവമല്ല. സ്കൂളിലെ ഉച്ചഭക്ഷണ വിതരണത്തിനും മറ്റ് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും സാമ്പത്തികസഹായം നല്കാൻ ജനങ്ങൾ മടിക്കുകയാണ്. ഇല്ലായ്മയ്ക്കെല്ലാം ഉത്തരവാദി മാനേജരാണ് എന്ന സമീപനത്തിൽ മാറ്റം വരേണ്ടതാണ്. അടിസ്ഥാനസൗകര്യങ്ങൾപോലും ഇല്ലാത്ത സ്കൂളിന്റെ ചുറ്റുപാടുകളിൽ അധ്യയനം നടത്താൻ നിർബന്ധിക്കപ്പെടുന്ന വിദ്യാർത്ഥി എല്ലാ അർത്ഥത്തിലും പിൻതള്ളപ്പെട്ടുപോകും. അധ്യാപകനും വിദ്യാർത്ഥിയും രക്ഷിതാക്കളും മാനേജ്മെൻറും എല്ലാം അടങ്ങിയ ഒരു കൂട്ടായ്മ വളർത്തിയെടുത്ത് വിദ്യാഭ്യാസ രംഗത്ത് സമൂലമായ ഒരു മാറ്റം ഉണ്ടാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

കുട്ടികളുടെ പഠനകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിയുന്നത് അമ്മമാർക്കായതിനാൽ 'മാതൃസംഗമ'ത്തിന്റെ പ്രവർത്തനങ്ങൾ എല്ലാ വിദ്യാലയങ്ങളിലും സജീവമാകേണ്ടതുണ്ട്. പ്രൈമറി സ്കൂളുകളിൽ 'മാതൃസംഗമ'ത്തിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എല്ലാ പരീക്ഷകൾക്കുശേഷവും അമ്മമാരുടെ യോഗം വിളിക്കുകയും കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ ഹൈസ്കൂളുകളിലെ പ്രവർത്തനങ്ങൾ ആശാവഹമല്ല.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും കുട്ടികളെ പൊതുവിദ്യാലയങ്ങളിലാണ് ചേർക്കുന്നത്. ചിറ്റാറിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടെ പഠിക്കുന്നതിൽ ഭൂരിഭാഗം കുട്ടികളും അയൽ പഞ്ചായത്തുകളിൽനിന്നും വരുന്നവരാണ്. നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി 150 ഓളം കുട്ടികൾ ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തിനായി പോകുന്നുണ്ട്. പൊതുവിദ്യാലയങ്ങളിലെ നിലവാരത്തകർച്ചയാണ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള മാറ്റത്തിന് കാരണമായിട്ടുള്ളത്. പൊതുവിദ്യാഭ്യാസമേഖലയിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ വിദ്യാഭ്യാസവകുപ്പിന്റെയും ബഹുജനസംഘട

നകളുടെയും ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട് എന്നത് ശുഭോദർക്കമാണ്.

പഞ്ചായത്തിലുള്ള മൂന്നു ഹൈസ്കൂളുകളിലെയും എസ്.എസ്.എൽ.സി. വിജയശതമാനം താരതമ്യേന കുറവാണ്. വിജയിക്കുന്നവരുടെ മാർക്കും കുറവായതിനാൽ ചിറ്റാർ ഹയർസെക്കണ്ടറി സ്കൂളിൽ ചെറിയൊരു വിഭാഗത്തിനു മാത്രമേ പ്രവേശനം ലഭിക്കുന്നുള്ളൂ. ഹയർസെക്കണ്ടറിക്ക് ആകെയുള്ള 72 സീറ്റുകളിൽ 60-ൽ കൂടുതൽ സീറ്റുകളിൽ അയൽപഞ്ചായത്തുകളിൽ നിന്നുള്ള കുട്ടികളാണ് പഠിക്കുന്നത്. ഹയർസെക്കണ്ടറിയിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും കമ്പ്യൂട്ടർ പരിശീലനവും നല്കുന്നുണ്ട്. ഹയർസെക്കണ്ടറിയുടെ പൂർണമായ പ്രയോജനം നമുക്കു ലഭിക്കണമെങ്കിൽ നമ്മുടെ മൂന്നു ഹൈസ്കൂളുകളിലെയും വിദ്യാഭ്യാസ നിലവാരം ഉയരേണ്ടതായിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. പത്തനംതിട്ട, റാന്നി കോളേജുകളിലേക്കും റാന്നി, പത്തനംതിട്ട കോഴഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിലുള്ള സാങ്കേതിക സ്ഥാപനങ്ങളിലേക്കുമാണ് ഉന്നതവിദ്യാഭ്യാസത്തിനായി കുട്ടികളെ അയയ്ക്കുന്നത്. തന്മൂലം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന രക്ഷിതാക്കളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന സ്ഥിതിയാണ് നിലവിലുള്ളത്. പഞ്ചായത്തിൽ ആകെയുള്ള സാങ്കേതിക സ്ഥാപനങ്ങൾ സ്വകാര്യമേഖലയിലുള്ള രണ്ട് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളാണ്. ഇവിടെ 60 കുട്ടികൾ പഠിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 11 നിലത്തെഴുത്ത് ആശാന്മാർ കുട്ടികളെ പഠിപ്പിക്കുന്നുണ്ട്. 4 ബാലവാടികൾ പ്രവർത്തിക്കുന്നു. ഒരു ഇംഗ്ലീഷ് മീഡിയം നേഴ്സറിസ്കൂളും പ്രവർത്തിക്കുന്നുണ്ട്. 18 അംഗനവാടികൾകൂടി പ്രവർത്തനമാരംഭിച്ചാൽ മൂന്നു വയസ്സിനും അഞ്ചു വയസ്സിനും ഇടയ്ക്കുള്ള കുട്ടികളുടെ വിദ്യാഭ്യാസ പ്രശ്നം പരിഹരിക്കപ്പെടുകയും ഇംഗ്ലീഷ് മീഡിയം പ്രൈമറി വിദ്യാലയങ്ങളുടെ വ്യാപനം കുറയുകയും ചെയ്യും.

നിരക്ഷരരുടെ എണ്ണം കൂടുതലുണ്ടായിരുന്നത് നമ്മുടെ പട്ടികജാതി പട്ടികവർഗ കോളനികളിലായിരുന്നു. 1990-ലെ സാക്ഷരതായജ്ഞത്തിന്റെ ഫലമായി നിരക്ഷരത നിർമാർജനം ചെയ്യാൻ നമുക്കു കഴിഞ്ഞെങ്കിലും തുടർ വിദ്യാഭ്യാസം നല്കാൻ കഴിയാഞ്ഞതിനാൽ കോളനികളിൽ ഇപ്പോഴും നിരക്ഷരർ നിലനില്ക്കുന്നു എന്നതാണ് സത്യം.

വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാറ്റവും കൂട്ടായ്മയും ഉണ്ടാക്കുന്നതിനായി പഞ്ചായത്തടിസ്ഥാനത്തിൽ ചിറ്റാർ ഹയർസെക്കണ്ടറി സ്കൂൾ കേന്ദ്രീകരിച്ച് സ്കൂൾ കോംപ്ലെക്സ് ആരംഭിക്കുകയുണ്ടായി. വിദ്യാഭ്യാസപ്രവർത്തനങ്ങൾ ഏകീകരിച്ച് ചിട്ടപ്പെടുത്തുക, പൊതു പഠന നിലവാരം ഉയർത്തുക, എസ്.എസ്. എൽ.സി. വിജയശതമാനം ഉയർത്തുക, അധ്യാപകർക്ക് പരിശീലനം നല്കുക എന്നിവ സ്കൂൾ കോംപ്ലെക്സിന്റെ ലക്ഷ്യങ്ങളാണ്. എന്നാൽ ഈ വിദ്യാലയവർഷത്തിൽ സ്കൂൾ കോംപ്ലെക്സിന്റെ പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നല്കുന്നതിനായി ക്യാഷ് അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽനിന്ന് എസ്.എസ്.എൽ.സി.യ്ക്കും പ്ലസ് ടുവിനും ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് നല്കിവരുന്നു. പട്ടികജാതി പട്ടികവർഗവിഭാഗത്തിൽനിന്ന് ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടികൾക്കും ക്യാഷ് അവാർഡ് നല്കുന്നുണ്ട്.

പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച പ്രാഥമികദ്വിതീയവിവരങ്ങളുടെയും ഗ്രാമസഭകളിലെ ചർച്ചകളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന നിഗമനങ്ങളുടെയും, നിർദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഒമ്പത് ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവ ചർച്ചയ്ക്ക് വിധേയമായി. പൊതുവായി അക്കാഡമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതീകസാഹചര്യങ്ങൾ, സൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെ വിലയിരുത്തിയതായിക്കാണാം.

അക്കാഡമിക് നിലവാരത്തകർച്ച, സമരംകൊണ്ടും മറ്റും ഉണ്ടാകുന്ന അധ്യയന നഷ്ടം, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, അധ്യാപകക്ഷാമം, ഭൗതീകസാഹചര്യങ്ങളുടെ അപര്യാപ്തത, പുതിയ വിദ്യാലയങ്ങളുടെ ആവശ്യകത, നിലവിലുള്ള വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യേണ്ടത്, അധ്യാപകരുടെ പുനഃപരിശീലനം, ഓൾ പ്രമോഷൻ, പാഠ്യേതരപ്രവർത്തനങ്ങൾ, വിദ്യാലയങ്ങളിൽ കായികപരിശീലനത്തിനുള്ള പോരായ്മകൾ, പി.ടി.എ.യുടെയും മാതൃസംഗമത്തിന്റെയും പ്രവർത്തനങ്ങൾ, സ്കൂൾലൈബ്രറിയുടെ പ്രവർത്തനം, ലബോറട്ടറികളുടെ കാര്യക്ഷമമല്ലാത്ത പ്രവർത്തനം എന്നിത്യാദി വിഷയങ്ങളെക്കുറിച്ചും ഗ്രാമസഭകളിൽ ചർച്ചകൾ നടന്നതായി കാണുന്നു. ഗ്രാമസഭകളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിലയിരുത്തുന്നതിന് മുൻകൂട്ടി ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങൾ സഹായകമായി.

ഇത്തരമൊരു റിപ്പോർട്ടിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാഡമിക് സൗകര്യങ്ങൾ. ഇത്

ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്. ക്ലാസ്സ്മുറിയിൽ ചതഞ്ഞരയുന്ന വിദ്യാർത്ഥികൾക്ക് ഉന്മേഷം പകരാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ഫർണിച്ചറുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തിന്റെ പരമപ്രധാനമായ ആവശ്യങ്ങളാണ്. ഇവിടുത്തെ വിദ്യാഭ്യാസസൗകര്യങ്ങളുടെ പരിമിതി വെളിപ്പെടുത്തുന്ന വിവരങ്ങൾ പട്ടിക III-ൽ കൊടുത്തിരിക്കുന്നു.

ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളുണ്ടായിരുന്നിട്ടും മൂന്നു ഹൈസ്കൂളുകളിലും വേണ്ടവണ്ണം അവ പ്രയോജനപ്പെടുത്തുന്നില്ല എന്ന പരാതി ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. കായികാദ്ധ്യാപകരുള്ള വിദ്യാലയങ്ങളിൽപോലും കായികപരിശീലനം നടത്തുന്നില്ല എന്ന പരാതിയും ഗ്രാമസഭകളിൽ നിന്നുണ്ടായിട്ടുണ്ട്. തന്മൂലം വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ന്യായമായ ഒരവകാശമാണ് നിഷേധിക്കപ്പെടുന്നത്.

വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസമേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്. ചിറ്റാർ എസ്റ്റേറ്റ്, കൂത്താട്ടുകുളം ഗവണ്മെൻറ് എൽ.പി. സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തിയാൽ ക്ലാസ്സ്മുറികളുടെ കാര്യത്തിലുള്ള പോരായ്മകൾ പരിഹരിക്കപ്പെടും. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത പട്ടിക IV-ൽ കൊടുത്തിരിക്കുന്നു. മൂത്രപ്പുരയില്ലാത്ത മൂന്നും കക്കൂസില്ലാത്ത അഞ്ചും, വൈദ്യുതി ഇല്ലാത്ത നാലും, കുടിവെള്ളം ലഭിക്കാത്ത മൂന്നും വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ ഒരു വിദ്യാലയത്തിനുപോലും ചുറ്റുമതിൽ ഇല്ല. കളിസ്ഥലമില്ലാത്ത അഞ്ചു വിദ്യാലയങ്ങളുണ്ട്.

ചിറ്റാർ ഹയർസെക്കണ്ടറി സ്കൂളിൽ പ്ലസ് ടുവിന് ആദ്യബാച്ചുമുതൽ ഉന്നതവിജയമാണ് കരസ്ഥമാക്കി വരുന്നത്. അധ്യാപകരുടെയും പി.ടി.എ.യുടെയും കൂട്ടായ പ്രവർത്തനങ്ങൾമൂലമാണ് ഇത് സാധ്യമായിരിക്കുന്നത്. ഹയർസെക്കണ്ടറി വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ ഗ്രാമസഭകൾ പ്രത്യേകം അഭിനന്ദിച്ചിട്ടുണ്ട്. എന്നാൽ സ്കൂളുകളിലെ പൊതുപഠനനിലവാരം ആശാവഹമല്ല. 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം പട്ടിക V-ൽ ചേർത്തിരിക്കുന്നു. വയ്യാറ്റുപുഴ വി.കെ.എൻ.എം.എച്ച്.എസിലെ വിജയശതമാനം ഓരോ വർഷവും കുറഞ്ഞുവരുന്നതായും വിദ്യാർത്ഥികളുടെ അഡ്മിഷൻ കൂടിവരുന്നതായും കാണുന്നു.

വിദ്യാഭ്യാസനിലവാരം താഴുന്നതിന് നിരവധി വസ്തുതകൾ കാരണമായി ചൂണ്ടിക്കാണിക്കാം.

ദൃശ്യമാധ്യമങ്ങളുടെ വ്യാപനം, അവ വിദ്യാർത്ഥികളിൽ ചെലുത്തിയ സ്വാധീനം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം എന്നിവ അനഭിലഷണീയമായ പ്രവണതകൾ വിദ്യാർത്ഥികളിൽ ഉളവാക്കുന്നു. താമസിച്ചു വരുന്നവരും നേരത്തെ പോകുന്നവരുമായ അധ്യാപകരുടെ പ്രവർത്തനങ്ങളും ഗ്രാമസഭകളിൽ ചർച്ചാവിഷയമായിട്ടുണ്ട്. വീടുകളിലെ ഭൗതികസാഹചര്യങ്ങൾ, മദ്യപന്മാരായ കുടുംബാംഗങ്ങൾ എന്നിവയും വിദ്യാർത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വ്യാജവാറ്റും വില്പനയും വ്യാപകമായുള്ള പ്രദേശമാണ് നമ്മുടേത്. തന്മൂലമുണ്ടാകുന്ന സാമൂഹ്യ പ്രശ്നങ്ങളും നമ്മുടെ വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്നുണ്ട് എന്നത് നിസ്തർക്കമായ വസ്തുതയാണ്.

ബാലസാഹിത്യങ്ങളും പ്രസിദ്ധീകരണങ്ങളും നമ്മുടെ വിദ്യാർത്ഥികൾ വായിക്കാറുണ്ട്. കേരളശാസ്ത്ര സാഹിത്യ പ്രസിദ്ധീകരണങ്ങളായ യുറീക്കയും ശാസ്ത്രകേരളവും വായിക്കുന്ന ധാരാളം കുട്ടികൾ നമ്മുടെ വിദ്യാലയങ്ങളിലുണ്ട്. ഇക്കൊല്ലത്തെ പഞ്ചായത്തുതല യുറീക്കാ വിജ്ഞാനോത്സവത്തിൽ മുന്നൂറിലധികം കുട്ടികൾ പങ്കെടുക്കുകയുണ്ടായി. അഖിലകേരളാടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ബാലരമ, കാഡ്ബറീസ് ചിത്രരചനാമത്സരത്തിൽ കഴിഞ്ഞവർഷം നമ്മുടെ പഞ്ചായത്തിൽനിന്ന് 400 ലധികം വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചു വർഷങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1. ചിറ്റാർ ഹയർസെക്കണ്ടറി സ്കൂൾ ഗവ. കോളേജായി ഉയർത്തുക.
2. ചിറ്റാർ ഹയർസെക്കണ്ടറി സ്കൂളിൽ ഹ്യൂമാനിറ്റി കോഴ്സ് ആരംഭിക്കുകയും നിലവിലുള്ള സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്യുക.
3. ചിറ്റാർ പഞ്ചായത്തിൽ പാമ്പിനിയിൽ എൽ.പി. സ്കൂൾ ആരംഭിക്കുക.
4. ചിറ്റാർ കൊടുമുടിയിൽ യു.പി. സ്കൂൾ അനുവദിക്കുക.
5. വയ്യാറ്റുപുഴ വി.കെ.എൻ.എം. ഹൈസ്കൂൾ ഹയർസെക്കൻററി ആയി ഉയർത്തുകയും III, IV ഗ്രൂപ്പുകൾ ആരംഭിക്കുകയും ചെയ്യുക.
6. ചിറ്റാർ പഞ്ചായത്തിലുള്ള വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി കോഴ്സിന് 25% സീറ്റ് റിസർവ്വ് ചെയ്യുക.
7. ചിറ്റാർ എസ്റ്റേറ്റ് എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തുക.
8. കൂത്താട്ടുകളും എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തുക.

9. ചിറ്റാറിൽ ഐ.ടി.ഐ സ്ഥാപിക്കുക.

10. ചിറ്റാറിൽ ഒരു പോളിടെക്നിക് ആരംഭിക്കുക.

11. സ്കൂളുകളിൽ പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കാൻ നടപടികൾ സ്വീകരിക്കുക.

12. മധ്യവേനൽ അവധിക്കാലത്തുതന്നെ അധ്യാപകരുടെ സ്ഥലംമാറ്റവും നിയമനവും നടത്താൻ നടപടി സ്വീകരി ക്കുക.

13. അധ്യാപക-രക്ഷാകർത്തൃസമിതിയുടെയും മാതൃസംഗമത്തിൻെറയും പ്രവർത്തനങ്ങൾ സജീവമാക്കുക.

14. ചിറ്റാർ എസ്റ്റേറ്റ്, മൺപിലാവ്, നീലിപിലാവ് സ്കൂളുകളിൽ കിണറും മൂത്രപ്പുരയും കക്കൂസും നിർമിക്കുക.

15. കൂത്താട്ടുകുളം എൽ.പി. സ്കൂളിൻെറ രണ്ടാം കെട്ടിടത്തിൻെറ മേൽക്കൂരയുടെ കേടുപാടുകൾ തീർക്കുക.

16. കട്ടച്ചിറ ഹൈസ്കൂളിൽ അധ്യാപകർക്ക് താമസിക്കുന്നതിന് ക്വാർട്ടേഴ്സ് പണിയാൻ നടപടികൾ സ്വീകരിക്കുക.

17. നവസാക്ഷരർക്കായി തുടർവിദ്യാഭ്യാസപദ്ധതി നടപ്പിലാക്കുക.

18. ചിറ്റാർ എസ്റ്റേറ്റ്, കൂത്താട്ടുകുളം എൽ.പി. സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമിക്കുക.

19. ചിറ്റാർ എസ്റ്റേറ്റ് സ്കൂളിൻെറ കളിസ്ഥലം നിരപ്പാക്കുക.

20. ചിറ്റാർ എസ്റ്റേറ്റ് എൽ.പി. സ്കൂൾ വൈദ്യുതീകരിക്കുക.

21. ചിറ്റാർ പട്ടികവർഗ ഹോസ്റ്റലിൽ പട്ടികജാതി വിദ്യാർത്ഥികൾക്കും പ്രവേശനം നല്കാൻ നടപടി സ്വീകരിക്കുക.

22. കൂത്താട്ടുകുളം, ചിറ്റാർ തോട്ടം സ്കൂളുകളോടു ചേർന്ന് പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കുക.

23. സ്കൂൾ ഉച്ചഭക്ഷണ വിതരണപദ്ധതി കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിക്കുക.

24. വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയങ്ങളിൽ നടത്തുവാൻ നടപടികൾ സ്വീകരിക്കുക.

25. വിദ്യാലയങ്ങൾക്ക് ആവശ്യമായ ബഞ്ച്, ഡസ്ക്, ബോർഡ്, അലമാര ഇവ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക.

26. സ്കൂളുകളിൽ പഠനയാത്രകൾ സംഘടിപ്പിക്കുക.

27. വിദ്യാർത്ഥികളിൽ ദേശീയബോധവും, സേവനതത്പരതയും വളർത്തിയെടുക്കുവാൻ ഗാന്ധിജയന്തി വാരാഘോഷങ്ങളും പ്രവർത്തനങ്ങളും നടപ്പിലാക്കുക.

28. സ്കൂളുകളിൽ കാർഷിക ക്ലബ്ബുകൾ ആരംഭിക്കുകയും പച്ചക്കറിക്കൃഷികൾ വ്യാപിപ്പിക്കുകയും ചെയ്യുക.

വിദ്യാഭ്യാസരംഗം ചടുലമാക്കാൻ അടിയന്തരമായി ചെയ്യേണ്ടത് സ്കൂൾ കോംപ്ലെക്സ് സംവിധാനം സജീവമാക്കുകയാണ്. മാസത്തിൽ ഒരു തവണയെങ്കിലും സ്കൂൾ കോംപ്ലക്സുകൾ യോഗം ചേരാനും സമയബന്ധിതമായി പരിപാടികൾ ആസൂത്രണംചെയ്തു നടപ്പാക്കാനും കഴിയണം.

കോംപ്ലെക്സ് തലത്തിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കലാകായിക മത്സരങ്ങൾ നടത്തണം. സമർത്ഥരായ കുട്ടികൾക്ക് പരിശീലനം നല്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഹൈസ്കൂളുകളിലുള്ള ലബോറട്ടറി സൗകര്യങ്ങളും, കലാകായികാധ്യാപകരുടെ സേവനങ്ങളും സമീപത്തുള്ള പ്രൈമറി സ്കൂളുകൾക്കുകൂടി പ്രയോജനപ്പെടുത്താനുള്ള പദ്ധതികളും സ്കൂൾ കോംപ്ലെക്സ് തലത്തിൽ ആസൂത്രണംചെയ്ത് നടപ്പിലാക്കേണ്ടതാണ്. മുഖ്യമായും വിദ്യാലയങ്ങളിലെ പാഠ്യേതരപ്രവർത്തനങ്ങളിൽ ഊന്നി നിന്നുകൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകതയെ ത്വരിപ്പിക്കുകയും, അതുവഴി പഠന പ്രവർത്തനങ്ങളിലേക്ക് അവരെ നയിക്കുകയുമാണ് വേണ്ടത്. സ്കൂൾ പാർലമെൻറുകൾ, സയൻസ് ക്ലബ്ബുകൾ, സാഹിത്യസമാജങ്ങൾ, കൈയെഴുത്ത് മാസികകൾ, കായികപരിശീലനപരിപാടികൾ, ദേശീയദിനാചരണങ്ങൾ, പഠനവിനോദയാത്രകൾ തുടങ്ങിയ അനേകം പരിപാടികൾ അനായാസം ഏറ്റെടുക്കാവുന്നവയാണ്.

മാസംതോറുമുള്ള പരീക്ഷകളും മാതൃസംഗമങ്ങളും, ക്ലാസ്സ്റൂം പി.ടി.എ.കളും ഒത്തുചേർന്നാൽ നിശ്ചയമായും നാമെല്ലാം പരിതപിക്കുന്ന പൊതുവിദ്യാഭ്യാസമേഖലകളിലെ ശോച്യാവസ്ഥ പരിഹരിക്കാനും ഗുണമേന്മ ഉറപ്പാക്കാനും നമുക്കു കഴിയും.

# 5.4

# കുടിവെള്ളവും പൊതുജന ആരോഗ്യവും

വായു കഴിഞ്ഞാൽ ജീവൻ നിലനിർത്തുന്നതിന് ഏറ്റവു അത്യാവശ്യമായ ഘടകമാണ് ജലം. "ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം" ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 85% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ ആകെയുള്ള 2517 കിണറുകളിൽ 1672 കിണറുകൾ 9 മാസത്തിൽ താഴെ വെള്ളം ലഭിക്കുന്നവയും 118 കിണറുകൾ ഉപയോഗയോഗ്യമല്ലാത്തവയുമാണ്. പഞ്ചായത്തിൻെറ വിസ്തൃതിയുടെ 73% പ്രദേശങ്ങളിലും രൂക്ഷമായ ജലക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. കേരളവാട്ടർ അതോറിട്ടിയുടെ 2 ജലവിതരണ പദ്ധതികൾ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നു. ഇതിൽ ചിറ്റാർ വാട്ടർ സപ്ലൈസ്കീം മണക്കയത്ത് കക്കാട്ടാറിൽ നിർമിച്ചിട്ടുള്ള കിണറ്റിൽനിന്നും വെള്ളം പമ്പുചെയ്ത് പന്നിയാറിൽ നിർമിച്ചിട്ടുള്ള സംഭരണടാങ്കിൽ ശേഖരിച്ച് പഞ്ചായത്തിലെ 5 വാർഡുകളിൽ (1, 2, 3, 9, 8) ഭാഗികമായി ജലവിതരണം ചെയ്യുന്നു. വേനൽകാലത്ത് നദിയിലെ ജലം ഗണ്യമായി കുറയുന്നതുമൂലം ആവശ്യത്തിന് ജലം പമ്പുചെയ്യാൻ കഴിയാതെ വരുന്നു. കൊടുമുടി ജലവിതരണപദ്ധതി ഒരു വാർഡിൽ മാത്രമേ ഭാഗികമായി പ്രയോജനപ്പെടുന്നുള്ളൂ.

പഞ്ചായത്തിൽ നിലവിൽ 110 പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 150 വീടുകളിലും പൈപ്പ് വെള്ളം കണക്ഷൻ ഉണ്ട്. വിവിധ വാർഡുകളിലായി 12 കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് വേണ്ടവിധം പ്രയോജനപ്പെടുന്നില്ല. പഞ്ചായത്തിലെ ജനസംഖ്യയുടെ 70% ശുദ്ധജലക്ഷാമം അനുഭവിക്കുന്നു.

### ശുദ്ധജല സ്രോതസ്സുകൾ

പട്ടിക I

| കിണറുകൾ | | | | | |
|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | കുഴൽ കിണർ | മൊത്തം കിണറുകൾ |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് (9 മാസത്തിനു മുകളിൽ) | വെള്ളമില്ലാത്തത് (3 മാസത്തിനുമേൽ) | | |
| 18 | 11 | 709 | 1767 | 12 | 2517 |

കുടിവെള്ളം ശേഖരിക്കുന്നതിനായി 2 മുതൽ 4 വരെ കി.മീ. ദൂരെ സഞ്ചരിക്കേണ്ട കുടുംബങ്ങളും ഉണ്ട്. വിശേഷാൽ ഗ്രാമസഭകളിൽനിന്നുയർന്ന് വന്നതായ പ്രശ്ന പരിഹാരങ്ങളും പഞ്ചായത്ത് തലത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടു വന്നിട്ടുള്ളതുമായ നിർദേശങ്ങളും പട്ടിക 2-ൽ ചേർക്കുന്നു.

പട്ടിക 2

| വാർഡ് | പ്രശ്നമേഖല | നിർദേശിക്കുന്ന പരിഹാരമാർഗം |
|---|---|---|
| I | 5 ഏക്കർ കോളനി, പന്നിയാർ, പാമ്പിനി, കമ്പകത്തുംപാറ, ലക്ഷംവീടു കോളനി, ചതുരക്കള്ളിപ്പാറ, കാക്കനാട്ട്പടി, താളിക്കല്ലുങ്കൽ പടി | ചിറ്റാർ വാട്ടർ സപ്ലൈ ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കണം. |
| II | കുമരംകുന്ന്, ഹിന്ദിമുക്ക്-മൂക്കൻപാറ, മണക്കയം കോളനി, മണക്കയം തടം | മിനി വാട്ടർ സപ്ലൈസ്കീം സ്ഥാപിക്കുക, ചിറ്റാർ വാട്ടർ സപ്ലൈലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക. |
| III | ചിറ്റാർ ചതുപ്പ് ലക്ഷംവീട്, ഡിപ്പോപടി ബസ്സ്റ്റാൻറ് | നിലവിലുള്ള ടാപ്പുകൾ കേടുപാടുകൾ തീർക്കണം, മുഴുവൻ സമയവും വെള്ളം ലഭ്യമാക്കണം. |
| IV | മീൻകുഴി വാർഡ് മുഴുവനും | വാർഡിൽ മുഴുവൻ വെള്ളം എത്തിക്കുന്നതിന് പുതിയ വാട്ടർ സപ്ലൈസ്കിം ഉണ്ടാക്കണം.<br>മീൻകുഴി-കൊടിത്തോപ്പ് കുളം, മീൻകുഴി-വടക്കേക്കര-ഉരുൾപൊട്ടാംകുഴി എന്നിവ ഉപയോഗപ്രദമാക്കണം കുഴൽ കിണർ നന്നാക്കണം. |
| V | കുളങ്ങരവാലി, തേരകത്തുംമണ്ണ് | നിലവിലുള്ള കുളങ്ങൾ ചെറുകിട ജലവിതരണപദ്ധതിയിൽ ഉൾപ്പെടുത്തുക, കൂടുതൽ കുളങ്ങൾ നിർമിക്കുക, കുഴൽ കിണർ നിർമിക്കുക, സ്വന്തമായി കിണർ കുഴിക്കുന്നതിന് സാമ്പത്തികസഹായം നല്കുക. |
| VI | പുലയൻപാറ എസ്.സി. കോളനി, ആറാട്ടുകുടുക്ക, വില്ലൂന്നിപ്പാറ | നിലവിലുള്ള കുളങ്ങൾ ഉപയോഗയോഗ്യമാക്കുക, കുഴൽ കിണർ നിർമിക്കുക. |
| VII | നീലിപിലാവ്, കട്ടച്ചിറ, കുടപ്പനകുളം | ചിറ്റാർ വാട്ടർ സപ്ലൈ ലൈൻ നീട്ടുക, കട്ടച്ചിറ വാട്ടർ സപ്ലൈസ്കീം പൂർത്തിയാക്കുക, കുളങ്ങൾ നിർമിക്കുക. |
| VIII | കൊടുമുടി, പടേനിപ്പാറ, മുതലവാരം, കാരികയം 10 ഏക്കർ | കൊടുമുടി വാട്ടർ സപ്ലൈസ്കീം പലപ്രദമായി നടപ്പിലാക്കുക, ലൈൻനീട്ടി ടാപ്പ് സ്ഥാപിക്കുക, ചിറ്റാർ വാട്ടർ സപ്ലൈസ്കീം പടേനിപ്പാറ വരെ ലൈൻ നീട്ടുക, കിണർ നിർമിക്കുന്നതിന് ധനസഹായം നല്കുക, കുഴൽ കിണറുകളുടെ കേടുപാടുകൾ തീർക്കുക. |
| IX | തെക്കേക്കര, ചിറ്റാർ വലിയപാറയ്ക്കൽ എസ്.ടി. കോളനി | ചിറ്റാർ വാട്ടർ സപ്ലൈ ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക, മക്കുവള്ളി, തെക്കേക്കര വയൽ എന്നിവിടങ്ങളിൽ കുളം ഉപയോഗപ്പെടുത്തുക. |

## കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാരമാർഗങ്ങളും

ഒന്നാം വാർഡിൽ 5 ഏക്കർ പട്ടികജാതി കോളനി, പന്നിയാർ കോളനി, പാമ്പിനി പട്ടികവർഗ കോളനി, ചതുരക്കള്ളിപ്പാറ, കാക്കനാട്ട് പടി, താളിക്കല്ലുങ്കൽ പടി എന്നിവിടങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ചിറ്റാർ വാട്ടർ സപ്ലൈയുടെ പൈപ്പ് ലൈൻ ഇവിടേക്ക് ദീർഘിപ്പിച്ചും പുതിയ ടാപ്പുകൾ സ്ഥാപിച്ചും പ്രശ്നം പരിഹരിക്കാവുന്നതാണ്. താരതമ്യേന ഉയർന്നതും പാറകളും ഉള്ള പ്രദേശമായതിനാൽ നിലവിലുള്ള കിണറുകളിൽ നിന്നും 9 മാസത്തിൽ താഴെ മാത്രമേ നിലവിൽ വെള്ളം ലഭിക്കുന്നുള്ളു. ഹയർസെക്കണ്ടറിസ്കൂൾ കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുള്ള കിണർ ഉപയോഗയോഗ്യമാക്കി ത്തീർത്താൽ സമീപത്തുള്ള 20 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിന് കഴിയും.

രണ്ടാംവാർഡിൽ കുമരംകുന്ന് കോളനിയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നെല്ലുകുത്തുപാറയിൽ ടാങ്ക് സ്ഥാപിച്ച് വെള്ളം ശേഖരിച്ച് വിതരണം ചെയ്യുന്നതിനുള്ള മിനി വാട്ടർ സപ്ലൈസ്കീം ആവശ്യമാണ്. കക്കാട്ടാറിന് സമീപം ഇതിനാവശ്യമായ കുളം കുഴിക്കുന്നതിന് കഴിയും. ഹിന്ദിമുക്ക് മുതൽ മൂക്കൻപാറവരെ ലൈൻ നീട്ടിയും, പുതിയ ടാപ്പുകൾ സ്ഥാപിച്ചും, ചിറ്റാർ ബസ്സ്റ്റാൻറ് മുതൽ മണക്കയം പാലംവരെയുള്ള റോഡരികിൽ പൊതുടാപ്പുകൾ സ്ഥാപിച്ചും, ചിറ്റാർ വാട്ടർ

സപ്ലൈസ്കീം ഈ പ്രദേശങ്ങളിൽ പ്രയോജനപ്പെടുത്തണം. മണക്കയം-കുമരംകുന്നിലുള്ള കുഴൽകിണർ നിലവിൽ ഉപയോഗയോഗ്യമല്ല. കേടുപാടുകൾ തീർക്കണം.

മൂന്നാം വാർഡിൽ ലക്ഷം വീട് കോളനിയിൽ ചിറ്റാർ വാട്ടർ സപ്ലൈ ലൈൻനീട്ടി ടാപ്പ് സ്ഥാപിക്കണം. ഡിപ്പോപടി-പവ്വത്തിക്കുന്ന് റോഡ് അരികിലുള്ള 20 കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ ലൈൻനീട്ടി ടാപ്പ് സ്ഥാപിക്കണം. ഡിപ്പോപടി-ഫാക്ടറിറോഡിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളിൽനിന്നും വെള്ളം ആവശ്യത്തിന് ലഭിക്കുന്നില്ല. പൈപ്പുകൾ പൊട്ടി വെള്ളം പാഴാകുന്നതായി കാണുന്നു. യഥാസമയം പൈപ്പുകൾ കേടുമാറ്റി നന്നാക്കണം. ചിറ്റാർ ബസ്സ്റ്റാൻഡ് മുതൽ വയ്യാറ്റുപുഴ റോഡിൽക്കൂടി 200 മീറ്റർ പുതിയ ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കണം.

നാലാം വാർഡ് പൂർണ്ണമായും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളാണ്. വാർഡിലെ മുഴുവൻ സ്ഥലങ്ങൾക്കും പ്രയോജനപ്പെടുന്നവിധത്തിൽ വാട്ടർ സപ്ലൈസ്കീം ആവശ്യമാണ്. മീൻകുഴി വടക്കേക്കര ഉരുൾപൊട്ടാംകുഴി, മീൻകുഴി കൊടിത്തോപ്പുകുളം എന്നിവ നന്നാക്കി സമീപവാസികൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിയുന്നതാണ്. നിലവിലുള്ള കിണറുകൾ സംരക്ഷിച്ചും കുഴൽകിണർ അറ്റകുറ്റപണികൾ തീർത്തും ഉപയോഗയോഗ്യമാക്കാവുന്നതാണ്.

അഞ്ചാം വാർഡിൽ കുളങ്ങരവാലി, തേരകത്തുംമണ്ണ് പ്രദേശങ്ങൾ കുടിവെള്ളക്ഷാമം ഉള്ളവയാണ്. നിലവിലുള്ള കുളങ്ങൾ ചെറുകിട ജലവിതരണത്തിന് ഉപയോഗയോഗ്യമാക്കാവുന്നതാണ്. കുഴൽകിണർ നിർമിക്കണം. സ്വന്തമായി കിണർ കുഴിക്കുന്നതിന് തയ്യാറുള്ളവർക്ക് വേണ്ട സാമ്പത്തികസഹായം നല്കണം.

ആറാംവാർഡിൽ പുലയൻപാറ പട്ടികജാതി കോളനിയിൽ നിലവിലുള്ള കുളത്തിൽനിന്നും 500 മീറ്റർ പൈപ്പ് സ്ഥാപിച്ച് ശുദ്ധജലമെത്തിക്കുന്നതിന് കഴിയും. ആറാട്ടുകുടുക്ക, വില്ലൂന്നിപ്പാറ എന്നിവിടങ്ങളിലും നിലവിലുള്ള കുളങ്ങളിൽനിന്നും കുടിവെള്ളം എത്തിക്കുന്നതിന് സംവിധാനം ഉണ്ടാകണം. നിലവിലുള്ള കിണറുകളും കുളങ്ങളും സംരക്ഷിക്കുകയും കുഴൽകിണറുകൾ സ്ഥാപിച്ചും കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

ഏഴാം വാർഡിൽ നീലിപിലാവ് ഇരുകരകളിലേക്കും ചിറ്റാർ വാട്ടർ സപ്ലൈ ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കണം. കട്ടച്ചിറ, കുടപ്പനകുളം എന്നീ പ്രദേശങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് വാട്ടർസപ്ലൈസ്കീം പണി സമയബന്ധിതമായി പൂർത്തിയാക്കണം. നിലവിലുള്ള കുളങ്ങൾ കെട്ടി സംരക്ഷിച്ചും, കിണറുകൾ നിർമിച്ചും കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. കട്ടച്ചിറ സബ്സെൻറർ പടി, പുത്തൻവീട്, കുടപ്പന, അമ്പലപ്പടി, കുടപ്പന വടക്കേക്കര എന്നിവിടങ്ങളിൽ കുഴിൽകിണർ സ്ഥാപിക്കണം.

എട്ടാംവാർഡിൽ കാരികയം മുതൽ പടേനിപ്പാറവരെയുള്ള പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ചിറ്റാർ വാട്ടർ സപ്ലൈ ലൈൻ പടേനിപ്പാറവരെ നീട്ടി ടാപ്പുകൾ സ്ഥാപിക്കണം. കൊടുമുടി വാട്ടർസപ്ലൈ വേനൽക്കാലത്ത് പ്രയോജനപ്പെടുന്നില്ല. നിലവിലുള്ള കിണറിൻെറ ആഴംകൂട്ടി വിതരണത്തിന് വെള്ളം ലഭ്യമാക്കണം. മുതലവാരത്ത് റോഡരികിലുള്ള നീരുറവ കെട്ടി സംരക്ഷിക്കണം.

പടേനിപ്പാറ ജംഗ്ഷനിൽ ഉള്ള കുഴൽകിണർ ഉപയോഗശൂന്യമാണ്. ഇത് നന്നാക്കണം. കൊടുമുടി പടേനിപ്പാറ തോട്ടിൽ ചെക്കുഡാമുകൾ കെട്ടിയാൽ സമീപപ്രദേശങ്ങളിലുള്ള കിണറുകളിൽ വേനൽക്കാലത്ത് ആവശ്യമായ കുടിവെള്ളം ലഭിക്കും.

ഒമ്പതാം വാർഡിൽ കുടിവെള്ളക്ഷാമമുള്ള തെക്കേക്കരയിൽ ശുദ്ധജലമെത്തിക്കുന്നതിന് ചിറ്റാർ വാട്ടർ സപ്ലൈ ലൈൻ തെക്കേക്കര-പാറയിൽപടി-കാരികയം എസ്റ്റേറ്റ്വരെ നീട്ടി ടാപ്പുകൾ സ്ഥാപിക്കണം. തെക്കേക്കരവയൽ, മക്കുവള്ളി എന്നിവിടങ്ങളിൽ കുളംകുഴിച്ചും, നിലവിലുള്ളത് ഉപയോഗയോഗ്യമാക്കിയും സമീപ പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കണം. വാർഡിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളിൽനിന്നും ആവശ്യമായ വെള്ളം ലഭിക്കുന്നില്ല. ചിറ്റാർ മാർതോമ പാഴ്സനേജിന് സമീപമുള്ള കുളം കെട്ടി സംരക്ഷിക്കണം.

### ചെറുകിട ശുദ്ധജല പദ്ധതികൾ

ചെറുകിട പദ്ധതികളെക്കുറിച്ച് എല്ലാ വാർഡുകളിൽ നിന്നും നിർദേശങ്ങൾ ഉണ്ടെങ്കിലും 4, 5, 6, 9 വാർഡുകളിൽനിന്നാണ് വ്യക്തമായ നിർദേശങ്ങൾ വന്നിട്ടുള്ളത്.

4-ാം വാർഡിൽ മീൻകുഴി വടക്കേക്കര ഉരുൾ-പൊട്ടാംകുഴി, മീൻകുഴി കൊടിത്തോപ്പുകുളം എന്നിവയിൽനിന്നും പമ്പ് ഉപയോഗിച്ച് വെള്ളം സമീപപ്രദേശങ്ങളിൽ എത്തിച്ച് വിതരണം ചെയ്യാവുന്നതാണ്. കോതയാട്ടുപാറ, ബഞ്ചമൺപാറ എന്നീ സ്ഥലങ്ങളിൽ ചിറ്റാർ തോട്ടിൽ കുളംനിർമിച്ച് പമ്പ് സ്ഥാപിച്ച് വെള്ളമെത്തിക്കാവുന്നതാണ്.

5-ാം വാർഡിൽ തേരകത്തുംമണ്ണ്, കുളങ്ങരവാലി സ്ഥലങ്ങളിൽ നിലവിലുള്ള കുളങ്ങളിൽനിന്നും സമീപ സ്ഥലങ്ങളിൽ വെള്ളമെത്തിക്കാവുന്നതാണ്.

6-ാം വാർഡിൽ പുലയൻപാറ, വില്ലൂന്നിപ്പാറ, മൺപിലാവ് കുളങ്ങൾ ചെറുകിട ശുദ്ധജലവിതരണപദ്ധതി

പ്രകാരം പ്രയോജനപ്പെടുത്താം. മൺപിലാവ് സ്കൂളി നോട് ചേർന്ന് കിണർ നിർമിക്കാവുന്നതാണ്.

9-ാം വാർഡിൽ തെക്കേക്കര-മക്കുവള്ളി കുളം ഉപയോഗപ്രദമാക്കി പൈപ്പ് സ്ഥാപിച്ച് സമീപ വാസികൾക്ക് കുടിവെള്ളമെത്തിക്കാവുന്നതാണ്. തെക്കേക്കര വയലിൽ കുളം നിർമിച്ച് പമ്പ് സ്ഥാപിച്ച് സമീപ പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിന് കഴിയും.

മുകളിൽ കൊടുത്തിട്ടുള്ള എല്ലാ പദ്ധതികൾക്കും പൊതുജന പങ്കാളിത്വം ഗ്രാമസഭകളിൽ ഉറപ്പു വരുത്തിയിട്ടുള്ളതാണ്.

### ഇടത്തരം - പഞ്ചായത്തുതല പദ്ധതികൾ

1. ചിറ്റാർ വാട്ടർ സപ്ലൈസ്കീം പ്രകാരമുള്ള ശുദ്ധജല വിതരണം കാര്യക്ഷമമാക്കണം. ഇതിനായി സപ്ലൈ ലൈനിൽ അറ്റകുറ്റപണികൾ പൂർത്തിയാക്കണം. കക്കാട്ടാറിൽ നിർമിച്ചിട്ടുള്ള കുളത്തിൻെറ ആഴം കൂട്ടുകയോ അല്ലാത്തപക്ഷം ആവശ്യമുള്ളത്ര വെള്ളം കുളത്തിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയോ വേണം.
2. കുമരംകുന്ന് നെല്ലുകുത്തുപാറയിൽ സംഭരണ ടാങ്കും, കക്കാട്ടാറിൽ കുളം നിർമിച്ച് വെള്ളം പമ്പ് ചെയ്ത് ടാങ്കിൽ എത്തിച്ച് രണ്ടാം വാർഡിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതി ഉണ്ടാകണം.
3. കട്ടച്ചിറ ശുദ്ധജല വിതരണപദ്ധതിപ്രകാരമുള്ള പണികൾ സമയബന്ധിതമായി പൂർത്തിയാക്കി ജലവിതരണം ആരംഭിക്കണം.
4. മീൻകുഴി ശുദ്ധജലവിതരണപദ്ധതി ആരംഭിക്കണം.
5. കൊടുമുടി ശുദ്ധജലവിതരണപദ്ധതിയുടെ കാര്യശേഷി വർദ്ധിപ്പിക്കണം. പമ്പ്ഹൗസിന് സമീപമുള്ള കുളത്തിൽ പമ്പ് ചെയ്യുന്നതിന് ആവശ്യമായ ജലം ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകണം. സമീപ സ്ഥലങ്ങളിൽ ശുദ്ധജലമെത്തിക്കത്തക്കവിധത്തിൽ പൈപ്പുകൾ ഇട്ട് ടാപ്പുകൾ സ്ഥാപിക്കണം.

### മറ്റു നിർദേശങ്ങൾ

1. ഉയർന്ന പ്രദേശങ്ങളും, കുന്നുകളുമാണ് പഞ്ചായത്തിൻെറ 80% പ്രദേശങ്ങൾ. മണ്ണൊലിപ്പ് തടയുന്നതിനും മഴവെള്ളസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കണം.
2. പ്രകൃതിദത്തമായിട്ടുള്ള അരുവികളും, കുളങ്ങളും സംരക്ഷിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കണം.
3. ജനകീയ ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പാക്കണം.
4. പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ കൂടി ഒഴുകുന്ന തോടുകളിൽ ചെറിയ ബണ്ടുകളും ചെക്കുഡാമുകളും നിർമിക്കണം.
5. ജലസേചന-കുടിവെള്ള കിണറുകൾ നിർമിക്കുന്നതിനുള്ള സാമ്പത്തികസഹായം കർഷകർക്ക് നല്കണം.
6. പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ നീർത്തട പദ്ധതി നടപ്പിലാക്കുക.

## ആരോഗ്യം

ആധുനികശാസ്ത്രവും ചികിത്സാരീതികളും വളരെയേറെ പുരോഗമിച്ചിട്ടുള്ള ഈ കാലഘട്ടത്തിലും ചികിത്സാരംഗത്ത് ചിറ്റാർ പഞ്ചായത്ത് വളരെ പിന്നിലാണ്. 1956-ൽ ചിറ്റാർ എസ്റ്റേറ്റിൽ ആരംഭിച്ച ആശുപത്രിയാണ് ചിറ്റാറിൽ ആദ്യമായി തുടങ്ങിയ ചികിത്സാസ്ഥാപനം. 1985-ൽ പ്രൈമറി ഹെൽത്ത് സെൻറർ പ്രവർത്തനം ചിറ്റാറിൽ ആരംഭിച്ചുവെങ്കിലും കാര്യമായ പ്രയോജനം പഞ്ചായത്തിന് നാളിതുവരെ ലഭിച്ചിട്ടില്ല. സ്വകാര്യമേഖലയിലും ചികിത്സാസൗകര്യം വളരെ പരിമിതമാണ്. രോഗം വന്നാൽ 35 കി.മീറ്റർ സഞ്ചരിച്ച് പത്തനംതിട്ടയിൽ ചികിത്സതേടി പോകേണ്ട അവസ്ഥയാണിന്നുള്ളത്. ഇതുമൂലം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ബഹുഭൂരിപക്ഷത്തിനും ചികിത്സ നിഷേധിക്കപ്പെടുന്നുവെന്ന് മാത്രമല്ല ആരംഭഘട്ടത്തിൽ ചികിത്സിച്ചു ഭേദപ്പെടുത്താവുന്ന രോഗങ്ങൾപോലും മാരകമായി തീരുന്ന അവസ്ഥാവിശേഷം സംജാതമാകുന്നു. പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ കോളനിയിൽ രോഗാതുരത കൂടിയനിരക്കിൽ നില നില്ക്കുന്നു. അന്ധവിശ്വാസജടിലമായ ചികിത്സാസമ്പ്രദായങ്ങൾ ഇന്നും കാണപ്പെടുന്നു.

സ്വകാര്യമേഖലയിൽ കിടത്തിചികിത്സാസൗകര്യങ്ങൾ വളരെ പരിമിതമായിട്ടുള്ളതെങ്കിലും ഉള്ളത് മൂന്ന് സ്ഥാപനങ്ങൾക്ക് ആണ്. 1973-ൽ പ്രവർത്തനം ആരംഭിച്ചു ദീർഘകാലം ചിറ്റാറിലും പരിസരപ്രദേശങ്ങളിലും ഉള്ള നിവാസികൾക്ക് പ്രയോജനകരമായിരുന്ന ചിറ്റാർ മാർതോമ ആശുപത്രി കഴിഞ്ഞ 6 വർഷമായി പ്രവർത്തനരഹിതമായി അടഞ്ഞുകിടക്കുകയാണ്. ദിവസേന 200-ൽ അധികം പേർ ചികിത്സതേടി മറ്റുസ്ഥലങ്ങളിലേക്ക് പോകുന്നതായി കാണുന്നു.

ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യപരിപാടി നടപ്പിലാക്കി രോഗരഹിതവും ആരോഗ്യപൂർണ്ണവുമായ ഒരു പഞ്ചായത്ത് എന്നതാണ് നമ്മുടെ ലക്ഷ്യം. 1995-'96 വർഷത്തിൽ 19009 പേർ വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ ചികിത്സതേടിയിട്ടുള്ളതായി കാണുന്നു. ഇതിൽ 937 എണ്ണം ത്വക്ക്രോഗമാണ്.

### സ്ഥാപനങ്ങളും സേവനങ്ങളും

ചിറ്റാർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

പ്രാഥമികാരോഗ്യകേന്ദ്രം - 1

ആയുർവേദ ആശുപത്രി - 1

ഐ.പി.പി. ഉപകേന്ദ്രങ്ങൾ - 4

കുടുംബക്ഷേമകേന്ദ്രം - 1

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഇപ്പോൾ സ്ഥിരം ഡോക്ടർ ഇല്ല. സമീപപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടറുടെ സേവനം ഭാഗികമായി മാത്രമേ ലഭിക്കുന്നുള്ളു. സ്ഥിരമായി ഡോക്ടറെ നിയമിക്കുന്നതിന് സത്വരനടപടി ഉണ്ടാകേണ്ടതാണ്. ആയുർവേദ ആശുപത്രിയിൽ സ്ഥിരം ഡോക്ടറുടെ സേവനം ലഭ്യമാണെങ്കിലും ഇതര ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആരോഗ്യസംരക്ഷണകാര്യത്തിൽ മരുന്നുകളോ ഒരുവേള അതിലധികമോ പ്രാധാന്യം ബോധവത്കരണ പ്രവർത്തനങ്ങൾക്കുണ്ട്. ഫീൽഡ് വർക്കർമാരുടെ സേവനം പൂർണ്ണമായി പഞ്ചായത്തിൽ ലഭിക്കുന്നില്ല. പഞ്ചായത്തുതലത്തിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ പോലും ഉണ്ടാക്കുന്നതിന് നാളിതുവരെ കഴിഞ്ഞിട്ടില്ല. ആയുർവേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിന് 2 വർഷംമുമ്പ് തറക്കല്ലിടുന്നതിന് കഴിഞ്ഞെങ്കിലും പിന്നീട് യാതൊരുവിധമായ പ്രവർത്തനവും ഉണ്ടായിട്ടില്ല.

ആരോഗ്യ-വിദ്യാഭ്യാസരംഗങ്ങളിൽ മാതൃകപരമായ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ നടത്തുന്ന ക്രിസ്ത്യൻ സഭകളും, ഇതര സമുദായങ്ങളും വിശ്വാസപരമായിട്ടുള്ള പ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രവണതയാണ് പഞ്ചായത്തിൽ കാണുന്നത്. താരതമ്യേന മെച്ചപ്പെട്ട ചികിത്സാസൗകര്യമുള്ള ഒരു സ്ഥാപനം വർഷങ്ങളായി അടച്ചിട്ടിരിക്കുന്നത് ഈ രംഗം കൂടുതൽ ശോചനീയമാക്കുന്നു. പഞ്ചായത്തിൽനിന്നും ഈ സ്ഥാപനം ഏറ്റെടുത്തു നടത്തുന്നതിന് നടപടി ഉണ്ടാകണം.

### കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസരശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 67% (2875) വീടുകളിൽ നിലവിൽ കക്കൂസ് ഇല്ല. ഇതിനാൽ വിരശല്യം വയറിളക്കരോഗങ്ങൾ ത്വക്ക്രോഗങ്ങൾ എന്നിവ താരതമ്യേന കൂടുതൽ കണ്ടുവരുന്നു.

ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും താഴെ കാണുംവിധം സംഗ്രഹിക്കാം.

| തടസകാരണം | പരിഹാരനിർദേശങ്ങൾ |
|---|---|
| 1. സാമ്പത്തിക പ്രയാസം | സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. |
| 2. സ്ഥലപരിമിതി (കോളനികളിലും ജനങ്ങൾ തിങ്ങിപാർക്കുന്ന മറ്റു സ്ഥലങ്ങളിലും) | പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമിച്ച് ഇത് പരിഹരിക്കാവുന്നതാണ്. |
| 3. ആവശ്യകത വേണ്ടത്ര ബോദ്ധ്യപ്പെടാത്തതിനാൽ | ആരോഗ്യബോധവത്കരണ യൂണിറ്റിന്റെ പ്രവർത്തനം വിപുലമാക്കുക. ജനകീയ ആരോഗ്യ സമിതികൾ രൂപീകരിക്കുക. |

### പരിസരശുചിത്വം

വ്യവസായവത്കരണം വളരെ കുറഞ്ഞ പ്രദേശമാകയാൽ പരിസരമലിനീകരണം ഗുരുതരമല്ല എങ്കിലും പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിൽനിന്നും ശുചീകരണത്തിന്റെ അഭാവത്തെക്കുറിച്ചുള്ള പരാതികൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. പൊതുവായ ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്തിൽ ജീവനക്കാരെ സ്ഥിരമായി നിയമിക്കേണ്ടതാണ്.

ഗ്രാമസഭകളിൽ ഈ വിഷയത്തിൽ ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളും പരിഹാരനിർദേശങ്ങളും താഴെ പറയും പ്രകാരം ക്രമപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിലെ അറവുശാലയിൽ നിന്നുള്ള അവശിഷ്ടങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. ഇവിടെനിന്നും പരിസരപ്രദേശങ്ങളിലേക്ക് വലിച്ചെറിയുന്ന അവശിഷ്ടങ്ങൾ നായ്ക്കളും പക്ഷികളും പൊതുനിരത്തുകളിലും കുടിവെള്ളകിണറുകളിലും ഇടുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നമായിത്തീരുന്നു. വെറ്ററിനറി ഡോക്ടർ പരിശോധനാവിധേയമാക്കിയ മൃഗങ്ങളെ മാത്രം അറക്കുന്നതിനും വില്പന നടത്തുന്നതിനുമുള്ള സംവിധാനം ഉണ്ടാകണം. മൂന്നാം വാർഡിൽ ലക്ഷംവീട് കോളനിക്കു സമീപമുള്ള അനധികൃതകശാപ്പുശാല നിർത്തൽ ചെയ്യണം. സമീപത്തുള്ള തോട്ടിലേക്ക് അവശിഷ്ടങ്ങൾ വലിച്ചെറിയുന്നതിനാൽ ജലം മലിനമാകുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയ ശാലകൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില്പന ആരോഗ്യനിയന്ത്രണനിയമങ്ങൾക്ക് വിധേയമാക്കേണ്ടതും, ആയത് പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ചിറ്റാർ മാർക്കറ്റ് ജംഗ്ഷനിലുള്ള ഹോട്ടലുകൾക്ക് സമീപം മലിനജലം കെട്ടിക്കിടന്ന് കൊതുകുകളുടെയും മറ്റ് പ്രാണികളുടെയും ശല്യം ഉണ്ടാകുന്നു. മലിനജലം ഒഴുക്കി വിടുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

ചിറ്റാർ മാർക്കറ്റ് മത്സ്യവിപണി സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കണം. വയ്യാറ്റുപുഴയിൽ പൊതുനിരത്തിലുള്ള മത്സ്യക്കച്ചവടം നിർത്തലാക്കണം. സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി വിപണനകേന്ദ്രം ആരംഭിക്കണം.

വീടുകളിൽനിന്നും കടകളിൽനിന്നും മലിനവസ്തുക്കളും അവശിഷ്ടങ്ങളും പൊതുനിരത്തുകളിൽ നിക്ഷേപിക്കുന്ന പ്രവണത കൂടി വരുന്നതായി കാണുന്നു. പഞ്ചായത്തിൽനിന്നും ആവശ്യമായ സ്ഥാനങ്ങളിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള ബാരലുകൾ സ്ഥാപിക്കണം.

വർഷകാലത്തും വരൾച്ചക്കാലത്തും പഞ്ചായത്തിലെ മിക്ക വാർഡുകളിലും പകർച്ചാവ്യാധികൾ പടർന്നു പിടിക്കുക സാധാരണമാണ്. ഇതിനെതിരെ കിണറുകളിലെ ക്ലോറിനേഷൻ, ഈച്ചനശീകരണം, കൊതുകു നശീകരണം, എലിനശീകരണം എന്നിവ ഫലപ്രദമായി നടത്തേണ്ടതാണ്. ആരോഗ്യശീലങ്ങളെക്കുറിച്ചുള്ള ബോധവത്കരണവും വളരെ ഗുണം ചെയ്യും. അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റാക്കിമാറ്റിയാൽ അടുക്കളത്തോട്ടത്തിൽ വളമായി ഉപയോഗിക്കാം. ഈച്ചകൾ പെരുകുന്നത് ഫലപ്രദമായി തടയാനും കഴിയും. (ഒരു ജോഡി ഈച്ചകൾ ഒരു വേനൽക്കാലംകൊണ്ട് 325,92,320 ഈച്ചകളെ ഉത്പാദിപ്പിക്കുന്നു.)

റബ്ബർ റോളർപുരകൾ പരിസരമലിനീകരണത്തിന് ഇടയാക്കുന്നതായി വിവിധ ഗ്രാമസഭകളിൽ പരാതി ഉയർന്നുവന്നിട്ടുണ്ട്. റബ്ബർ റോളറുകൾ പരിസരമലിനീകരണം വരുത്തുന്നില്ലായെന്ന് പഞ്ചായത്തിൽനിന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇവ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽനിന്നും ലൈസൻസ് എടുക്കുന്നതിനും, പൊതുനിരത്തുകളിൽനിന്നും നിശ്ചിതദൂരം അകലെ സ്ഥാപിക്കുന്നതിനും നടപടി ഉണ്ടാകണം.

പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും മലമൂത്രവിസർജനത്തിന് പ്രേരിപ്പിക്കുന്നത് ആവശ്യമായ സ്ഥാനങ്ങളിൽ ഇത്തരം പൊതുകക്കൂസുകളുടെയും മൂത്രപ്പുരകളുടെയും അഭാവം നിമിത്തമാണ്. പഞ്ചായത്തിൽനിന്നും ആവശ്യമായ സ്ഥലങ്ങളിൽ ഇവ നിർമിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടി ഉണ്ടാകണം. ആരോഗ്യരക്ഷാപ്രവർത്തനങ്ങളിൽ ആരോഗ്യവകുപ്പുദ്യോഗസ്ഥർക്കൊപ്പം സന്നദ്ധസേവകരെയും ഉപയോഗപ്പെടുത്താവുന്നതാണ്.

## നിർദേശങ്ങൾ

1. ചിറ്റാർ പഞ്ചായത്ത് പ്രാഥമിക ആരോഗ്യകേന്ദ്രം 50 കിടക്കകളോടുകൂടിയ ആരോഗ്യ സ്ഥാപനമാക്കി മാറ്റുക. ഇവിടെ സ്ഥിരം ഡോക്ടറെ നിയമിക്കുക.
2. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കാര്യക്ഷമമായ പ്രവർത്തനം ലഭിക്കത്തക്കവിധത്തിൽ സബ്സെന്ററുകൾ സ്ഥാപിക്കുക.
3. ചിറ്റാർ ആയുർവേദ ആശുപത്രികെട്ടിടം പണിപൂർത്തിയാക്കുക. നിലവിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുകയും ചെയ്യുക.
4. പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ഹോമിയോ ആശുപത്രി ആരംഭിക്കുക.
5. പഞ്ചായത്തിലെ വിവിധ പട്ടികജാതി-പട്ടികവർഗ കോളനികളിലെ കുട്ടികളിൽ കണ്ടുവരുന്ന പോഷകക്കുറവുമൂലമുള്ള രോഗങ്ങൾ ഇല്ലാതാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
6. പഞ്ചായത്തിലെ പൊതുസ്ഥലങ്ങളായ ചിറ്റാർ മാർക്കറ്റ് ജംഗ്ഷൻ, ബസ്റ്റാന്റ്, വയ്യാറ്റുപുഴ ജംഗ്ഷൻ തുടങ്ങിയ സ്ഥലങ്ങളിൽ വെയിറ്റിംഗ്ഷെഡും മൂത്രപ്പുരകളും നിർമിക്കുക.
7. പഞ്ചായത്തിൽ നിലവിലുള്ള പൊതുശ്മശാനത്തിന്റെ സംരക്ഷണവും, വിവിധ വാർഡുകൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് പുതിയൊരു ശ്മശാനം ഉണ്ടാക്കുകയും ചെയ്യുക.
8. പഞ്ചായത്തിലുള്ള മുഴുവൻ കുടുംബങ്ങളിലെയും അംഗങ്ങൾക്ക് 'ഹെൽത്ത്കാർഡ്' നല്കുകയും രോഗവിവരങ്ങൾ, രക്തഗ്രൂപ്പ് എന്നിവ രേഖപ്പെടുത്തി നല്കുകയും ചെയ്യുക.
9. പഞ്ചായത്തിൽ സാമ്പത്തികമായും സാമൂഹികമായും സാമൂഹികമായും താഴേക്കിടയിൽ നില്ക്കുന്നവരും, മതിയായത്ര സംരക്ഷണം ലഭിക്കാത്ത വൃദ്ധജനങ്ങൾക്കുവേണ്ടി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുവാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് അവരുടെ ആരോഗ്യപരവും മാനസികവുമായ ഉയർച്ചക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്.
10. പഞ്ചായത്തുനിവാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിക്കുകയും, പുകവലി, പുകയിലകൂട്ടിയുള്ള മുറുക്കൽ, മദ്യപാനം, മയക്കുമരുന്ന് എന്നിവയ്ക്ക് എതിരെ ജനകീയ ബോധവത്കരണപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യണം.

## പഞ്ചായത്തിലെ ആരോഗ്യരംഗവും
## വാർഡ് തിരിച്ചുള്ള സ്ഥിതിവിവരങ്ങളും

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| I | ഇല്ല | ഇല്ല | വയറിളക്കം, പനി, ചൊറി, ചെങ്കണ്ണ് ജലജന്യരോഗങ്ങളും | പോഷകാഹാരക്കുറവ്, സാനിട്ടേഷൻ ഇല്ലായ്മ, സാംക്രമിക രോഗങ്ങൾ എന്നിവ ഉണ്ട്. | വാർഡിൽ ഒരു സബ് സെൻററും പഞ്ചായത്തു തലത്തിൽ മെച്ചപ്പെട്ട ആരോഗ്യസ്ഥാപനങ്ങളും ഉണ്ടാകണം. |
| II | ഇല്ല | ഇല്ല | വയറിളക്കം, പനി, ചെങ്കണ്ണ്, ചിക്കൻ പോക്സ്, ദന്തരോഗങ്ങൾ | പോഷകാഹാരക്കുറവ്, സാനിട്ടേഷൻ ഇല്ലായ്മ സാംക്രമിക രോഗങ്ങൾ എന്നിവയുണ്ട്. ആരോഗ്യക്ലാസുകൾ നടത്താറില്ല. മരുന്നുകൾ ലഭ്യമല്ല. | വാർഡിൽ ഒരു സബ് സെൻററും ആയുർവേദ ഡിസ്പെൻസറിയും സ്ഥാപിക്കണം. രോഗപ്രതിരോധമാർഗങ്ങൾ മെച്ചപ്പെടുത്തണം. |
| III | ആയുർവേദ ഡിസ്പെൻസറി -1 | അലോപ്പതി ക്ലിനിക്-2 | പനി, ചുമ, വയറിളക്കം, ചെങ്കണ്ണ്. | മരുന്നുകൾ ആവശ്യത്തിനു ലഭ്യമല്ല. പ്രതിരോധ കുത്തിവയ്പുകൾ നടക്കാറുണ്ട്. | എസ്റ്റേറ്റ് ആശുപത്രി പ്രവർത്തനം കാര്യക്ഷമമാക്കണം. പഞ്ചായത്ത് തലത്തിൽ മെച്ചപ്പെട്ട ആരോഗ്യസംവിധാനം ഉണ്ടാകണം. |
| IV | ഇല്ല | ഇല്ല | വയറിളക്കം, പനി, ചെങ്കണ്ണ്, ജലജന്യ രോഗങ്ങൾ, ചിക്കൻ പോക്സ്, പോഷണക്കുറവുമൂലമുള്ള രോഗങ്ങൾ | ആരോഗ്യപ്രവർത്തനങ്ങൾ ഒന്നും കാര്യക്ഷമമായിട്ടില്ല. | വാർഡിൽ ഒരു സബ്സെൻററും പോഷകാഹാരവിതരണകേന്ദ്രങ്ങളും ഉണ്ടാകണം. പഞ്ചായത്തുതലത്തിൽ മെച്ചപ്പെട്ട ആരോഗ്യസ്ഥാപനങ്ങൾ ഉണ്ടാകണം. |
| V | ഇല്ല | ഇല്ല | പനി, ചെങ്കണ്ണ്, വയറിളക്കം. | പ്രതിരോധകുത്തിവയ്പുകൾക്ക് സൗകര്യമില്ല. | വയ്യാറ്റുപുഴയിൽ ഒരു പി.എച്ച്.സി. പ്രവർത്തനം ആവശ്യമാണ്. |
| VI | ഇല്ല | ഹോമിയോ ക്ലിനിക് -1 | വയറിളക്കം, ചെങ്കണ്ണ്, മലേറിയ, പനി. | പ്രതിരോധ കുത്തിവെയ്പു നടത്താറുണ്ട്. | സബ് സെൻറർ വാർഡിൽ പ്രവർത്തനം ആരംഭിക്കണം. |
| VII | ഒരു സബ്സെൻറർ | ഇല്ല | ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, പനി, ദന്തരോഗങ്ങൾ, ഛർദ്ദി, സാംക്രമികരോഗങ്ങൾ, ക്ഷയം | ഡോക്ടറുടെ സേവനം ലഭ്യമല്ല. സബ്സെൻറർ പ്രവർത്തനം കാര്യക്ഷമമല്ല. പോഷണക്കുറവും കാര്യമായി ഉണ്ട്. | അലോപ്പതി, ആയുർവേദം, ഹോമിയോ ആശുപത്രികൾ, കട്ടച്ചിറ, നീലിപിലാവ് എന്നിവിടങ്ങളിൽ സ്ഥാപിക്കണം. രോഗപ്രതിരോധകുത്തിവയ്പുകൾ നല്കണം. |
| VIII | ഇല്ല | ഇല്ല | ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, പനി, ദന്ത രോഗങ്ങൾ, ഛർദ്ദി, വയറിളക്കം, ക്ഷയം, വാതരോഗങ്ങൾ | ആരോഗ്യപ്രവർത്തനങ്ങൾ ഭാഗികമായി മാത്രമേ ലഭിക്കുന്നുള്ളൂ. | അലോപ്പതി-ആയുർവേദ ആശുപത്രി ആരംഭിക്കണം. പോഷണവൈകല്യം പ്രതിവിധി ഉണ്ടാകണം. |
| IX | ഒരു പ്രൈമറി ഹെൽത്ത് സെൻറർ, ഒരു കുടുംബക്ഷേമകേന്ദ്രം | അലോപ്പതി ആശുപത്രി - 2<br>ഹോമിയോ - 1<br>ദന്താശുപത്രി - 2 | പനി, ചെങ്കണ്ണ്, ത്വഗ് രോഗങ്ങൾ, ദാരിദ്ര്യജന്യരോഗങ്ങൾ | പ്രതിരോധകുത്തിവെയ്പുകൾ നടക്കുന്നു. കിടത്തി ചികിത്സാ സൗകര്യം പരിമിതം. പി.എച്ച്.സി. യിൽ ഡോക്ടർ സേവനം ഭാഗികം. | പ്രൈമറി ഹെൽത്ത് സെൻറർ ആശുപത്രി പ്രവർത്തനം ആരംഭിക്കണം. അടഞ്ഞു കിടക്കുന്ന മാർതോമ ആശുപത്രി പ്രവർത്തിപ്പിക്കണം. ആവശ്യമായ മരുന്നുകൾ ലഭ്യമാക്കണം. സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമിക്കണം. |

## 5.5

# വ്യവസായം

ആധുനിക വ്യവസായങ്ങളുടെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നില്ക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ചിറ്റാർ. പൊതുമേഖലയിൽ നാളിതുവരെ ഒരു വ്യവസായവും പഞ്ചായത്തിൽ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. സ്വകാര്യമേഖലയിൽ വളരെ അധികം പേർക്ക് തൊഴിൽ പ്രദാനം ചെയ്തുകൊണ്ടിരുന്ന വ്യവസായ സ്ഥാപനത്തിൻെറ തകർച്ചയാണ് കഴിഞ്ഞ 5 വർഷമായി കണ്ടുവരുന്നത്. ചിറ്റാർ പഞ്ചായത്തിൽ വിവിധ മേഖലകളിലായി 5860 പേർ ജോലി ചെയ്യുന്നു. അതിൽ 777 പേർ മാത്രമാണ് വിവിധ വ്യവസായ തൊഴിലാളികളായിട്ടുള്ളത്. പരമ്പരാഗതമേഖലയിൽ പ്രധാനം മെറ്റൽ ക്രഷിംഗ്.

പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനപ്പെട്ടത് ഈറ്റകൊണ്ടുള്ള ഉല്പന്നനിർമ്മാണം, പർപ്പടകനിർമ്മാണം, ഇരുമ്പു ഉപകരണനിർമ്മാണം എന്നിവയാണ്.

പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളും

പട്ടിക I

| ക്രമനമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | റബ്ബർ (സ്വകാര്യമേഖല) | 264 |
| 2 | പരമ്പരാഗതകുടിൽ വ്യവസായം | |
| | a. ഈറ്റ | 69 |
| | b. പർപ്പടകം | 28 |
| | c. ഇരുമ്പുപണി | 21 |
| 3 | ചെറുകിട വ്യവസായങ്ങൾ | 238 |
| 4 | ഭക്ഷ്യസംസ്കരണം | 43 |
| 5 | മറ്റു വ്യവസായങ്ങൾ | 114 |
| | | 777 |

പട്ടിക II

ചെറുകിട വ്യവസായയൂണിറ്റുകൾ

| ക്രമനമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | തടിവ്യവസായം | 3 | 18 |
| 2 | നാളികേരം | 2 | 6 |
| 3 | എൻജിനീയറിംഗ് | 7 | 28 |
| 4 | അച്ചടി | 2 | 6 |
| 5 | ഭക്ഷ്യസംസ്കരണം | 11 | 43 |
| 6 | കല്ലുടയ്ക്കൽ | 8 | 80 |
| 7 | ആയുർവേദ മരുന്ന് | 2 | 6 |
| 8 | ബാഗ് നിർമാണം | 2 | 20 |
| 9 | ലതർ വർക്സ് | 2 | 4 |
| 10 | മറ്റുള്ളവ | 9 | 70 |
| | ആകെ | 48 | 281 |

വിഭവങ്ങൾ വില്ക്കുന്നതിലല്ല, മറിച്ച് മൂല്യമേറിയ ഉല്പന്നങ്ങൾ നിർമിച്ച് കമ്പോളങ്ങളിൽ എത്തിക്കുന്നതിലാണ് വ്യവസായികസാധ്യതകൾ. സംരംഭകരുടെ ദാരിദ്ര്യം, സർക്കാർ ജോലിക്കുവേണ്ടിയുള്ള പരക്കംപാച്ചിൽ, ഉദ്യോഗാർത്ഥികളെ പടച്ചുവിടുന്ന വിദ്യാഭ്യാസം എന്നിവ വ്യവസായിക രംഗത്തെ പ്രശ്നങ്ങളാണ്. നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്ന വിഭവങ്ങളേയും, കമ്പോളത്തേയും പരമാവധി പ്രയോജനപ്പെടുത്തി നാട്ടിലെ തൊഴിൽ ശക്തിക്കും പ്രകൃതിയ്ക്കും അനുയോജ്യമായ ഒരു വ്യവസായവികസന നയമാണ് ആവശ്യമായിട്ടുള്ളത്.

റബ്ബർ അടിസ്ഥാനമാക്കിയിട്ടുള്ള വ്യവസായങ്ങൾ, തടി വ്യവസായം, വനവിഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾ, ക്വാറിയൂണിറ്റുകൾ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക് വ്യവസായങ്ങൾ, കാർഷിക അനുബന്ധവ്യവസായങ്ങളും പഞ്ചായത്തിൽ വികസിപ്പിച്ചെടുക്കുന്നതിന് വൻസാധ്യതകൾ ഉണ്ട്.

ചിറ്റാർ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വിളകളിൽ 70% റബ്ബർ ആണ്. എന്നാൽ റബ്ബർ സംസ്കരിച്ച് ഉല്പന്നങ്ങൾ ആക്കുന്നതിനുള്ള ഒരു വ്യവസായവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ചിറ്റാർ പഞ്ചായത്തിൽനിന്നും 1500-ൽ അധികംപേർ വിദേശരാജ്യങ്ങളിലും കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിലും തൊഴിൽ ചെയ്യുന്നുണ്ട്. അമേരിക്കൻ ഐക്യനാടുകളിൽ 97 പേർ ജോലി ചെയ്യുന്നു. വിദേശത്തു തൊഴിൽ ചെയ്യുന്നവരുടേയും ഗൾഫുനാടുകളിൽനിന്നും മടങ്ങി വന്നിട്ടുള്ളവരുടേയും നിക്ഷേപങ്ങൾ സ്വീകരിച്ചും പഞ്ചായത്തിലെ റബ്ബർ കൃഷിക്കാരുടെ പങ്കാളിത്തത്തോടുകൂടിയും ഒരു റബ്ബർ വ്യവസായ കേന്ദ്രം ആരംഭിക്കാവുന്നതാണ്. സമീപകാലത്തായി പ്രവർത്തനമില്ലാതെ കിടക്കുന്ന ചിറ്റാർ എസ്റ്റേറ്റ് റബ്ബർ ഫാക്ടറിയും അനുബന്ധസ്ഥാപനങ്ങളും സർക്കാർ സഹകരണ മേഖലയിൽ ഏറ്റെടുക്കാവുന്നതുമാണ്. 600 പേർക്ക് തൊഴിൽ നല്കുന്നതിന് ഇതുമൂലം കഴിയുന്നതുമാണ്. റബ്ബർ തടിസംസ്കരണ യൂണിറ്റും ഇവിടെ ആരംഭിക്കാൻ കഴിയും.

പഞ്ചായത്തിൻെറ സമീപപ്രദേശങ്ങളിൽ സുലഭമായി ലഭ്യമായിട്ടുള്ള ഈറ്റ ഉപയോഗിച്ച് ഉല്പന്നനിർമാണ യൂണിറ്റുകൾ ധാരാളമായി പഞ്ചായത്തിൽ ആരംഭിക്കുന്നതിന് കഴിയും. പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ള 300 കുടുംബങ്ങൾ പഞ്ചായത്തിൽ അധിവസിക്കുന്നു. ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും ഈറ്റ സംഭരിക്കുന്നതിനുള്ള അനുമതി ലഭിച്ചാൽ ഇങ്ങനെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്കു ബാംബു കോർപ്പറേഷൻ വഴി വൻതോതിൽ വിപണനസാധ്യത ഉണ്ട്. ബാംബു പ്ലൈ ആധുനിക ചെറുകിട നിർമ്മാണപ്രക്രിയയിൽ വൻതോതിൽ ആവശ്യമായി വന്നിട്ടുള്ളത് ഈ രംഗത്ത് ധാരാളം തൊഴിൽസാധ്യത നേടുന്നതിന് സാദ്ധ്യമാകുന്നു.

പഞ്ചായത്തിൻെറ വിവിധമേഖലകളിൽനിന്നും ഇപ്പോൾ തടികൾ കൊല്ലം, പെരുമ്പാവൂർ തുടങ്ങിയ സ്ഥലങ്ങളിൽ എത്തിച്ചു വില്പന നടത്തുന്നുണ്ട്. പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്ലൈവ്യവസായ നിർമാണഫാക്ടറിയും, മര ഉരുപ്പടി നിർമാണയൂണിറ്റും ആരംഭിക്കാവുന്നതാണ്. ഈ രംഗത്ത് പരിചയസമ്പന്നരായ ധാരാളം തദ്ദേശവാസികൾ മറ്റു സ്ഥലങ്ങളിൽ പോയി തൊഴിൽ ചെയ്യുന്നവരായിട്ടുണ്ട്.

## പ്രശ്നങ്ങൾ

25.90 ചതുരശ്ര കിലോമീറ്റർ വിസ്തീർണവും 19872 വരുന്ന ജനസംഖ്യയും 4292 വീടുകളും ഉള്ള പഞ്ചായത്തിൽ നിത്യോപയോഗസാധനങ്ങളുടെ നല്ലൊരു വിപണി ആയിട്ടും പ്രസ്തുതഉത്പന്നങ്ങൾ ഉണ്ടാക്കി വില്ക്കുന്ന ഒരു വ്യവസായ യൂണിറ്റ്പോലും വളർന്നുവരാത്തത് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ വളർച്ചയ്ക്കാവശ്യമായ അനുകൂല ഘടകങ്ങളായ അസംസ്കൃത പദാർത്ഥങ്ങൾ, ഗതാഗതം, വൈദ്യുതി, തൊഴിൽസേന എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ടതോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് താഴെപ്പറയപ്പെടുന്ന കാരണങ്ങൾ കൊണ്ടാണ്.

1. മുഖ്യകാർഷികവിളകളായ റബ്ബർ, നാളികേരം എന്നിവ വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
2. ധനസഹായം ലഭിക്കുന്നതിനുള്ള സാങ്കേതികബുദ്ധിമുട്ടുകൾ.
3. വ്യവസായ സഹകരണസംഘത്തിൻെറ അഭാവം.
4. സാങ്കേതിക പരിജ്ഞാനക്കുറവ്.
5. ചിറ്റാർ പഞ്ചായത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ട് 20 വർഷത്തിലേറെയായിട്ടും എല്ലായിടത്തും വൈദ്യുതി ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.
6. വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം.
7. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്കും കൈത്തൊഴിലുകാർക്കും പരിശീലനം നല്കാൻ സൗകര്യം ഇല്ല.
8. വനിതകൾക്ക് തൊഴിൽ അവസരം പൊതുവേ കുറവ്.
9. വിപണനസാദ്ധ്യത കുറവ്.
10. വ്യവസായ മേഖലയുമായുള്ള സമ്പർക്കക്കുറവ്.
11. മരവ്യവസായത്തിനാവശ്യമായ തടിമുറിക്കുന്നതിനുള്ള നിരോധനം.
12. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവത്ക്കരണ കുറവ്.
13. സാങ്കേതിക പരിശീലന സ്ഥാപനങ്ങളുടെ അഭാവവും പരിശീലനം നേടിയ തൊഴിൽ രഹിതർക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള മേഖലകളുടെ അഭാവവും.
14. അനുബന്ധ യൂണിറ്റുകളുടെ പ്രവർത്തനം ഇല്ലായ്മ.
15. പഞ്ചായത്ത് തലത്തിൽ മേൽനോട്ടം നല്കാനുള്ള ഏജൻസികളുടെ അഭാവം.
16. തൊഴിലാളി-മാനേജ്മെൻറ് രംഗങ്ങളിലെ അനാരോഗ്യകരമായ പ്രവർത്തനങ്ങൾ.
17. ആവശ്യമായ ഭൂമിയുടെ ലഭ്യതകുറവ്.
18. സേവന-വേതന രംഗത്തെ ഏകീകരണം ഇല്ലായ്മ.

## ചിറ്റാർ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള അസംസ്കൃതപദാർത്ഥങ്ങൾ ഉപയോഗിച്ചു കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിറ്റുകൾ

| നമ്പർ | ഇനം |
|---|---|
| 1. | ഈറ്റനെയ്ത്ത് യൂണിറ്റ് |
| 2. | തേൻസംസ്കരണം |
| 3. | വെളിച്ചെണ്ണ |
| 4. | കന്നുകാലിത്തീറ്റ |
| 5. | പഴം സംസ്കരണയൂണിറ്റ് |
| 6. | ചിപ്പ്സ് നിർമാണം |
| 7. | കറിപൗഡർ നിർമാണം |
| 8. | തെങ്ങുകൊണ്ട് കെട്ടിടനിർമാണ സാമഗ്രികളും ഫർണിച്ചറുകളും |
| 9. | പർപ്പടക യൂണിറ്റ് |
| 10. | അച്ചാർ നിർമാണം |
| 11. | റെഡിമെയ്ഡ് ഗാർമെൻറ്സ് |

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 100-ൽ അധികം യൂണിറ്റുകൾ തുടങ്ങാൻ സാധ്യതയുള്ളതായി ഗ്രാമസഭ റിപ്പോർട്ടുകളിൽ കാണുന്നു.

ചുരുങ്ങിയ മുതൽമുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ.

പട്ടിക

| നമ്പർ | ഇനം |
|---|---|
| 1. | ഇറച്ചിക്കോഴി വളർത്തൽ |
| 2. | പാൽ സംഭരണയൂണിറ്റ് |
| 3. | മരംഫർണിച്ചർ |
| 4. | ചെരുപ്പു നിർമാണം |
| 5. | സ്വിച്ച് നിർമാണം. |
| 6. | ജനറൽ എൻജിനീയറിംഗ് |
| 7. | ഇലക്ട്രിക്കൽ ജനറൽ വർക്ഷോപ്പ്. |
| 8. | ഫാൻസി ലതർ വർക്സ്. |
| 9. | സ്കൂൾ ബാഗ് നിർമാണം. |
| 10. | റെഡിമെയ്ഡ് വസ്ത്രനിർമാണം. |
| 11. | സോപ്പ് നിർമാണം. |
| 12. | കുട, നോട്ടുബുക്ക് നിർമാണം. |
| 13. | റബ്ബർ ബാൻറ്, കൈയ്യുറ യൂണിറ്റ്. |
| 14. | കറിപൗഡർ നിർമാണം. |
| 15. | ഇഷ്ടികനിർമാണം. |
| 16. | സിമിൻറ് ഹോളോബ്രിക്സ്, കട്ടിള, ജനൽ നിർമാണം. |
| 17. | കരിങ്കല്ല് ഉടച്ച് ജെല്ലിയാക്കൽ. |
| 18. | സ്റ്റീൽ ഫർണിച്ചർ. |
| 19. | കേറ്ററിംഗ് യൂണിറ്റ്. |
| 20. | ഡക്കറേഷൻ വർക്സ്. |
| 21. | കിടക്കനിർമാണം. |
| 22. | ചൂരൽകൊണ്ടുള്ള ഫർണിച്ചർ. |
| 23. | കൂൺകൃഷി. |
| 24. | ഇലക്ട്രോണിക്ചോക്ക് നിർമാണം. |
| 25. | മൊസൈക്ക് പോളീഷിംഗ് യൂണിറ്റ്. |
| 26. | ശീതളപാനീയ നിർമാണം. |
| 27. | ബേക്കറി. |
| 28. | തീപ്പെട്ടി നിർമാണം. |
| 29. | പാൽ ഉല്പന്നങ്ങൾ. |
| 30. | ലെയ്ത്ത് വർക്സ്. |
| 31. | അലുമിനിയം ഫേബ്രിക്കേഷൻ |
| 32. | ബ്യൂട്ടി പാർലർ |
| 33. | ഐസ്ക്രീം - ജാം നിർമാണം. |
| 34. | അടയ്ക്കസംസ്കരണ യൂണിറ്റ്. |
| 35. | ബീഡി നിർമാണയൂണിറ്റ്. |
| 36. | റേഡിയോ, ടേപ്പുറെക്കോർഡർ അസംബ്ലിംഗ് യൂണിറ്റ്. |
| 37. | മെഴുകുതിരി നിർമാണയൂണിറ്റ്. |
| 38. | റൈസ്മിൽ, ഫ്ലവർമിൽ യൂണിറ്റ്. |
| 39. | കൊപ്ര സംസ്കരണയൂണിറ്റ്. |
| 40. | റബ്ബർനഴ്സറി. |
| 41. | ആയുർവേദ മരുന്നുനിർമാണം. |
| 42. | പി.വി.സി. പൈപ്പ് നിർമാണം. |
| 43. | കൊക്കോസംസ്കരണ യൂണിറ്റ്. |
| 44. | വെൽഡിംഗ് യൂണിറ്റ്. |
| 45. | പൂച്ചട്ടി നിർമാണം, സിമിൻറ് ടാങ്ക് നിർമാണം. |
| 46. | സോഡാ നിർമ്മാണം. |
| 47. | ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾ. |
| 48. | പട്ടുനൂൽ വ്യവസായം. |
| 49. | പ്രിൻറിംഗ് പ്രസ്. |

## വൻകിട വ്യവസായം

1. ചിറ്റാർ എസ്റ്റേറ്റ് ഫാക്ടറി കേന്ദ്രീകരിച്ച് റബ്ബർ അധിഷ്ഠിതവ്യവസായം സർക്കാർ സഹകരണ മേഖലയിൽ ആരംഭിക്കുക.
2. റബ്ബർതടി സംസ്കരണ ശാലയും പ്ലൈവുഡ് നിർമാണ ശാലയും പഞ്ചായത്തിൽ ആരംഭിക്കുക.
3. വിവിധ വാർഡുകളിൽ ലഭ്യമായിട്ടുള്ള പാറകൾ ഉപയോഗിച്ച് മെറ്റൽ നിർമാണശാല ആരംഭിക്കുക.
4. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ക്ഷീരോത്പാദക സഹകരണസംഘങ്ങൾ രൂപീകരിച്ച് പാൽ ശേഖരിച്ച് സംസ്കരണ യൂണിറ്റ് ആരംഭിക്കുക.

5. ഈറ്റ, ചൂരൽ, മുള എന്നിവ കൊണ്ടുള്ള ബാംബു പ്ലൈവുഡ് യൂണിറ്റ് ആരംഭിക്കുക.
6. കാലിത്തീറ്റ നിർമാണ യൂണിറ്റ് ആരംഭിക്കുക.
7. കെട്ടിടനിർമാണത്തിന് ആവശ്യമായ സിമൻറ് ഹോളോ ബ്രിക്സ് നിർമാണം ആരംഭിക്കുക.

നിർദേശങ്ങൾ

1. പെട്രോൾ, ഡീസൽപമ്പ് പഞ്ചായത്തിൽ ആരംഭിക്കുക.
2. പാചകവാതക വിതരണ ഏജൻസി ആരംഭിക്കുക.
3. എക്സ് സർവീസ്മെൻ വ്യവസായ സഹകരണസംഘം പഞ്ചായത്തിൽ രൂപീകരിക്കുക.
4. വികലാംഗർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കി ക്കൊടുക്കുക.

## ടൂറിസം വികസനം

കേരളസർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ചിറ്റാർ പഞ്ചായത്തിലെ ടൂറിസ്റ്റ് സാധ്യതയുള്ള പ്രദേശങ്ങൾ വികസിപ്പിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ നല്കാനും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാനും കഴിയും. തേക്കടി, കുമളി, കക്കി, മൂഴിയാർ, ശബരിമല, കക്കാട്, മണിയാർ, നിലയ്ക്കൽ തുടങ്ങിയ പ്രദേശങ്ങൾ സന്ദർശിക്കുന്നതിന് എത്തിച്ചേരുന്ന ടൂറിസ്റ്റുകൾക്കും തീർത്ഥാടകർക്കും സൗകര്യപ്രദമായ വിശ്രമകുടിലുകൾ പഞ്ചായത്തിൽ നിർമിച്ചുകൊടുക്കാവുന്നതുമാകുന്നു. ചിറ്റാർ എസ്റ്റേറ്റു ബംഗ്ലാവും പരിസരത്തുള്ള സ്ഥലവും വിലയ്ക്കുവാങ്ങി ഈ ആവശ്യത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

## വൈദ്യുതി ഉല്പാദനവും വിതരണവും

ആറാം വാർഡിൽ ഉൾപ്പെട്ട മൺപിലാവു അരുവി കേന്ദ്രീകരിച്ച് ഒരു മിനിവൈദ്യുതി യൂണിറ്റ് ആരംഭിക്കാവുന്നതാണ്. ചിറ്റാർ പഞ്ചായത്തിൽ പണി ആരംഭിച്ചിരിക്കുന്ന അള്ളുങ്കൽ, കാരികയം എന്നീ വൈദ്യുതി ഉല്പാദനനിലയങ്ങളിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി പഞ്ചായത്തിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വിതരണത്തിനായി നല്കാവുന്നതുമാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം ഉണ്ടാകുന്നതായി ഗ്രാമസഭാ റിപ്പോർട്ടിൽ കാണുന്നു. പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും ഒരു പുതിയ സബ്സ്റ്റേഷൻ സ്ഥാപിച്ചും പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിച്ച് വ്യവസായ പുരോഗതി കൈവരിക്കാവുന്നതാണ്. വൈദ്യുതിയുടെ അമിത ഉപയോഗം കുറയ്ക്കുന്നതിന് സോളാർ ലാംബുകൾ സ്ഥാപിക്കണം.

## മിനി വ്യവസായ എസ്റ്റേറ്റ്

പഞ്ചായത്തിൽ വ്യവസായയൂണിറ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിന് മിനി വ്യവസായ എസ്റ്റേറ്റ് രൂപീകരിക്കണം. ഇതിനാവശ്യമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വ്യവസായ സംരംഭകർക്ക് വാടകയ്ക്ക് നല്കുന്ന പദ്ധതി നടപ്പാക്കണം.

## ഔട്ട് വർക്കർ ഉല്പാദനസമ്പ്രദായം

പഞ്ചായത്തിലെ ചിതറിക്കിടക്കുന്ന മനുഷ്യവാസഘടന, വർദ്ധിച്ചുവരുന്ന ജനസാന്ദ്രത, സ്ഥലദൗർലഭ്യം എന്നിവ കണക്കിലെടുത്ത് പഞ്ചായത്തിലെ വികേന്ദ്രീകൃത ഉല്പാദനസമ്പ്രദായം നടപ്പിലാക്കാവുന്നതാണ്. ഒരു മാതൃ സ്ഥാപനവും അതിനെ ചുറ്റിപ്പറ്റിയുള്ള ഗാർഹികഉല്പാദന കേന്ദ്രങ്ങളും ആണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. റെഡിമെയ്ഡ് വസ്ത്രനിർമാണം, ഡയറിഫാമുകൾ, ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, ഇലക്ട്രോണിക് യൂണിറ്റുകൾ എന്നിവ ആരംഭിക്കാവുന്നതാണ്.

നിർദേശങ്ങൾ

1. പഞ്ചായത്തു തലത്തിൽ വ്യാവസായിക കമ്മിററി രൂപീകരിക്കുക. ഓരോ പ്രദേശത്തേയും അനുബന്ധവിവരങ്ങൾ ശേഖരിക്കുക, വിഭവങ്ങളുടെ ലഭ്യത, നിലവിലുള്ള പ്രമുഖ വ്യവസായിക പ്രവർത്തനങ്ങൾ വിലയിരുത്തുക എന്നിവ കമ്മിററി രൂപീകരണത്തിലൂടെ കഴിയുന്നു.
2. വ്യാവസായിക വികസന സമിതികളുടെ രൂപീകരണം. പഞ്ചായത്തിലെ ജനപ്രതിനിധികൾ, വ്യവസായികൾ, ഉദ്യോഗസ്ഥർ, ധനകാര്യ-സഹകരണ സ്ഥാപന പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തണം.
3. ഗൾഫ്നാടുകളിൽനിന്നും മടങ്ങിവന്നിട്ടുള്ളവരേയും നാട്ടിൽ തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യരെയും ഉൾപ്പെടുത്തി സംയുക്തസംരംഭത്തിലുള്ള വ്യവസായങ്ങൾ ആരംഭിക്കണം. വിദേശത്തുള്ളവരുടെ നിക്ഷേപം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.
4. വ്യവസായരംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പു വരുത്തുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുതി ലൈനുകളിലും 3 ഫേസ് ആക്കി മാററുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.
5. പഞ്ചായത്തിനുള്ളിൽ വ്യവസായ പരിശീലന സ്ഥാപനങ്ങൾ ആരംഭിക്കുക.
6. ചിറ്റാർ പട്ടികവർഗ ഡിപ്പാർട്ടുമെൻറ് നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ക്രാഫ്ററ് സെൻററിൽ കൂടുതൽ

തൊഴിൽ അധിഷ്ഠിതകോഴ്സുകൾ ആരംഭിക്കുക.

7. ചിററാർ ഹയർ സെക്കൻററി സ്കൂളിനോട് ചേർന്നുള്ള പട്ടികവർഗ ഹോസ്ററൽകെട്ടിടത്തിൽ വനിതാ വ്യവസായ യൂണിററുകൾ ആരംഭിക്കുക.

8. പ്രാദേശികമായി ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങളുടെ വിപണനം ഏറെറടുത്തു നടത്തുന്നതിന് പൊതുവിപണന സ്ഥാപനങ്ങൾ ആരംഭിക്കുക.

9. സെമിനാറുകൾ, ചലച്ചിത്രപ്രദർശനങ്ങൾ, വ്യവസായ സംരംഭപരിശീലനങ്ങൾ, പ്രദർശനമേളകൾ എന്നിവയിലൂടെ ഉത്പാദനരംഗത്തെ വിവിധ സാധ്യതകളെപ്പററി പൊതുജനങ്ങൾക്ക് അറിവു നല്കുക.

10. വ്യവസായ സമൂഹം, ഔട്ട് വർക്കർ ഉത്പാദന സമ്പ്രദായം തുടങ്ങിയ കൂട്ടായപ്രവർത്തനങ്ങൾ ആരംഭിക്കുക.

11. സ്വയംതൊഴിൽ എക്സചേഞ്ചുകളുടെ പ്രവർത്തനം പഞ്ചായത്തിൽ ആരംഭിക്കുക.

12. ജില്ലാ വ്യവസായകേന്ദ്രം, ജില്ലാ സാങ്കേതിക സമിതി എന്നിവയുടെ പരിശീലനപദ്ധതി പഞ്ചായത്തിലും ആരംഭിക്കുക.

13. പഞ്ചായത്തിലുള്ള 3 ഹൈസ്കൂളകളിലും തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക.

14. വ്യവസായ മേഖലയിൽ സ്ത്രീജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഐ. ആർ. ഡി. പി., ഡി.ഡബ്ല്യു. സി. ആർ. എ. വനിത വികസന കോർപ്പറേഷൻ, വനിത സഹകരണ സംഘങ്ങൾ എന്നിവയിലൂടെ സാങ്കേതിക സഹായങ്ങൾ ഉറപ്പുവരുത്തുക.

15. വ്യാവസായിക രംഗത്ത് സമാധാനപരമായ അന്തരീക്ഷം നിലനിർത്തുകയും അനാവശ്യസമരങ്ങൾ, പണിമുടക്കുകൾ എന്നിവ ഒഴിവാക്കുകയും ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

മേല്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാൻ സാധിക്കും. നമുക്ക് ആവശ്യമായ നിത്യോപയോഗസാധനങ്ങൾ ഇവിടെതന്നെ ലഭ്യമാക്കാനും ഈ പഞ്ചായത്തിലെ കാർഷികവിളകളെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലില്ലാത്തവർക്ക് തൊഴിൽ നല്കുവാനും കഴിയും. പഞ്ചായത്തിൻെറ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുകയും ആളോഹരി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാം. പുതിയ സാമൂഹ്യജീവിതാനുഭവങ്ങളും വികസനസാക്ഷരതയും വളർന്നുവരാൻ കാരണമാകുകയും ചെയ്യും തീർച്ച.

5.6

# ഗതാഗതം-ഊർജ്ജം-മാർക്കററ്

## 1. റോഡ്

ചിററാർപോലുള്ള ഗ്രാമപ്രദേശത്തിൻെറ വികസനത്തിൻെറ അടിസ്ഥാനഘടകം റോഡുകളാണ്. അതിനുവേണ്ടി നമ്മുടെ പൂർവ്വികന്മാർ വഹിച്ച നിസ്തുലമായ പങ്കിനെ അഭിനന്ദിക്കേണ്ടതാണ്. ജനകീയാസൂത്രണ പരിപാടി എന്ന ആശയം നമ്മുടെ ഗവൺമെൻറ് ആലോചിക്കുന്നതിന് വർഷങ്ങൾ മുമ്പുതന്നെ തദ്ദേശീയവാസികൾ ധാരാളം റോഡുകൾ മാനവവിഭവശേഷി ഉപയോഗിച്ച് നിർമിച്ചിട്ടുണ്ട്.

മധ്യതിരുവിതാംകൂറിലെ ആദ്യത്തെ കാർഷിക എസ്റേററ് (Midland Rubber Producers Company) ബ്രിട്ടീഷുകാർ ചിററാറിൽ ആരംഭിച്ചതാണ്. മണ്ണാറകുളഞ്ഞി ചിററാർറോഡിനു തുടക്കം കുറിച്ചതും വടശ്ശേരിക്കര മുതൽ ചിററാർവരെയുള്ള 18 കിലോമീററർ റോഡ് നിർമാണത്തിൽ മുഖ്യപങ്ക് വഹിച്ചതും പ്രസ്തുത കമ്പനിയാണ്. പിന്നീട് ഈ റോഡ് പി. ഡബ്ല്യൂ. ഡി. ഏറെറടുക്കുകയും വികസനപ്രവർ ത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

അന്തരിച്ച ശ്രീ. എം. സി. ചെറിയാൻ എം. എൽ. എ. യുടെ ശ്രമഫലമായി 1993-ൽ ശബരിമല വികസന പദ്ധതിയിൽ കേരള സർക്കാർ വടശ്ശേരിക്കര-ചിററാർ റോഡിനെ ഉൾപ്പെടുത്തിയത് ചിററാറിൻെറ വികസനത്തിന് ആക്കം വർദ്ധിപ്പിച്ചു.

1970-ൽ ആണ് ചിററാർ പഞ്ചായത്ത് രൂപീകൃതമാകുന്നത്. അതിനുമുമ്പ് വടശ്ശേരിക്കര സീതത്തോട് പഞ്ചായത്തുകളുടെ ഭാഗമായിരുന്നു ഈ പ്രദേശം. ചിററാർ ബസ്സ്ററാൻഡ് എന്നറിയപ്പെടുന്ന സ്ഥലം മുതൽ മൂന്നുകല്ലുവരെയുള്ള ചിററാർ പഞ്ചായത്ത് പ്രദേശത്തെ റോഡ് നിർമാണത്തിനും, സീതത്തോട് പഞ്ചായത്തിനെയും ചിററാർ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുമായി 1970 നവം. 20-ന് ഈ പ്രദേശത്തെ ജനങ്ങൾ സംഘടിക്കുകയും എ. വി. തോമസ് കമ്പനി എസ്റേററിൽ കൂടി 3 കി. മീ. റോഡ് ജനശക്തിയുപയോഗിച്ച് നിർമിക്കുകയും ചെയ്തു. ഇതേ കാലയളവിൽ ചിററാർ ബസ്സ്ററാൻറ് മുതൽ ആനപ്പാറവരെ 4 കി. മീററർ റോഡും എസ്റേററിൽക്കൂടി നിർമിച്ചു. (Midland Rubber Company ഇതിനുമുമ്പ് A. V. Thomasന് കൈമാറി.) ഇതിൻെറ പേരിൽ ധാരാളം ആളുകളുടെ പേരിൽ ക്രിമിനൽ കേസുകൾ ചാർജ് ചെയ്യുകയും ചെയ്തു. പാവപ്പെട്ട കർഷകർ വർഷങ്ങളോളം കോടതി കയറിയിറങ്ങി. ഒടുവിൽ മധ്യ സ്ഥതപ്രകാരം കേരള ഗവൺമെൻറ് മണിയാറിനു സമീപം 20 ഏക്കർ സ്ഥലം കമ്പനിക്ക് നല്കി പ്രശ്നം പരിഹരിച്ചു. പ്രസ്തുത ചിററാർ-സീതത്തോട് റോഡ് പിന്നീട് കക്കാട് പ്രോജക്ട് വന്നതോടുകൂടി ഇലക്ട്രിസിററി ബോർഡ് ഏറെറടുത്ത് വികസന പ്രവർത്തനം ആരംഭിച്ചു.

ചിററാർ ഗ്രാമ പഞ്ചായത്തിൻെറ വിവിധ വാർഡുകളി

ലായി 150 കി. മീ. റോഡുകൾ ഇപ്പോൾ നിർമിച്ചിട്ടുണ്ട്. അതിൽ പി. ഡബ്ല്യൂ. ഡി. യും പഞ്ചായത്തും വിവിധ പദ്ധതികളിൽപ്പെടുത്തി 32.5 കി. മീ.റോഡ് ടാർ ചെയ്തിട്ടുണ്ട്.

ഒരു ബസ്സ്ററാൻേറാ ടാക്സിസ്ററാൻേറാ ഈ പഞ്ചായത്തിലില്ല. പഞ്ചായത്തിൻെറ വരുമാനക്കുറവ് ഒരു പരിധിവരെ വികസനപ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. ചിററാറിൽനിന്നും വിവിധ സ്ഥലങ്ങളിലേക്ക് 40 ബസുകൾ സർവീസ് നടത്തുന്നു. ഇതിൽ 2 ബസുകൾ മാത്രമേ

K. S. R.T. C. വകയായുള്ളൂ. ബാക്കിയെല്ലാംതന്നെ സ്വകാര്യബസുകളാണ്. ഇതിനുപുറമേ ജീപ്പുകൾ സർവീസുകൾ നടത്തുന്നുണ്ട്. ചിററാറിൽനിന്നും വയ്യാററുപുഴ, പെരുനാട് എന്നീ സ്ഥലങ്ങളിലേക്കും ബസ് സർവ്വീസുകളുണ്ട്.

പഞ്ചായത്തിലെ നിലവിലുള്ള ടാർ റോഡുകൾ അവയുടെ ഉടമസ്ഥത, ദൂരം, വീതി എന്നിവ താഴെ കൊടുക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

**പട്ടിക 1**

**പഞ്ചായത്തിലെ ടാർറോഡുകൾ**

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം | വീതി (മീ.) |
|---|---|---|---|---|
| 1 | പടയനിപ്പാറ - മൂന്നുകൽ | P. W. D. | 12 കി. മീ. | 16 |
| 2 | ചിററാർ - വയ്യാററുപുഴ | P. W. D. | 6 കി. മീ. | 12 |
| 3 | വയ്യാററുപുഴ - പുലയൻപാറ | P. W. D. | 2 കി. മീ. | 8 |
| 4 | H. S. S. - പാമ്പിനി | പഞ്ചായത്ത് | 1 കി. മി. | 8 |
| 5 | ചിററാർ കുരിശുംമൂട്-പാമ്പിനി | പഞ്ചായത്ത് | 1.5 കി. മീ. | 8 |
| 6 | ബസ്സ്ററാൻറ് മണക്കയം | P. W. D. | 1 കി. മീ. | 8 |
| 7 | ഈട്ടിച്ചുവട്-മീൻകുഴി | പഞ്ചായത്ത് | 2.00 കി. മീ. | 8 |
| 8 | വയ്യാററുപുഴ-കുളങ്ങരവാലി | പഞ്ചായത്ത് | 1.5 കി. മീ. | 8 |
| 9 | വയ്യാററുപുഴ-ഗുരുനാഥൻമണ്ണ് | പഞ്ചായത്ത് | 2 കി. മീ. | 8 |
| 10 | ഈട്ടിച്ചുവട്-നീലുപിലാവ് | പഞ്ചായത്ത് | 1 കി. മീ. | 8 |
| 11 | പടയനിപ്പാറ-കൊടുമുടി | പഞ്ചായത്ത് | 1.400 കി. മീ. | 8 |

റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അററകുററ പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്തെ കുത്തിയൊഴുക്ക് റോഡുകളെ സാരമായി ബാധിക്കുന്നു. ഇതിന് പ്രധാനകാരണം ഓവുചാലുകളുടേയും കലുങ്കുകളുടേയും അഭാവമാണ്.

# II റോഡ് നിർമാണം

## II (a). ടാർ റോഡുകളുടെപ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ അപര്യാപ്തതയാണ് പ്രധാന പ്രശ്നം. റോഡുകളുടെ ഗുണനിലവാരമില്ലായ്മ, അപകടകരമായ വളവുകൾ, റോഡിൻെറ വീതിക്കുറവ്, ഓവുചാലുകളില്ലായ്മ എന്നിവ പരിഗണിക്കേണ്ടതാണ്.

## II (b) പുതിയ റോഡുകൾ

ചിററാർ, തെക്കേകര, കൊടുമുടി, ഗിരിവർഗകോളനി വഴി മണിയാറിൽ എത്തിച്ചേരുന്ന റോഡ് പണിയെത്രയും പെട്ടെന്നാരംഭിച്ച് ടാറിംങ് അടക്കമുള്ള പണികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്ന് 3, 9, 8 വാർഡുകളിലെ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇതുപോലെ യാത്രാസൗകര്യം ഉണ്ടാകേണ്ട ധാരാളം റോഡുകളെ പററിയുള്ള നിർദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്.

## II(c) മെററൽ റോഡുകളുടേയും മൺറോഡുകളുടേയും ശോചനീയാവസ്ഥ

ഗ്രാമസഭകളിൽനിന്നും ഉയർന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും മൺറോഡുകളുടേയും മെററൽ റോഡുകളുടേയും ശോചനീയാവസ്ഥയെപററിയാണ്. പൊട്ടിപൊളിഞ്ഞും താറുമാറായും കിടക്കുന്ന റോഡുകളിൽ അടിയന്തിരമായി അററകുററപണികൾ നടത്തണമെന്നത് പ്രധാനാവശ്യമാണ്. മെററൽ ചെയ്യാനും ടാർ ചെയ്യാനും ഉള്ള നിർദേശങ്ങൾ ധാരാളമാണ്. ഇവ അനുബന്ധം എ.യിൽ പട്ടികപ്പെടുത്തിയിരിക്കുന്നു. വാർഡ് തിരിച്ചുള്ള ഈ പട്ടികയിൽ മുൻഗണനാക്രമം തയ്യാറാക്കിയത് ഗ്രാമസഭ റിപ്പോർട്ടുകളിൽനിന്നാണ്.

## II (d) പുതിയ മൺറോഡുകൾ

പുതിയ മൺറോഡുകൾ നിർമിക്കുന്നതിനും ധാരാളം നിർദേശങ്ങൾ വന്നിട്ടുണ്ട്. മിക്ക നിർദേശങ്ങളിലും നിലവിലുള്ള ഇടവഴികൾ മൺറോഡാക്കാനുള്ള നിർദേശമാണ് വന്നത്. ഇവ അനുബന്ധം ബി.യിൽ ചേർക്കുന്നു.

## II (e) റോഡ് ശൃംഖലാവ്യാപനം ഉയർത്തുന്ന പരിസ്ഥിതീയപ്രശ്നങ്ങൾ

റോഡ് ശൃംഖലാ വ്യാപനം നാടിൻെറ പുരോഗതിക്ക് ആക്കം കൂട്ടി എങ്കിലും നിരവധി പരിസ്ഥിതിപ്രശ്നങ്ങൾക്ക് കാരണമാകുന്നു.

മരങ്ങൾ വളരെയേറെ നശിപ്പിക്കപ്പെട്ടു എന്നതാണ് പ്രധാനപ്രശ്നങ്ങളിൽ ഒന്ന്. പറമ്പുകളുടെ ഇടവഴികൾ വീതികൂട്ടി മൺറോഡുകൾ ആക്കിയപ്പോൾ അരികിലുണ്ടായിരുന്ന മരങ്ങൾ വെട്ടി മാററപ്പെട്ടു.

**അശാസ്ത്രീയമായ മരനശീകരണം**

മൺറോഡുകളുടെ ഇരുപാർശ്വങ്ങളിലുമുള്ള പറമ്പുകളിലെ മണ്ണ് ഇടിയുന്നതിനും ഇത് മണ്ണ് ഒലിപ്പിക്കുന്നതിനും കാരണമായിത്തീരുന്നു.

# 3. റോഡ് ഗതാഗതം

പുരോഗതിക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ

1. റോഡരികിൽ ടാറിങ്ങിനോട് ചേർന്ന് നില്ക്കുന്ന ഇലക്ട്രിക് പോസ്ററുകൾ, ടെലഫോൺ പോസ്ററുകൾ എന്നിവ റോഡരികിലേക്ക് മാററി സ്ഥാപിക്കണം.

2. ചിററാർ ടൗൺ കേന്ദ്രമാക്കി ബസ്സ്ററാൻറ് നിർമിക്കണം.
3. ചിററാറിൽ വെയിററിങ് ഷെഡും കംഫർട്ട് സ്റേഷനും സ്ഥാപിക്കണം.
4. ചിററാർ, നീലക്ഷപിലാവ്, തണ്ണിത്തോട് റോഡ് (ആങ്ങമൂഴി-പുനലൂർ റോഡ്) പൂർത്തീകരിച്ചാൽ ചിററാറിൻെറ വികസനത്തിൽ കാര്യമായ പുരോഗതിയുണ്ടാകും. ഇതുമൂലം പുനലൂർ ഭാഗത്തുനിന്നും എത്തുന്ന അയ്യപ്പഭക്തന്മാർക്ക് 25 കി. മീ. ദൂരം ലാഭിക്കാൻ കഴിയും.
5. ആങ്ങമൂഴി-ചിററാർ റോഡിൽ കമ്പിപ്പാലത്തിന് സമീപം പണിമുടങ്ങികിടക്കുന്ന പാലം ഉടൻ തന്നെ പൂർത്തിയാക്കണം.
6. വയ്യാററുപുഴ-പുലയൻപാറ പാലംപണി ഉടൻ തീർക്കണം.
7. പാമ്പിനി ഗിരിവർഗ കോളനി മണക്കയം റോഡിൽ തോട്ടിൽ പാലം പണിയണം.

## IV നടപ്പാലം ആവശ്യമായ സ്ഥലങ്ങൾ

1. 2-ാം വാർഡിൽ കുന്നേൽ ജോർജിൻെറ പടിക്കൽ നടപ്പാലം നിർമിക്കണം.
2. മീൻകുഴിയിൽനിന്നും ചിററാർ മാർക്കററിലേക്കുള്ള റോഡിൽ കൊച്ചാററിൽ നടപ്പാലം പണിയണം.
3. വയ്യാററുപുഴ-പുലയൻപാറ റോഡിൽ ഇടിമണ്ണിപടിക്കൽ നടപ്പാലം പണിയണം.
4. വയ്യാററുപുഴ-കുളങ്ങരവാലി തോട്ടിൽ കൈതമണ്ണിൽ ജോയിയുടെ പടിക്കൽ ഹരിജൻ കോളനിയിലേക്ക് നടപ്പാലം പണിയണം.
5. വയ്യാററുപുഴ-കുളങ്ങരവാലി റോഡിൽ കഞ്ഞിപ്പാറപടിക്കലും മണ്ണിൽ ശ്രീധരൻ പടിക്കലും നടപ്പാലം പണിയണം.
6. കൊടുമുടി-തെക്കേക്കര റോഡിനെയും വടക്കേകര റോഡിനെയും ബന്ധിപ്പിക്കാൻ കൊച്ചുഭാസ്കരൻ പടിക്കൽ നടപ്പാലം പണിയണം.
7. 9-ാം വാർഡിൽ കാരികയം എസ്റേററിലെ തോട്ടിൽ സ്കൂൾകുട്ടികൾക്ക് പോകുവാൻ നടപ്പാലം പണിയണം.

## V കലുങ്ക് വേണ്ട സ്ഥലങ്ങൾ

1. 2-ാം വാർഡിൽ 6 കലുങ്കുകൾ പണിയണം.
2. 6-ാം വാർഡിൽ 5 കലുങ്കുകൾ പണിയണം.
3. 8-ാം വാർഡിൽ 5 കലുങ്കുകൾ പണിയണം.
4. 9-ാം വാർഡിൽ 4 കലുങ്കുകൾ പണിയണം.

## V (A) ഗ്രാമസഭയിലെ ചില ആവശ്യങ്ങൾ

1. ചിററാർ പഞ്ചായത്തിലെ റോഡുകൾക്ക് ആവശ്യമായ ഓട നിർമിക്കണം.
2. മാർക്കററിലെ ഓടകൾക്ക് മുകളിൽ സ്ലാബ് നിർമിച്ച് ഓട വൃത്തിയാക്കി സൂക്ഷിക്കണം.
3. ബസ് സർവീസ് ഉണ്ടായിരുന്നിട്ടും പിന്നീട് നിലച്ചുപോയ പ്രദേശമായ കൊടുമുടി, അഞ്ചുമുക്ക്, മീൻകുഴി തുടങ്ങിയ സ്ഥലങ്ങളിൽകൂടി ബസ് റൂട്ട് പുനരാരംഭിക്കണം.
4. മുമ്പു ഉണ്ടായിരുന്ന K. S. R. T. C. യുടെ സീതത്തോട്-തിരുവനന്തപുരം, കൊല്ലം-ചിററാർ, കോട്ടയം-ചിററാർ എന്നീ ഫാസ്ററ് പാസഞ്ചറും ആങ്ങമൂഴി-പത്തനംതിട്ട ഓടിയിരുന്ന ഓർഡിനറി ബസ് റൂട്ടും പുനരാരംഭിക്കണം. കൊല്ലം-പമ്പ, ഗവി ബസ് വടശ്ശേരിക്കര-മണിയാർ-ചിററാർ വഴി സർവീസ് പുനരാരംഭിക്കണം.
5. പാമ്പിനി വള്ളകടവിൽ കമ്പിപ്പാലം നിർമിക്കണം.
6. പടയനിപ്പാറ-കൊടുമുടി റോഡിൽ മുണ്ടക്കയം പടിക്കലുള്ള അപകടകരമായ വളവ് നിവർത്ത് ഗതാഗതയോഗ്യമാക്കുകയും കെ. സി. തങ്കപ്പൻെറ പടിക്കൽ റോഡ് ഉയർത്തുകയും ചെയ്യണം.

## VI മെററൽ റോഡുകളും പ്രധാന മൺറോഡുകളും

### I. ടാർ ചെയ്യേണ്ട മെററൽ റോഡുകൾ

നിലവിലുള്ള ടാർറോഡുകളുടെ ദൂരത്തോടൊപ്പം ടാർ ചെയ്യേണ്ട മെററൽ റോഡുകളുടെ ദൂരം 7.68 കി. മീ. മാത്രമേ വരുന്നുള്ളു. ഇത് ആവശ്യത്തിൻെറ ഒരു ചെറിയ അംശം മാത്രമാണ്. ഇതിൽനിന്നും പട്ടിക 3-ൽ കാണിച്ചിട്ടുള്ള റോഡുകൾ ടാർ ചെയ്യുന്നതിന് അടിയന്തിരപ്രാധാന്യം കാണുന്നു.

പട്ടിക III

| നമ്പർ | വാർഡ് | റോഡിൻെറ പേര് | ദൂരം | വീതി |
|---|---|---|---|---|
| 1 | 2 | ഡിപ്പോപടി-മണക്കയം | 1.8 | 8 മീ. |
| 2 | 4 | മീൻകുഴി-വയ്യാററുപുഴ | 1.2 | 8 മീ. |
| 3 | 6 | വയ്യാററുപുഴ-മൺപിലാവ് | 3.38 | 8 മീ. |
| 4 | 9 | ചിററാർ-വാലേപടി | 1.3 | 8 മീ. |

### II മററു പ്രധാന മൺറോഡുകൾ

ഇവയെപ്പോലെതന്നെ അടിയന്തിരപ്രാധാന്യത്തോടുകൂടി മെററൽചെയ്ത് ടാർ ചെയ്യേണ്ട പ്രധാന റോഡുകൾ ഉണ്ട്.

ഒരു വാർഡിൽനിന്നും ഒരു റോഡ് എങ്കിലും തിരഞ്ഞെടുക്കാവുന്ന വിധത്തിൽ മെററൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുടെ പട്ടിക ഇതോടൊപ്പം പട്ടിക 4-ൽ ചേർക്കുന്നു.

മുൻഗണനാ നിശ്ചയിച്ചത് ഗ്രാമസഭ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ്.

പട്ടിക IV

| നമ്പർ | വാർഡ് | റോഡിൻെറ പേര് | ദൂരം | വീതി |
|---|---|---|---|---|
| 1 | 1 | പാമ്പിനി-എസ്.ടി. കോളനി, പമ്പ് ഹൗസ് റോഡ് | 2.2 കി. മീ. | 6 മീ. |
| 2 | 2 | ബസ് സ്ററാൻഡ്-പള്ളിപ്പടി, മണക്കയം-കുരിശുംമൂട് ജങ്ഷൻ | 1.50 „ | 6 „ |
| 3 | 3 | ഡിപ്പോപടി-ഫാക്ടറിപടി | 1.30 „ | 8 „ |

| | | | | |
|---|---|---|---|---|
| 4 | 4 | കോതയാട്ടുപാറ-മന്നംമുക്ക് | .50 കി.മീ. | 6 മീ. |
| 5 | 5 | വയ്യാററുപുഴ-ഗുരുനാഥൻമണ്ണ് | 1.50 „ | 8 „ |
| 6 | 6 | വില്ലുന്നിപ്പാറ-പുലയൻപാറ, വെട്ടുമണ്ണിപടി- ഗിരിജൻ കോളനി . | 30 „ | 6 „ |
| 7 | 7 | നീലുപിലാവ്-കട്ടച്ചിറ കലുങ്ക് | 3.60 „ | 6 „ |
| 8 | 8 | ഇടുക്കി കോളനി- കൊടുമുടി S.T. കോളനി-പ്ലാൻേറഷൻ റോഡ് | 2.80 „ | 6 „ |
| 9 | 9 | വാലേൻപടി-കൊടുമുടി എസ്. ടി. കോളനി | 1.80 „ | 6 „ |
| 10 | 1 | H. S. S. മെയിൻ റോഡ് ഗേററ് മുതൽ ഓഫീസ്വരെ | 0.125 „ | 6 „ |

## VII റോഡ് വികസനം

ചുരുങ്ങിയത് പത്തടി വീതിയെങ്കിലുമുള്ള വഴികളെ റോഡുകൾ എന്നു വിളിക്കുന്നു. ടാർറോഡ്, മെററൽറോഡ്, മൺറോഡ് എന്നിങ്ങനെ റോഡുകളെ മൂന്നായി തിരിക്കുന്നു. ലഭ്യമായ ഫണ്ടിൻെറ ഭൂരിഭാഗവും ചിലവഴിക്കുന്നത് റോഡ്വികസനത്തിനാണ്. എന്നാൽ റോഡ് വികസനത്തെപ്പററി കാര്യമായ വിവരമില്ല. റോഡുകൾക്ക് പണം അനുവദിക്കുന്നത് അവയുടെ വീതികൂടി കണക്കിലെടുത്തിട്ടാണ് എന്നതിനാൽ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് കാണുന്നത് ഈ ലക്ഷ്യം മുൻനിറുത്തിയാണ്.

## VIII ജനകീയ പദ്ധതിയും ജനശക്തിയും

റോഡുകളുടെ വികസനത്തിന് നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ്. ശ്രമദാനംമൂലം പുതിയ റോഡുകളുടെ നിർമാണം നടത്താൻ കഴിയണം. പഞ്ചായത്തിൻെറ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിൻെറ ആവശ്യകതയും സുലഭമായ ആൾബലവും ഒരുമിച്ച് പരിഗണിക്കുമ്പോൾ നമ്മുടെ മാർഗം വ്യക്തമാകും. റോഡുകളുടെ നിർമാണത്തിന് ആകെവരുന്ന ചിലവിൻെറ മൂന്നിലൊന്ന് ഭാഗമെങ്കിലും ശ്രമദാനദിനങ്ങളിലൂടെ മാനുഷികവിഭവവും പൊതുസംഭാവനയും ചേർന്നതാകണം. എല്ലാ ഗ്രാമസഭകളും ഇക്കാര്യത്തിൽ ശ്രമദാനം സംഘടിപ്പിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത് ശുഭകരമാണ്.

## IX പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ കോളനികളിലേക്കുള്ള മൺറോഡുകൾ

1. ചിററാർ പാമ്പിനി പട്ടികവർഗ കോളനി റോഡ്
2. മണക്കയം കുമരംകുന്ന് പള്ളിപ്പടി പട്ടികവർഗ കോളനി റോഡ്
3. കോടാലിമുക്ക് കണ്ടത്തിൽപ്പടി പട്ടികജാതി കോളനി റോഡ്
4. പുലയൻ പാറ ജങ്ഷൻ പട്ടകജാതി കോളനി റോഡ്
5. നിലിപിലാവ് കട്ടച്ചിറ കുടപ്പനക്കുളം റോഡ്
6. കൊടുമുടി സ്കൂളിന് സമീപം, വടക്കേക്കരവഴി കൊടുമുടി പട്ടികവർഗ കോളനി റോഡ്
7. ഇടുക്കി കോളനി, കൊടുമുടി എസ്.ടി. കോളനി വഴി തെക്കേക്കര പ്ലാൻേറഷൻ റോഡ്
8. ചിററാർ S. N. D. P.പടി, വലിയ പാറക്കൽ എസ്.ടി. കോളനി

## X ലക്ഷംവീട് കോളനികളിലേക്കുള്ള റോഡുകൾ

1. ആലുങ്കൽ ജങ്ഷൻ, വളുങ്കൽപടി ലക്ഷംവീട് കോളനി
2. ചിററാർ ചതുപ്പ് ലക്ഷംവീട് കോളനി
3. വടക്കേക്കര മുസ്തഫാപടി ലക്ഷംവീട്
4. വയ്യാററുപുഴ-ലക്ഷംവീട് കോളനി

### അനുബന്ധം ബി

## XI പുതുതായി നിർമിക്കേണ്ട മൺറോഡുകൾ

| നമ്പർ | വാർഡ് | പേര് | കി. മീ. |
|---|---|---|---|
| 1 | 2 | പട്ടികജാതി സൊസൈററി പടി, കണ്ടത്തിൽ കുഞ്ഞുകുഞ്ഞ് പടി, സി. പി. വിശ്വൻപടി | .500 |
| 2 | 2 | മുക്കൻപാറപടി (തങ്കപ്പൻ), കണ്ടത്തിൽപ്പടി | .500 |
| 3 | 2 | കുമരംകുന്ന്, കൊല്ലൻപറമ്പിൽപടി | .600 |
| 4 | 4 | ആനപ്പാറ വടക്കേക്കര, കുറുങ്ങാലി അത്താപ്പടി മുതൽ വയ്യാററുപുഴ സ്കൂൾവരെ | 1.500 |
| 5 | 4 | 86-മുസ്ലിംപ്പള്ളിപടിമുതൽ മങ്കുഴി വടക്കേക്കര കാക്കനാട്പടിവരെ | 2.500 |
| 6 | 4 | കല്ലുപാലത്തിങ്കൽ സലിംപടി മുതൽ മങ്കുഴി ലക്ഷം വീട്വരെ | 2 |
| 7 | 4 | 86 പള്ളിപ്പടി റോഡിൽനിന്നും തോട്ടം 22.90 ബ്ലോക്കിലേക്ക് | 2.100 |
| 8 | 8 | വിളയിൽപ്പടിനിന്നും-കോടിയാട്ടുപടി വഴി, തെക്കേക്കര പ്ലാൻേറഷൻ | 1.000 |
| 9 | 9 | പാറയിൽപ്പടിനിന്ന് മക്കുവള്ളിയിലേക്ക് | .800 |
| 10 | 8 | കൊടുമുടി തേപ്പുകല്ലുങ്കൽ ഗോപാലൻപടി മുതൽ കൊടുമുടി പട്ടികവർഗ കോളനി തെക്ക് മലമുകളിൽകൂടി കിഴക്ക് കോടിയാട്ടു തോമസ് (തങ്കച്ചൻ) പടിവരെ | 2.500 |

## അനുബന്ധം എ

| വാർഡ് | കോഡ് | റോഡിൻെറ പേര് | ദൂരം / കി. മീ. | വീതി |
|---|---|---|---|---|
| I | 0101 | ആലുങ്കൽ ജംഗ്., വളവുങ്കൽപ്പടി | 1.135 | |
| | 0102 | ചിററാർ കുരിശുംമൂട്, ഹിന്ദി മുക്ക് | 1.4 | |
| | 0103 | പമ്പം ഹൗസ്, പാമ്പിനി ST കോളനി | 2.2 | |
| | 0104 | ഹിന്ദി മുക്ക്, പമ്പ്ഹൗസ് | 1.25 | |
| | 0105 | കുളത്തുങ്കൽപടി, ആലുങ്കൽ ജംഗ്ഷൻ | 1.00 | |
| | 0106 | ആലുങ്കൽ ജംഗ്ഷൻ, അഞ്ചുമുക്ക് | 1.5 | |
| | 0107 | അഞ്ചുമുക്ക്, ഫോറസ്ററ് ബൗണ്ടറി | 1.20 | |
| | 0108 | അഞ്ചുമുക്ക്, പാമ്പിനി ററി. വി. ജംഗ്ഷൻ | 1.200 | |
| | 0109 | 5 മുക്ക്, പാമ്പിനി ട്രാൻസ്ഫോർമർ ജംഗ്ഷൻ | 1.200 | |
| | 01010 | അഞ്ചുമുക്ക് 1-ാം ബ്ലോക്ക് | 0.900 | |
| | 01011 | അഞ്ചുമുക്ക്, രതിമന്ദിരം, ഫോറസ്ററ് ബൗണ്ടറി | 1.200 | |
| | 01012 | ആലുങ്കൽ ജംഗ്ഷൻ, പന്നിയാർ ചർച്ച് | 0.800 | |
| | 01013 | പന്നിയാർ പള്ളിപ്പടി, വലിയവീട്ടിൽപ്പടി | 1.000 | |
| | 01014 | പന്നിയാർ ചർച്ച്, താളിക്കല്ലുങ്കൽപ്പടി | 1.800 | |
| | 01015 | കമ്പകത്തുംപാറ, താളിക്കല്ലുങ്കൽപ്പടി | 1.800 | |
| | 01016 | വളവുങ്കൽപ്പടി, താളിക്കല്ലുങ്കൽപ്പടി | 0.800 | |
| | 01017 | വളവുങ്കൽ ജംഗ്ഷൻ, എഴിവീട്ടിൽപ്പടി | 1.165 | |
| | 01018 | ഇടുക്കി കോളനി, നെല്ലുകുത്തുംപാറ വഴി പൂവത്തുംതറപ്പടി | 0.800 | |
| | 01019 | 5 ഏക്കർ കോളനി, വാഴത്തോപ്പ് വഴി പുത്തൻപ്പുരക്കൽപ്പടി | 0.900 | |
| | 01020 | 5 ഏക്കർ കോളനി, പറക്കോടൻ വഴി വാളിപ്ലാക്കൽപ്പടി | 0.800 | |
| II | 021 | ചിററാർ ഡിപ്പോപ്പടി, മണക്കയം | 1.1800 | |
| | 0202 | മണക്കയം, പാമ്പിനി, വള്ളക്കടവ് | 1.100 | |
| | 0203 | ചിററാർ ബസ്സ്ററാൻഡ്, മണക്കയം വഴി പള്ളിപ്പടി | 1.500 | |
| | 0204 | പള്ളിപ്പടി, കുമരംകുന്ന് | 0.500 | |
| | 0205 | കുമരംകുന്ന് ST. കോളനി | 0.700 | |
| | 0206 | ഹിന്ദി മുക്ക്, മൂക്കൻപ്പാറപ്പടി | 0.600 | |
| | 0207 | ഹിന്ദി മുക്ക്, കെ. പി. എസ്. പടി | 0.500 | |
| | 0208 | കോടാലി മുക്കം, കണ്ടത്തിൽപ്പടി | 0.600 | |
| | 0208 | മാധവൻപിള്ള, കാവിൽപ്പടി | 0.500 | |
| III | 0301 | ചിററാർ, ഡിപ്പോപ്പടി, ഫാക്ടറിപ്പടി | 1.300 | 8 |
| | 0302 | ചിററാർ ചതുപ്പ് ഓ. എൽ. എച്ച്. കോളനി | 0.400 | 2 |
| | 0303 | ഡിപ്പോപ്പടി, പവ്വത്തിൽപ്പടി | 0.500 | 3 |
| | 0304 | ഈട്ടിച്ചുവട്, വാലേൽപ്പടി | 0.300 | 8 |
| IV | 0401 | ചിററാർ തോട്ടം, കോതേയാട്ടുപാറ | 0.500 | 6 |
| | 0402 | കോതേയാട്ടുപാറ, മന്നംമുക്ക് | 0.500 | 6 |
| | 0403 | മന്നംമുക്ക്, മീൻകുഴിതടം | 0.800 | 6 |
| | 0404 | ബെഞ്ചമൺപാറ, മീൻകുഴിതടം | 0.800 | 6 |
| | 0405 | ബഞ്ചമൺപാറ, മീൻകുഴി | 2.100 | |
| | 0406 | മീൻകുഴി, വയ്യാററുപുഴ | 1.200 | 8 |
| | 0407 | ചിററാർതോട്ടം, മീൻകുഴി | 0.950 | |
| | 0408 | ലക്ഷംവീട്, വടക്കേക്കര, മുസ്തഫപ്പടി | 2.000 | |
| | 0409 | ബഞ്ചമൺപാറ, കോതയാട്ടുപാറ | 2.100 | |
| | 04010 | 86 പടി, കാക്കനാട്ടുപടി | 2.000 | |
| V | 0501 | വയ്യാററുപുഴ, കുളങ്ങരവാലി | 3.800 | |
| | 0502 | വയ്യാററുപുഴ, കൊച്ചുകുളങ്ങരവാലി | 1.500 | |
| | 0503 | വയ്യാററുപുഴ, ഗുരുനാഥൻ മണ്ണ് | 3.500 | |
| | 0504 | തേരകത്തും മണ്ണ്, പുലയൻപാറ | 1.300 | |
| | 0505 | പുലയൻപാറ, വെട്ടിക്കനാൽപ്പടി | 1.000 | |
| | 0506 | വയ്യാററുപുഴ ഓ. എൽ. എച്ച്. കോളനി | 0.300 | |
| VI | 0601 | വയ്യാററുപുഴ, മൺപിലാവ് | 3.300 | |
| | 0602 | വില്ലൂന്നിപ്പാറ, പുലയൻപാറ, വെട്ടു മണ്ണിൽപ്പടി | 0.800 | |
| | 0603 | ചിററാർ തോട്ടം, മൺപിലാവ് | 3.300 | |
| | 0604 | മൺപിലാവ്, വടക്കേക്കര | 0.900 | |
| | 0605 | വില്ലൂന്നിപ്പാറ, പുലയൻപാറ | 2.500 | |
| | 0606 | വില്ലൂന്നിപ്പാറ 'എസ്' വളവ്, ആനപ്പാറത്തോട് | 1.100 | |
| | 0607 | പുലയൻപാറ P. W. D.റോഡ് മുതൽ ആമപ്പാറവരെ | 0.500 | |
| | 0608 | ഈട്ടിചുവട്, വില്ലൂന്നിപ്പാറ, ആറാട്ടുകുടുക്ക | 2.000 | |
| VII | 0701 | നീലുപിലാവ്, കട്ടച്ചിറ കലുങ്ക് | 3.600 | |
| | 0702 | നീലുപിലാവ്, കിഴക്കേക്കര | 1.400 | |
| | 0703 | നീലുപിലാവ്, ഇടനാട്ടിൽ പ്പടി | 0.900 | |
| | 0704 | മത്തിൽപ്പടി, കട്ടച്ചിറ, കുടപ്പനക്കുളം | 1.800 | |
| | 0705 | കുടപ്പനക്കുളം, വടക്കേക്കര | 1.400 | |
| | 0706 | കുടപ്പന, ഉള്ളർകാട്ടിൽ ശമുവേൽപ്പടി | 0.500 | |
| VIII | 0801 | പടേനിപ്പാറ, ഇടുക്കി കോളനി, കൊടുമുടി ST. കോളനി | 2.800 | |
| | 0802 | ഇടുക്കികോളനി, വെട്ടോലിപ്പടി | 1.800 | |
| | 0803 | പടയനിപ്പാറ, കൊടുമുടി ST., കോമളവിലാസം L P S വരെ | 1.400 | |
| | 0804 | പടയനിപ്പാറ, കുളിക്കടവ് | 0.400 | |
| | 0805 | പടയനിപ്പാറ, പുലിക്കൂട്ടുങ്കൽപ്പടി | 0.500 | |
| | 0806 | ചുണ്ടമണ്ണിൽപ്പടി, പ്ലാന്റേഷൻ റോഡ് | 0.850 | |
| | 0807 | പുതുക്കുളപ്പടി, മുരുപ്പേൻപ്പടി ലിങ്ക് റോഡ് | 0.258 | |
| IX | 0901 | വാലേൽപ്പടി, കൊടുമുടി ST. കോളനി | 1.800 | |
| | 0902 | ചിററാർ മാർക്കററ്, വാലേൽപ്പടി | 1.300 | |
| | 0903 | മാർക്കററ് തെക്കേക്കര | 1.600 | |
| | 0904 | തെക്കേക്കര കൂത്താട്ടുകുളം തോട്ടം | 0.400 | |
| | 0905 | കൂത്താട്ടുകുളം എൽ. പി. എസ്. തോട്ടം | 0.300 | |
| | 0906 | ഇരട്ടക്കിണററിൽപ്പടി, കൂത്താട്ടുകുളം തോട്ടം | 1.500 | |
| | 0907 | ചിററാർ S. N. D. P. വലിയപാറയ്ക്കൽ | 0.250 | |
| | 0908 | പാറയിൽപ്പടി, കാരികയം തോട്ടം | 0.500 | |
| | 0909 | പുലിവാരത്തിൽപ്പടി, കാരികയം തോട്ടം | 0.300 | |

# ഊർജ്ജം (ENERGY)

1974-ൽ ചിററാർ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതിയെത്തി. ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി കടന്നുവരുന്നതും കാത്ത് പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിലെ ജനങ്ങൾ വേഴാമ്പലിനെ പോലെ കാത്തിരിപ്പാണ്. പഞ്ചായത്തിൻെറ ഭൂപ്രദേശത്തെ 4272 വീടുകളിൽ '1660' വീടുകളിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളു. ഇപ്പോൾ പഞ്ചായത്തിൽ ഒരു 'OVERSEAR OFFICE' മാത്രമാണ് പ്രവർത്തിക്കുന്നത്. എന്നാൽ വിസ്തൃതമായ ഈ പഞ്ചായത്തിൻെറ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു അസി: എഞ്ചിനീയറുടെ കാര്യാലയം ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഇപ്പോൾ റാന്നിയിൽ സ്ഥാപിച്ചിട്ടുള്ള 110 'K. V.' Sub-Station ൽ നിന്നാണ് ഇവിടത്തേയ്ക്ക് വൈദ്യുതി എത്തുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കൾ കറൻറ് ചാർജ് അടയ്ക്കുന്നതിനുവേണ്ടി (18 കി.മീ.) അകലെ സ്ഥിതിചെയ്യുന്ന വടശ്ശേരിക്കര Major Section-Office-ൽ പോകേണ്ടിയിരിക്കുന്നു. 1600-ഓളം ഉപഭോക്താക്കളിൽ 95 ശതമാനവുംഗാർഹിക ഉപഭോക്താക്കളാണ്. കാർഷിക ഉപഭോക്താക്കൾ 3% ഉം വ്യാപാര ഉപഭോക്താക്കൾ 1.5% ഉം വ്യാവസായിക ഉപഭോക്താക്കൾ 0.5% ഉംആണ്.

അധികൃതരുടെ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിൽ നിലവിൽ '10' ട്രാൻസ്ഫോർമറുകൾ ആണ് ഉള്ളത്. പക്ഷേ, ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാതിയുള്ളവരാണ്. അതുകൊണ്ട് മിക്ക ഗ്രാമസഭകളിലും പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

വോൾട്ടേജ് ക്ഷാമം രൂക്ഷമായതുമൂലം ഒ. വൈ. ഇ. സി. സ്കീമിൽ പോലും വൈദ്യുതി കണക്ഷൻ നേടുവാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്.

ഓവർസിയർ ഓഫീസിലെ ജീവനക്കാരിൽ ഭൂരിഭാഗവും പഞ്ചായത്ത് അതിർത്തിക്ക് വെളിയിൽനിന്നുള്ളവരായതിനാൽ എല്ലാദിവസവും വൈകുന്നേരങ്ങളിൽ വൈദ്യുതിതടസം അനുഭവപ്പെടുന്നത് പരിഹരിക്കപ്പെടുവാൻ സാധിക്കുന്നില്ല. ഗ്രാമസഭകളിൽ ഉയർന്നുവന്ന മറെറാരു പരാതി ജീവനക്കാരുടെ അഴിമതിയെക്കുറിച്ചും കൈക്കൂലിയെപ്പററിയുമാണ്.

## I പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറും അവയുടെ കപ്പാസിററിയും

| നമ്പർ | കപ്പാസിററി | പേര് |
|---|---|---|
| I | 100 KVA | മൺപിലാവ് |
| II | 100 KVA | വയ്യാററുപുഴ ടൗൺ |
| III | 100 KVA | മീൻകുഴി |
| IV | 100 KVA | ചിററാർ എസ്റേററ് |
| V | 250 KVA | ചിററാർ ടൗൺ |
| VI | 100 KVA | പാമ്പിനി |
| VII | 100 KVA | പാമ്പിനി |
| VIII | 100 KVA | പാമ്പിനി |
| IX | 100 KVA | കാരികയം |
| X | 100 KVA | കൊടുമുടി |

പഞ്ചായത്ത് പ്രദേശത്ത് ആകെ (20 കി.മി.) '11 കെ.വി.' ലൈനുകളും 13 കി. മി. '3 ഫേസ്' ലൈനുകളും 150 കി. മി. 'സിംഗിൾ ഫേസ്' ലൈനുകളും ഉണ്ട്. പഞ്ചായത്തിൽ '8 ട്യൂബുകൾ' അടക്കം 250 സ്ട്രീററ് ലൈററുകളും ഉണ്ട്. ഇതിൽ ഭൂരിഭാഗവും പ്രവർത്തിക്കുന്നില്ല. സ്ട്രീററ് ലൈററുകളിൽ ഭൂരിഭാഗവും സ്ഥാപിച്ചിട്ടുള്ളത് കോളനികളിലാണ്.

## II പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.
2. ബോർഡിൻെറ അനാസ്ഥമൂലം പ്രസരണ നഷ്ടമാണ് ചിററാറിൽ നേരിടുന്ന വോൾട്ടേജ് ക്ഷാമത്തിന് പ്രധാന കാരണം.
3. പഞ്ചായത്തിൽ 6 പട്ടികജാതി, പട്ടികവർഗ കോളനികളിൽ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്. വൈദ്യുതീകരിച്ച കോളനികൾ പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടില്ല.
4. സമ്പന്ന കുടുംബങ്ങളിലെ സ്റെറപ്-അപ് ഉപയോഗം വോൾട്ടേജ് ക്ഷാമത്തിന് ഒരു കാരണമായിത്തീരുന്നു.
5. സ്ട്രീററ്ലൈററ് സ്ഥാപിച്ചിട്ടുള്ളത് വോൾട്ടേജ് കുറഞ്ഞ ബൾബുകളാണ്.

## III പരിഹാരമാർഗങ്ങൾ

1. വൈദ്യുതിയുടെ ഉപയോഗം വർദ്ധിച്ചുവരുന്ന ഈ കാലയളവിൽ സ്റെറപ്-അപ്പുകൾ മററ് ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ നിയന്ത്രണം ഇല്ലാത്ത ഉപയോഗം മററു വീടുകളിൽ വോൾട്ടേജ് കുറയാൻ കാരണമായിത്തീരുന്നു. വിതരണരംഗങ്ങളിൽ വരുന്ന തകരാറുകളും വൈദ്യുതി നഷ്ടത്തിനു കാരണമാകുന്നുണ്ട്. മരച്ചില്ലകളും മററും ലൈനുകളിൽ തട്ടി ഉണ്ടാകുന്ന പ്രസരണനഷ്ടം ഇവിടെ വൈദ്യുത വിതരണരംഗത്തെ സ്ഥിരം സംഭവങ്ങളാണ്. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുവാൻ മാത്രമായി പ്രത്യേക സംവിധാനം പ്രാദേശിക തലങ്ങളിൽ ഉണ്ടാകേണ്ടതാണ്.
2. പഞ്ചായത്തിലൂടെ കടന്നുപോകുന്ന 11 കെ. വി. ലൈനുകളുടെ സമീപം ട്രാൻസ്ഫോർമറുകൾ പുതിയതായി സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കാവുന്നതാണ്.

3. മിക്ക ഗ്രാമസഭകളിൽനിന്നും സ്ട്രീററ് ലൈററുകൾക്കു വേണ്ടി നീണ്ട പട്ടികകൾ സമർപ്പിച്ചിരിക്കുന്നു. വനങ്ങളാൽ ചുററപ്പെട്ട ഈ ഗ്രാമപ്രദേശവാസികൾക്ക് വന്യമൃഗങ്ങളുടെ ഉപദ്രവം നേരിടേണ്ടിവരുന്നു; ആയ തുകൊണ്ട് വഴിവിളക്കുകൾ, ട്യൂബ്, മെർക്കുറി ബൾബ്, സോഡിയം ബൾബ് തുടങ്ങിയവ സ്ഥാപിച്ച് പ്രശ്നപരിഹാരം ഉണ്ടാക്കേണ്ടതാണ്.
4. രാത്രികാലങ്ങളിൽ ഉണ്ടാകുന്ന വൈദ്യുതി തടസം പരിഹരിക്കുന്നതിന് സ്ഥിരം സംവിധാനം എന്ന നിലയ്ക്ക് ഒരു എ. ഈ. ഓഫീസ് സ്ഥാപിക്കണം. ഇതിൻെറ വാടക പഞ്ചായത്ത് നല്കാൻ സംവിധാനം ഉണ്ടാക്കണം.
5. ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് അടയ്ക്കുന്നതിന് സ്ഥിരം സംവിധാനം ചിററാറിൽ ഏർപ്പെടുത്തണം.
6. പഞ്ചായത്തിൻെറ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.
7. ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് ത്രീഫേസ് ലൈൻ ഇല്ലാത്തത് ഒരു തടസമായി നില്ക്കുന്നു; ആയതുകൊണ്ട് ആവശ്യമായ സ്ഥലങ്ങളിൽ ത്രീഫേസ് ലൈൻ വലിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.
8. പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ് ഫുഡ് പ്രൊഡക്ഷൻ ഏരിയ ആയതുകൊണ്ട് പഞ്ചായത്തുപ്രദേശത്ത് വിറക് ശേഖരിക്കുന്നതിന് ധാരാളം തടസങ്ങൾ ഉണ്ട്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം ഈ പ്രദേശങ്ങളിൽ കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നവർ 5%-ൽ താഴെ മത്രമേ വരൂ. ഈവക കാര്യങ്ങൾ മുൻനിർത്തി പഞ്ചായത്തിൽ ഒരു ഗ്യാസ് ഏജൻസി പൊതുമേഖലയിൽ ആരംഭിക്കേണ്ടത് അടിയന്തിരപ്രാധാന്യമർഹിക്കുന്നു.

   വടശ്ശേരിക്കര കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അനർട്ടിൻെറ പ്രവർത്തനം വളരെ അപര്യാപ്തമാണ്. വൈദ്യുതിക്ഷാമം രൂക്ഷമായ ഈ കാലയളവിൽ സോളാർ വിളക്കുകൾക്ക് ബുക്ക്ചെയ്ത് വർഷങ്ങൾ കാത്തിരിക്കേണ്ട ഗതികേടാണ് ഈ പ്രദേശവാസികൾക്ക്; ഇലക്ട്രോണിക് ചോക്ക് സി.എഫ് ബൾബ് എന്നിവ ആവശ്യത്തിന് വിതരണം ചെയ്യാൻ പ്രസ്തുത ഏജൻസിക്ക് കഴിയുന്നില്ല.

   പഞ്ചായത്തു കേന്ദ്രമാക്കി ഒരു പെട്രോൾ പമ്പ് അടിയന്തിരമായി തുടങ്ങേണ്ടതാണ്.
9. പഞ്ചായത്തിൽ അടിയന്തിരമായി വൈദ്യുതിലൈൻ വലിക്കേണ്ട പ്രദേശങ്ങൾ സംബന്ധിച്ച വാർഡ് തിരിച്ചുള്ള വിവരങ്ങളാണ് അടിയിൽ അനുബന്ധം എ പട്ടികയിൽപെടുത്തിയിരിക്കുന്നത്.
10. പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ബോർഡ് ഉപയോഗിച്ചിരിക്കുന്ന തടി പോസ്ററുകൾ അപകടകരമായി കാണുന്നു. അവ മാററി സ്ഥാപിക്കണം.

## IV സാധ്യതകൾ

പഞ്ചായത്ത് പ്രദേശത്ത് ധാരാളം മിനി വൈദ്യുത പദ്ധതി ആരംഭിക്കുന്നതിന് സാധ്യതയുണ്ട്. അത് അനുബന്ധം ബി.യിൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

ഇപ്പോൾ ചിററാർ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ രണ്ട് മിനി ജല വൈദ്യുത പദ്ധതിയുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്ത് പ്രദേശം ആയ ഊരാമ്പാറയിലും പടയണിപ്പാറയിലെ .മുതലവാരത്തും ആണ് 'ടെസിൽ' കമ്പനിവക പ്രോജക്ട് ആരംഭിച്ചിട്ടുള്ളത്.

ഇങ്ങനെ ഒട്ടനവധി പദ്ധതികൾ തുടങ്ങുന്നത് മൂലം ഈ പ്രദേശത്തെ വൈദ്യുതിപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

അനുബന്ധം (എ)

| നമ്പർ | വാർഡ് | പുതിയതായി ലൈൻ വലിക്കേണ്ട സ്ഥലങ്ങൾ |
|---|---|---|
| 1 | 1 | കാരികയം തേക്കുംമൂട്ടിൽപ്പടി മുതൽ പാർത്ഥസാരഥിക്ഷേത്രംവരെ |
| 2 | 1 | പാമ്പിനി അഞ്ചുമുക്ക് മുതൽ അണിയറപ്പടി ട്രാൻസ്ഫോർമർ JN.വരെ |
| 3 | 1 | കമ്പകത്തുംപാറ താളിക്കല്ലുങ്കൽപ്പടി |
| 4 | 1 | ഹരിജൻ കോളനി മുതൽ പാർത്ഥസാരഥി ക്ഷേത്രംവരെ |
| 5 | 2 | മണക്കയംപള്ളിപ്പടി റോഡുമുതൽ കുമരംകുന്ന് ഗിരിജൻ കോളനിവരെ |
| 6 | 2 | ഹിന്ദി മുക്ക് മുതൽ മൂക്കൻപാറപ്പടിവരെ |
| 7 | 2 | മണക്കയം കുരിശുംമൂട് മുതൽ എഴിവീട്ടിൽപ്പടിവരെ |
| 8 | 2 | കടപ്പറ ശശി വീടുമുതൽ കുമരം കുന്ന് ഗിരിജൻ കോളനിവരെ |
| 9 | 3 | S. N. D. P. മന്ദിരം മുതൽ ലക്ഷംവീട് വരെ |
| 10 | 4 | മീങ്കുഴി ലക്ഷംവീട് മുതൽ മീങ്കുഴി വടക്കേക്കരവരെ |
| 11 | 4 | ആനപ്പാറ വടക്കേക്കര കൊടിത്തോപ്പുവരെ |
| 12 | 4 | ബാലവാടി മുതൽ വാർഡ് മെമ്പറുടെഭാഗം വരെ |
| 13 | 4 | മുസ്ലീംപള്ളിമുതൽ ആനപ്പാറ തോട്ടംവരെ |
| 14 | 4 | കോതയാട്ടുപാറ വൈദ്യുതീകരിക്കുക |
| 15 | 6 | വില്ലൂന്നിപ്പാറ 1-ാം വളവുമുതൽ 15 വീടുകൾക്ക് |
| 16 | 6 | ഇട്ടിച്ചുവടുമുതൽ ആറാട്ടുകുടുക്കവരെ .500 കി.മി. |
| 17 | 6 | പമ്പാടിപ്പടിമുതൽ പുലയൻപാറ എക്രോച്ച്വരെ |
| 18 | 6 | മൺപിലാവ് വടക്കേക്കര |
| 19 | 8 | കൊടുമുടി വിളയിൽപ്പടി മുതൽ കോടിയാട്ടുപടിവരെ |
| 20 | 9 | പാറയിൽപ്പടി JN. മുതൽ പ്ലാൻേറഷൻ വരെ 20% 700 M |
| 21 | 9 | വാലയിൽപ്പടി മുതൽ പാറയിൽപ്പടി വരെ |
| 22 | 8 | കൊടുമുടി വടക്കേക്കര റോഡുവഴി |
| 23 | 8 | പടയണിപ്പാറ കുളിക്കടെവ് റോഡ് മുതൽ മുതവാല വാര വരെ P.W. D. റോഡിൽ വൈദ്യുതിലൈൻ വലിച്ച് |

9-ാം വാർഡിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് വാർഡിൽകൂടി കടന്നുപോകുന്ന 11 കെ. വി. ലൈൻ സമീപ മായി കുറഞ്ഞ കപ്പാസിററിയുള്ള ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന് വാർഡ് ഗ്രാമസഭയിൽനിന്ന് ആവശ്യം ഉയർന്നു. ഇതിന് 85,000/- രൂപ ചിലവ് വരും എന്ന് ബോർഡ് പറയുന്നു. ഇതിൽ 30% തുക വാർഡിൽനിന്നും സംഭാവന യായി നല്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്.

V അനുബന്ധം ബി.

**പഞ്ചായത്ത് പ്രദേശത്ത് പുതിയതായി ആരംഭിക്കുവാൻ സാധ്യതയുള്ള മിനി വൈദ്യുതി പദ്ധതികളുടെ വിവരണം**

| ക്രമ നമ്പർ | വാർഡ് | സ്ഥലത്തിൻെറ പേര് | ശ്രോതസ് |
|---|---|---|---|
| 1 | 1 | ചതുരകള്ളിപാറ | കാററ് |
| 2 | 1 | കമ്പകത്തും പാറ | കാററ് |
| 3 | 2 | നെല്ലുകുത്ത് പാറ (കുമരംകുന്ന്) | കാററ് |
| 4 | 4 | കോതയാട്ടുപാറ | കാററ് |
| 5 | 4 | മീൻകുഴി വടക്കേക്കര പാറ | കാററ് |
| 6 | 6 | മീന്തൻ അരുവിയിൽ ഡാം | ജലം |
| 7 | 5 | കെട്ടികുളങ്കരവാലി കിഴക്ക് ചെക്ക് ഡാം | ജലം |
| 8 | 7 | മച്ചി മറുപ്പേൽ പടിയിൽ ഡാം | ജലം |
| 9 | 7 | കോയിക്കൽ പടിക്കൽ ചെക്ക് ഡാം | ജലം |
| 10 | 7 | അടുവലുയിലെ പടയനിപാറയിൽ | കാററ് |
| 11 | 7 | കുടപ്പന, കട്ടച്ചിറ, അരുവിക്കര ചെക്ക് ഡാം | ജലം |
| 12 | 8 | പടയനിപാറ | കാററ് |
| 13 | 6 | വില്ലുന്നിപാറ | കാററ് |
| 14 | 8 | പടയനിപ്പാറ, കൊടുമുടിതോട്ടിൽ പത്തനാപുരം അരുവി | ജലം |
| 15 | 8 | കൊടുമുടി അരുവിയിൽ മിനി ജല വൈദ്യുത പദ്ധതി | ജലം |

## മാർക്കററ്

ചിററാർ പഞ്ചായത്തിൽ നിലവിൽ ചിററാർ കേന്ദ്ര മാക്കിയുള്ള വിപണനകേന്ദ്രങ്ങൾ ആണ് ഉള്ളത്. വിസ്തൃതമായ പഞ്ചായത്തിൻെറ വിവിധകേന്ദ്രങ്ങളിൽ കാർഷിക വിപണനകേന്ദ്രങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. റബ്ബർ, നാളികേരം, നേന്ത്രവാഴ, കശുവണ്ടി, അടയ്ക്ക, കിഴങ്ങു വർഗങ്ങൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവയാണ് പ്രധാന പ്പെട്ട കാർഷികവിളകൾ. ഇവയിൽ പ്രധാന ഉല്പന്നമായ റബ്ബറിന് പൊതുവിപണിയും സഹകരണവിപണിയും നിലവിൽ ഉണ്ടെങ്കിലും വിപുലമായ ശൃംഗല ഇല്ലെന്ന താണ് വസ്തുത.

കാർഷികോല്പന്നങ്ങളും അവയുടെ മാർക്കററിംഗ് പ്രശ്നങ്ങളും നിവാരണ നിർദേശങ്ങളും.

(അവലംബം: ഗ്രാമസഭ റിപ്പോർട്ട്)

1. വയ്യാററുപുഴയിൽ പൊതുമാർക്കററ് ആരംഭിക്കുക
2. ചിററാർ മാർക്കററിലെ കന്നുകാലി ചന്ത മാസത്തിൽ രണ്ടു തവണയാക്കുക
3. കൊടുമുടി, കട്ടച്ചിറ, നീലിപിലാവ്, മണക്കയം എന്നിവിടങ്ങളിൽ സഹകരണ മാർക്കററിംഗ് ഡിപ്പോകൾ പ്രവർത്തിപ്പിക്കുക.
4 ചിററാർ മാർക്കററിലെ മത്സ്യ വിപണി സൗകര്യ പ്രദമായ സ്ഥലത്തേക്ക് മാററി സ്ഥാപിക്കുക.
5. കൃഷിഭവൻെറ ആഭിമുഖ്യത്തിലുള്ള പച്ചക്കറി വിപണനകേന്ദ്രങ്ങൾ പഞ്ചായത്തിൻെറ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തനം ആരംഭിക്കുക.
6. ചിററാർ മാവേലി സ്റേറാറിൻെറ പ്രവർത്തനം കാര്യ ക്ഷമമാക്കണം. പ്രവൃത്തിസമയം വർദ്ധിപ്പിക്കണം.
7. കോലിഞ്ചി വിപണനരംഗത്തെ തടസങ്ങൾ മാററണം.
8. നാളികേരം, നേന്ത്രക്കായ്, അടയ്ക്ക, കശുവണ്ടി, കൊക്കോ എന്നിവയ്ക്ക് സഹകരണമാർക്കററ് സൗകര്യം ഉണ്ടാകണം.

# 5.7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെ പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് ചിററാർ. ഗൾഫ് പണത്തിൻെറ സ്വാധീനം ഈ പഞ്ചായത്തിൻെറ സാമ്പത്തികമേഖലയിൽ ഏറെ പ്രതിഫലിച്ചിട്ടുണ്ടെങ്കിലും ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഭവനനിർമാണത്തിനാണ് മുഖ്യമായും പണം ചെലവഴിച്ചിട്ടുള്ളത്. ചെറിയൊരു ഭാഗം റബ്ബർതോട്ടം വാങ്ങുന്നതിനും ചെലവഴിച്ചിട്ടുള്ളതായും കാണുന്നു.

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ടുതന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും, ലക്ഷംവീടുകൾ, പട്ടികജാതി, പട്ടികവർഗകോളനികൾ എന്നിവിടങ്ങളിലെ സ്ഥിതി ശോചനീയമാണ്.

പഞ്ചായത്തിലെ 4272 വീടുകളിൽ 963 വീടുകൾ ഭേദപ്പെട്ടതും 2169 വീടുകൾ ഇടത്തരവും ബാക്കി 1140 വീടുകൾ കുടിലുകളും ഓലമേഞ്ഞതുമാണ്. ഭവനനിർമാണരംഗത്ത് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ജില്ലാസഹകരണ ബാങ്കിൻെറ ചിററാർശാഖയിൽനിന്നും പരിമിതമായ വായ്പ വീടുനിർമാണത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. കോന്നിയിലുള്ള ഹൗസിംഗ് സൊസൈററി, റാന്നി താലൂക്ക് റൂറൽ ഹൗസിംഗ് സഹകരണസംഘം എന്നിവയാണ് മററ് ഏജൻസികൾ. എന്നാൽ, അമിതമായ പലിശയും സങ്കീർണമായ ജാമ്യവ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പകൾ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്. നല്ലൊരു വിഭാഗം ഭവനരഹിതർക്കും കൈവശഭൂമിക്ക് അവകാശ സർട്ടിഫിക്കററ് ഇല്ലാത്തതും വായ്പ ലഭിക്കുന്നതിന് വിഘാതമായിട്ടുണ്ട്.

ഭവനവായ്പകൾ സാധാരണക്കാരനും ലഭിക്കത്തക്കവിധത്തിൽ ഭവനവായ്പാവ്യവസ്ഥകൾ ഉദാരമാക്കേണ്ടതാണ്. അതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പരിഗണിക്കാവുന്നതാണ്:

1. നിർമിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
2. പലിശനിരക്ക് 12 ശതമാനമായി നിജപ്പെടുത്തുക.
3. പ്ലോട്ട് അടിസ്ഥാനത്തിൽ തവണവ്യവസ്ഥയോടുകൂടി വീട് നിർമിച്ച് നല്കുക.
4. നിർമാണസാമഗ്രികളും സാങ്കേതികവിദ്യയും വായ്പാസ്ഥാപനങ്ങളിൽകൂടി ലഭ്യമാക്കുക.

ഈ പഞ്ചായത്തിൽ 1140 കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണെന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിൻെറ എണ്ണം വളരെ പരിമിതമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

സർക്കാർഭവനനിർമാണബോർഡുവഴി ദുർബല-ഇടത്തരം വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവനവായ്പ ദുർബലവിഭാഗക്കാർക്ക് മാത്രമായും അതു

വിരലിലെണ്ണാവുന്നവർക്ക് മാത്രവുമാണ് ലഭിക്കുന്നത്.

ദുർബലവിഭാഗക്കാർക്ക് വീട് വയ്ക്കാനും ഇടത്തരക്കാർക്ക് നിർമാണത്തിനും പുതുക്കിപ്പണിയാനുമുള്ള സഹായങ്ങളോ, വായ്പകളോ ലഭ്യമാവാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതുവെ പൊതുപ്രവർത്തനത്തിൽ വേണ്ടത്ര ഉത്സാഹം കാണുന്നില്ല. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിടപ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ പ്രത്യുത്പാദനരംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും സമസ്തജനവിഭാഗങ്ങളെയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ വിവിധ പദ്ധതികൾപ്രകാരം നിർമിച്ച വീടുകളുടെ വിവരപട്ടിക താഴെ കൊടുക്കുന്നു:

പട്ടിക I

ചിററാർ പഞ്ചായത്ത് ഭവനലഭ്യതാ പട്ടിക

| വർഷം | RLEGP | NREP | IAY | MWS | JRY | ആകെ |
|---|---|---|---|---|---|---|
| 1984-85 | 10 | 5 | - | - | - | 15 |
| 1985-86 | 20 | 30 | - | - | - | 50 |
| 1986-87 | 10 | | - | - | - | 10 |
| 1987-88 | 10 | 3 | - | - | - | 13 |
| 1988-89 | 17 | 27 | | | | 44 |
| 1989-90 | | | - | - | 7 | 7 |
| 1990-91 | | | 9 | 28 | | 37 |
| 1991-92 | | | | 6 | 17 | 23 |
| 1992-93 | | | | 1 | 5 | 6 |
| 1993-94 | | | | 18 | 1 | 19 |
| 1994-95 | | | | 20 | 7 | 27 |
| 1995-96 | | | 33 | | | 33 |
| 96-97 | | | 29 | | 2 | 31 |
| ആകെ | 67 | 65 | 71 | 73 | 39 | 315 |

വിവിധ സ്കീം അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ 1996-97 വരെ 315 വീടുകളാണ് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഭവനനിർമാണ ബോർഡുവഴി ദുർബലവിഭാഗങ്ങൾക്ക് നല്കുന്ന വായ്പയും സഹായങ്ങളും വർധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവനനിർമാണസാമഗ്രികളുടെ അമിതമായ വിലക്കയററം കാരണവും കൂലിനിരക്കിലെ ക്രമാതീതമായ വർധനവും നിമിത്തം പാവപ്പെട്ടവന്റെ സ്വന്തമായൊരു വീട് എന്ന ആഗ്രഹം വെറും ആഗ്രഹമായി ശേഷിക്കവെ കിട്ടിയ ആനുകൂല്യങ്ങൾകൊണ്ട് വീട് നിർമിക്കാനും പണിപൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്.

പഞ്ചായത്തിൽ നിലവിൽ 5 ലക്ഷംവീട് കോളനികളുണ്ട്. 200-ൽ അധികം കുടുംബങ്ങൾ ഈ കോളനികളിൽ താമസിക്കുന്നു. ഭൂരിഭാഗവും നിലവിൽ വാസയോഗ്യമായിട്ടുള്ള വീടുകൾ ഇല്ലാത്തവരാണ്. 20 വർഷത്തിലേറെ പഴക്കമുള്ള ഈ കോളനികളിലെ വീടുകളിൽ യാതൊരുവിധമായ അററക്കുററപ്പണികളും നടത്തുന്നതിന് നാളിതുവരെ കഴിഞ്ഞിട്ടില്ല. സ്വന്തമായി നിർമിച്ച കുടിലുകളിലാണ് ഭൂരിഭാഗവും വസിക്കുന്നത്.

നിലവിലുള്ള 12 പട്ടികജാതികോളനികളിലായി 657 കുടുംബങ്ങൾ അധിവസിക്കുന്നുണ്ട്. ഇവരിൽ നല്ലൊരു വിഭാഗത്തിനും നിലവിൽ വാസയോഗ്യമായിട്ടുള്ള വീടുകൾ ഇല്ല. 4 പട്ടികവർഗകോളനികളിലും പാർപ്പിട പ്രശ്നം പൂർണമായി പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല. ചിററാർ എസ്റേററിൽനിന്നും പിരിച്ചുവിട്ടിട്ടുള്ള 80-ൽ പരം പട്ടികജാതികുടുംബങ്ങൾക്കും പാർപ്പിടം നിർമിച്ചു നല്കേണ്ട ചുമതല കൂടി പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നു.

കൂലിനിരക്കിലെയും അതിനെക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലക്കയററവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നല്കുന്ന വായ്പയും സഹായങ്ങളും പൂർണമായി പ്രയോജനപ്പെടുത്തുന്നതിന് കഴിയാതെവരുന്നു. റവന്യൂവകുപ്പ് വഴി പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസപദ്ധതിയുടെ ആനുകൂല്യവും വളരെ പരിമിതമായ രീതിയിൽ മാത്രമേ പഞ്ചായത്തിൽ ലഭിക്കുന്നുള്ളൂ.

പഞ്ചായത്തിലെ കുടിലുകൾ മാററിയെടുക്കലും ഭവനരഹിതർക്ക് വീട് നിർമിച്ചു നല്കാനും സർക്കാർ

വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾകൊണ്ടും സഹായങ്ങൾകൊണ്ടും പൂർണമായി കഴിയില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. വാർഡുതലത്തിൽ ബൃഹത്തായ പദ്ധതിക്കേ ഇത് മാററിയെടുക്കാൻ കഴിയൂ. ഇതിനായി വാർഡുതലത്തിൽ ഗുണഭോക്താക്കളെയും സന്നദ്ധസംഘടനകളെയും സംയുക്തമായി വിളിച്ചുചേർത്ത് ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർഫണ്ടിന് പുറമെ സാധനങ്ങളും അധ്വാനവും സംഭാവനവഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

പാർപ്പിടരംഗത്തെ സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെപ്പറയുന്ന നിർദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1 പഞ്ചായത്തുതലത്തിൽ ഭവനനിർമാണസഹകരണ സംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക. സർക്കാർപദ്ധതികൾ പഞ്ചായത്തിലേക്കെത്തിക്കുന്ന ഏജൻസിയായി (സന്നദ്ധസംഘടന) ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

2. കെട്ടിടനിർമാണസാമഗ്രികൾ നിയന്ത്രിതവിലയ്ക്ക് വിതരണം ചെയ്യുക.

3. സർക്കാർ ലഭ്യമാക്കുന്ന വായ്പയ്ക്കുള്ള സാങ്കേതികവും (കൈവശഭൂമിക്ക് പട്ടയം, കൈവശരേഖ എന്നിവ ഇല്ലാത്തത്) സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

(എ) അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക.

(ബി) റജിസ്ട്രാഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.

(സി) കാലതാമസം ഒഴിവാക്കുക.

(ഡി) സ്റേറജ് സർട്ടിഫിക്കററ് നല്കാനുള്ള അധികാരം പഞ്ചായത്ത് മെമ്പർമാർക്ക് നല്കുക.

(ഇ) പട്ടയഭൂമിയിലെ മരം മുറിച്ച് വീട് നിർമിക്കുന്നതിന് അനുവദിക്കുക.

4. ചിലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നല്കുക.

5. നിർമാണച്ചെലവ് 3 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വീടുകൾക്ക് ആഡംബരനികുതികൂടി ചുമത്തുക.

6. അശാസ്ത്രീയമായ നിർമാണരീതികൾ അവസാനിപ്പിക്കുന്നതിന് അംഗീകൃതപ്ലാൻ പ്രകാരം കെട്ടിടനിർമാണം ആരംഭിക്കുക.

7. പ്രകൃതിക്ഷോഭ പുനരധിവാസപദ്ധതി അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാക്കുക.

8. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമാണവായ്പയും സഹായവും നിർമാണച്ചെലവുകൾക്ക് അനുസരിച്ച് ശാസ്ത്രീയമായി നിർണയിക്കുക.

9. പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ഫ്ലാററുകൾ നിർമിച്ച് തവണവ്യവസ്ഥയിൽ ഇടത്തരം ഗുണഭോക്താക്കൾക്ക് നല്കുക.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമി, സർക്കാർ പുറമ്പോക്ക് ഭൂമി, പഞ്ചായത്ത് ലീസ്ഭൂമി എന്നിവ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

കോളനികളുടെ പാർപ്പിടപ്രശ്നം സങ്കീർണമായ മററ് പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. കൊച്ചുകൂരകളുടെ ബാഹുല്യമാണ് ഇതിനു കാരണം. വീടുകൾ തൊട്ടുതൊട്ടു കിടക്കുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കോളനികളിൽ ഫ്ലാററ് സമ്പ്രദായം നടപ്പിലാക്കുന്നത് പരിശോധിക്കേണ്ടതുണ്ട്.

അടുത്ത 5 വർഷംകൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണമല്ലെങ്കിലും പരമാവധി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ കൂട്ടായി നടത്തണം.

ചിററാർ പഞ്ചായത്തിൽ പുതിയതായി നിർമിക്കേണ്ട വീടുകൾ വാർഡ് അടിസ്ഥാനത്തിൽ

| വാർഡുകൾ | നിർമിക്കേണ്ട വീടുകൾ | വാർഡുകൾ | നിർമിക്കേണ്ട വീടുകൾ |
|---|---|---|---|
| 1 | 150 | 6 | 112 |
| 2 | 49 | 7 | 280 |
| 3 | 100 | 8 | 112 |
| 4 | 185 | 9 | 32 |
| 5 | 120 | | |
| | | | ആകെ 1140 |

(അവലംബം ഗ്രാമസഭ റിപ്പോർട്ട്)

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യനിർമാർജനപദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണമായും കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര്യനിർമാർജനപദ്ധതിയും തൊഴിലാളി-തൊഴിലുടമാസഹകരണത്തോടെ ക്ഷേമനിധിബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതിവികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതിവികസന കോർപ്പറേഷനും പട്ടികവർഗ വികസനത്തിനും ക്ഷേമത്തിനും പട്ടികവർഗ വികസനകോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാവികസനകോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര്യനിർമാർജനപദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയ തോതിലല്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാവുന്നത്. മററ് പദ്ധതികളും പഞ്ചായത്തിൽ നാമമാത്രമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ധനകാര്യസ്ഥാപനങ്ങളുടെ നിഷേധപരമായ സമീപനം, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക തടസ്സങ്ങൾ എന്നിവ എടുത്തുപറയേണ്ടതാണ്.

തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധികൾ തോട്ടംമേഖലയിൽ മാത്രമായി ചുരുങ്ങുന്നു. പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾ, കെട്ടിട നിർമാണത്തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ, കരിങ്കൽക്വാറിത്തൊഴിലാളികൾ, തയ്യൽത്തൊഴിലാളികൾ എന്നീ മേഖലകളിലും ക്ഷേമനിധിയുണ്ട്. എന്നാൽ എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതിവികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള ഓഫീസ് പന്തളത്താണ്. നാമമാത്രമായ സഹായമേ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളു. പട്ടികവർഗവികസനകോർപ്പറേഷൻ ആസ്ഥാനം തൃശൂരാണ്. ഭാഗികമായി മാത്രമേ സഹായം പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളു.

വനിതാവികസനകോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണസ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. വനിതകൾക്ക് അന്യമാണ് ഈ കോർപറേഷൻ എന്ന് പ്രവർത്തനവിലയിരുത്തലിൽ കാണുന്നു.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് റാന്നി ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസിന് താഴെയുള്ള ചിററാർ, വയ്യാററുപുഴ എന്നീ രണ്ടു വില്ലേജ് എക്സ്ററൻഷൻ ഓഫീസുകൾ വഴിയാണ്. രണ്ട് സർക്കിളുകളിലൂടെ നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തപ്പെടണമെങ്കിൽ ഗുണഭോക്താക്കളിൽനിന്നും വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നു.

രണ്ടു വി.ഇ.ഒ. സർക്കിളുകൾവഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദമായിത്തന്നെ താഴെ പ്രതിപാദിക്കുന്നു. പ്രസ്തുത പദ്ധതികൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്താനാവശ്യമായ നിർദേശങ്ങൾ ഉൾപ്പെടെ ചേർക്കുന്നു.

പട്ടിക നമ്പർ -1

ഐ.ആർ.ഡി.പി. സർവെ സഹായലഭ്യതാകണക്ക്

ചിററാർ വി.ഇ.ഒ. സർക്കിൾ

| വർഷം | എണ്ണം | സബ്സിഡി തുക | വായ്പതുക |
|---|---|---|---|
| 92-93 | 17 | 44057 | 69914 |
| 93-94 | 19 | 53762 | 83014 |
| 94-95 | 23 | 95770 | 176744 |
| 95-96 | 18 | 53828 | 91588 |

ചിററാർ വി.ഇ.ഒ. സർക്കിളിൽ 1992-ലെ ഐ.ആർ.ഡി.പി. സർവെയിൽ 880 കുടുംബങ്ങളും 95ലെ അഡീഷണൽ സർവെയിൽ 314 കുടുംബങ്ങളും ഉൾപ്പെടെ 1194 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണ്ടെത്തി. 92 മുതൽ 96വരെയുള്ള കാലയളവിൽ 77 കുടുംബങ്ങൾക്കായി സബ്സിഡിയും വായ്പയുമായി 668677 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്ത മാക്കുന്നു.

പട്ടിക

വയ്യാറ്റുപുഴ സർക്കിൾ ഐ.ആർ.ഡി.പി. സഹായ ലഭ്യതാ കണക്ക്

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 92-93 | 15 | 50591 | 64945 |
| 93-94 | 26 | 88752 | 115124 |
| 94-95 | 19 | 73975 | 129200 |
| 95-96 | 13 | 63268 | 128900 |

വയ്യാററുപുഴ വി.ഇ.ഒ സർക്കിളിൽ 92-ലെ സർവെയിൽ 854 കുടുംബങ്ങളും 95-ലെ അഡീഷണൽ സർവെയിൽ 287 കുടുംബങ്ങളും ഉൾപ്പെടെ 1141 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത ഐ.ആർ.ഡി.പി. സർവെകളിൽ കണ്ടെത്തിയ കുടുംബങ്ങളിൽ 73 കുടുംബങ്ങൾക്കായി 92 മുതൽ 96 വരെ കാലയളവിൽ സബ്സിഡിയും വായ്പയുമായി 714755 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

ഈ പദ്ധതികളെക്കുറിച്ചുള്ള സർക്കാരിൻെറ നിർവചനം കാലോചിതമായ മാററത്തിന് വിധേയമാക്കേണ്ടതാണ്. ഐ.ആർ.ഡി.പി. സർവെ ലിസ്ററിൽ ഉൾപ്പെടുത്തേണ്ട കുടുംബങ്ങളുടെ വാർഷിക വരുമാന പരിധി 25000 രൂപയായി ഉയർത്തേണ്ടതാണ്.

ചിററാർ പഞ്ചായത്തിൽ നിലവിലുള്ള 9 വാർഡുകളിൽ ഏഴ് വാർഡുകളിൽ ഗവൺമെൻറ് സഹായധനമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ചുമതലയുള്ള ചിററാർ ഫെഡറൽ ബാങ്കിനാണ്. എന്നാൽ ബാങ്കിൻെറ ഈ രംഗത്തുള്ള പ്രവർത്തനം ഒട്ടും ആശ്വാസകരമല്ല.

പദ്ധതികൾക്ക് ആവശ്യമായ വായ്പ നല്കുന്നതിൽ കാലതാമസം വരുത്തുക, സാങ്കേതിക തടസങ്ങൾ ഉന്നയിക്കുക തുടങ്ങിയ നടപടികൾമൂലം കാലാകാലങ്ങളിൽ സർക്കാരിൽനിന്നും ദുർബല ജനവിഭാഗങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക ലഭിക്കാതെ പോകുന്നതായി കാണുന്നു. ബാങ്കിൻെറ പ്രവർത്തനരീതിയിൽ കാര്യമായ മാററം ആവശ്യമായിരിക്കുന്നു. നീലിപിലാവ്, കട്ടച്ചിറ, കൊടുമുടി, കാരികയം മേഖലകളിൽ വടശേരിക്കര സ്റേററ് ബാങ്കിൽ നിന്നുമാണ് ഇത്തരം വായ്പകൾ നല്കുന്നത്. ധനകാര്യ സ്ഥാപനത്തിൽനിന്നുള്ള ദൂരക്കൂടുതൽ വായ്പ നല്കുന്നതിനെയും തിരിച്ചടവിനെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. ചിററാറിൽ സ്റേററ് ബാങ്കിൻെറ ഒരു ശാഖ ആരംഭിക്കേണ്ടത് ആവശ്യമാണ്. വയ്യാററുപുഴ സർവീസ് സഹകരണ ബാങ്കിന് എല്ലാ വാർഡുകളിലും പ്രവർത്തനപരിധിയുണ്ടെങ്കിലും കാര്യമായ പ്രയോജനം ഗുണഭോക്താക്കൾക്ക് ഈ രംഗത്ത് ലഭിക്കുന്നില്ല.

ധനകാര്യസ്ഥാപനങ്ങളിൽനിന്നും പദ്ധതിപ്രകാരമുള്ള ആവശ്യങ്ങൾക്ക് വായ്പയും സഹായധനവും ലഭിക്കുന്ന ഗുണഭോക്താക്കളിൽ നല്ലൊരു വിഭാഗം പദ്ധതി ലക്ഷ്യങ്ങളിൽനിന്നു വ്യതിചലിക്കുന്ന പ്രവണത കാട്ടുന്നതായും കാണുന്നു. ജനകീയ ബോധവത്കരണം വാർഡുതലത്തിൽ ആവശ്യമായിരിക്കുന്നു. ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷംതോറും സർവെ നടത്തേണ്ടതും ആവശ്യമാണ്.

## ഡി. ഡബ്ല്യു.സി. ആർ. എ.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഡി ഡബ്ല്യു സി ആർ എ.

പട്ടിക

ഡി ഡബ്ല്യു സി ആർ എ സഹായലഭ്യതാകണക്ക് (ചിററാർ പഞ്ചായത്ത്)

| വർഷം | അംഗങ്ങളുടെ എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 1994-95 | 10 | 32600 | 45550 |
| 1994-95 | 8 | 34000 | 62000 |
| 1995-96 | 8 | 18332 | 21668 |

ഒന്നാം വാർഡിലെ (പാമ്പിനി) ആടു വളർത്തൽ, വാഴക്കൃഷി യൂണിററും 9-ാം വാർഡിലെ തേനീച്ച വളർത്തൽ യൂണിററും 8-ാം വാർഡിലെ പശുവളർത്തൽ യൂണിററും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. വയ്യാററുപുഴ വി.ഇ.ഒ. സർക്കിളിൽ മീൻകുഴി മെററൽ ക്രഷിംഗ് യൂണിററും പ്രവർത്തിക്കുന്നു.

താത്പര്യമുള്ളവരെ കണ്ടെത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ യൂണിററുകൾ ആരംഭിക്കാൻ ശ്രദ്ധിക്കണം. യൂണിററുകളുടെ പ്രവർത്തനം വിലയിരുത്താനും ആവശ്യമായ സഹായം നല്കാനും അതത് പ്രദേശത്തെ സന്നദ്ധ സംഘടനാപ്രവർത്തകരടങ്ങുന്ന ഒരു കമ്മററി രൂപീകരിക്കണം. ഈ സ്കീമിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കററ് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഇതിലൂടെയുള്ള ഉല്പന്നങ്ങൾ സർക്കാർ ഏജൻസികൾ മുഖേന വിററഴിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

## ട്രൈസം

18 മുതൽ 35 വയസ്സു വരെയുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നല്കുന്നതാണ് ട്രൈസം. 1992-93 മുതൽ 1995-96 വരെ ചിററാർ പഞ്ചായത്തിൽ നിന്നും 26 പേർക്ക് പരിശീലനം നല്കിയതായി കണക്കുകൾ വ്യക്തമാക്കുന്നു. ഈ പരിശീലനം ലഭിക്കുന്നവർക്ക് തുടർന്നു യോഗ്യതഅടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലയെന്നത് ഈപദ്ധതിയുടെ ഒരു പോരായ്മയാണ്. അനുയോജ്യമായ തൊഴിലിൽ പരിശീലനം നല്കാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും കഴിയണം. വളരെ ചുരുക്കം ചിലർക്കു മാത്രമേ ഈ പദ്ധതിയിൽ പരിശീലനം ലഭിക്കുന്നുള്ളു. പഞ്ചായത്തിൽനിന്നും കൂടുതൽപേർക്ക് പരിശീലനം ലഭിക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

## ടൂൾ കിററ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾ കിററ്. 1992-93 മുതൽ 1995-96 വരെ 15 പേർക്ക് ഉപകരണങ്ങൾ നല്കിയതായി കാണുന്നു.

## സി.ആർ.എസ്.പി. കക്കൂസുകൾ

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നല്കുന്ന പദ്ധതിയാണ് സി.ആർ.എസ്. പി. 1991-92 മുതൽ 1995-96 കാലയളവിൽ ചിററാർ പഞ്ചായത്തിൽ 54 പേർക്ക് 108000 രൂപയുടെ സഹായം ലഭിച്ചിട്ടുണ്ട്. ചുരുങ്ങിയ ആളുകൾക്ക് മാത്രമേ ഇതിൻെറ ഗുണം കിട്ടുന്നുള്ളു. കൂടുതൽ ആളുകൾക്ക് കക്കൂസ് ലഭ്യമാക്കുകയും തുക വർദ്ധിപ്പിക്കുകയും ചെയ്യണം.

## വില്ലേജ് ആഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂവകുപ്പ് വഴിയുള്ള പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായങ്ങളുമാണ് പഞ്ചായത്തിൽ

ലഭ്യമാക്കുന്നത്.

അർഹരായ മുഴുവൻപേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും ലഭിക്കുന്നവർക്ക് കൃത്യമായി കിട്ടുന്നില്ല എന്നതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. ഈ പദ്ധതികളുടെ ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിന് കേരള സർക്കാർ എടുത്തിട്ടുള്ള തീരുമാനം സ്വാഗതാർഹമാണ്.

## പെൻഷനുകളെ സംബന്ധിച്ച്

### വിധവാ പെൻഷൻ

പഞ്ചായത്തിൽ നിലവിൽ 53 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിൽ പെൻഷൻ ലഭിക്കില്ല. ഇതിൽ മാററം വരുത്തി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി ഉണ്ടാകണം.

### വികലാംഗ പെൻഷൻ

പഞ്ചായത്തിൽ 20 പേർക്ക് വികലാംഗ പെൻഷൻ ലഭിക്കുന്നുണ്ട്. വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കററ് ലഭിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നു. 20-ൽ കൂടുതൽ ആളുകൾ അർഹതയുള്ളവരായി പഞ്ചായത്തിലുണ്ട്.

### കർഷകത്തൊഴിലാളി പെൻഷൻ

കർഷകത്തൊഴിലാളി പെൻഷൻ അർഹരായ എല്ലാവർക്കും ലഭിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലൂടെ കാര്യക്ഷമമായി പെൻഷൻ വിതരണം ചെയ്യണം.

### അഗതി പെൻഷൻ

13 പേർക്ക് പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്.

### തൊഴിലില്ലായ്മ വേതനം

നിലവിൽ 60 പേർക്ക് ലഭിക്കുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു.

### അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ നാമമാത്രമായേ പ്രവർത്തിക്കുന്നുള്ളു. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടി എന്ന ക്രമത്തിൽ പഞ്ചായത്തിൽ 22 എണ്ണം ആരംഭിക്കുവാൻ അനുമതി ലഭിച്ചിട്ട് രണ്ടു വർഷമായിട്ടും ഇക്കാര്യത്തിൽ കാര്യമായി പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. 3 അംഗൻവാടികൾ മാത്രമേ പഞ്ചായത്തിൽ നിലവിൽ ഉള്ളൂ. പാമ്പിനി, മീൻകുഴി, നീലിപിലാവു എന്നീ സ്ഥലങ്ങളിൽ. മീൻകുഴി അംഗൻവാടി കാര്യക്ഷമമായി നിലവിൽ പ്രവർത്തിക്കുന്നില്ല. പട്ടികജാതി, പട്ടികവർഗ കോളനികളിൽ പോഷകക്കുറവുമൂലമുള്ള രോഗങ്ങൾ വർദ്ധിച്ചു വരുന്നതിന് അംഗൻവാടികളുടെ അഭാവം പ്രധാന കാരണമാണ്. സ്വന്തമായി കെട്ടിടം ഇല്ലാത്തതും സ്ഥലമില്ലായ്മയും അംഗൻവാടികളുടെ രൂപീകരണത്തിന് വിഘാതമായിട്ടുണ്ട്. പഞ്ചായത്തിലെ വരുംതലമുറയെ വാർത്തെടുക്കുന്ന അങ്കകളരിയായി ഇവ മാറുന്നില്ലായെങ്കിൽ പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിൻെറ കടന്നുകയററം പഞ്ചായത്തിലും വ്യാപകമാകുമെന്നതിൽ സംശയമില്ല. അംഗൻവാടികളുടെ പ്രവർത്തനത്തിൽ പഞ്ചായത്ത് വേണ്ടത്ര താത്പര്യം കാട്ടാതിരിക്കുന്നതും ഖേദകരമാണ്. പഞ്ചായത്തുതലത്തിൽ ചുമതലയുള്ള ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥർ കാഴ്ചക്കാരായി മാറി നില്ക്കുന്ന അവസ്ഥയും നിലവിൽ ഉണ്ട്.

### നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെക്കൊണ്ടോ സന്നദ്ധസംഘടനകളുടെ സഹായം സ്വീകരിച്ചോ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും കണ്ടെത്തണം. പഞ്ചായത്ത് ജെ. ആർ. വൈ. ഫണ്ടിൽനിന്നും കെട്ടിടങ്ങളുടെ അററകുററപണികൾക്ക് പണം അനുവദിക്കണം.
2. നിലവിലുള്ള ഗവൺമെൻറ് സ്കൂളുകളിൽ ഒഴിവുള്ള കെട്ടിടങ്ങൾ അംഗൻവാടികൾക്ക് അനുവദിക്കുക. ചിററാർ എസ്ററേററ് ഗവ. എൽ. പി. എസ്., മൺപിലാവു ഗവ. എൽ. പി. എസ്., കൂത്താട്ടുകുളം ഗവ. എൽ.പി. എസ്., കട്ടച്ചിറ ഗവ. എൽ.പി.എസ്. എന്നീ സ്കൂളുകൾ സൗകര്യപ്രദമാണ്. ഇങ്ങനെ ചെയ്താൽ പ്രൈമറി ക്ലാസുകളിൽ ഇന്നു കാണുന്ന ഡിവിഷൻ കുറവു പരിഹരിക്കുന്നതിനും കഴിയുന്നു.
3. പഞ്ചായത്ത് ഭൂമി, പുറംപോക്ക്, മിച്ചഭൂമി എന്നിവ അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ നല്കുക.
4. പട്ടികജാതി പട്ടികവർഗകോളനികൾ കേന്ദ്രീകരിച്ച് കൂടുതൽ അംഗൻവാടികൾ ആരംഭിക്കുക.
5. അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നല്കുന്ന തുക വർദ്ധിപ്പിക്കുക.
6. ജീവനക്കാരുടെ സേവന വേതനവ്യവസ്ഥകൾ മെച്ചപ്പെടുത്തുക.
7. അംഗൻവാടികളുടെ പ്രവർത്തനമേൽനോട്ടത്തിന് ഗ്രാമസഭ കമ്മിററികൾക്ക് രൂപം നല്കുക.

## പൊതുവിതരണം

പഞ്ചായത്തിൽ 9 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നു. ഇതിൽ 3715 കാർഡുകൾ ഉണ്ട്. പൊതുവിതരണരംഗത്ത് ഒരു മാവേലിസ്ററോറും പ്രവർത്തിക്കുന്നുണ്ട്.

ചിററാറിലുള്ള റേഷൻ മൊത്തവ്യാപാരകേന്ദ്രത്തിൽ നിന്നാണ് റേഷൻ കടകളിൽ അരി വിതരണംചെയ്യുന്നത്. പഞ്ചായത്തിൽ 55 മുതൽ 70 വരെ ശതമാനം ആളുകൾ റേഷൻ സാധനങ്ങൾ വാങ്ങുന്നതായി കാണുന്നു. താലൂക്കിൽ മിക്ക സമയങ്ങളിലും മോശപ്പെട്ട അരിയും വില കൂടുതലുള്ള അരിയുമാണ് വില്പനയ്ക്കെത്തുന്നത്. ഇത് റേഷൻ വിതരണത്തെ സാരമായി ബാധിക്കുന്നുണ്ട്. ഉപയോഗയോഗ്യമല്ലാത്ത അരിയും കടകളിലൂടെ വിതരണത്തിന് എത്താറുണ്ട്. റേഷൻ കടകളിലൂടെ മെച്ചപ്പെട്ട അരി വിതരണം ചെയ്യുന്നതിന് നടപടി ഉണ്ടാകണം. ചിററാറിൽ പ്രവർത്തിക്കുന്ന മാവേലി സ്റേറാറിൽ കൂടി ആവശ്യാനുസരണം സാധനങ്ങൾ വിതരണം ചെയ്യണം. മാവേലിസ്റേറാറിന്റെ പ്രവർത്തനസമയം വർദ്ധിപ്പിക്കണം. സഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിൽ വിവിധ മേഖലകളിൽ കൺസ്യൂമർ സ്റേറാറുകൾ പ്രവർത്തിപ്പിച്ചാൽ പൊതുവിപണിയിൽ ഉള്ള വിലക്കയററം നിയന്ത്രിക്കുന്നതിന് കഴിയും.

റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് അവ ലഭ്യമാക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ ഉണ്ടാകണം. മണ്ണെണ്ണയ്ക്ക് പഞ്ചായത്തിൽ കടുത്ത ക്ഷാമം അനുഭവപ്പെടുന്നു. ചിററാറിലും സമീപപഞ്ചായത്തുകൾക്കും പ്രയോജനകരമായി മണ്ണെണ്ണ ഡിപ്പോയുടെ പ്രവർത്തനവും പഞ്ചായത്തിൽ ആരംഭിക്കണം. റേഷൻ കടകളിൽ നിലവിലുള്ള കാർഡ് ഉടമകളുടെ എണ്ണം വളരെ കൂടുതലാണ്. ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ കടകൾ ആരംഭിക്കണം. ഗുണനിലവാരമുള്ള അരി കാർഡുടമകൾക്ക് ലഭ്യമാക്കുന്നതിന് നടപടി ഉണ്ടാകണം.

# 5.8

# സംസ്കാരം

പശ്ചിമഘട്ടമലനിരകളുടെ താഴ്വരകളിൽ സ്ഥിതി ചെയ്യുന്ന ചിററാർ ഗ്രാമപഞ്ചായത്തിൽ ക്രിസ്തുവിനു മുമ്പ് തന്നെ വളരെയധികം പുരോഗതി പ്രാപിച്ച ഒരു ജനസമൂഹം വസിച്ചിരുന്നതായി ചരിത്രപഠനത്തിലൂടെ നമുക്ക് മനസ്സിലാക്കാം. രാമായണകഥയുടെ രംഗഭൂമിയാണ് ചിററാർ പഞ്ചായത്തിൻെറ കിഴക്കൻ അതിരുകൾ. പ്രാചീന നാഗരികതയുടെ ചരിത്രാവശിഷ്ടങ്ങൾ കാണപ്പെടുന്ന ഇടമുറി, ഇടക്കുന്നം, നിലയ്ക്കൽ, മൺപിലാവ്, ആലുവാംകുടി, പറക്കുളം ക്ഷേത്രങ്ങൾ ചരിത്രസത്യങ്ങളായി നിലകൊള്ളുന്നു. ഇതിൽ മൺപിലാവ് ദേവീക്ഷേത്രം ചിററാർ പഞ്ചായത്തിൽ ഉൾപ്പെടുന്നു. ഇവിടെ ഒററക്കല്ലിൽ കൊത്തിയ ദാരുശില്പങ്ങളും അഷ്ടദിക്പാലകരുടെ വിഗ്രഹങ്ങളുമുണ്ട്.

ക്രിസ്തുവിന് മുമ്പ് ഇവിടെ നിലനിന്നിരുന്ന ജനസമൂഹം അയൽരാജ്യമായ പാണ്ടിരാജാവിൻെറ നിരന്തരമായ ആക്രമണവും വക്രചൂലി, പെരുമ്പാററ എന്നീ വന്യജീവികളുടെ ഉപദ്രവങ്ങളും ഭയന്ന് കിഴക്കൻമലയോരങ്ങൾ ഉപേക്ഷിച്ച് നദീതടങ്ങളിലും സമതലപ്രദേശങ്ങളിലും കുടിയേറുകയാണുണ്ടായത്. ഈ കാലഘട്ടത്തിനുശേഷം ഇരുപതാം നൂററാണ്ടിൻെറ ആദ്യദശകങ്ങളിലാണ് വീണ്ടും ജനവാസം ഇവിടെ ആരംഭിക്കുന്നത്. ഇവിടെ കുടിയേറിയ കർഷകർക്ക് ആദ്യകാലങ്ങളിൽ വളരെയധികം യാതനകൾ സഹിക്കേണ്ടിവന്നു. വന്യജീവികളുടെ ശല്യം നിമിത്തം വീടുകളിൽപോലും കഴിയാൻ പററാതിരുന്ന അക്കാലത്ത് കൃഷിക്കാർ 'ആനമാട'ങ്ങളിലാണ് വസിച്ചിരുന്നത്. തന്മൂലം ഒന്നിച്ചുകൂടാനോ കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ കഴിഞ്ഞിരുന്നില്ല. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ രാജ്യത്തൊട്ടാകെ ശക്തിപ്പെട്ടപ്പോഴും ചിററാറിലെ കർഷകർ പുറംലോകവുമായി അധികമൊന്നും ബന്ധപ്പെടാതെ കാർഷികവൃദ്ധിയിൽ മുഴുകി കഴിയുകയായിരുന്നു.

ജനങ്ങളിൽ ഭൂരിഭാഗം ഹിന്ദുക്കളാണ്. ജനസംഖ്യയിൽ 23% പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങളാണ്. കൂടാതെ ക്രിസ്ത്യൻ, മുസ്ലിം വിഭാഗങ്ങളും ഇവിടെ പാർത്തുവരുന്നു. ഇവർ പരസ്പര സൗഹാർദ്ദത്തിലാണ് കഴിയുന്നത്. പഞ്ചായത്തിൽ 5 ക്ഷേത്രങ്ങളും 21 ക്രിസ്ത്യൻ പള്ളികളും 4 മുസ്ലിം പള്ളികളും 3 ഗുരുമന്ദിരങ്ങളും ആത്മബോധോദയസംഘത്തിൻെറ ഒരാശ്രമവും ആരാധനാലയങ്ങളായി ഉണ്ട്. ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്കും പള്ളിപ്പെരുനാളുകൾക്കും എല്ലാ ജനവിഭാഗങ്ങളും സഹകരിക്കാറുണ്ട്. ക്രിസ്തുമസ്റാലി, നബിദിനറാലി, ചതയദിനാഘോഷം, അംബേദ്കർ ദിനാഘോഷം, അയ്യങ്കാളി ജന്മദിനാഘോഷം തുടങ്ങിയവ വിപുലമായ പരിപാടികളോടെ നടത്തപ്പെടുന്നു.

ചിററാറിലെ ഏററവും വലിയ ആഘോഷമാണ് 1989 മുതൽ ഇവിടെ നടന്നുവരുന്ന പുതുവത്സരാഘോഷം. ചിററാർ ഫോറസ്ററ് സ്റേറഷൻ വളപ്പിൽ താല്ക്കാലികമായി ഒരു കോർട്ട് നിർമ്മിച്ചു വന്ന യുവജനങ്ങളിൽ

ഉടലെടുത്ത ഒരു ആശയമാണ് ചിററാറിൻെറ സാംസ്കാരി കമണ്ഡലത്തിൽ ഏറെ മാററങ്ങൾ വരുത്തിത്തീർത്ത ഈ പുതുവത്സരാഘോഷ പരിപാടി. ആദ്യ വർഷം ഈ പരിപാടിക്ക് രൂപംകൊടുക്കാൻ ചിററാർ കേന്ദ്രമാക്കി പ്രവർത്തിച്ച സിക്സർ ക്ലബ് വളരെ സംഭാവനകൾ നൽകിയ കാര്യം ഈ അവസരത്തിൽ സ്മരണീയമാണ്. എല്ലാ വിഭാഗം ജനങ്ങളെയും കൂട്ടിയിണക്കിയുള്ള ഈ പരിപാടി ചിററാറിലെ ജനങ്ങളിൽ ജാതി- മത-രാഷ്ട്രീ യാതീതമായി ഒരു വീക്ഷണം വളർത്തിക്കൊണ്ടുവരാൻ പ്രാപ്തമാണ്. ഈ ആഘോഷപരിപാടികൾ കൂടുതൽ സജീവവും വിപുലവുമാക്കേണ്ടതാണ്.

ഇന്ന് നാം എത്തിനിൽക്കുന്ന ദിശയിൽനിന്നു തിരിഞ്ഞുനോക്കുമ്പോൾ വിവിധങ്ങളായ സ്രോതസ്സുകൾ ഈ ഗ്രാമസംസ്കാരത്തിൻെറ പരിപോഷകങ്ങളായി പ്രവർത്തിച്ചതെന്ന് കണ്ടെത്താനാവും. അവയിൽ ഒന്നാമ തായി നിൽക്കുന്നത് വിദ്യാവിതരണംതന്നെ. അരനൂററാ ണ്ടിനു മുമ്പ് ആരംഭിച്ച ചിററാർ ഹയർ സെക്കൻററി സ്കൂൾ ചിററാറിലും പരിസരപ്രദേശങ്ങളിലും വിദ്യാഭ്യാസ സാംസ്കാരികപ്രവർത്തനങ്ങൾക്ക് അമൂല്യമായ സംഭാവ നകൾ നൽകിയിട്ടുണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിൽ മൂന്നു ഹൈസ്കൂളുകളും 4 എൽ.പി. സ്കൂളുകളും ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന മററ് സ്ഥാപന ങ്ങളാണ് വായനശാലകളും ഗ്രന്ഥശാലകളും. വയ്യാററുപുഴ യിൽ ഒരു വായനശാല പ്രവർത്തിക്കുന്നുണ്ട്. ചിററാർ പഞ്ചായത്ത് സാംസ്കാരികനിലയത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന വായനശാലയുടെ പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കയാണ്. പടയണിപ്പാറയിൽ ഒരു വായനശാല പ്രവർത്തിച്ചിരുന്നു. സ്വന്തമായി കെട്ടിടമില്ലാ ത്തതിനാൽ അതിൻെറ പ്രവർത്തനം നിന്നുപോയി.

പഞ്ചായത്തിൽ 1200-ൽ അധികം ദിനപ്പത്രങ്ങൾ വരുന്നുണ്ട്. മലയാള മനോരമയ്ക്കാണ് ഏററവും കൂടുതൽ വായനക്കാരുള്ളത്. മാതൃഭൂമി, കേരളകൗമുദി, ദേശാഭി മാനി, മാധ്യമം, ഇന്ത്യൻ എക്സ്പ്രസ്, ഹിന്ദു തുടങ്ങിയ പത്രങ്ങളും വരുന്നുണ്ട്. സാക്ഷരതാപ്രവർത്തനത്തി ലൂടെയും തുടർവിദ്യാഭ്യാസപദ്ധതിയിലൂടെയും നിരക്ഷര രായ ഒരുപററം ജനങ്ങളെ അക്ഷരത്തിൻെറ ലോകത്തേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം വായനക്കാരുടെ എണ്ണത്തിൽ ഗണ്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞി രിക്കുന്നു. 800 ബാലമാസികകളും 1800 ആഴ്ചപ്പതിപ്പുകളും പഞ്ചായത്തിൽ വായിക്കപ്പെടുന്നുണ്ട്. ഉത്തമസാഹിത്യ കൃതികളുടെ ലഭ്യതക്കുറവും വായനശാലകളുടെ ശോച്യാ വസ്ഥയും ജനങ്ങളുടെ വായനാശീലത്തെ പ്രതികൂലമായി ബാധിക്കുന്നു.

പഞ്ചായത്തിൽ ഒരു സിനിമാശാലയാണുള്ളത്. ഇവിടെ കൂടുതലായി പ്രദർശിപ്പിക്കപ്പെടുന്നത് കച്ചവട സിനിമകളാണ്. പഞ്ചായത്തിൽ ഫിലിം സൊസൈററികൾ ഒന്നും നിലവിലില്ലാത്തതിനാൽ സമാന്തരസിനിമാ സംസ്കാരം വളർത്തിയെടുക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടില്ല.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി നാനൂ റോളം വീടുകളിൽ ടി.വി. സെററുകൾ ഉണ്ട്. വിദേശചാനലു കളുടെ കണക്ഷനുകളുള്ള നൂററമ്പതോളം ടി.വി. ഉണ്ട്. ദൃശ്യമാധ്യമങ്ങളുടെ വ്യാപനം സാംസ്കാരികരംഗത്ത് ചലനങ്ങളുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ദൃശ്യമാധ്യമങ്ങളിൽ നിന്നും വിജ്ഞാനപ്രദമായ പരിപാടികൾകൂടി ആസ്വദി ക്കുന്നതിനു പകരം വിനോദപരമായ പരിപാടികൾ മാത്രം കാണുന്ന ഒരു പ്രവണത പൊതുവേ കണ്ടുവരുന്നു. ഇത് പഠനതാത്പര്യങ്ങൾ കുറയ്ക്കുകയും വായനാശീലംതന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു.

ഈ ഗ്രാമത്തിലെ പ്രധാന രാഷ്ട്രീയകക്ഷികൾ സി.പി.എം., ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നിവ യാണ്. ഈ പാർട്ടികളെ കൂടാതെ സി.പി.ഐ., ആർ. എസ്.പി., ബി.ജെ.പി., മുസ്ലിംലീഗ്, കേരളാ കോൺഗ്രസ് (എം.), കേരളാ കോൺഗ്രസ് (ജെ), ജനതാദൾ, ജെ. എസ്. എസ്. എന്നീ രാഷ്ട്രീയ പാർട്ടികളും ഇവയുടെ യുവജന- മഹിളാ വിഭാഗങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കു ന്നുണ്ട്.

1980-കളിൽ നമ്മുടെ പഞ്ചായത്തിൽ രാഷ്ട്രീയ സംഘട്ടനങ്ങളും നിർഭാഗ്യകരമായ ചില സംഭവങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും ഇന്ന് രാഷ്ട്രീയവും മതപരവുമായ സംഘട്ടനങ്ങളിൽനിന്ന് ഈ ഗ്രാമം മോചിതമാണെന്ന തിൽ നമുക്ക് അഭിമാനിക്കാം.

### സംസ്കാരം

**പട്ടിക 1**

ചിററാർ പഞ്ചായത്തിൽ പ്രചാരത്തിലുള്ള ദിനപ്പത്ര ങ്ങളുടെ വിവരം.

| ക്രമനമ്പർ | ദിനപ്പത്രത്തിൻെറ പേര് | എണ്ണം |
|---|---|---|
| 1 | മലയാള മനോരമ | 692 |
| 2 | കേരള കൗമുദി | 255 |
| 3 | മാതൃഭൂമി | 137 |
| 4 | ദേശാഭിമാനി | 40 |
| 5 | ഇൻഡ്യൻ എക്സ്പ്രസ് | 32 |
| 6 | മംഗളം | 30 |
| 7 | മാധ്യമം | 15 |
| 8 | ദി ഹിന്ദു | 7 |
| | ആകെ | 1208 |

കായികരംഗത്ത് ധാരാളം പ്രതിഭകൾ ഇവിടെനിന്നും വളർന്നുവന്നിട്ടുണ്ട്. അവർക്കൊക്കെ പ്രോത്സാഹനം നൽകിയിരുന്നത് ചിററാർ ഹയർസെക്കണ്ടറി സ്കൂളിലെ കായികപരിശീലനവിഭാഗവും എ.വി.ററി. എസ്റേററിലെ സ്പോർട്ട്സ് ക്ലബ്ബുമായിരുന്നു. എ.വി.ററി.യുടെ മെയ്ദിനാഘോഷത്തിൽ തോട്ടംതൊഴിലാളികളുടെ കായികമായ കഴിവുകളെ പ്രോത്സാഹിപ്പിച്ചിരുന്നു. ഇന്ന് കായികരംഗത്ത് ആകെ ഒരു മുരടിപ്പാണ്. പഠനരംഗത്തെ അതിരുകവിഞ്ഞ മത്സരരീതിയും കായികമേളകൾ സംഘടിപ്പിക്കുന്ന ക്ലബ്ബുകളുടെ തകർച്ചയും ഇതിനു കാരണങ്ങളാണ്. മാധ്യമങ്ങളുടെ അധികലാളനയേററ ക്രിക്കററുമാത്രം യുവജനങ്ങളുടെ ഇടയിൽ ആവേശമായി നിലനിൽക്കുന്നു. കായികരംഗത്ത് പാരമ്പര്യമുണ്ടായിരുന്ന ചിററാറിൽ ഒട്ടേറെ നേട്ടങ്ങൾ കൈയടക്കുവാൻ സാധ്യതയുണ്ട്.

- അർപ്പണബോധമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുവാൻ കാര്യമായ ശ്രമം നടത്തുക.
- പഞ്ചായത്ത് കായികസമിതിയുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ കായികമേളകൾ സംഘടിപ്പിക്കുക.
- അവധിക്കാല സമയങ്ങളിൽ വിവിധ കോച്ചിങ് ക്യാമ്പുകൾ സംഘടിപ്പിക്കുക.
- പഞ്ചായത്ത് കായികസമിതിയുടെ ആഭിമുഖ്യത്തിൽ സ്ഥിരം കോച്ചിങ് സെൻറർ സ്ഥാപിക്കുക.
- ചിററാർ ഹയർസെക്കണ്ടറി സ്കൂൾ സ്റേറഡിയത്തിൻെറ പണി പൂർത്തീകരിക്കുക.
- കായികമേഖലയെ പോഷിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തികസഹായങ്ങൾ കായികസംഘടനകൾക്ക് അനുവദിക്കാൻ ശ്രമിക്കുക.

### പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

സാംസ്കാരിക രംഗം ഇന്ന് നേരിടുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1 ഒന്ന്, രണ്ട്, നാല്, ആറ്, ഏഴ്, എട്ട്, ഒൻപത് വാർഡുകളിൽ ഗ്രന്ഥാലയങ്ങളോ വായനശാലകളോ ഇല്ല. അതാതു വാർഡുകളിലെ സന്നദ്ധസംഘങ്ങളുടെ മേൽനോട്ടത്തിൽ വായനശാലകൾ ആരംഭിക്കുകയും വായനശാലകൾക്ക് കെട്ടിടങ്ങൾ പണിയുകയും ചെയ്യുക.

2 മധ്യവേനൽ അവധിക്കാലത്ത് കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിന് അവസരം സൃഷ്ടിക്കുക. അവർക്ക് കലാസാഹിത്യങ്ങളിൽ പരിശീലനക്കളരികൾ സംഘടിപ്പിക്കുക.

3 നവ സാക്ഷരർക്ക് തുടർവിദ്യാഭ്യാസപരിപാടികൾ എല്ലാ വാർഡുകളിലും ആരംഭിക്കുകയും പഞ്ചായത്ത് തലത്തിൽ മേൽനോട്ടം വഹിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

4 നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നാടൻകലാരൂപങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി പരിശീലന കേന്ദ്രം ആരംഭിക്കുക.

5 വ്യാജച്ചാരായത്തിൻെറ കുത്തൊഴുക്കും യുവാക്കളുടെ മദ്യസേവയും പഞ്ചായത്തിലെ സാംസ്കാരിക അധഃപതനത്തിന് കാരണമാകുന്നു. അതിനാൽ സമ്പൂർണ മദ്യനിരോധനം നടപ്പിൽവരുത്തുക.

6 ചിററാറിൽ പഞ്ചായത്ത് കമ്യൂണിററി ഹാൾ പണിയുക.

7 മീൻകുഴി, വയ്യാററുപുഴ, നീലിപിലാവ്, കട്ടച്ചിറ, കൊടുമുടി, പാമ്പിനി എന്നിവിടങ്ങളിൽ സാംസ്കാരികനിലയങ്ങൾ സ്ഥാപിക്കുക.

8 വാർഡ്തലത്തിലും കലാ-കായിക മത്സരങ്ങൾ നടത്തി പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

9 മദ്യത്തിൻെറയും മയക്കുമരുന്നിൻെറയും വർധിച്ചുവരുന്ന ഉപയോഗത്തിനെതിരെ ബോധവത്കരണം നടത്തുക.

10 കൊടുമുടി, മീൻകുഴി, ചിററാർ, തെക്കേക്കര, പാമ്പിനി എന്നിവിടങ്ങളിൽ പോസ്ററ് ഓഫീസുകൾ സ്ഥാപിക്കുക.

11 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്കു പഠനത്തിനു സഹായങ്ങൾ നൽകുക.

12 കേരളോത്സവം കാര്യക്ഷമമായി സംഘടിപ്പിക്കുക.

# 5.9

# വനിത

വനിതാവിമോചനപ്രസ്ഥാനങ്ങൾ നാടൊട്ടുക്കും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിലും നമ്മുടെ ഗ്രാമത്തിലെ ഭൂരിപക്ഷം സ്ത്രീകളും ഇതൊന്നുമറിയാതെ വീടുകളിൽ ഒതുങ്ങിക്കൂടിക്കഴിയുകയാണ്. സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെ കാര്യമായ പ്രവർത്തനങ്ങളൊന്നും നമ്മുടെ നാട്ടിൽ നടന്നിട്ടില്ല. നമ്മുടെ ഇപ്പോഴത്തെ ജന സംഖ്യ 19872 ആണ്. സ്ത്രീകൾ 10174. ഇത് പുരുഷജന സംഖ്യയെക്കാൾ 476 കൂടുതലാണ്. ആകെ ജനസംഖ്യയിൽ 51.2% സ്ത്രീകളാണ്.

സാമൂഹ്യപ്രവർത്തനമേഖലകളിൽ പഴയ കാലത്ത് വനിതാപങ്കാളിത്തം കുറവായിരുന്നു. ആദ്യകാലങ്ങളിൽ പെൺകുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസംപോലും അപ്രാപ്യ മായിരുന്നു. പെൺകുട്ടികൾ വീട്ടുജോലികൾ ചെയ്തും കൃഷികാര്യങ്ങളിൽ സഹായിച്ചും കഴിയുകയായിരുന്നു. എന്നാൽ 1950 മുതൽ ഈ സ്ഥിതിക്ക് മാററം വന്നു. ആൺ കുട്ടികളും പെൺകുട്ടികളും നിർബന്ധമായും സ്കൂളിൽ പോയിത്തുടങ്ങി. എന്നാൽ അക്കാലത്ത് ഹൈസ്കൂൾ വിദ്യാഭ്യാസസൗകര്യം നമുക്കില്ലാഞ്ഞതിനാൽ പെൺകുട്ടി കളിൽ ഭൂരിഭാഗത്തിനും പ്രൈമറി വിദ്യാഭ്യാസംകൊണ്ട് പഠനം അവസാനിപ്പിക്കേണ്ടിവന്നു. 1960-ൽ പഞ്ചായ ത്തിൽ ആദ്യത്തെ ഹൈസ്കൂൾ ആരംഭിച്ചതോടുകൂടി ഈ സ്ഥിതിക്ക് മാററം കണ്ടുതുടങ്ങിയെങ്കിലും ഉന്നത വിദ്യാ ഭ്യാസത്തിനുള്ള സൗകര്യക്കുറവു കാരണം പെൺകുട്ടി കൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസംകൊണ്ട് തൃപ്തിയടയേണ്ടിവന്നു.

എന്നാൽ ഗതാഗതസൗകര്യങ്ങൾ വർദ്ധിക്കുകയും വാഹനസൗകര്യങ്ങൾ ഉണ്ടാകുകയും ചെയ്തതോടുകൂടി റാന്നി, പത്തനംതിട്ട തുടങ്ങിയ സ്ഥലങ്ങളിലുള്ള കോളേ ജുകളിൽ ചേർന്ന് പഠിക്കാൻ സാധിച്ചതിൻെറ ഫലമായി വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കൂടുകയും പരിമിതമായ മേഖലകളിലെങ്കിലും സ്ത്രീകൾ എത്തിപ്പെടു കയുംചെയ്തു. ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലിക ളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും അധ്യാപ നരംഗത്ത് പുരുഷന്മാരെക്കാൾ മുൻപന്തിയിലാണ് സ്ത്രീകൾ.

തൊഴിൽരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകൾക്ക് തൊഴിൽ ഉണ്ടായെങ്കിലേ സാമൂ ഹ്യമായ അംഗീകാരവും പുരോഗതിയും അവർക്കുണ്ടാവൂ. സ്ത്രീകളെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവർക്കെ തിരായി നില്ക്കുന്ന സാമൂഹ്യപ്രതിശക്തികളെ തടയുവാ നാവില്ല. ചെറുകിട വ്യവസായങ്ങൾ, സ്വയംതൊഴിൽസംരം ഭങ്ങൾ എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള തീവ്രയത്നം അടിയന്തിരാവശ്യമാണ്.

വനിതകളെ പൊതുപ്രവർത്തനരംഗത്തേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നു ണ്ട്. ജനാധിപത്യമഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ്, അഖിലേന്ത്യാ മഹിളാ ഫെഡറേഷൻ എന്നീ വനിതാ സംഘടനകളുടെ പഞ്ചായത്ത് കമ്മററികൾ

പ്രവർത്തിക്കുന്നുണ്ട്. വയ്യാററുപുഴ, മീൻകുഴി, നീലിപ്പിലാവ്, പാമ്പിനി, കൊടുമുടി, മണക്കയം എന്നിവിടങ്ങളിലായി ഓരോ മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിവിധ ക്രിസ്ത്യൻ പള്ളികളിലുള്ള പ്രാർത്ഥനാഗ്രൂപ്പുകൾ, ശ്രീനാരായണ വനിതാ സമാജങ്ങൾ തുടങ്ങിയവയിലും ധാരാളം സ്ത്രീകൾ പ്രവർത്തിക്കുന്നു.

ജനകീയ ആസൂത്രണവുമായി ബന്ധപ്പെട്ട ഗ്രാമസഭകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉയർന്നതായിരുന്നെങ്കിലും സ്ത്രീകളെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളെക്കുറിച്ച് സജീവമായ ചർച്ചകളോ നിർദേശങ്ങളോ ഉണ്ടായിട്ടില്ല. വന്ന ചർച്ചകളാകട്ടെ മദ്യപന്മാരായ ഭർത്താക്കന്മാരിൽ നിന്ന് ഏല്ക്കേണ്ടിവരുന്ന പീഡനങ്ങളുടെ കഥകളായിരുന്നു. പഞ്ചായത്തിൽ നടത്തിയ പഠനയാത്ര, ആരോഗ്യ സർവ്വേ, ദ്വിതീയ വിവരശേഖരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉയർന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ അഞ്ഞൂറിലധികം വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ. കുടുംബത്തിന്റെ ഭരണച്ചുമതല പൂർണമായി വഹിക്കേണ്ടിവരുന്ന സ്ത്രീകളുടെ ബുദ്ധിമുട്ട് വർണനാതീതമാണ്.

സ്ത്രീധനമെന്ന സാമൂഹ്യ അനാചാരത്തിന്റെ കെടുതികൾ അനുഭവിക്കുന്ന നിർധനരായ ഒട്ടേറെ കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ധനം കൊടുക്കാനാവില്ല എന്ന ഒററക്കാരണത്താൽ മംഗല്യഭാഗ്യം നിഷേധിക്കപ്പെടുന്ന പെൺകുട്ടിയുടെ അവസ്ഥ നമ്മുടെ സമൂഹത്തിനുതന്നെ അപമാനമാണ്. സ്ത്രീധനം വാങ്ങുക എന്നുള്ളത് ഒരവകാശമായി കാണുന്ന പ്രവണതയും പ്രബലമാണ്. നിയമനിർമാണം വഴി തടയുവാൻ കഴിയുന്ന ഒന്നല്ല ഇത്. സംഘടിതവും അതിവിപുലവുമായ ജനകീയ ഇടപെടൽ കൊണ്ടുമാത്രമേ ഈ വിപത്തിനെ തടയുവാൻ കഴിയൂ.

സ്ത്രീകൾക്കെതിരെയുള്ള കടന്നാക്രമണങ്ങൾ നമ്മുടെ പഞ്ചായത്തിൽ താരതമ്യേന കുറവാണെങ്കിലും സമീപകാലത്ത് വർദ്ധിച്ചുവരുന്നതായിക്കാണുന്നു. മദ്യപന്മാരായ കുടുംബനാഥന്മാരിൽനിന്ന് സ്ത്രീകൾക്ക് പീഡനങ്ങൾ ഏല്ക്കേണ്ടിവരുന്നുണ്ട്.

സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഇല്ലായ്മ ചെയ്യുന്നതിന് സാക്ഷരതാപ്രവർത്തനം വളരെ സഹായകരമായിട്ടുണ്ട്. നിരക്ഷരരായ ഗ്രാമീണ സ്ത്രീകളിൽ അക്ഷരത്തിന്റെ കൈത്തിരിയുമായി കടന്നുവന്ന സാക്ഷരതായജ്ഞം വമ്പിച്ച സ്വാധീനമാണ് ഉണ്ടാക്കിയത്. വായനയിൽ സ്ത്രീകൾ മുൻപന്തിയിലാണെങ്കിലും നില വാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളാണ് കൂടുതൽ പേരും വായിക്കുന്നത്.

ആരോഗ്യപരമായും സ്ത്രീകളുടെ നില പുരുഷന്മാരെ അപേക്ഷിച്ച് വളരെ പിന്നോക്കമാണ്. വർദ്ധിച്ച ജോലിഭാരം, അടുക്കളജോലിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന അനാരോഗ്യപ്രശ്നങ്ങൾ, പോഷകാഹാരക്കുറവ്, അസുഖമുണ്ടായാലും ചികിത്സിക്കാൻ പോകായ്ക, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത ഇവയൊക്കെ അതിന് കാരണങ്ങളാണ്. മെച്ചപ്പെട്ട ചികിത്സാസൗകര്യ ങ്ങളുള്ള ആശുപത്രികൾ നമ്മുടെ പഞ്ചായത്തിലില്ല.

നമ്മുടെ പഞ്ചായത്തിൽ കൊടുമുടി, പാമ്പിനി, ചിററാർ, തെക്കേക്കര, മീൻകുഴി എന്നിവിടങ്ങളിലായി 5 DWCRA യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്. അഞ്ചു യൂണിററുകളുമായി ബന്ധപ്പെട്ട് 40 വനിതകൾ പ്രവർത്തിക്കുന്നു.

നിലവിലുള്ള DWCRA യൂണിററുകൾ

| ക്രമ നമ്പർ | യൂണിററിന്റെ പേര് | പദ്ധതി | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|---|
| 1 | കൊടുമുടി | കന്നുകാലിവളർത്തൽ | 10 |
| 2 | പാമ്പിനി | ആടുവളർത്തൽ, ഏത്തവാഴക്കൃഷി | 7 |
| 3 | മീൻകുഴി | മെററൽ ക്രഷിങ് | 8 |
| 4 | തെക്കേക്കര | തേനീച്ച വളർത്തൽ | 8 |
| 5 | ചിററാർ | കരകൗശലവസ്തുക്കളും ബാഗു നിർമ്മാണവും | 7 |

പുതിയ പഞ്ചായത്ത്രാജ് നിയമം എല്ലാ രംഗങ്ങളിലും വനിതാപ്രാതിനിധ്യം ഉറപ്പാക്കിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്ത് ഭരണസമിതിയിൽ 3 വനിതാ അംഗങ്ങളുണ്ട്. പഞ്ചായത്ത് ഉൾപ്പെടുന്ന ജില്ലാ പഞ്ചായത്ത് പ്രതിനിധിയും ചിററാറിൽനിന്നുള്ള വനിതയാണ്.

രൂക്ഷമായ തൊഴിലില്ലായ്മയും സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. തൊഴിൽമേഖലയിൽ സ്ത്രീപുരുഷ കൂലിനിരക്കിൽ ഗണ്യമായ അന്തരം കാണുവാൻ കഴിയും.

| | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കാർഷികമേഖല | 50-60 | 80-100 |
| നിർമ്മാണമേഖല | 60-70 | 100-150 |
| ചുമട് | 75-90 | 125-150 |

സാമൂഹ്യരംഗത്ത് വളരെക്കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവമായ ഇടപെടലിലൂടെ മുന്നോട്ടുകൊണ്ടുവന്നെങ്കിലേ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും അവർക്ക് അർഹമായ പങ്കു വഹിക്കുവാൻ കഴിയുകയുള്ളൂ. ഏറെറടുക്കുന്ന ജോലികൾ ഭംഗിയായും

ഉത്തരവാദിത്വത്തോടെയും നിറവേററുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും ജോലികൾ ഏറെറടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏല്പിക്കുവാനുള്ള താത്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുമുണ്ട്. ആത്മ വിശ്വാസമില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്ന മാണ്. മനുഷ്യകുലത്തിലെ പകുതിയോളം വരുന്ന വിഭാഗമാണ് തങ്ങളെന്നും പുരുഷന്മാർക്കുള്ള അധികാരാ വകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുരുഷനോടൊപ്പം നിൽക്കാനുള്ള ബുദ്ധി യും കഴിവും സ്ത്രീകൾ ആർജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തൻേറടം സ്ത്രീകൾ കാണിക്കേണ്ടി യിരിക്കുന്നു.

### പ്രശ്നങ്ങൾ

1. കുടുംബത്തിലെ ഭാരിച്ച ഉത്തരവാദിത്വം ഉള്ളതി നാലും പൊതുരംഗത്തേക്ക് ഇറങ്ങുന്ന സ്ത്രീകളെ സമൂഹം മോശമായി ചിത്രീകരിക്കുന്നതുകൊണ്ടും സ്ത്രീകൾ പൊതുരംഗത്തേക്ക് ഇറങ്ങാൻ മടിക്കുന്നു.
2. ഉത്തരവാദിത്വം ഏറെറടുക്കാനുള്ള ആത്മധൈര്യം സ്ത്രീകൾ കാണിക്കുന്നില്ല.
3. പല മേഖലകളിലും പുരുഷനു കിട്ടുന്ന കൂലിയുടെ പകുതി മാത്രമേ സ്ത്രീക്ക് കിട്ടുന്നുള്ളു.
4. സ്ത്രീകൾക്കായുള്ള പദ്ധതികൾ ഏതെല്ലാമെന്ന് അവർ അറിയുന്നില്ല.

### നിർദ്ദേശങ്ങൾ

1. എല്ലാ തൊഴിൽമേഖലയിലും തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിൽ വരുത്തുക.
2. സ്ത്രീധനസമ്പ്രദായം നിയമംമൂലം നിരോധിച്ചത് കർശന മായി നടപ്പിലാക്കുക.
3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വനിതകൾക്കും സ്വയംതൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുക.
4. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.
5. ചിററാർ ഗവൺമെൻറ് ആശുപത്രിയിൽ ഗൈനക്കോള ജിസ്ററിനെ നിയമിക്കാൻ നടപടി സ്വീകരിക്കുക.
6. ചിററാർ മാവേലിസ്റേറാറിലൂടെ എല്ലാ നിത്യോപയോ ഗസാധനങ്ങളും വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുക.
7. ചിററാർ മാർക്കററിൽ വെയിററിങ്ഷെഡും മൂത്ര പ്പുരയും നിർമ്മിക്കുക.
8. ചിററാർ പഞ്ചായത്തിൽ 9 വാർഡുകളിലും ആവശ്യ മുള്ള സ്ഥലങ്ങളിൽ അംഗനവാടികൾ അനുവദിക്കുക.
9. അർഹരായ എല്ലാ സ്ത്രീകൾക്കും പെൻഷൻ ആനു കൂല്യങ്ങൾ ലഭ്യമാക്കുക.
10. സൗജന്യനിയമസഹായപദ്ധതി പഞ്ചായത്തിലുള്ള വനിതകൾക്കും ലഭ്യമാക്കുക.
11. ചിററാർ പോലീസ്സ്റേറഷനിൽ വനിതകളുടെ പ്രശ്ന ങ്ങൾ കൈകാര്യം ചെയ്യുന്നതിന് വനിതാ പോലീസ് സെൽ പ്രവർത്തനം ആരംഭിക്കുക.
12. എല്ലാ വാർഡുകളിലും DWCRA യൂണിററുകൾ ആരംഭിക്കുക.
13. വനിതാ വ്യവസായ സഹകരണസംഘം ചിററാറിൽ രൂപീകരിക്കുക.

# 5.10

# സഹകരണം

**1904**-ലെ സഹകരണനിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാസംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം തുടക്കംകുറിക്കുന്നത്. ചിററാർ പഞ്ചായത്തിൽ 1966-ൽ രൂപീകൃതമായ വയ്യാററുപുഴ സർവീസ് സഹകരണസംഘം എന്ന കാർഷിക വായ്പാസംഘമാണ് ഈ പ്രദേശത്ത് സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. 50-ൽ താഴെ സഹകാരികളുമായി പ്രവർത്തനം ആരംഭിച്ച സംഘത്തിൽ നിലവിൽ 6932 അംഗങ്ങൾ ഉണ്ട്.

വിവിധ മേഖലകളിലായി 22 സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിരുന്നു. താലൂക്കുതലത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടെയും പ്രവർത്തനപരിധി ഈ പഞ്ചായത്തുകൂടി ഉൾപ്പെട്ടതാണ്.

### സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷികമേഖലയിൽ വയ്യാററുപുഴ സർവീസ് സഹകരണബാങ്കിനാണ് പഞ്ചായത്ത് മുഴുവൻ പ്രവർത്തനമുള്ളത്. ഗണ്യമായ അംഗസംഖ്യ ഉണ്ടെങ്കിലും വായ്പാരംഗത്ത് കാര്യമായ പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടില്ല. കൺസ്യൂമർ വിഭാഗത്തിൽ 2 സംഘങ്ങൾ ഉണ്ട്. ഇതിൽ ചിററാർ എസ്റേററ് കൺസ്യൂമർ സഹകരണസംഘം പ്രവർത്തനരഹിതമാണ്. ചിററാർ കൺസ്യൂമർ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ ആകെ 3 ക്ഷീരോത്പാദക സഹകരണസംഘങ്ങളാണുള്ളത്. ഇവയുടെ പ്രവർത്തനം പൂർണ്ണമായി പഞ്ചായത്തിൽ ലഭിക്കുന്നില്ല. പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ഓരോ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങളും കാര്യമായ പ്രവർത്തനം നടത്തുന്നില്ല.

ചിററാർ പഞ്ചായത്തിൽ വിവിധ വാർഡുകളിലായി മൂന്ന് റബ്ബർ ഉല്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തുതലത്തിൽ ഒരു കേരസമിതിയും ഒരു കുരുമുളക് വികസനസമിതിയും പ്രവർത്തിച്ചുവരുന്നു. സ്കൂൾ സഹകരണസംഘങ്ങൾ മൂന്നെണ്ണം പുസ്തകവിതരണം മാത്രം നടത്തിവരുന്നു.

ചിററാർ, സീതത്തോട്, പെരുനാട്, വടശേരിക്കര പഞ്ചായത്തുകളിൽ പ്രവർത്തനപരിധിയുള്ള ചിററാർ റബ്ബർ മാർക്കററിംഗ് സഹകരണസംഘം ചിററാറിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അഞ്ച് DWCRA യൂണിററുകളും ഒരു പട്ടികവർഗ്ഗ വനിതാവ്യവസായ യൂണിററും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## കാർഷികമേഖല

### ഹ്രസ്വകാല വായ്പ

ഏകദേശം 4000-ത്തോളം കർഷകകുടുംബങ്ങളുള്ള ഒരു പഞ്ചായത്താണ് ചിററാർ. ഹ്രസ്വകാല കാർഷിക കാർഷികേതര വായ്പയാണ് പഞ്ചായത്തിലെ മുഖ്യ സഹകരണബാങ്കായ വയ്യാററുപുഴ സർവീസ് സഹകരണ

ബാങ്കിൽനിന്നും വിതരണം ചെയ്യുന്നതെങ്കിലും മുഴുവൻ കർഷകർക്കും അർഹമായ വായ്പ നല്കാൻ ഈ സംഘത്തിന് കഴിഞ്ഞിട്ടില്ല. പ്രവർത്തനം ആരംഭിച്ചിട്ട് 30 വർഷം പൂർത്തിയാക്കിയെങ്കിലും നാമമാത്രമായ നിക്ഷേപം മാത്രമേ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുള്ളു. വായ്പാപ്രവർത്തനങ്ങൾ എല്ലാംതന്നെ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽനിന്നും വായ്പ എടുത്താണ് നൽകുന്നത്. ഹ്രസ്വകാല കാർഷിക വായ്പയായി 1509520 രൂപയും ഹ്രസ്വകാല കാർഷികേതര വായ്പയായി 3397310 രൂപയും വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ഹ്രസ്വകാല കാർഷികവായ്പയിൽ 10.5 ലക്ഷവും ഹ്രസ്വകാല കാർഷികേതര വായ്പയിൽ 9.5 ലക്ഷവും വായ്പക്കുടിശികയായിട്ടുള്ളതാണ്. വായ്പ എടുക്കുന്ന തുക കാലാവധിക്കുള്ളിൽ തിരികെ അടയ്ക്കാത്തതുമൂലം തുടർന്നു വായ്പ നൽകുന്നതിന് കഴിയാതെ വരുന്നു. ഇത് ബാങ്കിൻെറ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നുണ്ട്. വായ്പസംബന്ധമായ വിവരങ്ങൾ പട്ടിക 1-ൽ ചേർക്കുന്നു.

പട്ടിക 1

| സംഘത്തിൻെറ പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം (കാർഷികം | വായ്പകൾ കാർഷികേതരം) | പ്രവർത്തന മൂലധനം | ലാഭം നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|
| വയ്യാററുപുഴ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ Q 354 | 1966 | ചിററാർ പഞ്ചായത്ത് | 6932 | 1038280<br>426326 | - | 28.59 ലക്ഷം | 42.14 ലക്ഷം | 40.48 ലക്ഷം | നഷ്ടം | 5 |

വളം, ആസിഡ് എന്നിവയുടെ വിതരണത്തിൽ കാര്യമായ പങ്ക് വഹിക്കുന്നുണ്ട്. ചിററാർ, വയ്യാററുപുഴ എന്നിവിടങ്ങളിൽ വളം ഡിപ്പോകൾ പ്രവർത്തിക്കുന്നു. 1995-96 വർഷത്തിൽ 160 മെട്രിക് ടൺ വളം വില്പന നടത്തിയിട്ടുള്ളതായിക്കാണുന്നു. ചിട്ടി നടത്തുക, ഓണച്ചന്തകൾ എന്നിവയാണ് മററു പ്രവർത്തനങ്ങൾ. സഹകരണബാങ്കിൻെറ ഒരു ശാഖ ചിററാറിൽ പ്രവർത്തനം ആരംഭിക്കേണ്ടത് അനിവാര്യമാണ്.

ബാങ്കിൽനിന്നും വിവിധയിനത്തിൽ വായ്പ നൽകിയിട്ടുള്ള 82.63 ലക്ഷം രൂപയിൽ 69.47 ലക്ഷം (81.5%) പത്തനംതിട്ട ജില്ലാ സഹകരണബാങ്കിൽനിന്നും വായ്പ എടുത്ത് നൽകിയിട്ടുള്ളതാണ്. ബാങ്കിൻെറ സുഗമമായ പ്രവർത്തനത്തിന് ഇത് ഗുണകരമല്ല. മൊത്തം വായ്പയുടെ 50% എങ്കിലും സ്വന്തം ഫണ്ടിൽനിന്നും നൽകത്തക്കവിധത്തിൽ നിക്ഷേപം വർദ്ധിപ്പിക്കേണ്ടത് ബാങ്കിൻെറ നിലനില്പിന് അത്യന്താപേക്ഷിതമാണ്. നിലവിലുള്ള വായ്പക്കുടിശിക കുറച്ചുകൊണ്ടുവരേണ്ടതും ശരിയായ പ്രവർത്തനത്തിന് ആവശ്യമാണ്. സമഗ്രമായൊരു പ്രവർത്തനപരിപാടി ഇക്കാര്യത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

### ദീർഘകാല കാർഷികവായ്പ

റാന്നി താലൂക്ക് സഹകരണകാർഷിക ഗ്രാമവികസന ബാങ്ക് ആണ് ഈ പഞ്ചായത്തിലെ കർഷകർക്ക് ദീർഘകാല കാർഷിക വായ്പ നല്കേണ്ട ബാങ്ക്. എന്നാൽ പഞ്ചായത്തിലെ കർഷകർക്ക് നാമമാത്രമായിട്ടാണ് വായ്പ ലഭിച്ചിട്ടുള്ളത്. വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട് കാരണം ഭൂരിഭാഗം കർഷകർക്കും സഹായം ലഭിക്കാതെപോകുന്നു. വയ്യാററുപുഴ സർവ്വീസ് സഹകരണബാങ്കിലൂടെ ഈയിനത്തിൽ ജില്ലാ ബാങ്ക് ഫണ്ടിൽ നിന്നും 19 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ മൊത്തം ആവശ്യത്തിൻെറ 5% മാത്രമാണിത്. വാണിജ്യബാങ്കുകളും ഇക്കാര്യത്തിൽ കാര്യമായ പ്രയോജനം കർഷകർക്ക് നൽകുന്നില്ലയെന്നുള്ളതും സ്ഥിതി കൂടുതൽ ശോചനീയമാക്കുന്നു.

### റബ്ബർ മാർക്കററിങ് സഹകരണസംഘം

ചിററാർ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളിൽ 70% റബ്ബർ ആണ്. ആകെയുള്ള കൃഷിഭൂമിയിൽ മുക്കാൽപങ്കും (പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണത്തിൻെറ 55.5%) റബ്ബർകൃഷിയാണ്. എന്നാൽ റബ്ബർ ഉത്പാദന-വിപണന രംഗത്ത് കാര്യമായ പ്രവർത്തനം നിലവിലുള്ള സംഘങ്ങൾക്ക് നിറവേററുന്നതിന് കഴിഞ്ഞിട്ടില്ല. ചിററാർ പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന റബ്ബറിൻെറ 20%-ത്തിൽ താഴെ മാത്രമേ റബ്ബർ മാർക്കററിങ് സഹകരണസംഘത്തിലൂടെ വിപണനം ചെയ്യപ്പെടുന്നുള്ളു. പ്രവർത്തനമൂലധനത്തിൻെറ പരിമിതിയും സംഭരണശേഷിക്കുറവും പ്രധാന കാരണങ്ങളാണ്. റബ്ബർ അധിഷ്ഠിതവ്യവസായങ്ങളുടെ അഭാവവും ശരിയായ വില കർഷകർക്ക് ലഭിക്കുന്നതിന് തടസമാവുന്നു.

പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി 3 റബ്ബർ ഉല്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കാര്യമായ പ്രവർത്തനം നാളിതുവരെ ഉണ്ടായിട്ടില്ല. ചെറുകിട റബ്ബർതോട്ടങ്ങളുടെ സമഗ്രവികസനവും ലാററക്സ് വിപണനവുമാണ് ലക്ഷ്യമെങ്കിലും വളം വിതരണത്തിലും മരുന്ന് തളിക്കലിലുമായി പ്രവർത്തനം ചുരുങ്ങുന്നതായിട്ടാണ് കണ്ടുവരുന്നത്. റബ്ബർ ഉല്പാദക സംഘങ്ങൾ എല്ലാ വാർഡുകളിലും പ്രവർത്തനം വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. കാര്യമായ പ്രവർത്തനമൊന്നുമില്ല എന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

സംഘത്തിൻെറ നടത്തിപ്പിൽ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാർ അനാസ്ഥ കാട്ടുന്നതായി കാണുന്നു. സ്വന്തമായി കെട്ടിടവും മററ് അനുബന്ധസൗകര്യങ്ങളും ഉണ്ടായിട്ടും വായ്പാസംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും പട്ടികജാതിക്കാർ ഇതര സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. സംഘത്തിൻെറ ആഭിമുഖ്യത്തിൽ കൺസ്യൂമർ സ്റേറാർ, റെഡിമെയ്ഡ് ഗാർമെൻറ്സ് യൂണിററ് എന്നിവ നടത്താൻ വേണ്ട നടപടികൾ ഉണ്ടാകണം.

ചിററാർ-സീതത്തോട് പട്ടികവർഗ്ഗ സഹകരണ സംഘം ചിററാറിൽ പ്രവർത്തിച്ചുവരുന്നു. ഗുഡ്രിക്കൽ റേഞ്ചിൽനിന്നും വനവിഭവങ്ങൾ ശേഖരിച്ചിരുന്ന സംഘത്തിൻെറ പ്രവർത്തനപരിധി കുറെ നാളുകളായി വടശേരിക്കര റേഞ്ചിൻെറ കീഴിലുള്ള വനപ്രദേശങ്ങളിലേക്ക് മാററിയിട്ടുള്ളത് അംഗങ്ങൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. കാര്യമായ പ്രവർത്തനമൊന്നും നടത്താൻ സംഘത്തിന് കഴിഞ്ഞിട്ടില്ല. ഉദ്യോഗസ്ഥതലത്തിലുള്ള പ്രവർത്തനം മാത്രമാണ് ഇന്നുള്ളത്. പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. കാരികയം ജംഗ്ഷനിലാണ് നിലവിൽ ഇതിൻെറ ഓഫീസ് പ്രവർത്തിക്കുന്നത്.

### ക്ഷീരോത്പാദകസഹകരണസംഘങ്ങൾ

ചിററാർ പഞ്ചായത്തിൽ പടേനിപ്പാറ, ചിററാർ, വയ്യാററുപുഴ എന്നിവിടങ്ങളിലായി 3 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ ആയിരത്തിനടുത്ത് കുടുംബങ്ങൾ കറവമാട് വളർത്തലിൽ ഭാഗികമായിട്ടെങ്കിലും പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള സംഘങ്ങൾ ഭാഗികമായി മാത്രമേ ക്ഷീരകർഷകർക്ക് പ്രയോജനകരമാകുന്നുള്ളു. പഞ്ചായത്തിൽ പ്രതിദിനം 1200 ലിററർ പാൽ ഉല്പാദിപ്പിക്കുന്നുണ്ട്. കർഷകരിൽ 20% പേർ സ്വന്തമായിട്ടുള്ള ആവശ്യങ്ങൾക്ക് മാത്രം കറവമാടിനെ വളർത്തിപാൽ ഉപയോഗിക്കുന്നതായിട്ടുണ്ട്. ആകെ ഉല്പാദനത്തിൻെറ 31% വീട്ടാവശ്യങ്ങൾക്ക് ചെലവഴിക്കുന്നു. (372 ലിറ്റർ). ഉല്പാദനത്തിൻെറ 37.5% (450 ലിററർ) വീടുകളിലും കടകളിലും കർഷകർ നേരിട്ടു പാൽ വില്പന നടത്തുന്നു. ക്ഷീര വിപണന സംഘങ്ങൾ വഴി 31.5% (378 ലിററർ) പാൽ മാത്രമേ സംഭരിക്കുന്നുള്ളു. താരതമ്യേന മെച്ചപ്പെട്ട വില കർഷകർ നേരിട്ട് ആവശ്യക്കാർക്ക് എത്തിക്കുന്നതു മൂലം ലഭിക്കുന്നതിനാൽ സംഘങ്ങളിൽ പാൽ സംഭരണത്തിൽ കാര്യമായ പുരോഗതി കാണുന്നില്ല. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിയാതെയിരിക്കുന്നതും ഈ രംഗത്തുള്ള പോരായ്മയാണ്. ഉയർന്ന ഉല്പാദനച്ചെലവും ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തതയും ക്ഷീരകർഷകർ നേരിടുന്ന മുഖ്യ പ്രശ്നങ്ങളാണ് (അവലംബം: ഗ്രാമസഭാ റിപ്പോർട്ട്, ആരോഗ്യസർവ്വേ '96).

### കൺസ്യൂമർ സംഘങ്ങൾ

രണ്ടു സംഘങ്ങൾ പഞ്ചായത്തിൽ രജിസ്ററർ ചെയ്തു പ്രവർത്തനമാരംഭിച്ചുവെങ്കിലും ഒന്നു മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. ചിററാർ എസ്റേററ് കൺസ്യൂമർ സംഘം ചുരുങ്ങിയ കാലഘട്ടംകൊണ്ട് പ്രവർത്തനരഹിതമാകുകയാണ് ചെയ്തത്. ചിററാർ കൺസ്യൂമർ സംഘത്തിൽ നിന്നുള്ള പ്രയോജനം പരിമിതമായ രീതിയിൽ മാത്രമേ ലഭ്യമാകുന്നുള്ളു. പൊതുവിപണിയിൽ ഉള്ള വിലയിൽ വലിയ മാററമൊന്നും സംഘത്തിൽനിന്നും വിതരണം ചെയ്യുന്ന സാധനങ്ങളിൽ ഇല്ലാത്തതിനാൽ കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും കഴിയുന്നില്ല. മാവേലി സ്റേറാർ പ്രവർത്തനം ഭാഗികമായിട്ടെങ്കിലും വിലനിയന്ത്രണത്തിന് സഹായകരമായിട്ടുണ്ട്. ആവശ്യാനുസരണം സാധനങ്ങൾ കിട്ടാതിരിക്കുക, ചുരുങ്ങിയ സമയത്തേക്കുള്ള പ്രവർത്തനം എന്നിവ മാവേലിസ്റേറാറിൻെറ പ്രവർത്തനത്തെ പരിമിതപ്പെടുത്തുന്നു.

## വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

### കാർഷികമേഖല

1. വയ്യാററുപുഴ സർവ്വീസ്സഹകരണ ബാങ്കിൻെറ ഒരു ശാഖ ചിററാർ കേന്ദ്രമാക്കി ഉടൻ പ്രവർത്തനം ആരംഭിക്കുക.
2. എല്ലാ കർഷകരെയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
3. ഊർജിത നിക്ഷേപസമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ചു ടി. തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക. കൺസ്യൂമർ വായ്പ, സ്വർണ്ണപ്പണ്ട പണയ വായ്പ, ഭവനനിർമ്മാണ വായ്പ എന്നിവ നൽകുക.
4. സംഘത്തിൻെറ നിലവിലുള്ള ചിട്ടി ഇടപാടുകൾ കാര്യക്ഷമമാക്കി കൂടുതൽ തുകയ്ക്കുള്ള ചിട്ടികൾ ആരംഭിക്കുക.
5. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുമ്പുതന്നെ പാസാക്കി കർഷകർക്ക് ക്രെഡിററ്കാർഡ് സമ്പ്രദായം നടപ്പിലാക്കുക.
6. കാർഷികാവശ്യത്തിന് നബാർഡിൽനിന്നും 'കൺസഷണൽ ഫിനാൻസ്' കൃത്യമായി അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കുക.
7. സർക്കാരിൽനിന്നും അനുവദിച്ചുകിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭ്യമാക്കി, കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് വായ്പ തിരികെ അടയ്ക്കുന്നതിന് പ്രേരിപ്പിക്കുക.
8. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ

പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തുക.

9. വളവും കാർഷിക ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനൊപ്പം കാർഷിക ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിക്കുന്നതിനും നടപടി സ്വീകരിക്കുക.
10. ബാങ്കിന്റെ ചിററാർ വളംഡിപ്പോ എല്ലാ പ്രവൃത്തി ദിവസങ്ങളിലും തുറന്നു പ്രവർത്തിപ്പിക്കുകയും എല്ലാ വിധമായ വളങ്ങളും ലഭ്യമാക്കുകയും ചെയ്യുക.
11. ബാങ്കിന്റെ ആഭിമുഖ്യത്തിൽ മണ്ണ് പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തുക.
12. ബാങ്കിന്റെ നിലവിലുള്ള വായ്പക്കുടിശിക തീർക്കുന്നതിന് വാർഡുകൾതോറും റിക്കവറി കാമ്പയിൻ സംഘടിപ്പിക്കുകയും അതിനാവശ്യമായ ബോധവത്കരണപരിപാടികൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യുക.
13. ബാങ്കിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും നിലവിലുള്ള ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്യുക.
14. ദുർബലവിഭാഗങ്ങൾക്ക് ഗവണ്മെൻറിൽനിന്നും സബ്സിഡിയോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾക്ക് വേണ്ടത്ര പ്രാധാന്യം നൽകി നടപ്പിലാക്കുക.
15. വയ്യാററുപുഴയിൽ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഒരു റബ്ബർസംഭരണ ഡിപ്പോ ആരംഭിക്കുക.
16. ബാങ്കിലെ മുഴുവൻ അംഗങ്ങളെയും റെക്കറിംഗ് നിക്ഷേപപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. വാർഡുകൾ തോറും ഇത്തരം നിക്ഷേപം സ്വീകരിക്കുന്നതിന് കളക്ഷൻ ഏജൻറുമാരെ നിയമിക്കുകയുംചെയ്യുക.

### ക്ഷീരോത്പാദനം

പഞ്ചായത്തിൽ നിലവിലുള്ള ക്ഷീരോത്പാദക സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ക്ഷീരവിപണന മേഖല മെച്ചപ്പെടുത്താവുന്നതാണ്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കണം. അതിനാവശ്യമായ സംഭരണശാലകൾ സ്ഥാപിക്കണം. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കറവമാട് വളർത്തലിന് അനുകൂലമായ സാഹചര്യമാണുള്ളത്. ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിന് കുറഞ്ഞ വിലയ്ക്കുള്ള കാലിത്തീററ സംഘങ്ങൾവഴി വിതരണം ചെയ്യണം. പുൽക്കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണം. ക്ഷീരവകുപ്പിൽനിന്നും പുൽക്കൃഷിക്ക് ആവശ്യമായ വിത്ത് ലഭ്യമാക്കണം. നിലവിലുള്ള സബ്സിഡി ഉയർത്തണം.

പഞ്ചായത്തിൽ ഡയറി ഇൻസ്പെക്ടറുടെ പൂർണ്ണ സമയസേവനം ലഭ്യമാക്കണം. സംഘങ്ങളുടെ പ്രവർത്തന രംഗത്ത് ഉണ്ടായിട്ടുള്ള കാര്യക്ഷമതയില്ലായ്മമൂലം ക്ഷീരകർഷകർക്ക് ന്യായവില ലഭിക്കുന്നില്ലയെന്നുള്ള പരാതി ഗ്രാമസഭകളിൽ വ്യാപകമായി ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള സംഘങ്ങളിൽ പ്രതിദിനം 1000 ലിററർ പാൽ സംഭരിക്കുന്നതിനുള്ള ഊർജിതശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ചിററാർ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പാൽ സംസ്കരണശാലയും വിവിധ സ്ഥലങ്ങളിൽ വിപണനശാലകളും ആരംഭിക്കണം.

### നിർദേശങ്ങൾ

1. നല്ലയിനം കറവുമാടുകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം സംഘങ്ങൾ ചെയ്തുകൊടുക്കണം.
2. കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്കസമയത്ത് ലഭ്യമാക്കണം. ചിററാർ വെററിനറി ഡിസ്പെൻസറിയിൽ ഡോക്ടറെ നിയമിക്കണം.
3. ധനകാര്യസ്ഥാപനങ്ങളിൽനിന്നും കറവുമാടുകളെ വാങ്ങുന്നതിന് ആവശ്യമായ വായ്പ ലഭ്യമാക്കണം.

### കൺസ്യൂമർ മേഖല

നിലവിലുള്ള മാവേലിസ്റേറാറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. നിത്യോപയോഗസാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കണം. പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന കർഷകത്തൊഴിലാളികൾക്കും ഇതര തൊഴിൽ മേഖലകളിലുള്ള തൊഴിലാളികൾക്കും സാധനങ്ങൾ വാങ്ങുന്നതിന് വൈകുന്നേരങ്ങളിൽ 8 മണിവരെ സ്റേറാർ തുറന്നു പ്രവർത്തിക്കണം. ചെറുകിട-വനിതാവ്യവസായ യൂണിററുകൾക്ക് ആവശ്യമായ അസംസ്കൃത ഭക്ഷ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ മാവേലിസ്റേറാറിൽ നിന്നും ലഭ്യമാക്കണം. പഞ്ചായത്തിലുള്ള സ്കൂളുകളിൽ ഉച്ചക്കഞ്ഞിവിതരണത്തിനുള്ള ഭക്ഷ്യവസ്തുക്കളുടെ വിതരണം യഥാസമയം മാവേലിസ്റേറാറിൽക്കൂടി ലഭ്യമാക്കണം. നിലവിലുള്ള കൺസ്യൂമർസ്റേറാറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. വയ്യാററുപുഴ സർവ്വീസ് സഹകരണബാങ്കിന്റെ ആഭിമുഖ്യത്തിൽ കൺസ്യൂമർ സ്റേറാറുകൾ ചിററാറിലും വയ്യാററുപുഴയിലും ആരംഭിക്കണം. പച്ചക്കറി ഉല്പാദകസഹകരണസംഘം പഞ്ചായത്തിൽ രൂപീകരിക്കണം. സംഘത്തിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി ഉല്പാദന-വിപണനകേന്ദ്രങ്ങൾ ആരംഭിക്കണം.

ഹൈസ്കൂൾ സഹകരണസംഘങ്ങൾ ഇപ്പോൾ പാഠപുസ്തകം മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്റേറഷനറിയും സംഘങ്ങൾവഴി വിതരണം ചെയ്യണം. എല്ലാ പാഠോപകരണങ്ങളും കൃത്യസമയത്ത് ലഭ്യമാക്കാനുള്ള സംവിധാനം സംഘങ്ങൾ വഴി ഉണ്ടാകണം.

### ലേബർ കോൺട്രാക്റ്റ് സഹകരണസംഘം

അസംഘടിത തൊഴിൽമേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ ചിററാർ പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിക്കേണ്ടതും പഞ്ചായത്ത് നേരിട്ടുനടത്തുന്ന നിർമാണപ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതും കൂടാതെ പഞ്ചായത്തിലെ മററ് നിർമ്മാണപ്രവർത്തനങ്ങൾ ഈ സംഘത്തിന് ഏറെറടുത്ത് നടത്താവുന്നതുമാണ്.

### വ്യവസായ സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ നിലവിൽ വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. റബർ ഉല്പാദക സഹകരണസംഘങ്ങളുടെയും റബ്ബർ മാർക്കററിങ് സഹകരണ സംഘത്തിൻെറയും സംയുകാഭിമുഖ്യത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ നടത്താവുന്നതാണ്. ഇതുകൂടാതെ വനിതാവ്യവസായ സഹകരണസംഘങ്ങളും ഗ്രാമീണ കുടിൽ വ്യവസായസംഘങ്ങളും പഞ്ചായത്തിൽ രൂപീകരിക്കേണ്ടതാണ്.

### പാർപ്പിട സഹകരണസംഘം

പഞ്ചായത്തിലെ പാർപ്പിടപ്രശ്നം ഗുരുതരമാണ്. ഭവനനിർമാണവായ്പകൾ പ്രധാനമായും വിതരണം ചെയ്യുന്നത് താലൂക്ക് തലത്തിലുള്ള സഹകരണസംഘത്തിൽനിന്നും കോന്നി ഹൗസിങ് സൊസൈററി എന്നിവിടങ്ങളിൽനിന്നുമാണ്. സാങ്കേതികമായ തടസ്സങ്ങൾ മൂലം ഭൂരിപക്ഷം അപേക്ഷകർക്കും വായ്പ ലഭിക്കുന്നില്ല. പഞ്ചായത്ത് തലത്തിൽ ഒരു റൂറൽ ഹൗസിങ് സഹകരണ സംഘം രൂപീകരിച്ചാൽ മാത്രമേ ഈ രംഗത്ത് ഫലപ്രദമായ പരിഹാരം ഉണ്ടാക്കുന്നതിന് കഴിയുകയുള്ളൂ. കെട്ടിട നിർമാണസാമഗ്രികളുടെ ഉല്പാദനവും വിപണനവും സഹകരണസംഘത്തിലൂടെ നിർവ്വഹിക്കാവുന്നതാണ്.

### കോഴിവളർത്തൽ സഹകരണസംഘം

പഞ്ചായത്തിലുള്ള വനിതകൾക്ക് തൊഴിലവസരവും വരുമാനവും ലഭിക്കുന്നതിന് വിവിധ വാർഡുകൾ കേന്ദ്രീകരിച്ച് ഇറച്ചിക്കോഴി വളർത്തുന്നതിനും മുട്ടക്കോഴി വളർത്തുന്നതിനും സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. ഇവയുടെ സംയുക്താഭിമുഖ്യത്തിൽ വിപണന കേന്ദ്രങ്ങളും പഞ്ചായത്തിൽ ആരംഭിക്കുന്നതിന് കഴിയും. വാർഡുകളിൽ DWCRA യൂണിററുകളും പുതിയതായി ആരംഭിക്കണം. ഇത്തരം സംഘങ്ങൾ മുഖേന പഞ്ചായത്തിലെ വീടുകളിൽ ചെറിയചെറിയ യൂണിററുകളായി കോഴി വളർത്തുകയും അതിനാവശ്യമായ മൃഗസംരക്ഷണ ഉദ്യോഗസ്ഥൻെറ സേവനവും സാമ്പത്തികസഹായവും ലഭ്യമാക്കേണ്ടതുമാണ്. ജനങ്ങളുടെ വരുമാനത്തിൻെറ വലിയൊരു ഭാഗം ഇറച്ചിക്കോഴി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്നത് തടയാൻ കഴിയുന്നുവെന്നു മാത്രമല്ല ഇവയുടെ ഉപഭോഗം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.

### വനിതാ സഹകരണസംഘങ്ങൾ

ചിററാർ പഞ്ചായത്ത് വനിതാ സഹകരണസംഘം രൂപീകരിച്ച് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, നോട്ടുബുക്ക് നിർമ്മാണം, അച്ചാർ, കറിപൗഡർ നിർമ്മാണം എന്നിവ ആരംഭിക്കേണ്ടതാണ്. പഞ്ചായത്തിൽ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന DWCRA യൂണിററുകളും ഈ സംഘത്തിൻെറ കീഴിൽ കൊണ്ടുവരേണ്ടതാണ്.

### മററ് നിർദേശങ്ങൾ

പഞ്ചായത്തിലെ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള നിർദേശങ്ങൾ ചേർക്കുന്നു.

1. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു അലോപ്പതി ആശുപത്രി പ്രവർത്തനം ആരംഭിക്കണം. അടഞ്ഞുകിടക്കുന്ന ചിററാർ മാർത്തോമ ആശുപത്രി ഇങ്ങനെ ഏറെറടുക്കാവുന്നതാണ്.
2. സഹകരണാടിസ്ഥാനത്തിൽ ചിററാർ എസ്റേററ് റബ്ബർ ഫാക്ടറി ഏറെറടുത്ത് പ്രവർത്തിപ്പിക്കുക.
3. തേനീച്ച വളർത്തൽ, സഹകരണാടിസ്ഥാനത്തിൽ കൊടുമുടി, കട്ടച്ചിറ എന്നിവിടങ്ങളിൽ ആരംഭിക്കുക.
4. എല്ലാ വാർഡുകളിലും ക്ഷീരസഹകരണസംഘങ്ങൾ ആരംഭിക്കുക.
5. സഹകരണാടിസ്ഥാനത്തിൽ നേഴ്സറികൾ സ്ഥാപിച്ച് ആവശ്യമായ തൈകളും പച്ചക്കറി വിത്തുകളും വിതരണം ചെയ്യുക.
6. സഹകരണാടിസ്ഥാനത്തിൽ കരിങ്കൽ ക്വാറികൾ പ്രവർത്തിപ്പിക്കുക.
7. വയ്യാററുപുഴ സർവ്വീസ് സഹകരണബാങ്ക്, ചിററാർ പട്ടികജാതി സഹകരണസംഘം, പട്ടികവർഗ്ഗസഹകരണസംഘം എന്നിവയുടെ ആഭിമുഖ്യത്തിൽ കൺസ്യൂമർ സ്റേറാറുകൾ പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ ആരംഭിക്കുക.
8. വ്യവസായ സഹകരണസംഘം രൂപീകരിച്ച്, സാങ്കേതികസ്ഥാപനങ്ങൾ ചിററാറിൽ ആരംഭിക്കുക.
9. പഞ്ചായത്തിലുള്ള എക്സ് സർവീസ് അംഗങ്ങളുടെ സഹകരണസംഘം രൂപീകരിച്ച് തൊഴിൽ അവസരങ്ങൾ പ്രദാനംചെയ്യുക.

# 5.11

# പട്ടികജാതി- പട്ടികവർഗക്ഷേമം

## പട്ടികജാതി പട്ടികവർഗക്ഷേമം

സമൂഹത്തിൽ സാമ്പത്തികവും സാമൂഹ്യവുമായി താഴേത്തട്ടിൽ കഴിഞ്ഞിരുന്ന പട്ടികവിഭാഗക്കാരുടെ സ്ഥിതി ഈ പഞ്ചായത്തിലും വിഭിന്നമായിരുന്നില്ല. ക്രമേണ സമൂഹത്തിൽ പൊതുവായി ഉളവായ മാറ്റങ്ങൾക്ക് അനുസൃതമായി ഉണ്ടായ മാററങ്ങൾ ഈ വിഭാഗക്കാരുടെ ഇടയിലും കാണാവുന്നതാണ്.

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 23% പട്ടിക ജാതി പട്ടികവർഗ വിഭാഗമാണ്. 657 പട്ടികജാതി കുടുംബങ്ങളും 320 പട്ടികവർഗ കുടുംബങ്ങളും ഇവിടെ താമസിച്ചുവരുന്നു. അംഗീകൃത പട്ടികജാതി കോളനികൾ 12 എണ്ണവും പട്ടികവർഗകോളനികൾ 4 എണ്ണവുമുണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും - സാമ്പത്തികരംഗത്ത് വേണ്ടത്ര പുരോഗതി കൈവരി ക്കുന്നതിന് ഈ വിഭാഗങ്ങൾക്ക് കഴിഞ്ഞിട്ടില്ല. എല്ലാ ജാതിമതസ്ഥരുടെയും എല്ലാതരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും വേണ്ടത്ര പരിഗണന ലഭിക്കുകയും ചെയ്തുവരുന്നുണ്ട്. സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളും ഫലപ്രദ മായി ഉപയോഗപ്പെടുത്താൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. എങ്കിലും സർക്കാർ നല്കുന്ന നിരവധി സൗജന്യങ്ങൾ ടി. വിഭാഗങ്ങളുടെ പുരോഗതിയെ ഗണ്യമായി സ്വാധീനിച്ചി ട്ടുണ്ട്. ടി. കോളനിയിൽ നിരവധി അടിസ്ഥാന സൗകര്യ ങ്ങൾ ഇന്നും പരിഗണിക്കപ്പെടാതെ നിലനില്ക്കുന്നുണ്ട്. കോളനികളുടെ വിവരം 1-ാം പട്ടികയിൽ ചേർക്കുന്നു.

പട്ടിക-1.

പട്ടികജാതി കോളനികൾ

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | I | കൂത്താട്ടുകുളം (അംബേദ്കർ കോളനി) | 60 |
| 2 | II | പന്നിയാർ (S.C.കോളനി) | 21 |
| 3 | II | മണക്കയം അംബേദ്കർ കോളനി | 105 |
| 4 | IV | മീൻകുഴി | 250 |
| 5 | V | കുളങ്ങര വാലി (S.C.കോളനി) | 17 |
| 6 | VI | വില്ലൂന്നിപ്പാറ (S.C.കോളനി) | 16 |
| 7 | VI | പുലയൻപാറ (S.C.കോളനി) | 12 |
| 8 | VI | മൺപിലാവ് (S.C.കോളനി) | 21 |
| 9 | VII | നീലിപിലാവ് (S.C.കോളനി) | 25 |
| 10 | VII | കുടപ്പനകുളം (S.C.കോളനി | 15 |
| 11 | VII | കട്ടച്ചിറ (S.C.കോളനി) | 15 |
| 12 | VIII | കാരികയം (S.C.കോളനി | 13 |

അവലംബം: ഗ്രാമസഭ റിപ്പോർട്ട്

### പട്ടിക - 2
### പട്ടികവർഗകോളനികൾ

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | I | പാമ്പിനി (I.H.D.P) S.T.കോളനി | 78 |
| 2 | VIII | കൊടുമുടി(S.T.കോളനി) | 100 |
| 3 | IX | ചിറ്റാർ ചതുപ്പ് (S.T.കോളനി) | 12 |
| അംഗീകാരം നിലവിൽ ഇല്ലാത്ത കോളനികൾ | | | |
| 1 | II | ബിമ്മരം (S.T.കോളനി) | 30 |
| 2 | VII | കട്ടച്ചിറ (S.T.കോളനി) | 100 |

അവലംബം: ഗ്രാമസഭാ റിപ്പോർട്ട്)

### വിദ്യാഭ്യാസം

പൊതുവെ നിരക്ഷര കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്. എസ്. എൽ. സിയ്ക്ക് ശേഷം തുടർന്ന് പഠിക്കുന്നതിന് കഴിയുന്നില്ല. സാമ്പത്തികബുദ്ധിമുട്ടും, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അഭാവവുമാണ് ഇതിനുള്ള പ്രധാനകാരണങ്ങൾ. കുട്ടികൾ ചെറുപ്പത്തിലേ കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പഠനം നിർത്തേണ്ടിവരുന്ന നിരവധി കുട്ടികൾ ഉണ്ട്. 1996-97 അധ്യയന വർഷത്തിൽ 743 പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 1995-96 വർഷത്തിൽ 23 യു.പി.യിലും 14 ഹൈസ്കൂളിലുമായി 37 കുട്ടികൾ പഠനം നിർത്തി. ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവേശിച്ചവരുടെ എണ്ണം താരതമ്യേന കുറവാണ്. അതിൽ പ്രൊഫഷണൽ കോഴ്സുകളിൽ വളരെ അപൂർവ്വമായേ ഈ വിഭാഗത്തിൽനിന്നുമുള്ള പ്രാതിനിധ്യമുള്ളൂ. ഉന്നത വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള നിരവധി പേർ തൊഴിൽ രഹിതരാണ്.

### തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ കൂലിപ്പണി ചെയ്യുന്നവരാണ്. എന്നാൽ സമീപകാലങ്ങളിൽ കാർഷികമേഖലയോട് പൊതുവേ കാണുന്ന താല്പര്യമില്ലായ്മയും തകർച്ചയും ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവനോപാധിക്കുവേണ്ടി മററു മേഖലകളിലേക്ക് പോകുന്നതിന് നിർബന്ധിതരായിത്തീരുകയും ചെയ്യുന്നു. ഇതിൽ ഭൂരിപക്ഷവും നിർമ്മാണപ്രവർത്തനമേഖലയിലേക്ക് തിരിയുന്നു. തൊഴിലിനുവേണ്ടി മററു പഞ്ചായത്തുകളിൽ പോകുന്നവരും ധാരാളം ഈ വിഭാഗത്തിലുണ്ട്.

പട്ടികജാതി കുടുംബങ്ങളിൽ 70% പേരും ഭൂരഹിത കർഷകത്തൊഴിലാളികളും നാമമാത്ര കൃഷിക്കാരുമാണ്. തൊഴിൽ രംഗത്ത് 60% സ്ത്രീപങ്കാളിത്തം കാണുന്നു. സർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ, ബാങ്കുകൾ എന്നീ രംഗങ്ങളിൽ തൊഴിൽ ലഭിച്ചിട്ടുള്ളവർ വളരെ പരിമിതമാണ്. ഇങ്ങനെ തൊഴിൽ ലഭിച്ചിട്ടുള്ളവർ സൗകര്യാർത്ഥം പട്ടണങ്ങളിൽ സ്ഥിരതാമസമാക്കുന്നതായും കാണുന്നു. ആയതിനാൽ ഇത്തരം തൊഴിൽ ലഭിച്ചിട്ടുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനു കഴിഞ്ഞിട്ടില്ല. ചിറ്റാർ എസ്റ്റേറ്റ് തുണ്ടുഭൂമികളായി തിരിച്ചു വില്പന നടത്തിയതുമൂലം 100-ൽ പരം പട്ടികജാതി കുടുംബങ്ങളുടെ തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ളതായും കാണുന്നു. പരമ്പരാഗതമായിട്ടുള്ള കൈത്തൊഴിലുകൾ ചെയ്യുന്നതിന് ധാരാളം പട്ടികജാതി കുടുംബങ്ങൾ സന്നദ്ധമാണെങ്കിലും അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് തൊഴിലിനെ പ്രതികൂലമായി ബാധിക്കുന്നു. സർക്കാർ ധനസഹായത്തോടെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു സന്നദ്ധതയുള്ള ധാരാളം ആളുകളുണ്ട്. ധനകാര്യസ്ഥാപനങ്ങളുടെ നിഷേധാത്മകമായ നടപടികൾ മൂലം ഇത്തരം പദ്ധതികൾ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ഗുണകരമാകുന്നില്ല.

മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വളരെ കുറച്ച് പട്ടികവർഗ കുടുംബങ്ങൾ മാത്രമേ വനവിഭവങ്ങളെ ആശ്രയിച്ച് ജീവിക്കുന്നുള്ളു. തേൻ, ഇഞ്ച, പുളിഞ്ചി, കോലരക്ക്, ചൂരൽ, ഔഷധച്ചെടികൾ മുതലായ വനവിഭവങ്ങൾ ശേഖരിക്കാൻ ഈ വിഭാഗം സമർത്ഥരാണ്. കടുത്ത വനനിയമവും ഇടത്തട്ടുകാരുടെ ചൂഷണവും ഈ രംഗങ്ങളിൽനിന്നും പിൻതിരിയുവാൻ പട്ടികവർഗക്കാരെ നിർബന്ധിതരാക്കുന്നു. ചൂരൽ ഉപയോഗിച്ചുള്ള കൈത്തൊഴിലുകൾ വശമുള്ളവർ ഈ വിഭാഗത്തിൽ ഉണ്ട്. ആയതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ സാമ്പത്തികസഹായമോ വായ്പാസൗകര്യങ്ങളോ ഈ വിഭാഗത്തിനു കിട്ടാറില്ല. ചിറ്റാർ-സീതത്തോട് പട്ടികവർഗ സർവ്വീസ് സഹകരണസംഘം ഈ വിഭാഗത്തിന് കാര്യമായ ഗുണം ചെയ്യുന്നില്ല. പട്ടികവർഗ കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷികവൃത്തിയിൽ ഏർപ്പെട്ടു ജീവിക്കുന്നവരാണ് ശാസ്ത്രീയകൃഷിരീതികളുടെ അറിവില്ലായ്മയും വർദ്ധിച്ച കൃഷിച്ചെലവുകളും, വന്യജീവികളുടെ കൃഷിനശിപ്പിക്കലും മൂലം സാമാന്യം ഭേദപ്പെട്ട കൃഷിഭൂമി ഉള്ളവർപോലും വേണ്ടത്ര കൃഷിപ്പണികൾ ചെയ്യുന്നില്ല. കൈവശഭൂമിക്ക് അവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ കൃഷിക്ക് ആവശ്യമായ വായ്പകൾ ധനകാര്യസ്ഥാപനങ്ങളിൽനിന്നും പട്ടികവർഗക്കാർക്ക് ലഭിക്കുന്നില്ല. വിദ്യാഭ്യാസം വേണ്ടത്ര രീതിയിൽ വളരെ കുറച്ചുപേർക്കു മാത്രമേ ലഭിച്ചിട്ടുള്ളു.

സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ബാങ്കുകളിലും വളരെ കുറച്ചു പേർക്ക് മാത്രമേ തൊഴിൽ ലഭിച്ചിട്ടുള്ളു. കട്ടച്ചിറ, ബിമ്മരം കോളനി എന്നിവിടങ്ങളിലെ ജാതിസംബന്ധമായ സാങ്കേതിക പ്രശ്നം സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു തടസ്സമായി നില്ക്കുന്നു.

### പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാരിന്റെ വിവിധ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികളുടെ ആനുകൂല്യം പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് പൂർണ്ണമായി ലഭിക്കുന്നില്ല. സർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ള വീടുകൾക്ക് നിർമ്മാണത്തിനുള്ള തുക കുറവായതിനാൽ ഭൂരിഭാഗം കുടുംബങ്ങൾക്കും ഉറപ്പുള്ളതും വാസയോഗ്യമായിട്ടുള്ളതുമായ വീടുകൾ നിർമ്മിക്കുന്നതിനു കഴിഞ്ഞിട്ടില്ല. പട്ടയഭൂമിയിൽ ഉള്ള മരങ്ങൾപോലും ഉടമസ്ഥന് വീട് നിർമ്മിക്കുന്നതിന് ഉപയോഗിക്കാൻ കഴിയാത്തതുമൂലം സർക്കാരിൽ നിന്നും വീട് നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചവർപോലും പദ്ധതി ഉപേക്ഷിക്കുന്നു. തോട്ടം മേഖലയിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട 100-ൽ പരം പട്ടികജാതികുടുംബങ്ങൾ ഭവനരഹിതരായി മാറിയിട്ടുണ്ട്. സ്വന്തമായി ഒരു സെന്റ് ഭൂമിപോലും ഇല്ലാത്ത ധാരാളം പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. പഞ്ചായത്തിൽനിന്നും ഭൂമി സൗജന്യമായി ഭൂരഹിതപട്ടികജാതി കുടുംബങ്ങൾക്ക് വിതരണം ചെയ്താൽ മാത്രമേ പാർപ്പിടപ്രശ്നത്തിന് പരിഹാരമാകുകയുള്ളു. സർക്കാരിൽനിന്നും സൗജന്യമായി ലഭിക്കുന്ന വീടുകൾ കൈമാറ്റം ചെയ്യുകയും, പൊളിച്ചു വില്പന നടത്തുകയും ചെയ്യുന്ന പ്രവണത പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽ കണ്ടുവരുന്നു. ഇത് കർശനമായി നിയന്ത്രിക്കണം. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും ഫലപ്രദമായ നിയന്ത്രണവും മേൽനോട്ടവും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയാൽ പദ്ധതി ഏകോപനവും നടത്തിപ്പും ഫലപ്രദമാക്കാൻ കഴിയും. മിക്ക കോളനികളിലും സാനിട്ടേഷൻ സൗകര്യം പരിമിതമാണ്. വീടിനോടൊപ്പം അനുവദിക്കുന്ന കക്കൂസുകൾ 50% ഗുണഭോക്താക്കളും നിർമ്മിക്കുന്നതിന് താല്പര്യം കാണിക്കുന്നില്ല. വീടും കക്കൂസും നിർമ്മി ക്കുന്നതിന് അനുമതി ലഭിച്ചവർ പണി നിർബന്ധമായും പൂർത്തിയാക്കാൻ നടപടി ഉണ്ടാക്കണം. ഒരു പദ്ധതിക്ക് ഒന്നിലധികം ഏജൻസികളിൽനിന്നും ആനുകൂല്യം കൈപ്പറ്റുന്നതിനുള്ള പ്രവണത കാണുന്നു. ഇവ നിയന്ത്രി ച്ചാൽ കൂടുതൽ കുടുംബങ്ങളെ ഗുണഭോക്താ ക്കളാക്കുന്നതിന് കഴിയും. ചെലവു കുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കണം.

പട്ടിക-3

**പട്ടികജാതി കോളനികൾ**

| ക്രമനമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ള വീടുകൾ | ആവശ്യമുള്ള കക്കൂസുകൾ | കക്കൂസ് ഉള്ളവർ |
|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | | | |
| 1 | അഞ്ചേക്കർ കോളനി (കൂത്താട്ടുകുളം) | - | 54 | 6 | 6 | 43 | 17 |
| 2 | മണക്കയം | 5 | 59 | - | 31 | 74 | 31 |
| 3 | മീൻകുഴി | - | 187 | - | 63 | 192 | 58 |
| 4 | വില്ലൂന്നിപ്പാറ | - | 12 | 4 | 4 | 9 | 3 |
| 5 | കുളങ്ങരവാലി | - | 12 | 5 | 5 | 12 | - |
| 6 | പുലയൻ പാറ | - | 10 | 2 | 2 | 7 | 3 |
| 7 | മൺപിലാവ് | - | 17 | 4 | 4 | 11 | 10 |
| 8 | നീലിപിലാവ് | - | 15 | 10 | 10 | 18 | 7 |
| 9 | കുടപ്പനകുളം | - | 9 | 6 | 6 | 6 | 9 |
| 10 | കട്ടച്ചിറ | - | 3 | 12 | 12 | 15 | - |
| 11 | കാരികയം | - | 3 | 10 | 10 | 10 | 3 |
| 12 | പന്നിയാർ | - | 16 | 5 | 5 | 11 | 5 |

അവലംബം: ഗ്രാമസഭാ റിപ്പോർട്ട്

കോളനിയിൽ ഉൾപ്പെടാത്ത ഒററപ്പെട്ട 108 കുടുംബങ്ങൾ ഉണ്ട്. ഗ്രാമസഭ റിപ്പോർട്ട് പ്രകാരം 60 വീടും 85 കക്കൂസും അനുവദിക്കേണ്ടതായുണ്ട്.

പട്ടിക 4

പട്ടികവർഗ കോളനികൾ

| ക്രമനമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ള വീടുകൾ | ആവശ്യമുള്ള കക്കൂസുകൾ | കക്കൂസ് ഉള്ളവർ |
|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | | | |
| 1. | പാമ്പിനി | 4 | 74 | - | - | 21 | 57 |
| 2 | കൊടുമുടി | 1 | 80 | 24 | 24 | 60 | 45 |
| 3 | ചിറ്റാർ ചതുപ്പ് | - | - | 12 | 12 | 12 | - |
| അംഗീകാരം നിലവിൽ ഇല്ലാത്തവ | | | | | | | |
| 1 | ബിമ്മരം കുമരംകുന്ന് | - | 9 | 21 | 21 | 21 | 9 |
| 2 | കട്ടച്ചിറ | - | 48 | 52 | 52 | 20 | 80 |

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനില്ക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.
2. തൊഴിലില്ലായ്മ രൂക്ഷമാണ്. താഴ്ന്ന ജീവിതനിലവാരം.
3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടു വയ്ക്കാൻ സ്ഥലമില്ല.
4. പ്രാഥമികസൗകര്യങ്ങളില്ല.
5. കോളനികളിൽ കുടിവെള്ളപ്രശ്നം രൂക്ഷമാണ്. വൈദ്യുതി എല്ലാ കോളനികൾക്കും ലഭ്യമല്ല.
6. പൊതു ശ്മശാനം ഇല്ല.
7. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
8. പട്ടയഭൂമിയിലുള്ള വൃക്ഷങ്ങൾ മുറിച്ചെടുത്ത് വീട് നിർമ്മാണത്തിന് ഉപയോഗിക്കാൻ കഴിയുന്നില്ല.
9. ആരോഗ്യസംരക്ഷണസംവിധാനം കോളനികളിൽ ലഭിക്കുന്നില്ല.
10. നിർദ്ധനകുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല. പെൻഷൻ സഹായം ലഭിക്കാൻ കാലതാമസം നേരിടുന്നു.
11. ഐ.ആർ.ഡി.പി. പദ്ധതിയും മററ് പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല. സ്വയം തൊഴിൽസംരംഭങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്നില്ല.
12. പട്ടികജാതി വികസന കോർപ്പറേഷൻ, പട്ടികവർഗവികസന കോർപ്പറേഷൻ എന്നിവ നല്കുന്ന വായ്പകളും ധനസഹായവും സാങ്കേതിക സഹായവും ലഭിക്കുന്നില്ല.
13. സാങ്കേതിക പരിശീലനസ്ഥാപനങ്ങൾ നാമമാത്രമായി പ്രവർത്തിക്കുന്നു.
14. പട്ടികജാതി/പട്ടികവർഗക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതി സംബന്ധിച്ച വിവരങ്ങൾ ശരിയായി ലഭിക്കുന്നില്ല.
15. കുടിൽ ജ്യോതി പ്രകാരമുള്ള വൈദ്യുതി കണക്ഷൻ അർഹരായവർക്ക് ലഭിക്കുന്നില്ല.

### സാദ്ധ്യതകൾ

നീലിപിലാവ്, കട്ടച്ചിറ, വില്ലൂന്നിപ്പാറ കുമരംകുന്ന് കോളനികളിൽ വൈദ്യുതി ലഭിച്ചിട്ടില്ല. വൈദ്യുതീകരിച്ച കോളനികളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. വീടുകൾ വയറിംഗ് നടത്തി കണക്ഷന് കാത്തിരിക്കുന്നവർക്ക് അവ ഉടൻ നല്കണം.

കുടിവെള്ളപ്രശ്നം അതിരൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിന് ബ്ലോക്ക്, പഞ്ചായത്ത് എന്നീ ഏജൻസികൾ വഴി കിണറുകളും കുഴൽകിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമാണ്. പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുള്ള കോളനികളിൽ ആവശ്യമായ വെള്ളം ലഭിക്കുന്നില്ല. മീൻകുഴി-പട്ടികജാതി കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ സപ്ലൈസ്കീം ആവശ്യമാണ്. കൊടുമുടി വാട്ടർ സപ്ലൈ സ്കീം ഫലപ്രദമാകുന്നില്ല. കട്ടച്ചിറ കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി നാളിതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. വില്ലൂന്നിപ്പാറ, കുളങ്ങരവാലി, മൺപിലാവ് കോളനികളിൽ കിണറുകൾ

നിർമ്മിച്ചും നിലവിലുള്ള പ്രകൃതിദത്തകുളങ്ങളിൽനിന്നും പൈപ്പുകൾ സ്ഥാപിച്ചും കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്. ചിറ്റാർ വാട്ടർ സപ്ലൈസ്കീമിൻെറ കാര്യശേഷി വർദ്ധിപ്പിച്ചാൽ കൂത്താട്ടുകുളം 5 ഏക്കർ കോളനി, ചിറ്റാർ ചതുപ്പ് കോളനി, ബിമ്മരം, പന്നിയാർ, പാമ്പിനി എന്നിവിടങ്ങളിൽ ഫലപ്രദമായി കുടിവെള്ളം എത്തിക്കാൻ കഴിയും.

ഗുണമേന്മയില്ലാത്ത പൈപ്പുകൾ മൂലം ലൈനിൽ ഉണ്ടാകുന്ന ചോർച്ചയും ടാങ്കിൻെറ കുറഞ്ഞ സംഭരണ ശേഷിയും പമ്പിങ്ങിന് ആവശ്യമായ ജലം ലഭ്യമല്ലാത്ത തുമൂലം, വൈദ്യുതികരാറും പദ്ധതികൊണ്ടു ഉദ്ദേശിച്ച പ്രയോജനം കിട്ടുന്നില്ല. നിലവിലുള്ള കുഴൽ കിണറുകൾ, പൊതുകിണറുകൾ എന്നിവ ഉപയോഗപ്രദമാക്കിയാൽ കുടിവെള്ളപ്രശ്നം കുറയ്ക്കാൻ കഴിയുന്ന താണ്. ചില സാദ്ധ്യതകൾ പട്ടിക 5-ൽ ചേർക്കുന്നു.

പട്ടിക-5

| വാർഡ് | ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനികൾ |
|---|---|
| I | പാമ്പിനി (എസ്. ടി. കോളനി) |
| I | കൂത്താട്ടുകുളും (എസ്. സി. കോളനി) |
| II | മണക്കയം കോളനി |
| II | ബിമ്മരം കുമരംകുന്ന് കോളനി |
| VIII | കാരിക്കയം എസ്. സി. കോളനി |
| VIII | കൊടുമുടി എസ്. ടി. കോളനി |
| VII | നീലിപിലാവ് എസ്. സി. കോളനി |
| IX | ചിറ്റാർ ചതുപ്പ് കോളനി |

വാട്ടർ സപ്ലൈ സ്കീം ആവശ്യമായ കോളനികൾ

| വാർഡ് | കോളനികൾ |
|---|---|
| IV | മീൻകുഴി എസ്. സി. കോളനി |
| VII | കട്ടച്ചിറ കോളനി |
| VII | കുടപ്പനകുളം കോളനി |

വിവിധ കോളനികളിലെ റോഡുകൾ, വൈദ്യുതി, കുടിവെള്ളം, പൊതു കക്കൂസ് എന്നിവയുടെ സ്ഥിതി വിവരക്കണക്കുകൾ 6-ാം പട്ടികയിൽ ചേർക്കുന്നു.

പട്ടിക-6

| ക്രമ നമ്പർ | കോളനിയുടെ പേര് | റോഡുകൾ | | വൈദ്യുതി | | കുടിവെള്ളം | | പൊതുകക്കൂസ് |
|---|---|---|---|---|---|---|---|---|
| | | ഗതാഗത യോഗ്യം | ഗതാഗത യോഗ്യമല്ലാത്തത് | ഉള്ളവ | ഇല്ലാത്തവ | കിണർ | ടാപ്പ് | |
| 1. | കൂത്താട്ടുകുളം (5 ഏക്കർ) | ഉണ്ട് | | 14 | 46 | | ഉണ്ട് | ഇല്ല |
| 2. | പന്നിയാർ | ഉണ്ട് | | 8 | 13 | | | ഇല്ല |
| 3. | മണക്കയം | ഉണ്ട് | | 43 | 62 | ഉണ്ട് | - | ഇല്ല |
| 4. | കുമരംകുന്ന് | ഇല്ല | | | 30 | ഉണ്ട് | ഇല്ല | ഇല്ല |
| 5. | മീൻകുഴി | ഉണ്ട് | | 134 | 116 | - | ഇല്ല | ഇല്ല |
| 6. | കുളങ്ങരവാലി | | | | 17 | ഉണ്ട് | ഇല്ല | ഇല്ല |
| 7. | പുലയൻപാറ | | | 4 | 8 | | ഇല്ല | ഇല്ല |
| 8. | മൺപിലാവ് | | | 9 | 12 | | ഇല്ല | ഇല്ല |
| 9. | വില്ലൂന്നിപ്പാറ | | | ഇല്ല | 16 | | ഇല്ല | ഇല്ല |
| 10 | നീലിപിലാവ് | ഉണ്ട് | | ഇല്ല | 25 | | ഇല്ല | ഇല്ല |
| 11 | കട്ടച്ചിറ | | ഉണ്ട് | ഇല്ല | 15 | | ഇല്ല | ഇല്ല |
| 12 | കുടപ്പന | ഉണ്ട് | | ഇല്ല | 15 | | ഇല്ല | ഇല്ല |
| 13. | കൊടുമുടി | ഉണ്ട് | | 25 | 75 | | ഉണ്ട് | ഇല്ല |
| 14. | കാരികയം | ഇല്ല | ഉണ്ട് | 2 | 11 | | - | ഇല്ല |
| 15. | ചിറ്റാർ ചതുപ്പ് | ഇല്ല | ഉണ്ട് | ഇല്ല | 12 | ഇല്ല | ഇല്ല | ഇല്ല |
| 16. | പാമ്പിനി | ഉണ്ട് | | 78 | - | ഉണ്ട് | ഉണ്ട് | ഇല്ല |

അവലംബം: ഗ്രാമസഭ റിപ്പോർട്ട്.

ചിറ്റാർ പഞ്ചായത്തിന് മുഴുവനും പ്രയോജനപ്രദമാകുന്ന ചിറ്റാർ പ്രാഥമിക ആരോഗ്യകേന്ദ്രവും ആയുർവേദ ഡിസ്പെൻസറിയും കിടത്തി ചികിത്സിക്കാവുന്ന ആശുപത്രികൾ ആക്കി മാറ്റേണ്ടത് അത്യാവശ്യമാണ്. വയ്യാറ്റുപുഴ, മീൻകുഴി, കട്ടച്ചിറ, പാമ്പിനി, കൊടുമുടി സബ്സെൻററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം, കോളനിനിവാസികൾ ചികിത്സാർത്ഥം 40 കിലോമീറ്റർ സഞ്ചരിക്കേണ്ടിവരുന്ന അവസ്ഥയാണ് ഇന്നുള്ളത്. സർക്കാർ, സ്വകാര്യമേഖലകളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ആശുപത്രികൾ പഞ്ചായത്തിൽ ഇല്ല. കാരികയത്ത് പട്ടികവർഗക്കാർക്കുവേണ്ടി ഉണ്ടായിരുന്ന ആയുർവേദ ഡിസ്പെൻസറി കുറഞ്ഞ നിരക്കിൽ വാടക കെട്ടിടം ലഭ്യമല്ലാത്തതിനാൽ ചിറ്റാർ പഞ്ചായത്തിൽ നിന്നും അടിച്ചിപ്പുഴ കോളനിയിലേക്ക് മാററപ്പെട്ടു. ചിറ്റാർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സ്ഥിരം ഡോക്ടർ ഇല്ലാത്തതും ആരോഗ്യരംഗത്ത് പ്രശ്നം സങ്കീർണ്ണമാക്കുന്നു. കോളനിനിവാസികളിൽ വ്യാപകമായ രീതിയിൽ ത്വക്ക്രോഗങ്ങൾ, ക്ഷയരോഗം, ആസ്തമ, വയറിളക്ക രോഗങ്ങൾ തുടങ്ങിയവ കണ്ടുവരുന്നു. ഈ രോഗങ്ങൾ ചികിത്സ കിട്ടാത്ത അവസരത്തിൽ വർദ്ധിക്കുന്നു. ചിറ്റാറിൽ ഒരു ഗവൺമെൻറ് ഹോമിയോ ആശുപത്രി ആവശ്യമാണ്.

ക്ഷേമപദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവത്കരണപരിപാടികൾ അത്യാവശ്യമാണ്. സാമൂഹ്യദുഃശീലങ്ങളായ പുകവലി, മദ്യപാനം, വെറ്റിലമുറുക്ക് എന്നിവ കോളനിനിവാസികളിൽ കൂടുതലായി കണ്ടുവരുന്നു. രോഗാതുരതയും കൂടിയ നിരക്കിൽ കാണപ്പെടുന്നു. ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായകമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുമാണ്. ലളിതമായ വ്യവസ്ഥകളിലൂടെ മാത്രമേ ഈ വിഭാഗ ത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽസംരംഭങ്ങളും മറ്റും ആരംഭിക്കുവാൻ കഴിയൂ. പട്ടികജാതി പട്ടികവർഗ ഡിപ്പാർട്ടുമെൻറുകളുടെ പഞ്ചായത്തുതല ഏകോപനം അനിവാര്യമാണ്. ദേശസാത്കൃത ധനകാര്യസ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കണം.

പട്ടികജാതി-പട്ടികവർഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷിക വ്യാവസായികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യതവർദ്ധിപ്പിക്കുക.
2. തീവ്ര സാങ്കേതിക വികസന പദ്ധതിപ്രകാരം (I.H.D.P.) തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പാമ്പിനി പട്ടികവർഗ കോളനി മൺപിലാവ്, പട്ടികജാതി കോളനി എന്നിവിടങ്ങളിൽ ലക്ഷ്യമിട്ട പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുക.
3. മണക്കയം-അംബേദ്കർ പട്ടികജാതി കോളനിയിൽ 1990-91 കാലഘട്ടത്തിൽ തുടങ്ങിവച്ചതും മുടങ്ങി കിടക്കുന്നതുമായ മുഴുവൻ പദ്ധതികളും നടപ്പിലാക്കണം.
4. മീൻകുഴി പട്ടികജാതി കോളനി, കട്ടച്ചിറ പട്ടികജാതി-പട്ടികവർഗ കോളനി, കൊടുമുടി പട്ടികവർഗ കോളനി എന്നിവ തീവ്രസാങ്കേതികവികസന പദ്ധതി പ്രകാരം ഏററെടുക്കുക.
5. കുടിവെള്ളപ്രശനം പരിഹരിക്കുക.
6. പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുകൾ മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത, ഭവനരഹിത, പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.
7. ചിറ്റാർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി/പട്ടിക വർഗ വിഭാഗങ്ങൾക്ക് വ്വേണ്ടി സാങ്കേതിക വിദ്യാലയം ആരംഭിക്കുക.
8. മണക്കയത്ത് പ്രവർത്തിക്കുന്ന പട്ടികവർഗ വകുപ്പ് നടത്തുന്ന ക്രാഫ്റ്റ് സെൻററിൽ കൂടുതൽ പരിശീലന ക്ലാസ്സുകൾ ആരംഭിക്കുക. ഈ സ്ഥാപനത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കും പരിശീലനം നല്കുക.
9. അഭ്യസ്തവിദ്യർക്ക് സർക്കാർ ഏജൻസികൾ നല്കി വരുന്ന വായ്പകളും സഹായധനവും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുകയും ചെയ്യുക.
10. ചിറ്റാർ ഹയർസെക്കണ്ടറി സ്കൂളിനോട് ചേർന്നുള്ള പട്ടികവർഗ ഹോസ്ററൽ കെട്ടിടത്തിൽ പട്ടികജാതി പട്ടികവർഗ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലനക്ലാസുകൾകൂടി ആരംഭിക്കുക.
11. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിവിധ സഹകരണസംഘങ്ങൾ കോളനി അടിസ്ഥാനത്തിൽ രൂപീകരിക്കുക.
12. സഹകരണ മേഖലയിൽ കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുക.
13. ഭവനനിർമ്മാണത്തിനു തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് നിയന്ത്രിത വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
14. പട്ടികജാതി-പട്ടികവർഗ കുടുംബങ്ങളെ മുഴുവൻ

സാനിട്ടേഷൻപരിപാടിയുടെ ഭാഗമായുള്ള ശുചിത്വ മുള്ള കക്കൂസുകൾ നിർമ്മിക്കുന്നതിന് വേണ്ട സാമ്പത്തികസഹായപദ്ധതിയിൽ ഉൾപ്പെടുത്തുക.

15. പ്രവർത്തനരഹിതമായ പട്ടികജാതി സർവ്വീസ് സഹകരണ സംഘം, പട്ടികവർഗ സർവ്വീസ് സഹകരണസംഘം എന്നിവയുടെ പ്രവർത്തനം പുനരാരംഭിക്കുക.

16. പട്ടികജാതി-പട്ടികവർഗ കോളനികളിലെ സ്ത്രീകളുടെ ഉന്നമനത്തിനായി DWCRA യൂണിറ്റുകൾ രൂപീകരിക്കുക.

17. വ്യവസായപരിശീലനം നല്കുകയും പരിശീലനം ലഭ്യമായവർക്കു വ്യവസായം തുടങ്ങാൻ ആവശ്യമായി വായ്പ പൂർണ്ണമായും അനുവദിക്കുകയും അനുബന്ധ സൗകര്യങ്ങൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ലഭ്യമാക്കുകയും ചെയ്യുക.

18. അഭ്യസ്തവിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുകയും സാക്ഷരതാ, തുടർവിദ്യാഭ്യാസം കോളനികളിൽ ലഭ്യമാക്കുകയും ചെയ്യുക.

19. കോളനികളിൽ ആരോഗ്യ-ശുചിത്വബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

20. വായനശാലകൾ സ്ഥാപിക്കുക.

21. ബോധവത്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടി.വി.സെറ്റുകൾ സ്ഥാപിക്കുക.

22. കോളനിനിവാസികൾക്കു പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള വിത്ത്, വളം, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക. കൃഷിഭവൻ മുഖേന പട്ടികജാതി, പട്ടികവർഗകുടുംബങ്ങൾക്ക് നല്കിവരുന്ന സഹായങ്ങൾ കാര്യക്ഷമമാക്കുകയും പഞ്ചായത്തിലെ മികച്ച പട്ടികജാതി പട്ടികവർഗകൃഷിക്കാരെ ആദരിക്കുകയും ശാസ്ത്രീയമായ കൃഷിരീതികൾ പ്രചരിപ്പിക്കുകയും ചെയ്യുക.

23. മാതൃകാകൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക.

24. മൃഗസംരക്ഷണ ഡിപ്പാർട്ടുമെൻറ് വഴി നടപ്പാക്കുന്ന പശുവളർത്തൽ, ആടുവളർത്തൽ, കോഴി വളർത്തൽ, മുയൽ വളർത്തൽ എന്നിവ മുഴുവൻ പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്കും ലഭിക്കത്തക്കവിധം വ്യാപിപ്പിക്കുക.

25. വീടു പുതുക്കി പണിയുന്നതിനും അറ്റകുറ്റപണികൾക്കും പലിശരഹിതവായ്പകൾ ലളിതവ്യവസ്ഥയിൽ നല്കുക.

26. കോളനികളിലെ വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിന് വനങ്ങളുടെ അതിർത്തികൾ മുള്ളുവേലി കെട്ടി വിളകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

27. കൃഷിനാശം ഉണ്ടാകുന്ന പട്ടികജാതി/പട്ടികവർഗ കർഷകർക്ക് ന്യായമായ നഷ്ടപരിഹാരം നല്കുക.

28. കോളനികളിലെ പുരയിടത്തിലെ മണ്ണൊലിപ്പു തടയുന്നതിന് ആവശ്യമായ നടപടികൾക്ക് രൂപം നല്കുക.

29. ചിറ്റാർ ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി മണക്കയം, കുമരംകുന്ന് കോളനി നിവാസികൾക്കും കുടിവെള്ളം ലഭ്യമാക്കത്തക്കവിധം നടപടി ഉണ്ടാക്കണം.

30. ചിറ്റാർ ഡിപ്പോപടി മുതൽ പാമ്പിനി ട്രാൻസ്ഫോർമർ പടിവരെയുള്ള റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

31. കുമരംകുന്ന് കോളനി-മണക്കയം പാലം റോഡ് ടാർ ചെയ്യണം.

32. മണക്കയം അംബേദ്കർ കോളനി, പാമ്പിനി പട്ടികവർഗ കോളനി, മീൻകുഴി പട്ടികജാതി കോളനി, മൺപിലാവ്, നീലിപിലാവ്, കൊടുമുടി പട്ടികവർഗ കോളനികളിൽ പൊതുചടങ്ങുകൾ നടത്തുന്നതിനും ഗ്രന്ഥശാലകൾ ആരംഭിക്കുന്നതിനും സൗകര്യപ്രദമായ കമ്യൂണിറ്റി ഹാളുകൾ നിർമ്മിക്കണം.

33. ചിറ്റാർ ഫാക്ടറി പടിക്കു സമീപമുള്ള ട്രാൻസ്ഫോർമറിൽനിന്നും നീലിപിലാവ്, കട്ടച്ചിറ കോളനികൾക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള പണികൾ പൂർത്തിയാക്കണം.

34. മണക്കയം അംബേദ്കർ കോളനിയിൽ സ്ഥാപിച്ചിട്ടുള്ള ടി.വി.സെറ്റ് പ്രവർത്തനക്ഷമമാക്കണം.

35. കൊടുമുടി പട്ടികവർഗ കോളനിയിൽ പ്രവർത്തനം നിലച്ച ബാലവാടി, മീൻകുഴി കോളനിയിൽ പ്രവർത്തനം നിന്നുപോയ പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള ബാലവാടിയുടെ പ്രവർത്തനം എന്നിവ പുനരാരംഭിക്കണം. എല്ലാ കോളനികളിലും അംഗൻവാടികൾ സ്ഥാപിക്കുക.

36. വയറിങ് നടത്തി വൈദ്യുതി കണക്ഷൻ കാത്തിരിക്കുന്ന കുടുംബങ്ങൾക്ക് കണക്ഷൻ നല്കണം, കുടിൽജ്യോതിപ്രകാരം കണക്ഷൻ നല്കുക.

37. കേന്ദ്ര ഗവ. ധനസഹായത്തോടെ നടപ്പിലാക്കുന്ന തൊഴിലുറപ്പു പദ്ധതി (ഇ. എ. എസ്.) പഞ്ചായത്തിൽ ആരംഭിക്കുക.

38. പട്ടികജാതി പട്ടികവർഗ കോളനികളിൽ പൊതുശ്മശാനം നിർമ്മിക്കണം.

39. പാമ്പിനിയിൽ പട്ടികവർഗ കോളനിക്കു സമീപം കക്കാട്ടാറിനു കുറുകെ തൂക്കുപാലം നിർമ്മിച്ച് ഗതാഗതസൗകര്യം മെച്ചപ്പെടുത്തുക.

40. ചിറ്റാർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിനോട് ചേർന്ന് ഒരു പട്ടികജാതി ഹോസ്റ്റൽ നിർമ്മിക്കണം.

41. കട്ടച്ചിറ ഗവ. ട്രൈബൽ ഹൈസ്കൂളിൽ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കണം. സ്കൂളിനോടു ചേർന്നു കുട്ടികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുകയും വേണം.

42. കട്ടച്ചിറ കേന്ദ്രമാക്കി പട്ടികജാതി-പട്ടികവർഗ സഹ കരണ സംഘങ്ങൾ ആരംഭിക്കണം.

43. കട്ടച്ചിറ പി. എച്ച്. സബ്സെൻറർ കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം.

44. ചിറ്റാർ ഫാക്ടറിപ്പടി മുതൽ കോതയാട്ടുപാറവരെ യുള്ള നടപ്പാത ഗതാഗതയോഗ്യമാക്കുക.

45. കുളങ്ങരവാലി നവോദയ പട്ടികജാതി കോളനിയിൽ വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കണം.

46. കൊടുമുടി, കട്ടച്ചിറ എന്നീ കോളനികളിൽ പോസ്ററ് ഓഫീസുകൾ സ്ഥാപിക്കണം.

47. കോളനി നിവാസികൾക്ക് കൈവശഭൂമിക്ക് പട്ടയം നല്കുക.

48. കോളനികളിൽ അനധികൃതമായി മദ്യം നിർമ്മിക്കു ന്നതും ഉപയോഗിക്കുന്നതും കർശനമായി നിയന്ത്രി ക്കണം.

# 5.12

# വിഭവസമാഹാരം

നമ്മുടെ പ്രദേശം ഇന്നു നേരിടുന്ന പ്രതിസന്ധികളിൽ പ്രധാനം വ്യാവസായിക മേഖലയിലെ നിശ്ചലതയാണ്. നമ്മുടെ പഞ്ചായത്തിൽ ചെറുതോ വലുതോ ആയ ഒരൊറ്റ വ്യവസായ സ്ഥാപനവും നിലവിലില്ല. ധാരാളം ചെറുകിട വ്യവസായങ്ങൾക്കും റബ്ബർ അധിഷ്ഠിത വൻകിട വ്യവസായത്തിനും ഈ ഗ്രാമത്തിൽ സാധ്യതകളുണ്ട്. ഈ രംഗത്ത് ഒരു മുന്നേററം നടത്തിക്കൊണ്ട് വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കാനാകണം.

കാർഷികരംഗത്ത് ദീർഘകാല നാണ്യവിളകളോടാണ് കർഷകർക്ക് പ്രാമുഖ്യം. ഉപയുക്തമായ കൃഷിഭൂമിയുടെ മുക്കാൽപങ്കും റബ്ബർകൃഷിയായി മാറിക്കഴിഞ്ഞു. ഭക്ഷ്യോത്പാദനരംഗത്ത് നാം വളരെ പിന്നിലാണ്. നമുക്കാവശ്യമുള്ള പച്ചക്കറികളും പഴങ്ങളും ഭക്ഷ്യധാന്യങ്ങളും വിദൂരസ്ഥലങ്ങളിൽനിന്ന് എത്തിക്കേണ്ടതായി വരുന്നു. ആധുനിക കൃഷിരീതികളിൽ കർഷകർക്ക് പരിശീലനം കൊടുത്തും ഉത്പാദനക്ഷമത വർദ്ധിപ്പിച്ചും കാർഷികരംഗത്ത് ഒരു മുന്നേററം നടത്തേണ്ടിയിരിക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവസമാഹരണം വർദ്ധിപ്പിക്കാനാവില്ല.

വികസനപ്രവർത്തനങ്ങൾ വിജയകരമായി നടപ്പാക്കണമെങ്കിൽ അതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്. ഈ പ്രക്രിയയാണ് വിഭവസമാഹരണം. നികുതിവരുമാനങ്ങൾ, സർക്കാർ ഗ്രാൻറുകൾ, സംഭാവനകൾ, മനുഷ്യാധ്വാനം ഇവയെല്ലാം വിഭവങ്ങളാണ്. നിലവിലുള്ള സാദ്ധ്യതകൾ ഉപയോഗിച്ച് പരമാവധി വിഭവസമാഹരണം നടത്തിക്കൊണ്ടു മാത്രമേ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ പുരോഗതി നേടാൻ കഴിയുകയുള്ളു.

പഞ്ചായത്തിൻെറ ഫണ്ടു മാത്രം വിനിയോഗിച്ച് വികസനപ്രവർത്തനം നടത്തുന്ന രീതിയാണ് നാളിതുവരെ നടന്നുവന്നത്. പഞ്ചായത്തിൻെറ തനതായ വരുമാനവും സർക്കാരിൽനിന്ന് ലഭിക്കുന്ന ഗ്രാൻറും കൂടിച്ചേർന്നതാണ് പഞ്ചായത്തിൻെറ ഫണ്ട്. സർക്കാർ ഗ്രാൻറുകൾ യഥാസമയങ്ങളിൽ കിട്ടാതെ വരുന്നതിനാൽ പലപ്പോഴും പഞ്ചായത്തിൻെറ ദൈനംദിനപ്രവർത്തനങ്ങൾക്കുതന്നെ സാമ്പത്തികഞെരുക്കം അനുഭവപ്പെടാറുണ്ട്.

**പട്ടിക -1**

**പഞ്ചായത്തിൻെറ 1995-96 വർഷത്തെ വരുമാനം**

| ക്രമനമ്പർ | ഇനവിവരം | തുക |
|---|---|---|
| 1. | കെട്ടിടനികുതി | 147622 |
| 2. | തൊഴിൽ നികുതി | 62502 |
| 3. | വിനോദ നികുതി | 1669 |
| 4. | പി. എഫ്. എ., ഡി. ഒ. ലൈസൻസ് | 4446 |
| 5. | ചന്തലേലം | 55006 |

| | | |
|---|---|---|
| 6. | ഇറച്ചിസ്ററാൾ | 75001 |
| 7. | സ്ററാൾമുറികളുടെ വാടക | 58620 |
| 8. | അടിസ്ഥാന നികുതിയുടെ ഗ്രാൻറ് 75% | 145379 |
| 9. | വി. ടി. സി. | 156061 |
| 10. | ഉപാധി രഹിത ഫണ്ട് | 337000 |
| 11. | മററിനങ്ങൾ | 73289 |
| 12. | മുൻ നീക്കിയിരിപ്പ് | 1107371 |
| | ആകെ | 22,23,966 |

പട്ടിക - 2

പഞ്ചായത്തിൻെറ 1995-96-ലെ ചെലവിനങ്ങൾ

| ക്രമനമ്പർ | ഇനവിവരം | തുക |
|---|---|---|
| 1. | എസ്ററാബ്ലിഷ്മെൻറ് | 4,29393 |
| 2. | ഫോൺ, അച്ചടി, സ്റേറഷനറി, വിദ്യുച്ഛക്തി | 94631 |
| 3. | ഗ്രാൻറുകൾ | 15273 |
| 4. | ഉച്ചക്കഞ്ഞി | 9903 |
| 5. | ഗ്രാമസഭ | 4620 |
| 6. | ഉപാധിരഹിതഫണ്ട് | 6,99189 |
| 7. | രോഗപ്രതിരോധം | 5715 |
| 8. | ഫർണിച്ചർ | 9800 |
| 9. | വസ്തു വാങ്ങിയത് | 490584 |
| 10. | റോഡ് മെയിൻറനൻസ് | 55344 |
| 11. | വാട്ടർ വർക്സ് | 9900 |
| 12. | മററു ചെലവുകൾ | 127588 |
| | ആകെ | 19,28,275 |

## കെട്ടിടനികുതി

5000-ൽ അധികം കെട്ടിടങ്ങളുള്ള പഞ്ചായത്തിൽ കെട്ടിടനികുതിയിനത്തിൽ ഒന്നരലക്ഷം രൂപയിൽ താഴെയാണ് മുൻവർഷം വരുമാനമായി ലഭിച്ചത്. അശാസ്ത്രീയമായി കെട്ടിടനികുതി ചുമത്തിയതാണ് ഇതിനു കാരണം. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ നികുതി ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് ഒരു ജനകീയ സമിതി രൂപീകരിച്ച് പ്രവർത്തിച്ചാൽ കെട്ടിട നികുതിയിനത്തിൽ കൂടുതൽ വരുമാനം ഉണ്ടാക്കാൻ കഴിയും.

## തൊഴിൽ നികുതി

തൊഴിൽ ചെയ്യുന്ന എല്ലാവരും വരുമാനത്തിൻെറ അടിസ്ഥാനത്തിൽ നികുതി നല്കാൻ ബാദ്ധ്യസ്ഥരാണ്. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപന ങ്ങളിലെ ജീവനക്കാരും ഏതാനും വ്യാപാരികളും മാത്രമാണ് ഇപ്പോൾ തൊഴിൽ നികുതി നല്കുന്നത്. ചെറുകിട കച്ചവടക്കാർ, തയ്യൽക്കാർ, സ്വർണ്ണപ്പണിക്കാർ, ഇരുമ്പുപണിചെയ്യുന്നവർ തുടങ്ങിയവരിൽനിന്ന് തൊഴിൽനികുതി ഈടാക്കാവുന്നതാണ്.

## വിനോദനികുതി

പഞ്ചായത്തിൽ ഒരു സിനിമാ തിയേററർ മാത്ര മാണുള്ളത്. അവിടെ നിന്നും വിനോദനികുതിയിനത്തിൽ ഇപ്പോൾ വളരെ ചെറിയ വരുമാനം മാത്രമേ ലഭിക്കു ന്നുള്ളു. ആയതിനാൽ തിയേറ്ററിലെ ടിക്കറ്റ് പരിശോധന കർശനമാക്കി നികുതിവെട്ടിപ്പ് തടയുന്നതിന് നടപടി സ്വീകരിക്കണം. അനധികൃത സിനിമാപ്രദർശനങ്ങൾ പഞ്ചായത്തിനുള്ളിൽ നടത്തുന്നത് നിരോധിക്കണം.

## ചന്തലേലം

ചിറ്റാർ മാർക്കററ് സൗകര്യപ്രദമായ സ്ഥലത്തേക്ക് മാററി സ്ഥാപിക്കുകയും ആവശ്യത്തിന് സ്ററാളുകൾ നിർമ്മിക്കുകയും ചെയ്താൽ കൂടുതൽ വരുമാനം ഉണ്ടാ ക്കാൻ കഴിയും. സ്ഥിരം മത്സ്യമാംസ മാർക്കററ് ഉണ്ടാക്കി യാൽ ആ ഇനത്തിലും കൂടുതൽ വരുമാനം ഉണ്ടാക്കാ വുന്നതാണ്. കന്നുകാലിച്ചന്ത മാസത്തിൽ രണ്ടുതവണ യാക്കിയാൽ ഇന്നുള്ളതിനെക്കാൾ കൂടുതൽ ലേലസംഖ്യ കിട്ടുന്നതാണ്.

മാർക്കററ് വിപുലീകരിക്കുന്നതിനുവേണ്ടി കോയിക്ക പ്പറമ്പിൽ വറുഗീസ് വക്കീലിൻെറ 16$^1/_2$ സെൻറ് സ്ഥലവും കെട്ടിടവും അക്വയർ ചെയ്യുന്നതിന് 1996 മാർച്ച് മാസത്തിൽ 5 ലക്ഷത്തോളം രൂപ കൊടുത്തെങ്കിലും അക്വിസിഷൻ നടപടികൾ പൂർത്തിയാകാത്തതിനാൽ ഇതുവരെയും സ്ഥലവും കെട്ടിടവും പഞ്ചായത്തിന് കൈമാറിക്കിട്ടി യിട്ടില്ല. തന്മൂലം വാടകയിനത്തിൽ കിട്ടേണ്ട വൻപിച്ച സംഖ്യയാണ് നഷ്ടമായിക്കൊണ്ടിരിക്കുന്നത്. വിഭവ സമാഹരണം സംബന്ധിച്ച് ഗ്രാമസഭകളിൽനിന്നുള്ള നിർദ്ദേശങ്ങൾ.

1. പഞ്ചായത്തിൽ നടത്തുന്ന വികസനപ്രവർത്തന ങ്ങൾക്ക് 10% എങ്കിലും മാനുഷിക വിഭവമായി സമാഹരിക്കാവുന്നതാണ്.
2. പഞ്ചായത്ത് കേന്ദ്രമാക്കി വിദഗ്ധ തൊഴിലാളി കളെക്കൂടി ഉൾപ്പെടുത്തി തൊഴിൽസേന രൂപീ കരിക്കുക. അംഗങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെ ടുത്തുക. പഞ്ചായത്തതിർത്തയിൽ ആവശ്യമുള്ള വർക്ക് തൊഴിലാളികളെ എത്തിച്ചുകൊടുക്കാനുള്ള ചുമതലയും തൊഴിൽസേന ഏറെറടുക്കുക.
3. നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും കർശനമാക്കുകയും ചെയ്യുക.
4. റബ്ബർ റോളറുകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.

5. ചിററാറിൽ ടാക്സിസ്ററാൻഡ് ഉണ്ടാക്കുകയും പ്രവേശന നികുതി ഏർപ്പെടുത്തുകയും ചെയ്യുക.

6. ചിററാറിൽ ബസ്സ്ററാൻഡ് ഉണ്ടാക്കി പ്രവേശന നികുതി ഏർപ്പെടുത്താവുന്നതാണ്.

7. കേബിൾ ടി. വി. വിതരണക്കാർ, ഗുണഭോക്താക്കൾ എന്നിവരിൽനിന്ന് നികുതി ഈടാക്കാവുന്നതാണ്.

8. പഞ്ചായത്തതിർത്തിയിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് നികുതി ഏർപ്പെടുത്താവുന്നതാണ്.

9. ചിററാർ കന്നുകാലിച്ചന്ത മാസത്തിൽ 2 പ്രാവശ്യമാക്കുക.

10. കെട്ടിടനികുതി ജനകീയ കമ്മററിയുടെ നിർദ്ദേശാനുസരണം ശാസ്ത്രീയമായി പുതുക്കി നിശ്ചയിക്കുക.

11. പഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലെക്സ്, കടകൾ, വൻകിട കെട്ടിടങ്ങൾ എന്നിവ പണിയുമ്പോൾ നിശ്ചിതതുക ഫീസായി ഏർപ്പെടുത്തുക.

12. പഞ്ചായത്തിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവേദ രംഗത്ത് ധാരാളം ആളുകൾ പ്രാക്ടീസ് ചെയ്യുന്നുണ്ട്. അവരിൽനിന്ന് രിജസ്ട്രേഷൻ ഫീസ് ഈടാക്കാവുന്നതാണ്.

13. ഒരു ഏക്കറിൽ കൂടുതൽ സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്ന കർഷകരിൽനിന്ന് കാർഷികനികുതി ഈടാക്കാവുന്നതാണ്.

14. ട്യൂട്ടോറിയൽ കോളേജുകളിൽനിന്ന് രജിസ്ട്രേഷൻ ഫീസ് ഈടാക്കുക.

15. അംഗീകൃത പത്രവിതരണക്കാരെ തൊഴിൽനികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തുക.

16. പഞ്ചായത്തിലുള്ള റബ്ബർ നേഴ്സറികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുക.

17. വയ്യാററുപുഴയിൽ മാർക്കററ് സ്ഥാപിച്ച് കച്ചവടക്കാരിൽനിന്നും നികുതി പിരിക്കുക.

18. അനധികൃത കശാപ്പുശാല നിർത്തലാക്കാൻ നടപടി സ്വീകരിക്കുക. നിയമം ലംഘിക്കുന്നവർക്ക് കനത്ത പിഴ ചുമത്തുക.

19. ചിററാറിൽ കമ്യൂണിറ്റിഹാൾ പഞ്ചായത്ത് നിർമ്മിച്ച് വാടകയ്ക്ക് നല്കാവുന്നതാണ്.

20. കൈവശഭൂമിക്ക് ഉപഭൂനികുതി ഏർപ്പെടുത്തുക.

21. അടയ്ക്ക ഉണങ്ങി വില്ക്കുന്നവരിൽനിന്ന് നികുതി ഈടാക്കാവുന്നതാണ്.

22. സ്വകാര്യപണമിടപാടു സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തുക.

23. 3 ലക്ഷം രൂപയിൽ കൂടുതൽ നിർമ്മാണച്ചെലവു വരുന്ന വീടുകൾക്ക് ആഡംബരനികുതി കൂടി ഈടാക്കുക.

24. നിലവിലുള്ള സാംസ്കാരിക നിലയത്തിനു സമീപം റോഡിനോടു ചേർന്ന് ബഹുനിലക്കെട്ടിടം നിർമ്മിച്ച് വാടകയ്ക്ക് നല്കി വരുമാനം വർദ്ധിപ്പിക്കുക.

25. തദ്ദേശവാസികളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിച്ച് വികസന പ്രവർത്തനം നടത്തി വരുമാനം വർദ്ധിപ്പിക്കുക.

26. മാർക്കററിൽ വിപണനത്തിന് എത്തുന്ന റബറിന് കിലോയ്ക്ക് 10 പൈസ ക്രമത്തിൽ ഗുണഭോക്താക്കളിൽനിന്നും പിരിച്ച് തുക പഞ്ചായത്തിൽ നല്കുന്നതിന് വ്യാപാരികളെ പ്രേരിപ്പിക്കാവുന്നതാണ്.

27. പഞ്ചായത്തിലുള്ള എല്ലാവിധ സ്വകാര്യവാഹനങ്ങളും പഞ്ചായത്തിൽ രജിസ്ററർ ചെയ്യിക്കുക. വാഹന ഉടമകളിൽനിന്നും നിശ്ചിത തുക ഫീസായി ഈടാക്കുക.

28. പഞ്ചായത്തിലുള്ള ടാക്സി ഡ്രൈവർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുക.

29. വർഷം 100 ദിവസത്തിൽ കൂടുതൽ തൊഴിൽചെയ്യുന്ന എല്ലാവിധ തൊഴിലാളികളിൽനിന്നും തൊഴിൽ നികുതി ഈടാക്കുകയും പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾക്ക് അർഹരാക്കുകയും ചെയ്യുക.

30. നിർദ്ധനരും നിരാലംബരും രോഗികളുമായിട്ടുള്ളവർക്ക് പഞ്ചായത്തിൽനിന്നും ചികിത്സാചെലവു നല്കുന്നതിന് പഞ്ചായത്തു തലത്തിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുക. ഇതിനാവശ്യമായ തുക വ്യക്തികളിൽനിന്നും സംഘടനകളിൽനിന്നും സംഭാവനയായി സ്വീകരിക്കുക.

31. പഞ്ചായത്തുവക തരിശു ഭൂമികളിലുള്ള പാറകൾ വാടകയ്ക്ക് നല്കി ഫീസ് ഈടാക്കുക.

# ഉപസംഹാരം

ഒരു പുത്തൻ വികസനസംസ്കാരവുമായി ഒമ്പതാം പഞ്ചവത്സരപദ്ധതി '97 ഏപ്രിൽ മുതൽ കേരളത്തിൽ നടപ്പിലാവുകയാണ്. വികസനരംഗത്ത് പിന്നോക്കം നില്ക്കുന്ന നമ്മുടെ പഞ്ചായത്തിന് പ്രതീക്ഷയുടെ രജതരേഖ തെളിയുകയാണ്. വികസനം ഡിപ്പാർട്ടുമെൻറുകളുടെ താത്പര്യങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ നിലയിൽ മാററം വന്നേ മതിയാകൂ. സാർവ്വത്രികമായ അഴിമതിയിൽനിന്ന് വികസനരംഗം വിമോചിക്കപ്പെടണം. ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടി വളർത്തി വികസന പ്രക്രിയ ഊർജ്ജ്വസ്വലമാക്കുകയാണ് അതിനുള്ള മാർഗ്ഗം.

ആസൂത്രണം അർത്ഥവത്താകുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്. ഫണ്ടില്ലാതെ വികസനം സാദ്ധ്യമല്ല. വരുമാനത്തിൽ പിന്നോക്കം നില്ക്കുന്ന നമ്മുടെ പഞ്ചായത്തിന് ഫണ്ട് സമാഹരണത്തിന് പുതിയ മാർഗങ്ങൾ തേടേണ്ടിയിരിക്കുന്നു. പദ്ധതികൾ നടപ്പാക്കുമ്പോൾ വസ്തുനിഷ്ഠമായ സമീപനം പ്രായോഗികമാക്കണം. ഇതിൻെറ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതോടെ തർക്കവിതർക്കങ്ങൾ ഇല്ലാതാവും. ഐക്യം വളർന്നു വരികയും ചെയ്യും. വിഭവഭൂപടങ്ങൾ, കുടുംബസർവ്വെ റിപ്പോർട്ടുകൾ എന്നിവ വികസന പ്രക്രിയകൾക്ക് വസ്തുനിഷ്ഠമായ അടിത്തറയാണ് നല്കുന്നത്. ആസൂത്രണം അർത്ഥവത്താകുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്.

നമ്മുടെ ഗ്രാമസഭകളിലെ ജനകീയ പങ്കാളിത്തം ആവേശജനകമായിരുന്നു. ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി പദ്ധതികൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കാനുള്ള പഞ്ചായത്തിൻെറ പ്രതിബദ്ധത വർദ്ധിപ്പിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളായ പാർപ്പിടം, കുടിവെള്ളം, ആരോഗ്യം, തൊഴിൽ മേഖലകളിൽ നാം ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ജനസംഖ്യയിൽ നല്ലൊരു ശതമാനവും ഭവനരഹിതരാണെന്നുള്ള സത്യം നമ്മെ അലട്ടുന്നു.

ആസൂത്രണം അടിത്തട്ടിൽനിന്നും മേല്പോട്ടാവുന്നതു മൂലമുള്ള നേട്ടങ്ങൾ നമ്മുടെ അടിസ്ഥാനപ്രശ്നങ്ങൾ സമയബന്ധിത പരിഹരിക്കുന്നതിന് ഇടയാക്കുന്നു. അതുപോലെതന്നെ പദ്ധതി നടപ്പിലാക്കുന്നതിൽനിന്ന് ഒഴിഞ്ഞുമാറാൻ ജനപ്രതിനിധികൾക്കും തദ്ദേശവാസികൾക്കും കഴിയുന്നില്ല. നമ്മുടെ പഞ്ചായത്തിൻെറ സമഗ്രവികസനത്തിന് നാം ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

വളരെ ചുരുങ്ങിയ സമയംകൊണ്ട് പ്ലാനിംഗ് ബോർഡിൻെറ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിൽ പൂർത്തിയാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനതല പരിശീലനം നേടിയ ശ്രീ പി. കെ.

സോമൻപിള്ള, പഞ്ചായത്തിൽനിന്നും ജില്ലാതല പരിശീലന ക്യാമ്പിൽ പങ്കെടുത്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ സുഹൃത്തുക്കൾ, പഞ്ചായത്തിലെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ച പ്രാദേശിക പരിശീലകർ, പഞ്ചായത്തിലുള്ള വിവിധ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥർ, ഭരണസമിതിയംഗങ്ങൾ, ഗ്രാമസഭകളിൽ പങ്കെടുത്ത വാർഡുനിവാസികൾ, കോർ ഗ്രൂപ്പ് അംഗങ്ങൾ എന്നിവരോടുള്ള കടപ്പാട് നിസീമമാണ്.

പഞ്ചായത്തിൻെറ വികസനകാര്യത്തിൽ സജീവമായി പ്രവർത്തിക്കുന്ന ബഹു. റാന്നി എം.എൽ.എ. ശ്രീ രാജു ഏബ്രഹാം, ജില്ലാ പഞ്ചായത്തു മെമ്പർ ശ്രീമതി ശാന്തമ്മ ചെല്ലമ്മ, റാന്നി ബ്ലോക്ക് പഞ്ചായത്ത് സ്ററാൻഡിംഗ് കമ്മററി ചെയർമാനും നമ്മുടെ ബ്ലോക്ക്പഞ്ചായത്ത് പ്രതിനിധിയായ ശ്രീ എച്ച്. ഹസൻബാവ എന്നിവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

മഹത്തായ നമ്മുടെ പ്രതീക്ഷ നിറവേററാൻ കഴിയുമെന്ന പ്രത്യാശയോടെ ചിററാർ ഗ്രാമപഞ്ചായത്തിൻെറ 'സമഗ്രവികസനരേഖ' സെമിനാറിൻെറ മുമ്പാകെ സമർപ്പിക്കുന്നു.

**പി. ആർ. തങ്കപ്പൻ**
പ്രസിഡൻറ്,
ചിററാർ ഗ്രാമപഞ്ചായത്ത്



അവസാനത്തെ പച്ചിപ്പും തീരുകയാണോ?
ഓർക്കുക നമ്മുക്ക് പാർക്കാൻ
ഒരു ഭൂമിയേ ഉള്ളു.

# ചിറ്റാർ ഗ്രാമപഞ്ചായത്ത്

